ജൂൺ 2020

# ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം



ഭക്ഷ്യ സുരക്ഷയ്ക്ക് 'സുഭിക്ഷകേരളം'

വെളിച്ചമണയാത്ത മൃഗാശുപത്രികൾ

നവകേരള നിർമ്മിതി – മൃഗസംരക്ഷണ പദ്ധതികളിലൂടെ



# അമ്പരപ്പിക്കുന്ന പക്ഷിലോകം

**പ്രണയിക്കൂ മലമുഴക്കിയെപ്പോലെ:** മലമുഴക്കി വേഴാമ്പൽ (Great Indian Hombill) വെറുതേയല്ല കേരളത്തിന്റെ സംസ്ഥാന പക്ഷിയായി അറിയപ്പെടുന്നത്.  തീവ്ര പ്രണയത്തിന്റെ പ്രതീകമാണ് മലമുഴക്കികൾ. ജീവിതത്തിൽ ഇണയെ തിരഞ്ഞെടുത്താൽ പിന്നീടൊരിക്കലും അവർ പിരിയില്ല, മരണത്തിലൊഴികെ. ഇണ മരിച്ചാൽ മറ്റൊരു ഇണയെത്തേടി ഒരിക്കലും മലമുഴക്കി വേഴാമ്പലുകൾ പോകില്ല. ഒരിണ മരിച്ചാൽ താമസിയാതെ ഒറ്റപ്പെട്ട് മറ്റിണയും മരണമടയും. മലമുഴക്കി തന്റെ ഇണയെ ഭ്രാന്തമായാണ് പ്രണയിക്കുന്നത്. എല്ലാ ദിവസവും കൂടണയുന്ന നേരം അവൻ ഇണയ്ക്ക് ഒരു സമ്മാനം എത്തിക്കും. അത് ഒരു പഴമാകാം, കായ് ആകാം മറ്റെന്തെങ്കിലും ആഹാരമാകാം. എന്നാലും എന്നും  മുടങ്ങാതെ അവൻ അത് എത്തിക്കുക തന്നെ ചെയ്യും. അമ്മ മലമുഴക്കി മുട്ടയ്ക്ക് അടയിരിക്കുമ്പോൾ അച്ഛൻ മലമുഴക്കിയാണ് തീറ്റ കൃത്യസമയത്ത്  എത്തിക്കുന്നത്. ഇതുപോലെ പ്രണയിക്കുവാൻ നമുക്ക് കഴിയുമോ?

**ഡോ.അനൂപ്. ആർ**
വെറ്ററിനറി സർജൻ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
കുടപ്പനക്കുന്ന്

ജൂൺ 2020

# ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം

*ചീഫ് എഡിറ്റർ*
**ഡോ. എം. കെ. പ്രസാദ്**
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

*എഡിറ്റർ*
**ഡോ.മീര അൺവിൻ ആന്റണി**
അസിസ്റ്റന്റ് ഡയറക്ടർ, ലൈവ്സ്റ്റോക്ക്
മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന്

*അസോസിയേറ്റ് എഡിറ്റേഴ്സ്*
**ഡോ. ടെറൻസ് ബി റെമഡി**
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ, ലൈവ്സ്റ്റോക്ക്
മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന്

**ഡോ.ആർ.ജയചന്ദ്രൻ**
ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ
സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രം, പാലോട്.

*അംഗങ്ങൾ*
**ഡോ. എം. കെ. പ്രദീപ് കുമാർ**
അഡിഷണൽ ഡയറക്ടർ (പ്ലാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. ജോ കുര്യാക്കോസ്**
ഡെപ്യൂട്ടി ഡയറക്ടർ (ഇ), മൃഗസംരക്ഷണ
വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. എസ്. ജയചന്ദ്രൻ**
ഡെപ്യൂട്ടി ഡയറക്ടർ, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്
ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന്

**ഡോ. ഷജിൽ എ.എച്ച്**
അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്) മൃഗസംരക്ഷണ
വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. അജിത് ബാബു**
സീനിയർ വെറ്ററിനറി സർജൻ, ഡി.വി.സി., കൊല്ലം

**ഡോ. അനൂപ്. ആർ**
വെറ്ററിനറി സർജൻ, മൾട്ടി സ്പെഷ്യാലിറ്റി
ഹോസ്പിറ്റൽ, തിരുവനന്തപുരം

**ഡോ. ഗണേഷ്. ജി**
വെറ്ററിനറി സർജൻ II, (പ്ളാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. തങ്കമണി. ആർ**
വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്
ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന്

**ഡോ. ബിനുപ്രശാന്ത് കെ.ആർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
മൃഗസംരക്ഷണ വകുപ്പ്

*കവർ ഫോട്ടോ*
**ഡോ. അനൂപ് ആർ**

*ഡിസൈൻ & ലേ ഔട്ട്*
communiqué.tvm

## അതിജീവനത്തിന് താങ്ങാകാൻ മൃഗസംരക്ഷണ മേഖല

കോവിഡ് 19 ലോകത്തെ മുഴുവൻ നിശ്ചലമാക്കിയിരിക്കുന്ന സമയമാണ്. വൈറസ് വ്യാപനം തടയാനായി സ്വീകരിക്കേണ്ടിവന്ന നടപടികൾ പലതും സാമ്പത്തിക മേഖലയെ ആകെയും, പ്രത്യേകിച്ച് കാർഷിക മൃഗസംരക്ഷണ മേഖലകളെയും വല്ലാതെ ബാധിച്ചു. അതിജീവന മന്ത്രങ്ങളുമായി കർഷകർ ജീവിത വഴികൾ താണ്ടേണ്ടതുണ്ട്, തങ്ങൾക്ക് വേണ്ടിയും, നാടിന് വേണ്ടിയും. മൃഗസംരക്ഷണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കാണ് ഈ സമയം മൃഗസംരക്ഷണ വകുപ്പ് ഊന്നൽ നൽകിയിട്ടുള്ളത്.

ശാരീരിക പരിമിതികളെ അതിജീവിച്ച ശാന്ത, ചെറിയ രീതിയിൽ തുടങ്ങി ബ്രോയിലർ ബിസിനസ്സുകാരനായി മാറിയ രാജൻ, വനിതാ കർഷകയ്ക്കുള്ള സംസ്ഥാന അവാർഡ് നേടിയ മായാദേവി, വൻസംരഭമായി തന്നെ തുടങ്ങിയ മുരളിയ ഫാമിലെ നേർക്കാഴ്ചകൾ, ഈ എഴുത്തുകളെല്ലാം തന്നെ കോറോണാനന്തരകാലത്ത് ജീവനോപാധി കണ്ടെത്തുന്നതിന് സഹായകരമാകുമെന്ന് കരുതട്ടെ.

എയിഡ്സ്, എവിയൻ ഇൻഫ്ളുവൻസ, മേർസ്, എബോള, സിക്ക, സാർസ്, റേബീസ് തുടങ്ങിയ പല വൈറസുകളുടെയും ഉത്ഭവം മൃഗങ്ങളിൽ നിന്നാണ് എന്നുള്ള വസ്തുത, ഏകാരോഗ്യം (One health) എന്ന പ്രമേയത്തിന്റെ പ്രാധാന്യം അടിവരയിടുന്നു. വരുംകാലങ്ങളിൽ മനുഷ്യരാശിക്ക് വലിയൊരു ഭീക്ഷണിയാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (ബാക്ടീരിയകൾക്കും, ഫംഗസുകൾക്കും എതിരായി മരുന്നുകൾ പ്രയോജനകരമാകാത്ത അവസ്ഥ). അതുകൊണ്ട് തന്നെ ഏകാരോഗ്യം എന്ന ആശയം ഒരു സങ്കൽപമായി മാത്രം നിലനിർത്താതെ, യാഥാർത്ഥ്യമാക്കേണ്ടത് ആവശ്യമാണ്. മറ്റുവകുപ്പുകളുമായി കൈകോർത്ത്, മൃഗസംരക്ഷണ വകുപ്പ് ഈ ഉദ്യമത്തിൽ സജീവമായുണ്ട്.

കോവിഡ് അനന്തര ലോകത്തിൽ മാറ്റങ്ങൾ ഒരുപാടുണ്ടാകും. മൃഗസംരക്ഷണ മേഖലയെ ഇതിൽനിന്നും മാറ്റി നിർത്താനാവില്ല. യന്ത്രവൽക്കരണവും, നിർമ്മിത ബുദ്ധിയുടെ സാധ്യതകളും ക്ഷീരമേഖല കൂടുതൽ പ്രയോജനപ്പെടുത്തുക തന്നെ ചെയ്യും. സംരംഭകരെ വാർത്തെടുക്കാനുള്ള പുതുപദ്ധതികളും, മൃഗചികിത്സാ സേവനങ്ങൾ മുഴുവൻ സമയം ലഭ്യമാക്കാനുള്ള സജ്ജീകരണങ്ങളുമായി, വകുപ്പ് കൂടെ തന്നെയുണ്ട്. സ്വന്തം കടമ നിർവ്വഹിക്കുന്നത് 'ഹീറോയിസം' അല്ല എന്ന്, ചെന്നൈയിലെ ഒരു ഡോക്ടർ വ്യഥയോടെ നമ്മെ ഓർമ്മപ്പെടുത്തിയത് മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമുക്കും കർമ്മപഥങ്ങളിൽ സഞ്ചരിക്കാം.....ആത്മാർത്ഥതയോടെ. "ലോകാ സമസ്താ സുഖിനോ ഭവന്തു" എന്ന് ആശംസിച്ചുകൊണ്ട്, ജീവജാലകത്തിന്റെ ഈ ലക്കം സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

# ഉള്ളടക്കം


5 കർഷകർക്ക് 6.8% പലിശയ്ക്ക് വായ്പ തെക്കൻ മേഖലയിൽ വെറ്ററിനറി കോളേജ് വെളിച്ചമണയാത്ത മൃഗാശുപത്രികൾ

11 കർഷകക്ഷേമം, ഭക്ഷ്യസുരക്ഷ, നവകേരള നിർമ്മിതി - മൃഗസംരക്ഷണ പദ്ധതികളിലൂടെ

13 ഗോശ്രീ ഡയറി യൂണിറ്റ് ചേർത്തലയുടെ ഐശ്വര്യം

16 വെളിയന്നൂരിന്റെ ബ്രോയിലർ രാജൻ

19 ആടുവളർത്തലിന്റെ സാമ്പത്തിക സവിശേഷതകൾ

23 അംഗപരിമിതികളെ അതിജീവിച്ച് ക്ഷീരവഴിയിൽ

26 നായയൊരു സുന്ദര ജനിതകശില്പം

29 ഓണാട്ടുകരയും മാതൃകാ മാംസോല്പാദന പദ്ധതിയും

31 കാവനൂർ ഫ്രഷ് മിൽക്ക് ഇത് വനിതകളുടെ ക്ഷീരഗാഥ

36 വാർത്തകൾ ചിത്രങ്ങൾ

38 യന്തിരന്മാർ വരും; സംരംഭക ലോകം മാറും

43 ലൈവ്സ്റ്റോക്ക്ഫാം ടൂറിസം ആദായത്തിന്റെ അനന്തസാധ്യതകൾ

48 പട്ടുണ്ണി ഒരു ചെറിയ ഉണ്ണിയല്ല

50 ചിറകു മുളയ്ക്കുന്ന യുവ സ്വപ്നങ്ങൾ

53 ഡയറിഫാം തുടങ്ങും മുമ്പെ ശ്രദ്ധിക്കാൻ

56 ആറ്റക്കുരുവിയുടെ ആത്മസമർപ്പണം

57 മഴക്കാല രോഗങ്ങളും പരിചരണവും മൃഗങ്ങൾക്കും

59 സംസ്ഥാന പക്ഷിരോഗനിർണ്ണയ കേന്ദ്രം

61 ഒരല്പം പൂച്ചക്കാര്യം

64 പ്രിയ കർഷക സുഹൃത്തുക്കളേ.....

66 അകിടുവീക്കവും പ്രതിരോധ മാർഗ്ഗങ്ങളും

68 ശാസ്ത്രീയ കന്നുകുട്ടി പരിപാലനം

70 സമൃദ്ധിയുടെ കുറുമാത്തൂർ അദ്ധ്യായം

72 വെറ്ററിനറി പോളിക്ലിനിക്ക് മൂവാറ്റുപുഴ ISO 9001: 2015






# കർഷകർക്ക് 6.8% പലിശയ്ക്ക് വായ്പ

## തെക്കൻ മേഖലയിൽ വെറ്ററിനറി കോളേജ്

## വെളിച്ചമണയാത്ത മൃഗാശുപത്രികൾ

**മന്ത്രി അഡ്വ. കെ.രാജുവുമായി അഭിമുഖം**

**ഡോ. ഡി.ഷൈൻകുമാർ**

അഞ്ചൽ നെട്ടയത്തെ പുത്തൻപുര വീട്ടിൽ തിരക്കോട് തിരക്കാണ്. ഈ മനുഷ്യരെയൊക്കെ കാണുമ്പോഴാണ് രാജ്യത്ത് ഇത്രയധികം പ്രശ്നങ്ങളുണ്ടെന്ന് തോന്നിപ്പോകുക. ജോലി കിട്ടിയവരും, കിട്ടാത്തവരും, സ്ഥലം മാറ്റം വേണ്ടവരും, ആശുപത്രിയിൽ അഡ്മിഷൻ വേണ്ടവരും, പോലീസ് സ്റ്റേഷനിൽ കാര്യസാധ്യത്തിന് എത്തേണ്ടവരും, സ്കൂളിലും, കലാലയത്തിലും പ്രവേശനം വേണ്ടവരുമൊക്കെയുണ്ട്. എല്ലായിടത്തോട്ടും വിളിക്കാനും കത്തെഴുതാനും മന്ത്രി ശ്രീ. രാജുവിനോടൊപ്പം ഒരു ചെറുസംഘം മാത്രം. എല്ലാ പ്രശ്നങ്ങളെയും അവധാനതയോടെ കേൾക്കുന്നു, നേരും നീതിയുമൊക്കെ തീരുമാനിക്കുന്നു. കാർക്കശ്യവും, സൗമനസ്യവുമൊക്കെ ഒരേ സമയം ആ മുഖത്ത് തെളിയുന്നു. ഒന്നുറപ്പായി, വീട്ടിൽ നിന്നും തിരിച്ചിറങ്ങുന്നവരുടെയൊക്കെ മുഖത്ത് സമാധാനവും ആശ്വാസവുമുണ്ട്. അതാണ് മന്ത്രി രാജു. മണ്ഡലത്തിലെ ഓരോ പ്രശ്നങ്ങൾക്കും എടുത്തുചാട്ടമില്ലാതെ കാര്യങ്ങൾ നടത്തുവാനുള്ള മിടുക്ക്.

രാവിലെ 9 മണി. നേരത്തെ സൂചിപ്പിച്ചിരുന്ന പോലെ ഒരു ചെറു അഭിമുഖത്തിനായി ഞങ്ങൾ ചെന്നു. കൂടിയിരുന്നവരോട് അല്പനേരം പുറത്ത് നിൽക്കുവാൻ അഭ്യർത്ഥിച്ചു സമയം തന്നു സൗമനസ്യത്തോടെ തുടർന്നു.

***1. മണ്ഡലത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്ന ഇടമാണ് പുത്തൻപുര വീടെന്ന് പുറത്താളുകൾ പറയുന്നുണ്ട്.***

അതേയതേ. കോടതിയും പോലീസ് സ്റ്റേഷനും സർക്കാർ ഓഫീസുമെല്ലാം ഇവിടെ ത്തന്നെയാണ് എന്നേ നാട്ടുകാർ വിശ്വസിക്കൂ. എനിക്ക് മറിച്ചൊന്നും പറയാനും കഴിയില്ല. മന്ത്രിയാകുന്നതിന് മുമ്പേ ഈ ഡിവിഷനിലെ ജില്ലാ പഞ്ചായത്ത് അംഗവും എം.എൽ.എയുമൊക്കെ ആയിരുന്നല്ലോ. വീട്ടിൽ വന്നാൽ പിന്നെ മന്ത്രിയെന്നൊന്നില്ല. എം.എൽ.എ യും വക്കീലുമൊക്കെ തന്നെ ഞാൻ. ഇനി നിങ്ങൾ പോയാലും ഒരു മണിക്കൂർ കൂടി കഴിഞ്ഞേ എനിക്കൊന്ന് കുളിക്കാൻ പോലും കഴിയൂ. 10 മണി കഴിയാതെ വീട്ടിൽ നിന്ന് ഒരു പരിപാടിക്കും ഇറങ്ങാൻ കഴിയില്ല. എങ്കിലും അതിലൊക്കെ സന്തോഷമേയുള്ളൂ. ജനങ്ങളല്ലേ യഥാർത്ഥ നായകർ. അവരില്ലെങ്കിൽ നമ്മളില്ലല്ലോ.

***2. വലിയ നേട്ടങ്ങളുമായാണ് ഈയൊരു വർഷം കടന്നുപോയത്. പ്രത്യേകിച്ചും മൃഗസംരക്ഷണ ക്ഷീരവികസന രംഗങ്ങളിൽ. അതിന്റെ സംതൃപ്തിയുണ്ടോ?***

തീർച്ചയായും. സാധാരണക്കാരും, ക്ഷീര കർഷകരുമൊക്കെയാണ് എന്റെ വകുപ്പുകളുടെ ഉപഭോക്താക്കൾ എന്നതുകൊണ്ട് അവർക്കു വേണ്ടി വലിയ കാര്യങ്ങൾ ചെയ്തതിൽ സംതൃപ്തിയുണ്ട്. പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നൊന്നായി ചെയ്തുകൊണ്ടിരിക്കുന്ന ഗവൺമെന്റാണ് ഇവിടെയുള്ളത്. ഭരണം പൂർത്തിയാക്കാൻ ഇനിയും ഒരു വർഷം അവശേഷിക്കെ ഇനിയുമേതാണ്ട് അമ്പതോളം കാര്യങ്ങൾ മാത്രമെ നടപ്പാക്കാനുള്ളു എന്ന്



മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. അതൊക്കെയും സമയബന്ധിതമായി തന്നെ ചെയ്യും. ജനങ്ങളോടുള്ള വലിയ പ്രതിബദ്ധതയും ഇച്ഛാശക്തിയുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. പറഞ്ഞത് പറഞ്ഞതുപോലെ ചെയ്ത് തീർക്കുന്നതിൽ എന്റെ വകുപ്പുകളും മുന്നിലാണ്.

***3. വലിയ വിവേചനം ഇപ്പോഴും ക്ഷീരകർഷകർ നേരിടുന്നു. പ്രത്യേകിച്ചും വായ്പകളുടെയും, സബ്സിഡികളുടെയും കാര്യത്തിൽ. കൃഷി വകുപ്പിലും മറ്റും കുറഞ്ഞ പലിശയ്ക് ഹ്രസ്വകാല വായ്പകൾ ലഭ്യമാണ്. എന്നാൽ ക്ഷീരകർഷകരോട് വാഹനലോണിന്റെ പലിശയാണ് ഈടാക്കുന്നത്. ഇത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?***

നമ്മുടെ സംസ്ഥാനത്തിന്റെ പദ്ധതി ആസൂത്രണ നിർവ്വഹണത്തിൽ തുടക്കം മുതലേ നിലനിൽക്കുന്ന ഒരു വിവേചനമാണിത്. ഇക്കാര്യത്തിൽ സർക്കാർ ഗൗരവമായി ഇടപെടാൻ ആലോചിക്കുകയാണ്. കുറഞ്ഞത് മൂന്ന് വർഷത്തേക്കാണ് ക്ഷീരമൃഗസംരക്ഷണ രംഗത്തെ വായ്പകൾ പ്ലാൻ ചെയ്തിരിക്കുന്നത്. നമ്മുടെ പൊതുമേഖലാ ബാങ്കുകളും അത്തരത്തിൽ ഒരു നിലപാടാണ് എടുക്കുക. ഇതൊക്കെ തിരുത്തി ഹ്രസ്വകാല വായ്പ വേണം. കൃഷിവകുപ്പിൽ നൽകുന്നതു പോലെ 4% പലിശയ്ക്കെങ്കിലും വായ്പ കർഷകർക്ക് ലഭ്യമാക്കുവാൻ ഒരു കൺസോർഷ്യം ഉണ്ടാകേണ്ടതുണ്ട്. പൊതുമേഖലാ ബാങ്കുകൾ അതിന് മുകളിൽ ഈടാക്കുന്ന പലിശ സർക്കാരിന് നൽകാൻ കഴിയുമോയെന്നും ആലോചിക്കുന്നുണ്ട്. അല്ലെങ്കിൽ സഹകരണ സംഘങ്ങളുടേതായി ഒരു ധനകാര്യ സ്ഥാപനവും ആലോചനയിലുണ്ട്. രാജ്യത്തെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷയും, പോഷക സുരക്ഷിതത്വവുമൊക്കെ നിലനിർത്തുന്ന ഈ മേഖലയോടുള്ള വിവേചനം അവസാനിപ്പിക്കുവാൻ സർക്കാർ മുൻകൈ എടുത്തതിന്റെ ഫലമായി 6.8% പലിശയ്ക്ക് ഹ്രസ്വകാല വായ്പ കർഷകർക്ക് ലഭ്യമാക്കാൻ നടപടിയായിട്ടുണ്ട്.

***4. പ്രളയം പാടേ തകർത്ത മേഖലയാണ് ഇത്. പ്രളയബാധിതർക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിരുന്നു. എന്തെങ്കിലും നടപ്പിലായോ?***

സംസ്ഥാനത്തിന്റെ ധനകമ്മി ഇതിന് കുറേയൊക്കെ തടസ്സമായെങ്കിലും പറഞ്ഞ കാര്യങ്ങൾ പടിപടിയായി ചെയ്തു തീർക്കാൻ കഴിയുന്നതിൽ സംതൃപ്തിയുണ്ട്. കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായവും, കോമ്പോസിറ്റ് ഡയറി യൂണിറ്റിന്റെ സഹായവും, കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായവുമൊക്കെ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം തന്നെ ഇരുപതിനായിരത്തോളം കർഷകർക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്. ഇനിയും ചിലതൊക്കെ നടപ്പാക്കാനുണ്ട്. മിൽമയും മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പുമൊക്കെ സംയുക്തമായി ശ്രമിച്ച് 44.03 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം കിട്ടിക്കഴിഞ്ഞു. ഇതിൽ 33.03 കോടി രൂപ കേന്ദ്രസർക്കാർ ഗ്രാന്റും ബാക്കി 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുക. രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കേണ്ട വിപുലമായ ഒരു പ്രോജക്ടിന് ഞങ്ങൾ രൂപം നൽകിയിട്ടുണ്ട്. ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണവും വലിയ പാൽ സംഭരണികൾ പ്രവർത്തിപ്പിക്കുവാനുള്ള ജനറേറ്ററുകളും, കാലിത്തീറ്റക്കുള്ള ട്രാൻസ്പോർട്ട് സബ്സിഡിയും, തീറ്റപ്പുൽ കൃഷി വിപുലമാക്കുന്നതിനുള്ള പദ്ധതികളുമൊക്കെ അതിലുണ്ട്. മിൽമയുടെ വിവിധ മേഖലാ യൂണിയനുകൾ വഴി ഇതൊക്കെ സമയബന്ധിതമായി നടപ്പാക്കും. മികച്ച കർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം എന്ന പദ്ധതി കൂടി വരുന്നുണ്ട്. 5 ൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് ഫാമിന്റെ വികസനത്തിനായി ചിലവഴിക്കുന്ന തുകയുടെ 50% സഹായം നൽകുന്ന പ്രോജക്ടാണിത്. പ്രളയ ഭീഷണി നേരിടുന്ന കുട്ടനാട് പ്രദേശങ്ങളിൽ എലിവേറ്റഡ് കാറ്റിൽ ഷെഡ് നിർമ്മിക്കുവാനായി തുക മാറ്റിവച്ച് കഴിഞ്ഞു.

***5. എല്ലാവർക്കും പാലും മുട്ടയുമൊക്കെ വേണമെങ്കിലും ഫാം തുടങ്ങിയാൽ പരാതി പതിവാണ്. ഇതിനായി സർക്കാർ ഫാം നിർമ്മാണ ചട്ടങ്ങളിൽ ചില ഇളവുകൾ വരുത്തുന്നുണ്ടെന്ന് അറിഞ്ഞു. അത് നിയമമാകുമോ?***

തുടക്കം മുതൽ തന്നെ ഈ പ്രശ്നങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്തിടെയാണ് ഒരു യോഗം ചേരാൻ ഞങ്ങൾക്ക് അവസരമുണ്ടായത്. മന്ത്രി ശ്രീ. എ.സി.മൊയ്തീനുമായി ഇക്കാര്യം ഞാൻ ചർച്ച ചെയ്തു. അദ്ദേഹം ഇടപെട്ടാണ് ഉന്നതതല യോഗം ചേർന്നത്. പഞ്ചായത്ത്/നഗരപ്രദേശ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. നിലവിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ ജി-1 വ്യാവസായിക വിഭാഗം എന്ന തരംതിരിവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നൂറിലധികം കോഴികൾ, പത്തിലധികം പശുക്കൾ എന്നിങ്ങനെ പക്ഷിമൃഗാദികളെ വളർത്തുന്ന ഷെഡുകൾ ഈ വിഭാഗത്തിലാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോഴത്തെ തീരുമാനങ്ങൾ അനുസരിച്ച് 20 പശുക്കൾ വരെയോ, 50 ആടുകൾ വരെയോ, 1000 കോഴികൾ വരെയോ വളർത്തുന്ന ഷെഡുകൾക്ക് കെട്ടിട ലൈസൻസ് ആവശ്യമില്ല. മാത്രമല്ല മൃഗസംരക്ഷണ ഫാമുകളെ കാർഷികാവശ്യത്തിനുള്ള കെട്ടിടങ്ങളായി ഉൾപ്പെടുത്തും. ആകെ ഭൂവിസ്തൃതിയുടെ 40% സ്ഥലം തുറസ്സായി നിലനിർത്തണം എന്ന കടുകട്ടി വ്യവസ്ഥകൾ ഇല്ലാതാവും. കെട്ടിടത്തിന് 3.6 മീറ്റർ ഉയരം, തൊഴിലാളികൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങൾ നിർമ്മിക്കൽ ഇതൊന്നുമിനി ഫാമുകൾക്ക് ബാധകമല്ലാതാവും. ആ രീതിയിൽ സഭാസമ്മേളനത്തിൽ നിയമമാകും.

***6. ഓരോ ഉത്സവകാലത്തും രണ്ട് ഡസനോളം വിവിധ ബ്രാന്റുകളിലുള്ള പാൽ ഗുണനിലവാരമില്ലാത്തതായി കണ്ടുപിടിക്കപ്പെടുന്നു. എന്തെങ്കിലും നടപടിയുണ്ടാകുമോ?***

തീർച്ചയായും. ഇക്കാര്യത്തിൽ ചില അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടായി. രണ്ട് പ്രധാന ചെക്ക് പോസ്റ്റുകളിൽ ഞങ്ങൾ ഇപ്പോൾ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആര്യങ്കാവിലും, മീനാക്ഷിപുരത്തും പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. ഈ വർഷം തന്നെ അറുപത്തിരണ്ടായിരത്തോളം സാമ്പിളുകൾ പരിശോധിച്ച് കഴിഞ്ഞു. ഇതിൽ ഇരുപതിനായിരത്തോളം സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരക്കാർക്ക് പ്രവേശനാനുമതി നിഷേധിക്കുകയും, ഭക്ഷ്യസുരക്ഷാ നിയമപ്രകാരം നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഉദ്യോഗസ്ഥന്മാർ കുറവാണ്. അതിന്റേതായ ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിലുണ്ട്.

***7. തെക്കൻ മേഖലയിൽ വെറ്ററിനറി വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും ഉതകുന്ന സ്ഥാപനങ്ങൾ തീരെയില്ല. സർവ്വകലാശാലയും, ഫാമുകളുമെല്ലാം കേരളത്തിന്റെ വടക്കൻ മേഖലയിലാണ്. ഇതിനായി എന്തെങ്കിലും ശ്രമങ്ങൾ തുടങ്ങേണ്ടതല്ലേ?***

ഇത് ഞങ്ങൾ ആലോചിക്കുന്നുണ്ട്. പടിപടിയായി അതിനുള്ള ശ്രമങ്ങളും നടക്കുന്നു. ഇപ്പോൾത്തന്നെ കഴിഞ്ഞമാസം തിരുവല്ലയിൽ ഡക്ക് ഹാച്ചറി കോംപ്ലക്സ് എന്ന സ്ഥാപനം ഞാൻ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഇനിയും

ഗവേഷണങ്ങൾക്കും വിദ്യാഭ്യാസത്തിനും ഉതകുന്ന രീതിയിൽ ഒരു വെറ്ററിനറി കോളേജിനുള്ള ആലോചനയുണ്ട്. ഇതിനായി വേണ്ടത്ര ഭൂമി കണ്ടെത്താനുള്ള ശ്രമത്തിലാണ്. കോലാഹലമേട്ടിലും, കുളത്തൂപ്പുഴയിലുമൊക്കെ സ്ഥലം നോക്കിക്കഴിഞ്ഞു. മതിയായ ഭൂമി കിട്ടിയാൽ ഇതിനുള്ള നടപടികൾ ആരംഭിക്കാവുന്നതേയുള്ളു. കേന്ദ്രത്തിനും ഇക്കാര്യത്തിൽ താൽപര്യമുണ്ട്. തെക്കൻമേഖലയെ പിന്നോട്ടാക്കുന്ന പ്രശ്നമില്ല.

***8. ഭ്രൂണമാറ്റ പദ്ധതി സർക്കാരിന്റെ പ്രീമിയം പ്രോജക്ടായിരുന്നു. വേണ്ടത്ര പ്രാധാന്യം ഇതിന് ഇനിയും നൽകിയിട്ടില്ലേ എന്ന് സംശയമുണ്ട്. ഇക്കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?***

നമ്മുടെ നാട്ടിലെ പശുക്കളുടെ ശരാശരി പാൽ ഉൽപ്പാദന നിലവാരം 10.2 ലിറ്റർ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിലവാരത്തിൽ നിന്നും കറവ ഇനിയും മെച്ചപ്പെടുത്തിയേ തീരു. രാജ്യത്ത് ശരാശരി പാൽ ഉൽപ്പാദനത്തിൽ കേരളം ഒന്നാമതാണ്. അത് കേന്ദ്രഗവൺമെന്റും അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ആ മുന്നേറ്റം തുടരണം. അതിനാണ് ഭ്രൂണമാറ്റം കൊണ്ടുവന്നത്. ഇതിനായി കാനഡ ഗവൺമെന്റുമായി കരാറുണ്ടാക്കിയിട്ടുണ്ട്. ഏകദേശം മുക്കാൽ ലക്ഷം രൂപയ്ക്കാണ് ഒരു ഭ്രൂണം ഇവിടെയെത്തിക്കുന്നത്. ജഴ്സി, ഹോൾസ്റ്റെയിൻ തുടങ്ങിയ പശുക്കളുടെയാണിത്. ഇത്തരം ഭ്രൂണങ്ങൾ ഇവിടുത്തെ ഫാമിലെ പശുക്കളിലും, കുളത്തൂപ്പുഴയിലെ കർഷകരുടെ പശുക്കളിലും നിക്ഷേപിക്കുന്നു. പിറക്കുന്ന കുട്ടി ആണാണെങ്കിൽ മാത്രമേ ഗവൺമെന്റ് അതിനെ തിരിച്ചു വാങ്ങുന്നുള്ളു. ഇനി വാങ്ങിയാൽ തന്നെ കർഷകർക്ക് 12000/- രൂപ പ്രതിഫലം കൊടുക്കുന്നുണ്ട്. പശുക്കിടാവ് ആണ് ഉണ്ടാകുന്നതെങ്കിൽ അതിനെ അവർക്ക് തന്നെ വളർത്താം. ഈ സേവനം പൂർണമായും സൗജന്യമാണ് എന്നോർക്കണം. യഥാർത്ഥത്തിൽ 1990 കളിൽ മിൽമയും, കെ.എൽ.ഡി ബോർഡുമൊക്കെ ഭ്രൂണമാറ്റം വിജയകരമായി ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇടയ്ക്ക് ആ പ്രവർത്തനങ്ങൾ നിലച്ചു. വീണ്ടും അതിനെ പുനരുജ്ജീവിപ്പിക്കാനാണ് ശ്രമം.

***9. മൈക്രോ ചിപ്പിങ്ങിലൂടെ സംസ്ഥാനത്തെ എല്ലാ പശുക്കളെയും തിരിച്ചറിയാൻ കഴിയുന്ന രീതിയിൽ സംവിധാനം വരുന്നു എന്ന് കേട്ടു. എന്താണ് അതിന്റെ പ്രയോജനം?***

ആർ.എഫ്.ഐ.ഡി എന്ന സംവിധാനം ഞങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നു. ചില പദ്ധതികൾ നടപ്പിലാക്കുന്നതിൽ വായ്പാ സംവിധാനങ്ങൾക്കും സാംക്രമിക രോഗ പ്രതിരോധ പദ്ധതിക്കും സബ്സിഡികൾ സമയബന്ധിതമായി കർഷകർക്ക് കിട്ടുന്നതിനുമൊക്കെ ഇങ്ങനെയുള്ള ഏകോപിത സംവിധാനം വഴി കഴിയും. പശു എവിടെയായാലും, കൈമാറ്റം ചെയ്താലും ഒക്കെ കണ്ടുപിടിക്കാൻ കഴിയുന്ന രീതിയിൽ ഒരു പശുവിന്റെ എല്ലാ വിവരങ്ങളും അടങ്ങിയ ഒരു സമ്പൂർണ്ണ വിവരരേഖ അഥവാ അതിന്റെ ജാതകം തന്നെയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അത് വലിയ മാറ്റത്തിന് വഴി തെളിക്കും എന്നാണ് കരുതുന്നത്. തട്ടിപ്പുകളും ഒരു പരിധിവരെ ഒഴിവാകും.

***10. പാലും, തൈരുമൊക്കെ പുതിയ ഉൽപ്പന്നങ്ങളാകുമ്പോൾ അത് കൂടിയ വിലയ്ക്ക് വിൽക്കുന്നു. അതിന്റെയൊരു ചെറിയ ശതമാനം പോലും കർഷകർക്ക് പ്രതിഫലമായി ലഭിക്കുന്നില്ല. അതെല്ലാം ഇടനിലക്കാർ കൈയടക്കുകയാണ്. ഇക്കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?***

തീർച്ചയായും. ഈ രംഗത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലെ ഒരു പ്രമോഷൻ സർക്കാർ ഉദ്ദേശിക്കുന്നു. നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നാടൻ ഉൽപ്പന്നങ്ങൾ കയറ്റുമതി നിലവാരത്തിലേക്ക് മാറ്റുകയും, പായ്ക്ക് ചെയ്യുകയും ചെയ്ത് പുറത്തയക്കാൻ ഉതകുന്ന രീതിയിൽ ഒരു സംവിധാനം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പ്രോഡക്ട് എക്സ്പോർട്ട് പ്രമോഷനിൽ ചില അന്താരാഷ്ട്ര ചട്ടങ്ങളുണ്ട്. അതുകൂടി ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്താൽ തീർച്ചയായും അതിന്റെ ലാഭം കർഷകർക്ക് കിട്ടുക തന്നെ ചെയ്യും.

***11. കേരളത്തിലെ മൃഗചികിത്സാ രംഗത്ത് മൾട്ടി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വന്നുകഴിഞ്ഞു. ചികിത്സാരംഗം ഇനിയും നവീകരിക്കേണ്ടതല്ലേ?***

സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും രാത്രികാല ചികിത്സയുൾപ്പെടെ ആരംഭിച്ചു കഴിഞ്ഞു. മൃഗാശുപത്രികൾ ഇല്ലാത്ത ഒരു പഞ്ചായത്ത് പോലും കേരളത്തിലില്ല. ചില സ്ഥലങ്ങളിലൊക്കെ അതിന്റെ എണ്ണം രണ്ടായി ഉയർന്നിട്ടുണ്ട്. എങ്കിലും കേരളത്തിലെ കാലി

കളുടെ എണ്ണം വച്ചു നോക്കുമ്പോൾ സർവ്വീസ് മതിയാകാത്ത രീതിയാണ് കാണുന്നത്. റൗണ്ട് ദി ക്ലോക്ക് ഹോസ്പിറ്റലുകളാണ് ഇനി വേണ്ടത്. എല്ലാ താലൂക്കുകളിലും 24 മണിക്കൂറും പ്രവർത്തനസജ്ജമായ ആശുപത്രി ഒന്നെങ്കിലും ഉണ്ടാക്കുക എന്നതാണ് ഇനിയുള്ള പദ്ധതി. സംസ്ഥാനത്തിന് സാമ്പത്തിക നഷ്ടം വരാതെ റീ ഡിപ്ലോയ്മെന്റ് പ്രക്രിയ വഴി ഡോക്ടർമാരെ നിയമിച്ച് ഇത് സാധ്യമാക്കാനാണ് ആലോചിക്കുന്നത്.

***12. ക്ഷീരസംഘങ്ങളിലെ അക്കൗണ്ടിംഗും ധനവിതരണവുമൊക്കെ ഏകീകരിക്കേണ്ടതല്ലേ? ഇതൊക്കെ ഇപ്പോഴും വലിയ മാറ്റങ്ങളില്ലാതെ നിൽക്കുകയാണല്ലോ? സഹകരണ പ്രസ്ഥാനങ്ങൾ ഇങ്ങനെ പോയാൽ മതിയോ?***

ഇക്കാര്യത്തിൽ ഒരു യൂണിഫൈഡ് സോഫ്റ്റ്‌വെയർ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. സംഘങ്ങൾ തമ്മിലും യൂണിയനുകൾ തമ്മിലുമൊക്കെ ബന്ധിപ്പിക്കുന്ന കോർ സംവിധാനം കൊണ്ടുവരണം. 37 വർഷങ്ങളായി നമ്മുടെ ത്രിതല ക്ഷീരസഹകരണ സംഘങ്ങൾ വലിയ പുരോഗതിയില്ലാതെ നിൽക്കുന്നു. ഇതിനായി സർക്കാർ പ്രത്യേക ശ്രദ്ധവയ്ക്കുന്നുണ്ട്. ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ് ചെയർപേഴ്സണായുള്ള ഒരു പഠനകമ്മിറ്റിയെ നിയോഗിച്ചിരുന്നു. അവർ റിപ്പോർട്ട് തന്നിട്ടുണ്ട്. ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 63 കോടി രൂപയാണ് സംഘങ്ങളുടെ പുരോഗമനത്തിന് ചെലവിട്ടത്. ഏകദേശം 2900 ക്ഷീരസംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടിയിട്ടുണ്ട്.

***13. പാലുല്പാദനത്തിനായുള്ള പദ്ധതികൾ പലതും നടക്കുന്നുണ്ട്. എങ്കിലും പാൽ കർണാടകയിലെ നന്ദിനിയിൽ നിന്നും മറ്റും ഇപ്പോഴും വാങ്ങുന്നുണ്ട്. അങ്ങ് പറയുന്നതുപോലെ സ്വയം പര്യാപ്തത എപ്പോഴെങ്കിലും സാധ്യമാകുമോ?***

തീർച്ചയായും, 2015 ൽ 5.5 ലക്ഷം ടൺ ആയിരുന്ന പാൽസംഭരണം 2019 ൽ 6.8 ലക്ഷം ടണ്ണായി ഉയർത്താൻ കഴിഞ്ഞില്ലേ. അതൊരു നേട്ടമല്ലേ. ഇനി കിടാരി പാർക്ക് വരുന്നുണ്ട്. വരും തലമുറയിലെ നല്ല കറവപശുക്കളെ വാർത്തെടുക്കുന്നതിനുള്ള ഒരു പദ്ധതിയാണ്. 100 കിടാരി വീതമുള്ള 2 കിടാരി പാർക്ക് കേരളത്തിലുണ്ട്. ഒരെണ്ണത്തിന് 20 ലക്ഷത്തോളം രൂപയാണ് ചെലവ്. അടുത്ത വർഷം 4 കിടാരി പാർക്ക് കൂടി തുടങ്ങാൻ ഞാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡയറിസോണിൽ 50 ക്ഷീരവികസന യൂണിറ്റുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. 22 കോടി രൂപ സർക്കാർ ഇതിനായി ചെലവ് ചെയ്തു കഴിഞ്ഞു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ലൂടെയാണ് കർഷകർക്ക് അക്കൗണ്ടിലേക്ക് പൈസ നൽകുന്നത്. അതുകൊണ്ട് തന്നെ ആനുകൂല്യങ്ങളുടെ വിതരണം കുറ്റമറ്റതും, സുതാര്യവും, വേഗത്തിലുമാകും. കേരളത്തിൽ മൂന്നര ലക്ഷം കർഷകർ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

***14. കോഴിവളർത്തൽ മേഖലയിൽ ചില ആശങ്കകളുണ്ടല്ലോ? ഇറച്ചിക്കോഴിയും, മുട്ടക്കോഴിയുമൊക്കെ അന്യസംസ്ഥാനത്ത് നിന്നും വരുന്നു. ഇക്കാര്യത്തിൽ സ്വയം പര്യാപ്തത ഏറെ അകലെയല്ലേ?***

കൊല്ലത്ത് ആയൂരിൽ ഒരു പേരന്റ് സ്റ്റോക്ക് ഫാം കൊണ്ടുവരികയാണ്. ഇറച്ചിക്കോഴികളുടെ ഉല്പാദനം ഇവിടെത്തന്നെ നടത്തിക്കുവാൻ പദ്ധതിയിടുന്നു. കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമൊക്കെയായി ബന്ധിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി. ഇറച്ചിക്കോഴികളെ ഉല്പാദിപ്പിച്ച് നല്ല രീതിയിൽ ഇറച്ചി മാർക്കറ്റ് ചെയ്യുകയാണ് ലക്ഷ്യം. അങ്ങനെ സർക്കാരിന്റെ കോഴിയിറച്ചി എന്ന ലേബൽ ഉണ്ടാക്കണം. മുട്ടയുടെ കാര്യത്തിൽ സ്ഥിതി മറിച്ചാണ്. പ്രതിദിനം 1 കോടി 40 ലക്ഷം മുട്ടകളാണ് കേരളത്തിൽ എത്തുന്നത്. പല്ലടം, നാമക്കൽ, കോയമ്പത്തൂർ, ദിണ്ഡിഗൽ എന്നിവിടങ്ങളിലെ കുത്തക കമ്പനികളാണ് ഇവയത്രയും എത്തിക്കുന്നത്. പൊടുന്നനെ അവരോട് ഒരു മത്സരം നടക്കില്ല. മാത്രവുമല്ല വ്യാവസായിക കോഴിവളർത്തിലിനുള്ള സ്ഥലം കേരളത്തിൽ കുറവാണ്. അതുകൊണ്ട് അടുക്കളമുറ്റത്തെ സംരംഭങ്ങൾ, മട്ടുപ്പാവിലെ കോഴിവളർത്തൽ സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് നമ്മൾ. സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ ഉണ്ടാക്കി കുട്ടികളെയും ഈ രംഗത്തേക്ക് കൊണ്ടുവരുന്നു. എന്തായാലും ക്രമേണ ഈ രംഗത്ത് നമ്മൾ ചുവടുറപ്പിക്കും.

***15. ഡക്ക് ഹാച്ചറി കോംപ്ലക്സിനെ കുറിച്ച് പറഞ്ഞു. അത് ഏത് രീതിയിൽ വികസിപ്പിക്കാനാണ് ആലോചിക്കുന്നത്?***

7 കോടി രൂപ ചെലവിലാണ് ഞങ്ങൾ ഡക്ക് ഹാച്ചറി കോംപ്ലക്സ് തിരുവല്ലയിലെ മഞ്ഞാടി

യിൽ തുടങ്ങിയത്. പ്രളയത്തിന് ശേഷം താറാവുകളുടെ എണ്ണത്തിലും മറ്റും വലിയ കുറവുണ്ടായി. അതിന്റെ സംഖ്യ 9 ലക്ഷമായി കുറഞ്ഞുവെന്നാണ് മനസ്സിലാകുന്നത്. താറാവിൻ മുട്ടയ്ക്കും, താറാവ് ഇറച്ചിക്കുമൊക്കെ ധാരാളം ആവശ്യക്കാർ കേരളത്തിലുണ്ട്. അതുകൊണ്ടാണ് ഈ മേഖലയിക്ക് ഊന്നൽ നൽകി ഹാച്ചറി കോംപ്ലക്സ് ആരംഭിച്ചത്. താറാവിൻ മുട്ട വിരിയിക്കുവാനുള്ള ഹാച്ചറികൾ, കുഞ്ഞുങ്ങളെ വളർത്താനുള്ള കൂടാരങ്ങൾ, അവയ്ക്ക് നീന്തിക്കളിക്കാനുള്ള തടാകങ്ങൾ എല്ലാം അതിലുണ്ടാകും. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം കൂടി അവിടെ വരുന്നുണ്ട്.

***16. തെരുവു നായ്ക്കളുടെ എണ്ണത്തിൽ ഭീതിദമായ വർധനയുണ്ടായിട്ടുണ്ട്. വലിയ ഭീഷണിയിലാണ് നമ്മുടെ നഗരങ്ങൾ. തെരുവുനായ നിയന്ത്രണത്തിൽ സർക്കാർ പരാജയമാണോ?***

ഒത്തിരി പരാധീനതകൾ ഇക്കാര്യത്തിലുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകൂടിയാണ് തെരുവുനായ നിയന്ത്രണം. പരിഷ്കൃത സമൂഹം കൂടി ഇക്കാര്യത്തിൽ ഇടപെടണം. ഞാൻ മനസ്സിലാക്കിയിടത്തോളം വീട്ടിലെ മാലിന്യങ്ങൾ തെരുവിലേക്ക് വലിച്ചെറിയുന്നതാണ് ഈ ജനനപ്പെരുപ്പത്തിന് കാരണം. തെരുവു നായ്ക്കൾ വർധിച്ചുവെന്നു കരുതി അവയെ കൊല്ലുക എന്ന പ്രാകൃത പ്രക്രിയയിലേക്ക് പോകാൻ കഴിയില്ല. അതിന് നിയമം അനുവദിക്കുന്നില്ല. പകരം തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലത്ത് തന്നെ ജില്ലാ പഞ്ചായത്ത് ഒരു കോടി രൂപയാണ് ഇതിനായി സമാഹരിച്ചിരിക്കുന്നത്. ശസ്ത്രക്രിയ നടത്താനുള്ള ഡോക്ടർമാരെയും അനുബന്ധ സജ്ജീകരണങ്ങളുമൊക്കെ സർക്കാർ നൽകും. പടിപടിയായേ ഇക്കാര്യത്തിൽ മുന്നേറ്റം സാധ്യമാകൂ. വീടുകളിൽ വളർത്തുന്ന എല്ലാ നായ്ക്കളേയും പ്രതിരോധ കുത്തിവയ്പ് നൽകി സുരക്ഷിതമാക്കും. നായ് വളർത്തലിന് ലൈസൻസ് കൂടി ഏർപ്പെടുത്തിയാലേ തെരുവു നായയെയും, വളർത്തു നായയെയും തിരിച്ചറിയാൻ കഴിയൂ. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുൻകൈ എടുക്കേണ്ടത്. ശസ്ത്രക്രിയ നടത്തി നായ്ക്കളെ പാർപ്പിക്കുവാനുള്ള ഷെൽട്ടർ നല്കുന്നതിൽ പലരും വിമുഖത കാണിക്കുന്നുണ്ട്. എല്ലാവരും ഒരുമിച്ച് നിന്നാലേ ഒരു മുന്നേറ്റം സാധ്യമാകൂ.

***17. കേരളീയരുടെ ഭക്ഷണത്തിൽ മാംസം ഒരു പ്രധാന ഘടകമായി മാറിയിട്ടുണ്ട്. മാംസോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ?***

മൃഗസംരക്ഷണവകുപ്പ് ഓണാട്ടുകര വികസന ഏജൻസിയുമായി സംയോജിച്ച്, പോത്ത്കുട്ടി വളർത്തൽ പദ്ധതി തുടങ്ങിയിട്ടുണ്ട്. 39 പഞ്ചായത്തുകളെയും 4 മുൻസിപ്പാലിറ്റികളെയും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 2019 ജനുവരിയിൽ തുടങ്ങിയ ഓണാട്ടുകര മാതൃക മാംസോൽപാദന പദ്ധതി ശുദ്ധമായ മാംസവും ഭക്ഷ്യസുരക്ഷയും സാധ്യമാക്കുന്നതിന് സഹായകരമായിക്കൊണ്ട് നല്ല പ്രവർത്തനം കാഴ്ച വച്ച് പുരോഗമിക്കുന്നു. കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നത് വഴി, കേരളത്തിൽ മാംസോൽപാദനം ഗണ്യമായി കൂട്ടുവാൻ സാധിക്കും.

***18. ഇനിയുമുണ്ട് പദ്ധതി വർഷം. നേട്ടങ്ങളുടെ നെറുകയിൽ നിൽക്കുമ്പോൾ സംസ്ഥാനത്തിന്റെ മൃഗസംരക്ഷണ മേഖലയെക്കുറിച്ചുള്ള അങ്ങയുടെ സ്വപ്നങ്ങൾ?***

കർഷകരാണ് നമ്മുടെ രാജ്യത്തെ നിലനിർത്തുന്നത്. അവർക്ക് വേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയും എന്നാണ് ഞാൻ ആലോചിക്കുന്നത്. വലിയ പദ്ധതികൾ വരുമ്പോഴും അടിസ്ഥാന വർഗ്ഗത്തിന് എന്ത് ഗുണം കിട്ടിയെന്ന് ആലോചിക്കും. ലോകത്തിന്റെ വിശപ്പടക്കുന്നവരാണ് അവർ. അവരെ കൈവിട്ടുകൂട. തോളോട് തോൾ ചേർന്ന് നിന്ന് അവരോടൊപ്പം അധ്വാനിച്ചാൽ നമ്മുടെ സംസ്ഥാനം വമ്പിച്ച പുരോഗതിയിലേക്കെത്തും. നാളിതുവരെയുള്ള എന്റെ അനുഭവങ്ങൾ അതാണ് തെളിയിച്ചിട്ടുള്ളത്. മതഭ്രാന്തിനോ, വിധ്വംസക ശക്തികൾക്കോ ഒന്നും പിന്നോട്ടടിക്കാൻ കഴിയുന്നതല്ല നമ്മുടെ വികസനം. അധ്വാനിക്കുന്നവരോടൊപ്പം ചേർന്ന് അതിനെ ഏറ്റവും മുന്നിലെത്തിക്കുക തന്നെ ചെയ്യും. അവർക്കു കൂടി പ്രാധാന്യമുള്ള അവരുടേതായ ഒരു സർക്കാർ ആകുക എന്നതാണ് എന്റെ സ്വപ്നം. അവർക്ക് വേണ്ടി സാധ്യമായതെല്ലാം ഇനിയും ചെയ്യും. കുറഞ്ഞപക്ഷം പാലിനും, മുട്ടയ്ക്കും, ഇറച്ചിക്കുമെങ്കിലും മറ്റൊരിടത്തേക്കും കൈനീട്ടി നിൽക്കേണ്ടാത്ത സ്ഥിതിയുണ്ടാക്കാൻ ശ്രമിക്കും.




**ഡോ. എം. കെ. പ്രസാദ്**
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്


# കർഷകക്ഷേമം
# ഭക്ഷ്യ സുരക്ഷ
# നവകേരള നിർമ്മിതി
# മൃഗസംരക്ഷണ പദ്ധതികളിലൂടെ

20-ാമത് ദേശീയ കന്നുകാലി സെൻസസിന്റെ ലഭ്യമായ പ്രാഥമിക വിവരങ്ങൾ നമ്മുടെ മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച് സന്തോഷം നൽകുന്ന കാര്യമാണ്. അഞ്ച് വർഷത്തിലൊരിക്കൽ ദേശവ്യാപകമായി നടത്തുന്ന കന്നുകാലി കാനേഷുമാരി മൃഗസംരക്ഷണ മേഖലയുടെ ശക്തമായ ഒരു ദിശാ സൂചികയാണ്. 2012-നെ താരതമ്യം ചെയ്യുമ്പോൾ കന്നുകാലികളുടെ എണ്ണത്തിൽ 1%, ആടുകൾ 2%, പന്നി 86%, കോഴി 25%, താറാവ് 4% വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1990 കൾ മുതൽ നമ്മുടെ കന്നുകാലികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്ന പതിവ് രീതി പിടിച്ചു നിർത്താൻ കഴിഞ്ഞുവെന്നു മാത്രമല്ല എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്താനും സാധിച്ചുവെന്നത് അഭിമാനാർഹമായ നേട്ടമാണ്. 2018-ലെ മഹാപ്രളയത്തെ തുടർന്നുണ്ടായ കാലയളവിലാണ് സെൻസസ് വിവരശേഖരണം നടത്തിയത് എന്ന വസ്തുതയും പരിഗണിക്കണം. മൃഗസംരക്ഷണ മേഖലയിൽ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന നടപടികൾ ഫലം കാണുന്നുവെന്ന് സെൻസസ് വിവരം സാക്ഷ്യപ്പെടുത്തുന്നു..

### കർഷക ക്ഷേമം

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോസമൃദ്ധി' ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് വഴി ഉരുക്കൾ മരണമടയുകയോ ഉൽപ്പാദന നഷ്ടം കാരണമോ കർഷകർ അഭിമുഖീകരിക്കേണ്ടി വരുന്ന നഷ്ടത്തിന്റെ ഭീഷണിയിൽ നിന്നും സംരക്ഷണം നൽകുന്നതിന് കഴിഞ്ഞു. ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സുതാര്യമായ കർഷക സൗഹാർദ്ദപരമായ പദ്ധതി നിർവഹണം നടത്തുക വഴി ഇന്ന് സംസ്ഥാനത്ത് ലഭ്യമായ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ 50% സബ്സിഡിയോടെ തങ്ങളുടെ പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് കർഷകർക്ക് സാധിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയം അടക്കുന്നത് മുതൽ പോളിസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ ഓൺലൈനിൽ നിർവഹിക്കാൻ കഴിയുമെന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത. ഇത് കൂടാതെ, ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലാത്ത കർഷകർക്ക് പ്രകൃതി ദുരന്തം, ലിസ്റ്റ് ചെയ്യപ്പെട്ട രോഗങ്ങൾ, മൃഗങ്ങളുടെ ആക്രമണം എന്നിവ മൂലം വളർത്തു മൃഗങ്ങളും പക്ഷികളും നഷ്ടപ്പെടുന്ന സാഹചര്യത്തിലും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. 2018, 2019-ലെ പ്രളയങ്ങൾ, 2017-ൽ ആലപ്പുഴയിൽ ഉണ്ടായ പക്ഷിപ്പനിബാധ എന്നിവയുടെ സാഹചര്യങ്ങളിലും കർഷകർക്ക് നഷ്ടപരിഹാരം സമയബന്ധിതമായും സുതാര്യമായും വിതരണം ചെയ്യാൻ കഴിഞ്ഞു.

### മൃഗചികിത്സാ സേവനങ്ങൾ

ആരോഗ്യമുള്ള പക്ഷി-മൃഗ സമ്പത്താണ് മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പാദനത്തിന് അടിസ്ഥാനം. ഗുണമേൻമയുള്ള മൃഗചികിത്സാ സേവനം കർഷകന് സമയബന്ധിതമായി ലഭ്യമാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി 105 ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞു. പദ്ധതി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപ്പിക്കുന്നതിനും തെരഞ്ഞെടുത്ത മൃഗാശുപത്രികളിൽ 24 മണിക്കൂർ മൃഗചികിത്സാ സേവനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്.

### നവകേരള നിർമ്മാണത്തിന് നവീന വികസന പദ്ധതികൾ

2018-ലെ മഹാപ്രളയം മൃഗസംരക്ഷണ മേഖലയിൽ 175 കോടി രൂപയുടെ നഷ്ടമാണുണ്ടാക്കിയത്. പ്രളയം വിതച്ച ദുരന്തത്തിൽ നിന്നും കരകയറാനും നവകേരളം പടുത്തുയർത്താനും ലക്ഷ്യമിട്ട് സർക്കാർ നവകേരള നിർമ്മാണ വികസന പരിപാടി ആവിഷ്ക്കരിക്കുകയുണ്ടായി. മൃഗസംരക്ഷണ മേഖലയിൽ നാല് പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്.

രോഗനിർണയ ശസ്ത്രക്രിയാ സൗകര്യങ്ങളോടുകൂടിയ അത്യാധുനിക മൃഗചികിത്സ കർഷകന്റെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് എറണാകുളം, കണ്ണൂർ ജില്ലകൾ കേന്ദ്രമാക്കി 2 മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കും. 2.2 കോടി രൂപയാണ് പദ്ധതിയ്ക്കായി അനുവദിച്ചിരിക്കുന്നത്. സംസ്ഥാനത്തെ പശുക്കളെ തിരിച്ചറിയുന്നതിനും വിവര ശേഖരണത്തിനുമുള്ള RFID പദ്ധതിയ്ക്ക് 20.8 കോടി രൂപയാണ് ചെലവ്. സംശുദ്ധമായ മാംസത്തിന്റെ ലഭ്യത ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉറപ്പുവരുത്തുന്നതിനും നമ്മുടെ സാധാരണക്കാരായ വനിതകളുൾപ്പടെയുള്ള കർഷകർക്ക് മികച്ച വരുമാനം ലക്ഷ്യമിട്ടും നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതി (63.11 കോടി രൂപ) നിർവഹണം ആരംഭിച്ചു കഴിഞ്ഞു. കാലവർഷക്കെടുതിയിൽ ജീവനോപാധി നഷ്ടപ്പെട്ട കർഷകർക്ക് അവ പുന:സ്ഥാപിക്കുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുന്നതിനുമുള്ള മൃഗസംരക്ഷണ മേഖലയിലെ ജീവനോപാധി പദ്ധതികൾക്ക് 77 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

മൃഗസംരക്ഷണ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കൂടുതൽ തുക നേടിയെടുക്കാൻ ഇക്കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് കഴിഞ്ഞു. നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ 1000 എണ്ണം 10 + 1 ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. ഈ സാമ്പത്തിക വർഷം 1600 ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരിക്കുന്നത്. കർഷകർക്ക് ഗുണമേന്മയുള്ള ആട്ടിൻ കുട്ടികളെ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പാറശാലയിലുള്ള ആട് വളർത്തൽ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള 3.2 കോടി രൂപയുടെ പദ്ധതികളുടെ നിർവഹണം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ 40% തുകയായ 1.28 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. ലിംഗനിർണയം നടത്തി വേർതിരിച്ച ബീജമാത്രകൾ ഉത്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന 47.5 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 19 കോടി രൂപ സംസ്ഥാന വിഹിതമാണ്. കൃത്രിമ ബീജ സങ്കലനം വഴി പശുക്കിടാങ്ങളുടെ ജനനം ഉറപ്പുവരുത്തുന്ന പദ്ധതി നമ്മുടെ ശാസ്ത്രീയ പ്രജനന പ്രവർത്തനങ്ങൾക്ക് കൈത്താങ്ങാകും. സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്കാവശ്യമായ പശുക്കളെ സംസ്ഥാനത്തിനകത്തു തന്നെ ഉത്പാദിപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യും.

### സ്വയം പര്യാപ്തതയ്ക്ക്
## 'സുഭിക്ഷ കേരളം'

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായ അടച്ചിടലിനെ തുടർന്നു സാമ്പത്തിക രംഗത്തുണ്ടായ മാന്ദ്യത്തെ മറി കടക്കുന്നതിനും സംസ്ഥാനത്തെ ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടാണ് 'സുഭിക്ഷ കേരളം' എന്ന ബൃഹദ് പദ്ധതിയ്ക്ക് സർക്കാർ രൂപം കൊടുത്തിരിക്കുന്നത്. ബഹുജന പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പാൽ, മാംസം, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതികളാണ് മൃഗസംരക്ഷണ മേഖലയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പശുവളർത്തൽ, കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക, മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുക തുടങ്ങിയ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നത്. മൂലധന നിക്ഷേപത്തിന് വായ്പ ലഭ്യമാക്കുന്നതിന് നബാർഡിന്റെ സഹായം ഉറപ്പു വരുത്തിയിട്ടുണ്ട്. കേരള ബാങ്ക്, ഗ്രാമീണ ബാങ്കുകൾ എന്നിവ വഴിയാകും കർഷകർക്ക് വായ്പ ലഭ്യമാക്കുക. ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് അധിക തുക വകയിരുത്തിയത് തൊഴുത്ത്, പൗൾട്രി ഷെഡ്, ആട്ടിൻ കൂട് തുടങ്ങിയ ആസ്തികളുടെ നിർമ്മാണത്തിന് സഹായമാകും.

### സ്ഥായിയായ വികസനത്തിന് മൃഗസംരക്ഷണ മേഖല

സംസ്ഥാനത്ത് ഇടക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, രോഗ ബാധ, കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച എന്നിവയുടെ പശ്ചാത്തലത്തിൽ കർഷകന് പ്രത്യാശ നൽകുന്ന ഒരു മേഖലയായി മാറിയിരിക്കുകയാണ് മൃഗസംരക്ഷണ മേഖല. കർഷക ക്ഷേമവും മികച്ച ഉൽപ്പാദന സാഹചര്യവും ഉറപ്പ് വരുത്തുക വഴി സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയും സമൂഹത്തിന്റെ ജീവനോപാധി സുരക്ഷയും കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ലക്ഷ്യത്തിലെത്താനുള്ള ശ്രമങ്ങൾക്ക് എല്ലാപേരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.



# ഗോശ്രീ ഡയറി യൂണിറ്റ് ചേർത്തലയുടെ ഐശ്വര്യം



**ഡോ.എസ്. ജയശ്രീ**
വെറ്ററിനറി സർജൻ
കഞ്ഞിക്കുഴി, ആലപ്പുഴ

നാടും നഗരവും ഉറങ്ങുമ്പോഴും അതിരാവിലെ 3.30 ന് തന്നെ മായാദേവിയുടെ ഒരു ദിവസം ആരംഭിക്കും. ഭർത്താവും പറക്കമുറ്റാത്ത രണ്ട് കുട്ടികളും വൃദ്ധമാതാപിതാക്കളും അടങ്ങുന്ന കുടുംബം. ഒരു സാധാരണ വീട്ടമ്മക്ക് ഇത്രയും അംഗങ്ങളുള്ള ഒരു കുടുംബത്തെ നയിക്കുന്നത് തന്നെ ശ്രമകരമാണ്. അവിടെയാണ് മായാദേവി വ്യത്യസ്തയാകുന്നത്. ഒരു കുടുംബിനിയെന്ന തന്റെ ഉത്തരവാദിത്വം അങ്ങേയറ്റം നന്നായി ചെയ്യുന്നതോടൊപ്പം 50 ഓളം പശുക്കളുള്ള തങ്ങളുടെ സ്വപ്ന സംരംഭമായ ഗോശ്രീ ഡയറി യൂണിറ്റ് ഭർത്താവ് വാസുദേവനോടൊപ്പം തോളോട് തോൾ ചേർന്ന് നിന്നു കൊണ്ട് മാതൃകാപരമായി പ്രവർത്തിപ്പിക്കയും ചെയ്യുന്നു.

നിസ്വാർത്ഥ പ്രവർത്തനത്തിന്റെ അംഗീകാരമായി ഇത്തവണത്തെ കേരള സർക്കാരിന്റെ മികച്ച വനിതാ കർഷകയ്ക്കുള്ള പുരസ്ക്കാരം മായാദേവിയെ തേടിയെത്തിയത് പുല്ലയിൽ ഇല്ലത്ത് ആനന്ദപ്പൂത്തിരികൾ കത്തിച്ചു

ചേർത്തല മുനിസിപ്പാലിറ്റിയിലെ 24-ാം വാർഡിലെ പുല്ലയിൽ ഇല്ലത്തെ മായാദേവി അന്തർജ്ജനത്തെ തേടി ഈ പുരസ്കാരമെത്തുന്നതുവരെ കടന്നു വന്ന നാൾവഴികൾ പൂമെത്ത വിരിച്ചതായിരുന്നില്ല മറിച്ച് കല്ലും മുള്ളും നിറഞ്ഞതായിരുന്നു.

### ഒരൽപ്പം ഫ്ളാഷ് ബാക്ക്

6 വർഷങ്ങൾക്ക് മുൻപുള്ള ഒരു നനുനനുത്ത പ്രഭാതം. സൂര്യകിരണങ്ങൾ ഭൂമിയെ തഴുകിത്തുടങ്ങുന്നതേയുള്ളൂ. പുല്ലയിൽ ഇല്ലത്തെ വാസുദേവൻ നമ്പൂതിരി രാവിലെ അടുത്ത വീട്ടിൽ നിന്നും പാൽ വാങ്ങാൻ തിടുക്കപ്പെട്ട് നടന്നു നീങ്ങുകയാണ്

'അല്ലാ വാസു  ഇപ്പോൾ നാട്ടിലുണ്ടോ? എന്നു വന്നു?

എത്ര നാളത്തെ ലീവുണ്ട് എന്ന് തിരിച്ചു പോകും?

ഏതൊരു പ്രവാസി മലയാളിയും ജീവിതത്തിൽ പല പ്രാവശ്യം നേരിടുന്ന ചോദ്യങ്ങൾ വാസുദേവനെയും  തേടിയെത്തി.

'ഞാൻ കഴിഞ്ഞ മാസമെത്തി ചേട്ടാ, അച്ഛനും അമ്മയ്ക്കും പ്രായത്തിന്റേതായ അവശതകൾ ധാരാളം, പിന്നെ കുട്ടികളും ചെറുതല്ലേ. ഇരട്ടക്കുട്ടികളായ മാധവന്റെയും മുകുന്ദന്റെയും കാര്യം തന്നെ നോക്കണമെങ്കിൽ രണ്ട് പേർ വേണം. പ്രവാസ ജീവിതമൊക്കെ ഞാനങ്ങ് മതിയാക്കി. ഇനി നാട്ടിലെന്തെങ്കിലും നോക്കണം.'

പണത്തിന് മീതെ പരുന്തും പറക്കില്ല എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന ഈ കാലത്ത് ഇങ്ങനെയും മനുഷ്യരോ?

കുടുംബത്തെ നോക്കാൻ വേണ്ടി വിദേശത്തെ ഉയർന്ന ജോലി പുല്ലുപോലെ ഉപേക്ഷിച്ചു പോന്നിരിയ്ക്കുന്നു!

സുഹൃത്തിന്റെ  കണ്ണുകളിലെ അവിശ്വസനീയത തിരിച്ചറിഞ്ഞ വാസുദേവൻ മുഖത്ത് മായാത്ത പുഞ്ചിരിയുമായി നടന്നു നീങ്ങി.

'എന്നും രാവിലെ ഇങ്ങനെ മെനക്കെടണോ, ഒരു പശുവിനെ വാങ്ങി വീട്ടിലങ്ങ് കെട്ടിയാൽ പോരെ?'

പാൽ വാങ്ങാനായി പാത്രവുമായി അടുത്ത വീട്ടിലെത്തിയ വാസുദേവനോടാണ് ചോദ്യം.

നാട്ടുകാരനായ ചേട്ടന്റെ ചോദ്യത്തെ ക്ഷീരകർഷകയായ ചേച്ചിയും പിൻതാങ്ങി.

'അതിനെന്താ ഞാൻ റെഡി. ചേച്ചി ഈ പശുവിനെ ഇങ്ങ് തന്നേക്ക്' രാവിലത്തെ കറവയക്ക് ശേഷം പുല്ല് തിന്നു കൊണ്ടിരുന്ന HF ഇനത്തിൽപ്പെട്ട പശുവിനെ ചൂണ്ടി വാസുദേവൻ പറഞ്ഞു '

'അതിനെന്താ അഴിച്ചു കൊണ്ടു പൊയ്ക്കോ'

അങ്ങനെ പാതി കളിയായും പാതി കാര്യമായും തുടങ്ങിയ ഒരു സംസാരം എത്തി നിന്നത് വാസുദേവൻ എന്ന ക്ഷീരകർഷകന്റെ പിറവിയിലാണ്. തന്റെ തീരുമാനത്തിന് ഉറച്ച പിന്തുണയുമായി ഭാര്യ മായാദേവി ഒപ്പമുണ്ടാകുമെന്ന വിശ്വാസം  വാസുദേവന് ആത്മവിശ്വാസമേകി.

അതൊരു തുടക്കമായിരുന്നു. ഒരു പശുവിൽ നിന്നും തുടങ്ങിയ യാത്ര 6 വർഷങ്ങൾ പിന്നിട്ടപ്പോഴേക്കും 50 പശുക്കളുള്ള ഗോശ്രീ ഡയറി യൂണിറ്റ് ആയിരിക്കുന്നു.

### അനുഭവമാണ് ഏറ്റവും വലിയ ഗുരു

ഒരു പശു വിനെ വളർത്താൻ തുടങ്ങിയതോടെ പശു പരിപാലനം എന്ന വിഷയത്തിന്റെ സാധ്യതകളിലേക്ക് ആ ദമ്പതികൾ ഊളിയിട്ടിറങ്ങി. പുസ്തകങ്ങളിലൂടെയും ആനുകാലികങ്ങളിലൂടെയും കിട്ടുന്ന അറിവ് കൂടാതെ പരിശീലനങ്ങളും അവർക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നു കൊടുത്തു.

പ്രായോഗിക പരിജ്ഞാനത്തിന്റെ പാഠങ്ങൾ തേടിയുള്ള യാത്രകളായിരുന്നു പിന്നീട്. ചെറുതും വലുതുമായ ഒട്ടേറെ ഫാമുകൾ സന്ദർശിച്ചു

വിജയിച്ചതും പരാജയപ്പെട്ടതുമായ ഫാമുകൾ അക്കൂട്ടത്തിലുണ്ടായിരുന്നു.

ഓരോ സ്ഥലത്തേയും അനുഭവക്കാഴ്ചകൾ കൗതുകമാർന്നതായിരുന്നു.  സ്വാംശീകരിക്കാവുന്ന നല്ല ശീലങ്ങൾ മനസ്സിലാക്കിയതോടെ. തങ്ങളുടെ ജീവിത മാർഗ്ഗം പൈക്കളാണെന്ന് ആ ദമ്പതികൾ തിരിച്ചറിഞ്ഞു.

വിവിധ തരം തൊഴുത്തുകളുടെ പ്ലാനുകളിൽ നിന്ന് തങ്ങൾക്കുതകുന്ന ഒരു പ്ലാൻ തെരഞ്ഞെടുത്ത് പണിയാരംഭിച്ചു. വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭിച്ച വായ്പയായിരുന്നു പ്രഥമ മൂലധനം. ലാഭകരമായ പശു വളർത്തലിൽ തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം കണ്ടറിഞ്ഞ് ആദ്യം തന്നെ ഒന്നരയേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ആരംഭിച്ചു.ബാങ്ക് വായ്പകൾക്ക് പുറമേ ഫാമിന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും മൃഗസംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പും ആത്മയുമൊക്കെ സഹായഹസ്തങ്ങളുമായി എത്തി.അതോടെ അധ്യാപന വൃത്തി ഉപേക്ഷിച്ച് മായാദേവി പൂർണ്ണമായും ഫാമിന്റെ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങി.

പതിയെ പതിയെ പശുക്കളുടെ എണ്ണംവർദ്ധിപ്പിച്ചു ഗോശ്രീ ഡയറി യൂണിറ്റ്  എന്ന ഒരു പേരും ഫാമിന് നൽകി. ആ സംരംഭം വിപുലീകരിക്കുന്നതിലായി പിന്നെ ശ്രദ്ധ.

ശാസ്ത്രീയമായ പരിപാലനത്തിന് ഊന്നൽ നൽകി. പശുക്കളുടെ എണ്ണം വർദ്ധിച്ചതോടെ ഫാമിന് ലൈസൻസ് നേടുന്നതിനുള്ള ശ്രമം ആരംഭിച്ചു.നടപടിക്രമങ്ങൾ ഓരോന്നായി പൂർത്തിയാക്കി ലൈസൻസും നേടി.'

വാസുദേവൻ നമ്പൂതിരിയുടെ സാങ്കേതിക പരിജ്ഞാനം ഫാമിന്റെ വളർച്ചക്ക് താങ്ങായി. അദ്ദേഹം കുറഞ്ഞ ചെലവിൽ പശുക്കൾക്കായി 'മിസ്റ്റ് സംവിധാനം'' വികസിപ്പിച്ചെടുത്തു.

കൗമാറ്റുകൾ, ആട്ടോമാറ്റിക്ക് ഡ്രിങ്കിങ്ങ് സംവിധാനം, മിസ്റ്റ്, വെർമി കമ്പോസ്റ്റ്, ചാണകം ശേഖരിക്കുന്നതിനുള്ള സംവിധാനം, ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങി ഒരു ഫാമിന് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇവിടെയുണ്ട്.

കടന്നു വന്ന വഴികളിലൊന്നും പ്രശ്നങ്ങളില്ലാതിരുന്നില്ല. ബാലാരിഷ്ടതകൾ ധാരാളം ഉണ്ടായിരുന്നു ഫാമിലെ തൊഴിലാളികൾ ആയിരുന്നു പ്രധാന പ്രശ്നം. വാസുദേവനും മായാദേവിയും ഒരേ മനസ്സോടെ ഫാമിലെ ഓരോ പ്രവർത്തനങ്ങളിലും വ്യാപൃതരായിരുന്നെങ്കിലും ഫാം വിപുലപ്പെട്ടതോടെ കൂടുതൽ മാനവവിഭവശേഷി ആവശ്യമായി വന്നു. യോജിച്ച തൊഴിലാളികളെ ലഭിച്ചതോടെ പകുതി ആശ്വാസമായി. സാമൂഹ്യ വിരുദ്ധരുടെ ശല്യവും തുടക്കത്തിൽ ഒരു തലവേദനയായിരുന്നു. ഫാമിന്റെ കാവലിന് ഒരു നായയെ കൊണ്ടുവന്നതോടെ ആ പ്രശ്നത്തിനും പരിഹാരമായി.

ഒരു സംരംഭത്തിന്റെ വിജയത്തിന് സാമ്പത്തിക അച്ചടക്കം പ്രധാനമാണ്. ബിരുദാനന്തര ബിരുദധാരിയായ മായാദേവി അതിനാൽ തന്നെ ഫാമിന്റെ വരവുചെലവു കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി.മാസാവസാനം ആ കണക്കുകൾ വിശകലനം ചെയ്തു. നഷ്ടങ്ങൾ വരുന്ന വഴികൾ അടച്ചു. കൂടുതൽ ലാഭത്തിലേയ്ക്കുള്ള സ്വപ്നങ്ങൾ കണ്ടു. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള വഴികളും കണ്ടെത്തി.

ഫാമിലെ എല്ലാ ഉൽപ്പന്നങ്ങളും ഫലപ്രദമായി ഉപയോഗിക്കുകയും വിപണി കണ്ടെത്തുകയും ചെയ്യുക എന്നതായിരുന്നു ഏറ്റവും പ്രധാനം. ഗുണനിലവാരത്തിലെ കണിശത ജീവിത വ്രതമാക്കി മാറ്റിയവരായിരുന്നു മായാദേവിയും വാസുദേവനും. അതിന്റെ ഫലവും താമസിയാതെ കണ്ടുതുടങ്ങി. പുല്ലയിൽ ഇല്ലത്തെ പാലിനും തൈരിനും നെയ്യ്ക്കും ഒക്കെ ആവശ്യക്കാരേറി. വിശേഷാവസരങ്ങളിൽ ഗോശ്രീ ഡയറി യൂണിറ്റിലെ പാലട പ്രഥമനും കുറുക്കു കാളനുമൊക്കെ ആലപ്പുഴക്കാരുടെ തീൻമേശയിൽ ഇടം പിടിച്ചു. മാർക്കറ്റിങ്ങിൽ സോഷ്യൽ മീഡിയയുടെ പ്രാധാന്യം മനസ്സിലാക്കിയ നാളുകളായിരുന്നു അത്. ചാണകത്തിന്റെ വിപണന സാധ്യത മനസ്സിലാക്കി ഉണക്കച്ചാണകമായും പച്ചച്ചാണകമായും ഒക്കെ വിൽക്കാൻ തുടങ്ങി. ഫാമിലെ മലിനജലവും ഗോമൂത്രവും സ്ലറിയുമൊക്കെ തീറ്റപ്പുൽകൃഷിയെ പരിപോഷിപ്പിച്ചു. ചാണകത്തിന് വിപണി കണ്ടെത്തിയതോടെ ഫാമിലെ മാലിന്യ പ്രശ്നത്തിനും പരിഹാരമായി.

കാലിത്തീറ്റ ചാക്കുകൾ ഉൾപ്പടെ എന്തും വരുമാന സ്രോതസ്സായി. ശാസ്ത്രീയമായ പരിപാലനത്തിലൂടെ കന്നുകുട്ടികൾ ലക്ഷണമൊത്ത പശുക്കളായി. ഫാമിന്റെ ആസ്തി വർദ്ധിപ്പിക്കുന്നതിൽ അവരും പ്രധാന പങ്കുവഹിച്ചു.

ഫാമിന്റെ വളർച്ചയുടെ ഓരോ പടവുകളിലും ചേർത്തല വെറ്ററിനറി ഡിസ്പെൻസറിയിലെ ഡോക്ടർമാരായ ഡോ. വിമൽ സേവ്യർ, ഡോ. എസ്. ജയശ്രീ, ഡോ.സൂര്യ രാജ് എന്നിവർ താങ്ങും തണലുമായി കൂടെ ഉണ്ടായിരുന്നു. വിദഗ്ധ ചികിത്സ നൽകിയും പശു പരിപാലനത്തിലെ പുതിയ പാഠങ്ങൾ പരിചയപ്പെടുത്തിയും അവർ മായാദേവിയ്ക്ക് കരുത്തേകി. ബ്രീഡിങ്ങ് രജിസ്റ്ററും ഫസ്റ്റ് എയ്ഡ് ബോക്സും ഒക്കെ ഉദാഹരണങ്ങളിൽ ചിലതു മാത്രം.

ഒരു വനിതാ സംരംഭക നേരിടുന്ന പ്രശ്നങ്ങളെ യഥാതഥമായി ഉൾക്കൊള്ളാനും പരിഹാര നിർദ്ദേശങ്ങളിലൂടെ അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വനിതകളായ വെറ്ററിനറി ഡോക്ടർമാർക്കായി എന്നത് എടുത്തു പറയേണ്ടുന്ന കാര്യമാണ്.

ഒരു മൾട്ടി ടാസ്കിങ്ങ് വ്യക്തിത്വമായി മായാദേവി മാറി. കുടുംബത്തിന്റെയും ഫാമിന്റെയും കാര്യങ്ങൾ നന്നായി നോക്കുന്നതോടൊപ്പം സമൂഹത്തിന്റെ വിവിധ തലങ്ങളിലെ സജീവ സാന്നിദ്ധ്യമായി അവർ മാറി. വേണ്ട വിധത്തിൽ അണിഞ്ഞൊരുങ്ങാൻ കൂടി സമയമില്ലാതെ, സമാധാനമായി ഒരിടത്തും ഒന്നു പോകാൻ പറ്റാതെ ജീവിച്ചു തീർക്കുന്ന ക്ഷീരകർഷകരുടെ കാലം കഴിഞ്ഞു.

ഇത് മായാദേവിമാരുടെ കാലമാണ്.

സോഷ്യൽ മീഡിയയുടെയും വാണിജ്യ വൽക്കരണത്തിന്റെയും അനന്ത സാധ്യതകൾ കണ്ടറിഞ്ഞ് ഫാമിങ്ങിനോടൊപ്പം അണിഞ്ഞൊരുങ്ങി ആത്മവിശ്വാസത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കുന്ന മായാദേവിമാരുടെ കാലം.

ആ കാലത്തിന്റെ പ്രതിനിധിയായി കേരളത്തിലെ ഏറ്റവും നല്ല വനിതാ ക്ഷീരകർഷകയ്ക്കുള്ള സംസ്ഥാന അവാർഡ് ബഹു: മൃഗസംരക്ഷണ വകുപ്പു മന്ത്രി അഡ്വ.കെ. രാജുവിൽ നിന്ന് ഏറ്റു വാങ്ങിയപ്പോൾ മനസ്സു നിറഞ്ഞത് കുടുംബത്തിന്റെ മാത്രമല്ല കേരളത്തിലെ ഓരോ വനിതാ ക്ഷീര കർഷകയുടേതുമാണ്.

ഉയരെ ഉയരെ പറക്കട്ടെ, ഈ ജീവിതഗാഥ-വിജയത്തിന്റെയും മാറ്റത്തിന്റെയും അനന്ത വിഹായസ്സിലേക്ക്.

# വെളിയന്നൂരിന്റെ ബ്രോയിലർ രാജൻ



ഡോ. അലക്സ് എബ്രഹാം
വെറ്ററിനറി സർജൻ
പുതുവേലി., കോട്ടയം

കോട്ടയം ജില്ലയിലെ വെളിയന്നൂർ എന്ന ഗ്രാമത്തിന്റെ നെറുകയിലാണ് വെള്ളോപ്പള്ളി മല. 1994ൽ 25ാം വയസ്സിൽ വെള്ളോപ്പള്ളി മലയിൽ തുടങ്ങിയ 100 കോഴികളുടെ ഫാമിൽ നിന്നാണ് ഇടത്തരം കർഷകനായ പി.ആർ.രാജൻ എന്ന പുത്തേട്ട് രാജൻ ഇറച്ചിക്കോഴികളുമൊത്തുള്ള തന്റെ യാത്ര ആരംഭിക്കുന്നത്. 25 വർഷത്തിനിപ്പുറം അത് വളർന്ന് അറുപതോളം കർഷകർക്ക് ജീവിത മാർഗ്ഗം നൽകുന്ന പ്രസ്ഥാനമായി മാറി. രാജന്റെ ആർ.എം ഹാച്ചറിയിൽ നിന്നും ആഴ്ചയിൽ 60000 കോഴിക്കുഞ്ഞുങ്ങളെ ഇന്ന് ഉത്പാദിപ്പിക്കുന്നു. അത് വിവിധ ഫാമുകളിലെ കർഷകർക്ക് നൽകുന്നു. ആവശ്യമായ തീറ്റ, വാക്സിൻ, മരുന്നുകൾ എന്നിവ നൽകി 37-40 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുക്കുന്നു. ആഴ്ചയിൽ ശരാശരി 20000 ഇറച്ചിക്കോഴികളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിറ്റഴിക്കുന്നു. വർഷം ശരാശരി പത്തുകോടി രൂപയുടെ ബിസിനസ്സ് രാജന് സ്വന്തം.

## ഇറച്ചിക്കോഴി വളർത്തലിലെ വെളിയന്നൂർചിട്ട

തന്റെ ഹാച്ചറിയിൽ നിന്നും വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്ന കർഷകർക്കൊപ്പം സ്വന്തം അനുഭവങ്ങളുമായി രാജൻ ഉറച്ചു നിൽക്കുന്നു. ഷെഡിന്റെ നിർമ്മാണം, കോഴിക്കുഞ്ഞുങ്ങളുടെ പരിചരണം എന്നിങ്ങനെ എല്ലാ കാര്യത്തിലും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

കിഴക്ക് പടിഞ്ഞാറ് ദിശയിലാണ് ഷെഡ് നിർമ്മിക്കുക. ഒരു കോഴിക്ക് 1.2 ചതുരശ്ര അടി എന്ന കണക്കിന് ആവശ്യമായ വിസ്തീർണ്ണം ഉണ്ടാകണം. ഷെഡിൽ ആവശ്യത്തിന് കാറ്റോട്ടം കിട്ടണം. ഒരു ചതുരശ്ര അടിയ്ക്ക് 200 രൂപയെന്ന നിലയ്ക്ക് ഷെഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കും. ഷെഡിന്റെ തറ

യിൽ 2 ഇഞ്ച് കനത്തിൽ അറക്കപ്പൊടി വിതറി കുഞ്ഞുങ്ങളെ വിടുന്നു. ചെറിയ കുഞ്ഞുങ്ങളെ തണുപ്പ് കാലത്ത് 15 ദിവസവും വേനൽക്കാലത്ത് 10 ദിവസവും ബ്രൂഡറുകളിൽ വളർത്തുന്നു. ലസോട്ട , ഐ.ബി.ഡി എന്നീ വാക്സിനുകളാണ് സാധാരണയായി ഇറച്ചിക്കോഴികൾക്ക് നൽകുക. 7-ാം ദിവസം, 14ാം ദിവസം എന്നിങ്ങനെ വാക്സിനേഷൻ നൽകുന്നു.

കുഞ്ഞുങ്ങൾക്ക് വ്യാവസായിക അടിസ്ഥാനത്തിലുള്ള തീറ്റയാണ് നൽകുക. പ്രീസ്റ്റാർട്ടർതീറ്റ ആദ്യ 12 ദിവസം കൊടുക്കും. ഒരു കുഞ്ഞ് 12 ദിവസം കൊണ്ട് 300 ഗ്രാം തീറ്റ കഴിക്കും. 13-24 ദിവസം വരെ ഏതാണ്ട് 1.5 കി.ഗ്രാം സ്റ്റാർട്ടർ തീറ്റയും 25-37 ദിവസം വരെ 1.8 കി.ഗ്രാം ഫിനിഷർ തീറ്റയുമാണ് വേണ്ടി വരിക. 37-40 ദിവസം കൊണ്ട് 3.2 കി.ഗ്രാം തീറ്റ 2 കി.ഗ്രാം തൂക്കമുള്ള ഇറച്ചിക്കോഴിയായി മാറുന്നു. ഇറച്ചിക്കോഴിയുടെ തീറ്റ പരിവർത്തന ശേഷി 1,6 ൽ താഴെ എത്തിക്കുക എന്നത് ഫാമിംഗ് ലാഭകരമാക്കുന്നതിലെ പ്രധാന ഘടകമാണ്. 3000-4000 കുഞ്ഞുങ്ങളെ വളർത്തുന്ന കർഷകർക്ക് സ്വന്തമായി കൈകാര്യം ചെയ്യാവുന്ന, ഇടത്തരം ഫാമുകളിലാണ് കുഞ്ഞുങ്ങളിൽ നല്ല വളർച്ചാ നിരക്ക് കണ്ടു വരുന്നതെന്ന് രാജൻ സാക്ഷ്യപ്പെടുത്തുന്നു.

### 3. ഇന്റഗ്രേഷൻ എന്ന അനുഗ്രഹം:

കേരളത്തിൽ തൊണ്ണൂറുകളിലാണ് ഇന്റഗ്രേഷൻ സംവിധാനത്തിൽ ഇറച്ചിക്കോഴി വളർത്തൽ ആരംഭിക്കുന്നത്. തമിഴ്നാട്ടിൽ നിന്നുള്ള കമ്പനികളാണ് ഇതിന് തുടക്കമിട്ടത്. കമ്പനികൾ കർഷകരെ കണ്ടെത്തി അവരെക്കൊണ്ട് ഷെഡും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നു. കുഞ്ഞുങ്ങൾ, തീറ്റ, വാക്സിനേഷൻ, മരുന്നുകൾ എന്നിവ നൽകുകയും വളർച്ച പൂർത്തിയാക്കിയ കോഴികളെ നിശ്ചിത പ്രതിഫലം നൽകി തിരികെയെടുത്ത് കമ്പനി തന്നെ വിൽക്കുകയും ചെയ്യുന്നു. കമ്പനികൾക്ക് സ്ഥലവും ഷെഡ്ഡും അനുബന്ധ സൗകര്യങ്ങളും ഒരുക്കേണ്ടതില്ല. ചെറുകിട കർഷകർക്ക് മാർക്കറ്റിന്റെ കയറ്റിറക്കങ്ങളെ ഭയപ്പെടാതെ നിശ്ചിത വരുമാനം ഉറപ്പാക്കുന്നു. കമ്പനികളിൽ നിന്നും ആവശ്യമായ പ്രായോഗിക പരിജ്ഞാനം ലഭിക്കുന്നു. രണ്ടു കൂട്ടർക്കും മെച്ചം.

രാജൻ 1997ലാണ് ശെൽവം കമ്പനിയുടെ കോഴികളെയെടുത്ത് ഇന്റഗ്രേഷൻ ആരംഭിക്കുന്നത്. എട്ടുവർഷത്തിന് ശേഷം ബിസിനസ്സ് സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് 2005 മുതൽ ചെറുകിട കർഷകരെ സംഘടിപ്പിച്ച് സ്വന്തമായി ഇന്റഗ്രേഷൻ ചെയ്തു തുടങ്ങി. ഈ സംരംഭം പടിപടിയായി വളർന്ന് കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി അറുപത് ഫാമുകളിൽ എത്തി നിൽക്കുന്നു. രണ്ടു ദിവസത്തിലൊരിക്കൽ കമ്പനി സൂപ്പർവൈസർമാർ ഫാമുകൾ സന്ദർശിച്ച് വേണ്ട ഉപദേശങ്ങൾ നൽകുന്നു. ഇന്റഗ്രേഷൻ രീതിയിൽ വളർത്തുന്ന ഇറച്ചിക്കോഴികളിൽ 2% മാത്രമാണ് മരണ നിരക്ക് കണ്ടുവരുന്നത്.

ഒരേ ബാച്ചിലെ കുഞ്ഞുങ്ങളെ പല ഫാമുകളിൽ നൽകുന്നത് വഴി ഓരോ ഫാമുകളുടേയും പ്രകടനം വിലയിരുത്തുവാനും വളർച്ച നിരീക്ഷിക്കുവാനും മോശമായവയെ ഒഴിവാക്കുവാനും സാധിക്കുന്നു. ഒരുവർഷം ആറ് ബാച്ചുകളെ വരെ വളർത്താമെന്നതിനാൽ ന്യായമായ വരുമാനം കർഷകർക്ക് ലഭിക്കുന്നു. കാർഷിക മേഖല പല കാരണങ്ങളാൽ തകർന്നു നിൽക്കുന്ന ഈ കാലത്ത് കർഷകർക്ക് കുറഞ്ഞ കാലയളവിൽ നിശ്ചിത വരുമാനം ഉറപ്പാക്കുന്ന കൃഷിയെന്ന നിലയിൽ ഇന്റഗ്രേഷൻ ഫാമിംഗിന് വലിയ സ്വീകാര്യതയാണ് ഉള്ളത്.

### സ്വന്തമായി ഒരു ഹാച്ചറി

ഇന്റഗ്രേഷൻ വിപുലമായപ്പോഴാണ് സ്വന്തമായി ഒരു ഹാച്ചറിയെന്ന ആശയം രൂപം കൊള്ളുന്നത്. 2016ൽ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. മലിനീകരണ നിയന്ത്രണബോർഡ്, പഞ്ചായത്ത്, ഫയർസേഫ്റ്റി, ആരോഗ്യവകുപ്പ് എന്നിവരുടെ അനുമതി പത്രം പ്രവർത്തനത്തിന് ആവശ്യമായിരുന്നു. 2017 ജൂൺ മാസം 85





ലക്ഷം രൂപ ചെലവിൽ ആറ് സെറ്ററുകളും 2 ഹാച്ചറുകളുമായി തുടക്കം കുറിച്ചു. ഒരു സെറ്ററിൽ 30000 മുട്ടകൾ വച്ച് ആറ് സെറ്ററുകളിൽ 1,80,000 മുട്ടകൾ ഉണ്ടാവും. ആഴ്ചയിൽ 30000 വീതമുള്ള രണ്ട് ബാച്ചുകളിലായി 60000 കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചിറക്കുന്നു.

ആദ്യ പതിനെട്ട് ദിവസം സെറ്ററുകളിലാണ് മുട്ടകൾ സൂക്ഷിക്കുക അവസാന മൂന്നു ദിവസം ഹാച്ചറുകളിലും. 21-ാം ദിവസം മുട്ട വിരിഞ്ഞ് കുഞ്ഞ് പുറത്ത് വരുന്നു. മുട്ടകളുടെ തെരഞ്ഞെടുപ്പ് വളരെ പ്രധാനമാണ്. ബ്രോയിലർ കോഴികളുടെ പാരന്റ് സ്റ്റോക്ക് ഉള്ള തമിഴ്നാട്ടിലെ ഫാമുകളിൽ നിന്നാണ് മുട്ട എത്തിക്കുക. വെൻകോബ്, റോസ് 308 എന്നിവ ഇത്തരം ഇറച്ചിക്കോഴി ഇനങ്ങളാണ്. മുട്ട സെറ്ററിൽ വെക്കുന്നതിന് മുമ്പ് ഫുമിഗേഷൻ വഴി അണുവിമുക്തമാക്കുന്നു.

സെറ്ററിൽ നിശ്ചിതമായ അളവിൽ ചൂടും ഈർപ്പവും ക്രമീകരിച്ചിരിക്കുന്നു. മുട്ടയുടെ വീതിയുള്ള അറ്റം മുകളിലായാണ് മുട്ടകൾ അടുക്കുക. ആവശ്യമായ വായു സഞ്ചാരവും വേണം. മുട്ടകൾ ഓരോ മണിക്കൂറിലും ചലിപ്പിക്കുന്നതിനുള്ള സംവിധാനവും സെറ്ററുകളിലുണ്ട്. സെറ്ററുകളിൽ പതിനെട്ട് ദിവസം പൂർത്തീകരിച്ചതിനു ശേഷം കാൻഡിലിംഗ് നടത്തി ഹാച്ചറിയിലേക്ക് മാറ്റുന്നു. ഒരു പ്രകാശ സ്രോതസ്സിന്റെ സഹായത്തോടെ മുട്ട നിരീക്ഷിച്ച് ഭ്രൂണത്തിന്റെ വളർച്ച ഉറപ്പാക്കുകയും മോശമായ മുട്ട ഒഴിവാക്കുകയും ചെയ്യുകയെന്നതാണ് കാൻഡിലിംഗ്. ശരാശരി 85% മുട്ടകളും ആരോഗ്യമുള്ള കുഞ്ഞുങ്ങളായി വിരിഞ്ഞിറങ്ങാറുണ്ട്.

ഹാച്ചറി പ്രവർത്തനത്തിന് ആവശ്യമായ വെള്ളത്തിനായി മൂന്നുലക്ഷം ലിറ്ററിന്റെ മഴവെള്ള സംഭരണി ഒരുക്കിയിട്ടുണ്ട്. തടസ്സം കൂടാതെ കറന്റ് ലഭ്യമാക്കാൻ 82 KVയുടെ ജനറേറ്ററും സുസജ്ജമാണ്.

മാലിന്യ നിർമ്മാർജ്ജനത്തിനായി ഗോബർ ഗ്യാസ് പ്ലാന്റ് ഉപയോഗിച്ചു വരുന്നു. ഇതോടൊപ്പം ആറുലക്ഷം ലിറ്ററിന്റെ ഒരു പടുതാക്കുളം മീൻവളർത്തലിനായി ഉപയോഗിക്കുന്നു. അനബസ് ഇനത്തിൽപ്പെട്ട 4000 കുഞ്ഞുങ്ങളെയാണ് കഴിഞ്ഞ വർഷം വളർത്തിയത്. ഭക്ഷ്യയോഗ്യമായ പൊട്ടിയ മുട്ടകൾ പൊരിച്ച് മീനിന് ആഹാരമായി നൽകുന്നു. ഇതിൽ നിന്നും മുൻവർഷം ഒന്നര ലക്ഷം രൂപ വരുമാനം ലഭിച്ചിരുന്നു.

കൂടെ കോഴിവളർത്തൽ ആരംഭിച്ച പലരും മേഖല വിട്ടു പോയപ്പോഴും കയറ്റിറക്കങ്ങളിൽ വീഴാതെ പിടിച്ചു നിന്നു എന്നുള്ളതാണ് രാജന്റെ വിജയരഹസ്യം. കോഴിവില കുറയുമ്പോൾ നഷ്ടം സംഭവിക്കാറുണ്ടെങ്കിലും നാളെയത് ലാഭമായി മാറുമെന്ന പ്രതീക്ഷയാണ് രാജനെ നയിക്കുന്നത്. തനിക്കിന്നുള്ളതെല്ലാം തന്നത് ഈ സംരംഭമാണെന്ന സംതൃപ്തിയിൽ രാജൻ കൂടുതൽ കർഷകർക്ക് മാതൃകയാകുന്നു.

ആർ.എം.ഹാച്ചറി
പി.ആർ.രാജൻ
വെളിയന്നൂർ
മൊബൈൽ 9447869727




ഡോ. രാധിക. ജി
അസോസിയേറ്റ് പ്രൊഫസർ,
മണ്ണുത്തി വെറ്ററിനറി കോളേജ്


# ആടുവളർത്തലിന്റെ സാമ്പത്തിക സവിശേഷതകൾ

ഗ്രാമീണ കേരളത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായി വളരെയധികം സഹായിക്കുന്ന വളർത്തുമൃഗമാണ് ആട്. സ്ഥല പരിമിതിയും, പുൽമേടുകളുടെ ദൗർലഭ്യവും കാരണം പശുവളർത്തലിൽനിന്ന് പിൻമാറാൻ പ്രവണത കാട്ടുന്ന കേരള ജനത, ആടുവളർത്തലിൽ ആകൃഷ്ടരാകുന്നതിൽ അത്ഭുതപ്പെടാനില്ല. വീട്ടുപരിസരത്ത് രണ്ട് ആടുകളെ വളർത്തി ഉപജീവനം കണ്ടെത്തുവാൻ ശ്രമിക്കുന്ന ചെറുകിട കർഷകർ മുതൽ, നൂറോ അതിലധികമോ ആടുകളെ വളർത്തി, വിപുലമായ രീതിയിൽ ആടുഫാം നടത്തുന്ന സംരംഭകർ വരെ കേരളത്തിലുണ്ട്. സാമ്പത്തികമായി നേട്ടം കൈവരിക്കണമെങ്കിൽ ആടുവളർത്തലിലെ ചില സവിശേഷതകളും, സാമ്പത്തിക കണക്കുകൂട്ടലുകളും കർഷകർ അറിയുകയും, ലാഭത്തിനായി പ്രവർത്തിക്കുകയും വേണം.

### എന്തുകൊണ്ട് ആടുവളർത്തൽ ലാഭകരമാകുന്നു

***കുറഞ്ഞ മുതൽ മുടക്ക്*** – പശു വളർത്തലുമായി താരതമ്യപ്പെടുത്തുമ്പോൾ, കുറഞ്ഞ നിക്ഷേപം മതിയാകും ആടു വളർത്തൽ ആരംഭിക്കുവാൻ. ആടുകളെ വാങ്ങുന്നതിനും, അവയുടെ പാർപ്പിട സൗകര്യം ഒരുക്കുന്നതിനും ചിലവ് കുറവ് മതി. പ്രാദേശികമായി ലഭിക്കുന്ന മുള, പന മുതലായവ ഉപയോഗിച്ച് കൂടിന്റെ തറയും മേൽക്കൂരയും പണിയാം. ചിലവ് കുറഞ്ഞതും, പരിമിതവുമായ പാർപ്പിട സൗകര്യത്തിന് പുറമേ, പരിപാലനത്തിലും, തീറ്റക്രമത്തിലും, പശുവുമായി താരതമ്യപ്പെടുത്തുമ്പോൾ ആട് വളർത്തൽ ലാഭകരമാണ്. വലുപ്പം കുറഞ്ഞതും, പൊതുവെ ശാന്തസ്വഭാവക്കാരുമായ ആടുകളെ പോറ്റി വളർത്തുന്നത് വീട്ടമ്മമാർക്കും കുട്ടികൾക്കും നിഷ്പ്രയാസം സാധിക്കുന്നു എന്നതിനാൽ തൊഴിലാളികൾക്കുള്ള വേതനം കുറഞ്ഞിരിക്കും. കൂടാതെ പച്ചപ്പുല്ലും ഇലകളും ധാരാളമായി ഭക്ഷിക്കുന്ന ആടുകൾക്ക് തീറ്റചിലവും (ഘരാഹാരം ദിവസേന 200–400 ഗ്രാം മതിയാകും) താരതമ്യേന കുറവാണ്. തീറ്റ പരിവർത്തനശേഷി കൂടുതലായതിനാൽ, സസ്യ പദാർത്ഥങ്ങളെ പോഷക മേന്മയേറിയ പാലും ഇറച്ചിയുമാക്കുവാനുള്ള ആടുകളുടെ കഴിവും എടുത്ത് പറയേണ്ടതാണ്.

***പ്രത്യുൽപാദനത്തിലെ പ്രത്യേകതകൾ*** – ഏകദേശം ഒരു വയസ്സ് പ്രായത്തിൽ ഗർഭിണിയാവുന്ന ആടുകൾ, ഒന്നര വയസ്സിനുള്ളിൽ കുട്ടികളെ നൽകി തുടങ്ങുന്നതിനാൽ, തലമുറകൾ തമ്മിലുള്ള അന്തരം കുറഞ്ഞിരിക്കും. രണ്ടു വർഷത്തിൽ, മൂന്ന് പ്രസവങ്ങൾ വരെ പ്രതീക്ഷിക്കാം എന്നുള്ളതും, ഉയർന്ന പ്രത്യുൽപാദന നിരക്കുണ്ടെങ്കിൽ, ഒറ്റ പ്രസവത്തിൽ ഒന്നിലധികം കുട്ടികളെ ലഭിക്കുന്നുവെന്നുള്ളതും, പശുവിനെ അപേക്ഷിച്ച് ആടിന്റെ സാമ്പത്തിക മേന്മ സൂചിപ്പിക്കുന്നു.

***മുന്തിയ വിപണന സാദ്ധ്യത*** – ആട്ടിൻകുട്ടികൾക്കും, പാലിനും, ഇറച്ചിയ്ക്കും നല്ല വിപണന സാദ്ധ്യതയുണ്ടെന്ന് മാത്രമല്ല, പുറമേനിന്നുള്ള

മത്സരവും കുറവാണ്.  മാംസങ്ങളിൽ മേന്മയേറിയതാണ് ആട്ടിറച്ചി. ആട് ഉഷ്ണമേഖലയിൽ കാണുന്ന മൃഗമായതിനാൽ, പല വികസിത രാജ്യങ്ങളിലും ആട് വളർത്തലിനെക്കാൾ വ്യാപകം ചെമ്മരിയാട് വളർത്തലാണ്.  ആട് വളർത്തലിന് പ്രാമുഖ്യം നൽകുന്ന അപൂർവ്വം ചില വിദേശ രാജ്യങ്ങൾക്കാകട്ടെ, ഇന്ത്യൻ വിപണിയെക്കാൾ താൽപര്യം, ഗൾഫ് രാജ്യങ്ങളോടാണ് എന്നത് ആഭ്യന്തര വിപണിയിലെ മത്സരം കുറയ്ക്കുന്നു.

ഇറച്ചിയോടൊപ്പം ആട്ടിൻപാലിനും ആവശ്യക്കാർ ഏറെയാണ്. കൊഴുപ്പിന്റെ കണികകൾ ചെറുതായതിനാൽ എളുപ്പത്തിൽ ദഹിക്കുമെന്നത് ആട്ടിൻ പാലിന്റെ പ്രത്യേകതയാണ്. കൂടാതെ, ആട്ടിൻ പാലിലെ മാംസ്യത്തിന്റെ പ്രത്യേകഘടന കാരണം അലർജിക്കുള്ള സാദ്ധ്യതയും കുറവാണ്. പാലിനും ഇറച്ചിക്കും പുറമേ, ആട്ടിൻ മൂത്രത്തിന് വരെ ആയുർവ്വേദ മേഖലയിൽ വിപണന സാദ്ധ്യത നിലനിൽക്കുന്നു. പ്രതിദിനം ഒരാടിൽ നിന്നും അര മുതൽ ഒരു കിലോഗ്രാം വരെ ആട്ടിൻകാഷ്ഠം ലഭിക്കും. ഇത് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ, വിൽക്കുകയോ ചെയ്യാം.

## സാമ്പത്തിക മൂല്യമുള്ള സ്വഭാവങ്ങൾ

ലാഭകരമായ ആട് വളർത്തലിന് ആധാരം, ശരിയായ തിരഞ്ഞെടുപ്പാണ് (selection). കൂട്ടത്തിൽ ഉൽപാദനക്ഷമതയേറിയ ആടുകളെ തിരഞ്ഞെടുത്ത്, അടുത്ത തലമുറയെ ഉണ്ടാക്കിയെടുക്കയും, ഉൽപാദനം കുറഞ്ഞവയെ കൂട്ടത്തിൽ നിന്ന് ഒഴിവാക്കുകയും (culling) ചെയ്താൽ മാത്രമേ ഈ വ്യവസായത്തിൽ നിന്ന് സുസ്ഥിരമായ ലാഭം പ്രതീക്ഷിക്കാനാകുകയുള്ളു. അന്തർപ്രജനനം (inbreeding) ഒഴിവാക്കി, അതായത് 4-6 തലമുറകളിൽ ബന്ധമുള്ളവയെ തമ്മിൽ ഇണ ചേർക്കാതെ വേണം തലമുറകളെ ഉൽപാദിപ്പിക്കുവാൻ. പുറമേ, സാമ്പത്തികമൂല്യമുള്ള സ്വഭാവങ്ങളെ ആശ്രയിച്ച് വേണം മേൽപറഞ്ഞ തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുവാൻ.  പ്രധാനമായും ഇത്തരം സ്വഭാവങ്ങളെ മൂന്നായി തരം തിരിക്കാം.

- ഉൽപാദനത്തെ ബാധിക്കുന്നവ (production traits)
- പ്രത്യുൽപാദനത്തെ ബാധിക്കുന്നവ (reproduction traits)
- വളർച്ചയെ ബാധിക്കുന്നവ (growth traits)

***ഉൽപാദനം:*** ആടുകളെ സംബന്ധിച്ച് ഉയർന്ന പാലുൽപാദനശേഷിയും, കൂടിയ ശരീരഭാരവുമാണ് പാലിനായോ, ഇറച്ചിക്കായോ (രണ്ടിനും കൂടിയോ) വളർത്തുന്നതിന് ആവശ്യം.  അതാത് ജനുസ്സിനനുസരിച്ച് ഈ സ്വഭാവ വിശേഷണങ്ങൾ മാറുമെങ്കിലും, പാലിനായി വളർത്തുന്നവയ്ക്ക് പ്രതിദിനം ഒരു ലിറ്റർ പാലെങ്കിലും കിട്ടിയാൽ നന്ന്. കൂട്ടത്തിൽ ഏറ്റവും നല്ലതിനെ തിരഞ്ഞെടുക്കുക എന്നതാണ് പ്രായോഗിക ബുദ്ധി. ഉൽപാദനശേഷിയെ ബാധിക്കുന്ന ജനിതക ഘടകങ്ങൾ ആണാടിൽനിന്ന് കൂടി കുട്ടികൾക്ക് ലഭിക്കുമെന്നതിനാലും, ഒരു മുട്ടനാടിൽനിന്ന് പെണ്ണാടിനെ അപേക്ഷിച്ച്, കൂടുതൽ കുട്ടികളെ ലഭിക്കുമെന്നതിനാലും, മുട്ടൻമാരുടെ തിരഞ്ഞെടുപ്പ് കൃത്യമായിരിക്കണം. ഉയർന്ന വളർച്ചാനിരക്കുള്ളതും (ജനനഭാരം 1, 3, 6, 9, 12 മാസങ്ങളിലെ ശരീരഭാരം) നല്ല ഉൽപാദനശേഷിയുള്ളതുമായ തള്ളയാടിന്റെ ആൺകുട്ടികളെ വേണം പ്രജനനത്തിനായി നിലനിർത്തേണ്ടത്. ഒന്നരവർഷത്തിൽ കൂടുതൽ ഒരു മുട്ടനാടിനെ പ്രജനനത്തിന് ഉപയോഗിച്ചാൽ, അന്തർ പ്രജനനത്തിന്റെ സാദ്ധ്യത (മുട്ടനാടും അതുമായി അടുത്ത ബന്ധമുള്ള മറ്റാടുകളുമായി ഇണചേരുവാനുള്ള സാദ്ധ്യത) കൂടുമെന്നതിനാൽ രണ്ടു വർഷത്തിലൊരിക്കൽ മുട്ടനാടിനെ മാറ്റണം.

***പ്രത്യുൽപാദനം:*** ജനനസമയം മുതലുള്ള കാലഘട്ടത്തിൽ തീറ്റ (പാൽ, കുട്ടിത്തീറ്റ, ഇലകൾ, പുല്ല് മുതലായവ), വിരയിളക്കൽ, ബാഹ്യപരാദ നിയന്ത്രണം, പ്രതിരോധകുത്തിവയ്പ്പ് എന്നിവയിൽ ശ്രദ്ധിച്ചാൽ ഒരു വയസ്സെത്തുമ്പോൾ 15-20 കിലോഗ്രാം തൂക്കമെത്തുകയും, മദിലക്ഷണങ്ങൾ കാണിക്കുകയും ചെയ്യുന്നു.  ഒന്നര വയസ്സിനുള്ളിൽ ആദ്യപ്രസവും, പിന്നീടുള്ള ഓരോ ഈരണ്ട് വർഷങ്ങളിലും മൂന്ന് പ്രസവങ്ങൾ വീതവും നടന്നാൽ, ആടു വളർത്തൽ ലാഭകരമാക്കാം. അഞ്ചുമാസത്തെ ഗർഭകാലത്തിന് ശേഷം, ഓരോ പ്രസവും കഴിഞ്ഞ്, രണ്ട് മുതൽ മൂന്ന് മാസങ്ങൾക്കുള്ളിൽ വീണ്ടും ഇണ ചേർക്കാൻ സാധിച്ചാൽ മാത്രമേ മേൽപറഞ്ഞ മേന്മകൾ ലഭിക്കുകയുള്ളു. ഇത്തരം സ്വഭാവങ്ങൾ കാണിക്കാത്ത ആടുകളെ അതായത് പ്രത്യുൽപാദനത്തിന് ബുദ്ധിമുട്ട് കാണിക്കുന്നവയെ, പ്രജനനത്തിനായി നിലനിർത്താതെ, ഇറച്ചിക്കായി വിറ്റഴിക്കാം.



ഒരു പ്രസവത്തിൽ ഒന്നിലധികം ആട്ടിൻകുട്ടികളെ ലഭിക്കുന്നതും ലാഭം വർദ്ധിപ്പിക്കും. ഇതിന് അനുയോജ്യമായ ജനുസ്സാണ് കേരളത്തിന്റെ തനതായ മലബാറി ആടുകൾ. ഇങ്ങനെ ഒരു പ്രസവത്തിൽ കൂടുതൽ കുട്ടികളെ ലഭിക്കുമ്പോൾ (2, 3, 4 വരെ) ഓരോ കുഞ്ഞിന്റെയും ജനന ഭാരം, ഒരു പ്രസവത്തിലെ ഒറ്റക്കുട്ടിയെക്കാൾ കുറയുമെങ്കിലും, ആറുമാസം വളർച്ചയെത്തുമ്പോൾ ഇവ ഒറ്റക്കുട്ടികളുടെ അതേ ശരീരഭാരത്തിലേക്ക് എത്തുന്നതായി ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. അതിനാൽ മലബാറിയെ വളർത്തുന്ന കർഷകന് രണ്ടോ മൂന്നോ മടങ്ങ് ലാഭം പ്രതീക്ഷിക്കാം. കേരളത്തിലെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായ ശരീരപ്രകൃതി, മുന്തിയ തീറ്റപരിവർത്തനശേഷി, ഉയർന്ന രോഗപ്രതിരോധശേഷി, താപസഹിഷ്ണുത, ദിവസേന ശരാശരി 800 മി.ലി. പാലുൽപാദനം, കൂടാതെ ഒരു പ്രസവത്തിൽ രണ്ടോ അതിലധികമോ ആട്ടിൻകുട്ടികളും - മേൽപറഞ്ഞ കാരണങ്ങളാൽ മലബാറി തന്നെയാണ് കേരളത്തിന് ഏറ്റവും അനുയോജ്യമായ ആട് ജനുസ്സ്. പാലുൽപാദനവും, കുട്ടികളുടെ എണ്ണവും കുറവാണെങ്കിലും തനത് ജനുസ്സായ അട്ടപ്പാടി ബ്ലാക്കിന് രോഗപ്രതിരോധശേഷി താരതമ്യേന കൂടുതലാണ്.

***വളർച്ച*** - ഉയർന്ന ജനനഭാരമുള്ള (2 കിലോഗ്രാമിന് മുകളിൽ) ആട്ടിൻകുട്ടികൾക്ക് 3, 6, 12 മാസങ്ങളിലെ വളർച്ചകൂടി രേഖപ്പെടുത്തിയശേഷം, വളർച്ചാനിരക്ക് തിട്ടപ്പെടുത്താം. മെച്ചപ്പെട്ട വളർച്ചാനിരക്കുള്ളവയെയും, സാമാന്യം നല്ല ജനന ഭാരമുള്ള കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നവയെയും വേണം പ്രജനനത്തിനായി നിലനിർത്തുവാൻ. ഇവിടെയും, ദിവസേന 50-100 ഗ്രാം വരെ ശരീരഭാരം കൂടുന്നതായി (Average daily weight gain) പഠനങ്ങൾ സൂചിപ്പിക്കുന്ന മലബാറി ആടുകൾക്ക് മുൻതൂക്കം നൽകാം. ഓരോ പ്രദേശത്തേയും മണ്ണിന്റെ ഘടനയ്ക്കനുസൃതമായി, ധാതുക്കളുടെ ആഗിരണത്തിലും ഉപയോഗത്തിലും ജനുസ്സുകൾ തമ്മിൽ വ്യതിയാനം കണ്ടുവരുന്നതിനാൽ, തദ്ദേശജനുസ്സുകളാകും, ആ പ്രദേശത്തിനും കാലാവസ്ഥക്കും ഏറ്റവും അനുയോജ്യം.

### ആടുവളർത്തലിൽ രേഖകളുടെ പ്രാധാന്യം

ആടുകളുടെ രേഖകൾ സൂക്ഷിച്ച്, അവയിൽ മെച്ചപ്പെട്ടവയെ തിരഞ്ഞെടുത്ത് അടുത്ത തലമുറയെ ഉൽപാദിപ്പിച്ചാൽ ലാഭമുണ്ടാക്കാം. ഇങ്ങനെ രേഖകളുടെ അടിസ്ഥാനത്തിൽ നല്ല ആടുകളേയും അവയുടെ പരമ്പരകളേയും നിലനിർത്തുവാൻ സാധിക്കുന്നു. ഒന്നിൽകൂടുതൽ ആടുകളെ വളർത്തുന്ന സാഹചര്യത്തിൽ, ഒന്നിനെ മറ്റൊന്നിൽ നിന്ന് തിരിച്ചറിയേണ്ട ആവശ്യകതയുണ്ട്. ഇതിന് ചെവിയിൽ നമ്പറോടുകൂടിയ കമ്മൽ ഇടുക എന്നതാണ് പ്രയോഗികം. ചെമ്പിന്റെയോ, പ്ലാസ്റ്റിക്കിന്റെയോ കമ്മലുകൾ ലഭ്യമാണ്. ഇത്തരം തിരിച്ചറിയൽ മാർഗ്ഗങ്ങൾ അവലംബിച്ചാൽ മാത്രമേ ആടുകളുടെ കൃത്യമായ രേഖകൾ സൂക്ഷിച്ച്, പിന്നീട് അതിലെ കണക്കുകളെ മുൻനിർത്തി നല്ല ജനിതകമേന്മയുള്ളവയെ തിരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളു.

വീടുകളിൽ അഞ്ചിൽതാഴെ ആടുകളെ വളർത്തുന്നവർക്ക് ഒരു നോട്ട്ബുക്കിന്റെ വിവിധപേജുകളിൽ ഓരോ ആടിന്റെയും വിവരങ്ങൾ കുറിച്ച് വയ്ക്കാം. ജനനതിയ്യതി, വിരയിളക്കിയതിന്റെ/പ്രതിരോധകുത്തിവയ്പ് ചെയ്തതിന്റെ വിവരങ്ങൾ, മദി കാണിച്ചതിന്റെ തിയ്യതി, ഇണചേർത്തതിന്റെ/കൃത്രിമബീജസങ്കലനം ചെയ്തതിന്റെ വിവരങ്ങൾ, പ്രസവം, കുട്ടികൾ, അസുഖം - ഇങ്ങനെയുള്ള ദൈനംദിന വിശേഷങ്ങൾ അതാത് ആടിനായി മാറ്റിവച്ചിരിക്കുന്ന പേജുകളിൽ കുറിച്ച് വയ്ക്കുക.

ഇരുപത് ആടുകളിൽ കൂടുതലുള്ള ആട് ഫാമുകളാണെങ്കിൽ, പ്രത്യേകം രജിസ്റ്ററുകൾ (ശരീരഭാരം, തീറ്റ, ജനനം, മരണം/വിൽപന, ഇണചേർക്കൽ, പ്രസവം, പാലുൽപാദനം, വരവ്/ചിലവ് കണക്കുകൾ, ആരോഗ്യം - വിരയിളക്കൽ, പ്രതിരോധ കുത്തിവയ്പ്, അസുഖം - ചികിൽസ) സൂക്ഷിക്കാവുന്നതാണ്.

ഇത്തരത്തിൽ രേഖകൾ സൂക്ഷിച്ചാൽ ഫാമിന്റെ ഉൽപാദനശേഷി, വരവുചിലവു കണക്കുകൾ മുതലായവ കണക്കുകൂട്ടിയെടുക്കുവാൻ സാധിക്കും. ഇപ്രകാരം ആട്ടിൻ കുട്ടികളുടെ വളർച്ചാനിരക്ക്, ചെന പിടിക്കുന്നതിന്റെ തോത്, ശരാശരി ഒരു പ്രസവത്തിലെ കുട്ടികളുടെ എണ്ണം, ദൈനംദിന പാലുൽപാദനം ഇവയൊക്കെ അറിയുവാൻ സാധിക്കും.കൂടാതെ ഉൽപാദനക്ഷമത കുറഞ്ഞതുകൊണ്ടോ, രോഗം ബാധിച്ചിട്ടോ, വയസ്സായതുകൊണ്ടോ - ഒഴിവാക്കേണ്ടതായ മൃഗങ്ങൾ, ഫാമിൽ നിലനിൽക്കുന്ന അഥവാ രൂപപ്പെട്ടുവരുന്ന പ്രശ്നങ്ങൾ (വിരശല്യം, മറ്റസുഖങ്ങൾ, ചെന പിടിക്കാത്തവ, തീറ്റയുടെ നിലവാര തകർച്ച മുതലായവ) മനസ്സിലാക്കാനും, പറ്റുമെങ്കിൽ പരിഹരിക്കുവാനും, ഫാമിനെ ലാഭത്തിലേക്ക് നയിക്കുവാനും ഇത്തരം രേഖകൾ സഹായിക്കുന്നു.

ഇത്തരത്തിൽ ആടുവളർത്തലിന്റെ സാമ്പത്തിക സവിശേഷതകളെക്കുറിച്ച് അറിയുകയും, സാമ്പത്തിക മൂല്യമുള്ള സ്വഭാവങ്ങളിൽ ശ്രദ്ധ ചെലുത്തുകയും, കൃത്യമായ രേഖകളിലൂടെ ലാഭനഷ്ടകണക്കുകൾ മനസ്സിലാക്കി, അനുയോജ്യമായ തീരുമാനങ്ങൾ സമയാസമയങ്ങളിലെടുക്കുകയും ചെയ്താൽ ആടുവളർത്തൽ കൂടുതൽ ലാഭകരമാക്കാം.

# ഗോട്ട് കാർഡിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ

**ആടുകളുടെ ആരോഗ്യ കാർഡിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ**

കാർഡ് /ക്രമ നമ്പർ :
ആട് നമ്പർ :
ജനന തീയതി :
മുട്ടനാടിന്റെ വിവരങ്ങൾ :
തള്ളയാടിന്റെ വിവരങ്ങൾ :
വാങ്ങിയതാണെങ്കിൽ
എവിടെ നിന്ന് :
വാങ്ങുമ്പോളുള്ള പ്രായം :
വില :
തീയതി :

| പ്രതിരോധകുത്തിവയ്പ് ഏത് രോഗത്തിനെതിരെ | തീയതി | | |
|---|---|---|---|
| | 1 dose | II | III |

| വിരമരുന്ന് മരുന്നിന്റെ പേര് | തീയതി | | | |
|---|---|---|---|---|
| | 1 dose | II | III | IV |
| | | | | |

| ഭാരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ജനനഭാരം | 1 month | 2 | 3 | 4 | 5 | 6 | 1 year | 2 Y | 3Y |
| | | | | | | | | | |

| ചികിത്സ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | അസുഖം | തീയതി | ചികിൽസ | ഡോക്ടർ | ഒപ്പ് |
| | | | | | |

**പ്രജനന വിവരങ്ങൾ**

| പ്രസവം | മദി കാണിച്ച തിയതി | ചേർത്ത/AI തിയതി | പ്രസവിച്ച തിയതി | കുട്ടികളുടെ എണ്ണം | ആണ് പെണ് | | ജനന ഭാരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |

**പാൽ ഉൽപാദന വിവരങ്ങൾ**

| പ്രസവം | പ്രസവിച്ച തിയതി | ഏറ്റവും ഉയർന്ന പാലുൽപാദനം | ശരാശരി ഒരു ദിവസത്തെ പാൽ ml | എത്ര ദിവസം വരെ പാൽ ലഭിച്ചു | ഒരു മാസത്തെ പാൽ ഉൽപാദനം | പ്രസവം കഴിഞ്ഞ് മദി കാണിച്ച തിയതി |
|---|---|---|---|---|---|---|
| | | | | | | |



# അംഗപരിമിതികളെ അതിജീവിച്ച് ക്ഷീരവഴിയിൽ

**ഡോ. മുഹമ്മദ് ആസിഫ്. എം.**
M.V.Sc. സ്കോളർ, വെറ്ററിനറി കോളേജ് മണ്ണുത്തി, തൃശ്ശൂർ

അപ്രതീക്ഷിതമായി ജീവിതത്തിലേക്ക് കടന്നുവരുന്ന രോഗങ്ങൾ, അപകടങ്ങൾ, അംഗപരിമിതികൾ, ജന്മനാതന്നെയുള്ള ശാരീരിക മാനസിക വൈകല്യങ്ങൾ തുടങ്ങിയ പ്രതിസന്ധികളിലൊന്നും തളർന്നുപോവാതെ മനസ്സുറപ്പോടെയും ശുഭാപ്തിചിന്തയോടുംകൂടി ജീവിതപ്രതിസന്ധികളെ അതിജീവിച്ച, ചെറുപുഞ്ചിരിയോടെ വെല്ലുവിളികളെ നേരിട്ട മനുഷ്യരുടെ പ്രചോദിപ്പിക്കുന്ന നിരവധി കഥകൾ നമ്മൾ കേട്ടിട്ടുണ്ട്, കണ്ടറിഞ്ഞിട്ടുണ്ട്. പതറാതെ, തളർന്നുപോവാതെ ജീവിതവഴിയിൽ വെളിച്ചംതേടി നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് നടന്ന അവരുടെ അതിജീവനാനുഭവങ്ങൾ നിസ്സാരമായ പ്രശ്നങ്ങൾക്ക് മുന്നിൽപോലും പതറിപ്പോവുന്ന അനവധി മനുഷ്യർക്ക് പ്രചോദനവും പ്രതീക്ഷയുമാണ് എന്നത് തീർച്ച.

അതിജീവനത്തിന്റെ ഈ അനുഭവം പാലക്കാട് ജില്ലയിലെ വണ്ടിത്താവളത്തിനടുത്ത പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ എന്ന ഗ്രാമത്തിൽ നിന്നാണ്. ജന്മനാ തന്നെ ഇരുകൈകളുടെയും വളർച്ച മുരടിക്കുന്ന 'ഫോകോമീലിയ' എന്ന വൈകല്യം പിടികൂടിയ വട്ടച്ചിറയിലെ ശാന്തയെന്ന വീട്ടമ്മ അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ ലോകത്തിന് പരിചയപ്പെടുത്തുന്നത് അംഗപരിമിതികളെപ്പോലും തോൽപ്പിച്ച് പശുവളർത്തലിലും ക്ഷീരോല്പാദനത്തിലും ജൈവകൃഷിയിലും ഏർപ്പെട്ട് കൊണ്ടാണ്. ഇരുകൈകളുടെയും വളർച്ച പാതിവലുപ്പത്തിൽ നിലച്ചെങ്കിലും പതിനഞ്ചാം വയസ്സിൽ തുടങ്ങിയ ശാന്തയുടെ ക്ഷീരജീവിതത്തിന് ഇന്ന് തന്റെ നാൽപ്പത്തിയഞ്ചാം വയസ്സിൽ എത്തി നിൽക്കുമ്പോൾമൂന്ന് പതിറ്റാണ്ടിന്റെ തിളക്കമുണ്ട്, അദ്ധ്വാന മികവുണ്ട്. പരിമിതികളെ തോൽപ്പിച്ച ഈ ക്ഷീരമികവിനെ തേടി സരോജിനി ദാമോദരൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഇത്തവണത്തെ അക്ഷയശ്രീ പുരസ്ക്കാരങ്ങളിലൊന്ന് എത്തിയിരുന്നു.

## പരിമിതികളിൽ തളരാതെ ക്ഷീരവഴിയിൽ

പരിമിതികളോട് നിശ്ചയദാർഢ്യത്തോടെ പടവെട്ടിയാണ് ശാന്ത പത്താംതരം പൂർത്തിയാക്കിയത്. തുടർന്ന് പഠിക്കാനുള്ള സാഹചര്യങ്ങൾ ഒന്നും തന്നെ അനുകൂലവുമല്ല. കൂലിപ്പണിക്കാരനായ അച്ഛൻ ആറുവിന് മകളെ ദൂരെയുള്ള സ്കൂളിൽ എത്തിച്ച് പ്രീഡിഗ്രി പഠിപ്പിക്കാനുള്ള നിർവ്വാഹവുമില്ല. അങ്ങനെ ശാന്ത തന്നെയാണ് തന്റെയൊരു സ്വപ്നം. വീട്ടിൽ പങ്കുവെയ്ക്കുന്നത്. "തനിക്ക് പശുക്കളെ വളർത്തിയാൽ കൊള്ളാമെന്നുണ്ട്"- ഇതായിരുന്നു ആ പതിനഞ്ചുകാരിയുടെ മോഹം. ഇരു കൈകൾക്കും വളർച്ച കുറവുള്ള മകൾ എങ്ങനെ പശുവിനെ പോറ്റിവളർത്തും എന്നോർത്തപ്പോൾ അച്ഛനും അമ്മക്കും അത്ഭുതം തോന്നിയെങ്കിലും, മുൻപ് വീട്ടിൽ പശുക്കളെയും പോത്തുകളെയുമെല്ലാം പോറ്റിവളർത്തിയിരുന്ന അച്ഛൻ ആറുവും അമ്മ പാറുവും മകളുടെ ആഗ്രഹത്തിന് തടസ്സം നിന്നില്ല. തന്റെ അദ്ധ്വാനത്തിൽ നിന്ന് സ്വരുക്കൂട്ടിയ പണവും സഹകരണസംഘത്തിൽ നിന്നെടുത്ത ചെറിയ ലോൺ തുകയും ചേർത്ത് നല്ല രണ്ട് പശുക്കളെ വാങ്ങി മകൾക്കായി വീട്ടിലെത്തിച്ചു അങ്ങനെ അച്ഛന്റെയും അമ്മയുടെയും സഹോദരങ്ങളുടെയുമെല്ലാം പിന്തുണയോടെ ശാന്തയും ഒരു ക്ഷീരകർഷകയാവാനുള്ള ശ്രമത്തിന് തുടക്കമിട്ടു.

ഇരുകൈകളുടെയും വളർച്ച പരിമിതമായതിനാൽ പശുക്കളെ മേയ്ക്കാനും, കുളിപ്പിക്കാനും, കറക്കാനും തുടങ്ങി എന്തിനും ഏതിനും അവൾക്ക് സഹായം വേണ്ടിയിരുന്നു. കുടുംബാംഗങ്ങൾ ശാന്തയുടെ ക്ഷീരസംരംഭത്തിന് താങ്ങായി എല്ലാ കാര്യങ്ങൾക്കും ഒപ്പം നിന്നു. പതിയെ പതിയെ പശുപരിപാലനത്തിന്റെ ചുമതലകളോരോന്നും അവൾ തന്റെ കുഞ്ഞുകൈകളിലേക്ക് ഏറ്റെടുത്തു. പൂർണ്ണ വളർച്ചയെത്താത്ത കൈപ്പത്തിയുടേയും കൈമുട്ടിന്റേയും ഇടയിൽ കയറു ചുറ്റിപ്പിടിച്ച് പശുക്കളെ തൊഴുത്തിൽ നിന്നിറക്കി മേയ്ച്ചു, പാതി വളർന്ന ഇരുകൈകളും കൂട്ടിപ്പിടിച്ച് അരുമ പശുക്കൾക്ക് പുല്ലും, വൈക്കോലും വാരിയിട്ട് നൽകി, അങ്ങനെ അങ്ങനെ തന്റെ ചെറിയ ക്ഷീരസംരംഭത്തിലെ ജോലികൾ ഓരോന്നും അവൾക്കും വഴങ്ങി തുടങ്ങി. ക്രമേണ പശു വളർത്തൽ തന്റെ പരിമിതമായ കരങ്ങൾ കൊണ്ടും സാധിക്കും എന്ന് തിരിച്ചറിഞ്ഞതോടെ ശാന്തക്ക് ആത്മവിശ്വാസമായി. ക്രമേണ തൊഴുത്തിൽ പശുക്കളുടെ എണ്ണവും ഉയർന്നു.



## ക്ഷീരവഴിയിൽ ഇച്ഛാശക്തിയുടെ തെളിച്ചം

ഇരുപത് വർഷങ്ങൾക്ക് മുമ്പ് എട്ടോളം പശുക്കൾ ശാന്തയ്ക്കുണ്ടായിരുന്നു. കൂടുതൽ പശുക്കളെ വളർത്താൻ തനിക്ക് ആഗ്രഹമുണ്ടെങ്കിലും പശുക്കളെ വളർത്താനും, തൊഴുത്തൊരുക്കാനും സ്ഥലമില്ല എന്നതാണ് ശാന്തയുടെ പരിഭവം. വീട് നിൽക്കുന്ന ആകെ ഏഴര സെന്റ് പുരയിടത്തിൽ തന്നെയാണ് തൊഴുത്തും. വീട് പുതുക്കി പണിതതോടെ പുരയിടത്തിൽ ബാക്കി വന്ന സ്ഥലം കുറഞ്ഞതോടെയാണ് മുൻപുണ്ടായിരുന്ന കുറെയെണ്ണം പശുക്കളെയെല്ലാം കയ്യൊഴിഞ്ഞ് എണ്ണം കുറച്ചതെന്ന് ശാന്ത പറയുന്നു. ഇപ്പോൾ കറവയിലുള്ള ഒരു ജഴ്സി പശുവും അവളുടെ കിടാവും എട്ടര മാസം ചെനയുള്ള ഒരു ഹോൾസ്റ്റീൻ ഫ്രീഷ്യൻ പശുവും ശാന്തയുടെ തൊഴുത്തിലുണ്ട്. ഇന്ന് ദിവസവും പതിനഞ്ച് ലിറ്ററോളം പാൽ പട്ടഞ്ചേരിയിലെ ഗ്രാമീണ ക്ഷീരസഹകരണസംഘത്തിൽ ശാന്തയെത്തിച്ച് നൽകുന്നുണ്ട്. വിവാഹം കഴിച്ചിട്ടില്ലെങ്കിലും ശാന്തയുടെ ക്ഷീരവഴികളിൽ കൂട്ടായ് അമ്മ പാറുവും സഹോദരൻ വേലച്ചാമിയും അദ്ദേഹത്തിന്റെ ഭാര്യയും കൂട്ടിനുണ്ട്.

കൈമുട്ടോളം മാത്രം വളർച്ചയെത്തിയ കുഞ്ഞു കരങ്ങളിൽ കയറിന്റെയൊരറ്റവും ഏന്തി തന്റെ പൈക്കളെ മേയ്ക്കാൻ പാടവും പറമ്പും കയറിയിറങ്ങുന്ന ശാന്തയെ കാണുമ്പോൾ പട്ടഞ്ചേരിക്കാർക്ക് ഇന്നും വിസ്മയം വിട്ടുമാറിയിട്ടില്ല. ഇന്ന് പശുക്കളെ കറക്കാനും കുളിപ്പിക്കാനും മാത്രമാണ് ശാന്തക്ക് ഒരു കൈസഹായം വേണ്ടത്. സഹോദരൻ വേലച്ചാമിയും ഭാര്യയും ഇതിനായ് ശാന്തയെ സഹായിക്കും.ഇതൊഴിച്ച് തന്നെക്കൊണ്ടാവുന്ന കാര്യങ്ങളെല്ലാം തനിയെ ചെയ്യണമെന്ന് ശാന്തയ്ക്ക് നിർബന്ധമാണ്. രാവിലെയും വൈകീട്ടും കറന്നെടുക്കുന്ന പാൽ പാത്രങ്ങളിലാക്കി ശാന്തയെ ഏൽപ്പിക്കും. എട്ടു

പത്തു ലിറ്റർ പാൽ നിറച്ച പാത്രങ്ങൾ പാതി വളർന്ന കൈത്തണ്ടക്കും കൈമുട്ടിനുമിടയിൽ താങ്ങി പാലളക്കാൻ പട്ടഞ്ചേരിയിലെ ഗ്രാമീണ ക്ഷീരസഹകരണ സംഘത്തിലേക്ക് നടന്നു പോവുന്ന ശാന്തയുടെ ജീവിതം നാട്ടുകാർക്ക് അത്ഭുതവും ആശ്ചര്യവുമാണ്. 'എങ്ങനെയാണ് ഈ വളർച്ച മുറ്റാത്ത കൈകളിൽ ഇവളിത്ര ഭാരം താങ്ങുന്നതെന്ന്' അവരിപ്പോഴും ആശ്ചര്യത്തോടെ പറയും.

അഞ്ചോ പത്തോ ലിറ്റർ പാൽ ഇരു കൈകൾക്കൊണ്ടും മാറി മാറി പിടിച്ച് സൊസൈറ്റിയിലെത്തിച്ച് തിരികെ വീട്ടിലെത്തിയാൽ നമ്മളിൽ പലർക്കും കൈവേദനയാണ്. കുഞ്ഞുകൈത്തണ്ടയിൽ ഇത്രയും അളവ് പാലും തൂക്കി വീട്ടിൽ നിന്ന് ഒന്നര കിലോമീറ്റർ അകലെയുള്ള സൊസൈറ്റിയിലെത്തിക്കുമ്പോൾ കയ്യും തോളും വേദനിക്കില്ലേ എന്ന് ചോദിച്ച് പരിഭവിക്കുന്നവരോട് ശാന്ത മറുപടി ശാന്തമായ ഒരു പുഞ്ചിരിയിൽ ഒതുക്കും, അതേ ആത്മവിശ്വാസത്തിന്റെയും, അതിജീവനമന്ത്രത്തിന്റെയും ഇച്ഛാശക്തിയുടെയും ഒരു ചിരിയിൽ.

ക്ഷീരകർഷക മാത്രമല്ല, മികച്ച ഒരു ക്ഷീര സംഘം ഭാരവാഹി കൂടിയാണ് ശാന്ത. പട്ടഞ്ചേരി ഗ്രാമീണ ക്ഷീരോല്പാദന സഹകരണസംഘത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഒൻപത് ഡയറക്ടർമാരിൽ ഒരാൾ കൂടിയാണ് മനക്കരുത്ത്കൊണ്ട് വിധിയെ തോൽപ്പിച്ച ഈ വനിത. ക്ഷീരസഹകരണസംഘം ഡയറക്ടർ പദവിയിൽ ഇപ്പോൾ നാല് വർഷം പിന്നിടുമ്പോൾ ക്ഷീരസംഘം അംഗങ്ങൾക്കെല്ലാം ശാന്തയുടെ പ്രവർത്തനമികവിലും മിടുക്കിലും മതിപ്പേറെ,

## ജീവിതവഴിയിൽ താങ്ങും തണലുമായത് ക്ഷീരസംരംഭം

പുരയിടത്തിൽ സ്ഥലം പരിമിതമാണെങ്കിലും ക്ഷീരസംരംഭത്തോടൊപ്പം ചെറിയ ഒരു ജൈവപച്ചക്കറികൃഷിത്തോട്ടവും ശാന്തയ്ക്കുണ്ട്. പശുക്കൾക്ക് കൂട്ടായ് നാടൻ കോഴികളുടെ ഒരു നല്ല ശേഖരവും ശാന്തയുടെ പുരയിടത്തിലുണ്ട്. ഈ പ്രചോദനപരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 'കൊല്ലങ്കോട് ശ്രീ ഗ്രാമീണ വികസന സംഘത്തിന്റെ' ഏറ്റവും മികച്ച പ്രവർത്തകർക്കും സംരംഭകക്കുമുള്ള പുരസ്ക്കാരവും ശാന്തയ്ക്ക് ലഭിച്ചിട്ടുണ്ട്.

പശുവളർത്തൽ നഷ്ടമാണെന്നും പരാജയമാണെന്നും പറഞ്ഞ് പിന്തിരിഞ്ഞ് പോവുന്നവർ



ഏറെയുണ്ട് നമ്മുടെ നാട്ടിൽ.എന്നാൽ പശുവളർത്തലും ക്ഷീരോല്പാദനവും ലാഭകരമായ ഒരു സംരംഭമാണെന്ന് ശാന്തനൂറുവട്ടം ഉറപ്പിച്ച് പറയും. പശു വളർത്തൽ കാരണമാണ് തനിക്ക് തന്റെ ജീവിതത്തെ തിരിച്ച് പിടിക്കാനായതെന്ന് ശാന്ത സംതൃപ്തിയോടെ പറയുന്നു. ക്ഷീരോല്പാദനം തനിക്ക് ഒരു ജീവിതവരുമാനമൊരുക്കിയതിനൊപ്പം, തന്നെ സംരക്ഷിക്കുന്ന തന്റെ സഹോദരനും കുടംബത്തിനും തന്നലാവുംവിധം ഒരു കൈത്താങ്ങാവാനും തുണച്ചുവെന്ന് പറയുമ്പോൾ ശാന്തയുടെ മുഖത്ത് ആത്മവിശ്വാസത്തിന്റെ തിളക്കമേറെ. പരിമിതികൾ ഏറെയുള്ള തനിക്ക് പോലും ചെറിയ ക്ഷീരസംരംഭമൊരുക്കി ജീവിതം തിരിച്ചുപിടിക്കാൻ സാധ്യമായെങ്കിൽ ആർക്കാണ് ക്ഷീരമേഖലയിൽ വിജയം നേടാൻ കഴിയാത്തതെന്ന ശാന്തയുടെ ചോദ്യം തീർച്ചയായും ക്ഷീരസംരംഭകർക്കൊരു പ്രചോദനവും, പ്രതീക്ഷയുമാണ്.

എട്ടരമാസം ചെനയിൽ എത്തിനിൽക്കുന്ന തന്റെ എച്ച്.എഫ് പശുവിന്റെ രണ്ടാമത്തെ പ്രസവത്തിനായ് കാത്തിരിക്കുകയാണ് ശാന്തയിപ്പോൾ.ഒപ്പം മഴക്കാലമെത്തും മുൻപേ തൊഴുത്തൊന്നു പുതുക്കി പണിത് ഓടുമാറ്റിയിടണം, അങ്ങനെ പദ്ധതികൾ പലതും ശാന്തയുടെ മനസ്സിലുണ്ട്. രണ്ടു പശുക്കളും കറവയിലെത്തുന്നതോടെ ജോലിഭാരം അൽപമൊന്ന് കൂടുമെങ്കിലും ശാന്തയ്ക്ക് ആഹ്ലാദമേറെ. അതേ, ശാന്തയുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ഇന്ന് ധവളശോഭയാണ്, മുന്നോട്ടുള്ള വഴികളിൽ പാൽ വെളിച്ചമാണ്.

ശാന്തയുടെ വിലാസം
ശാന്ത എ.
വട്ടച്ചിറ, പട്ടഞ്ചേരി (പോസ്റ്റ്)
പാലക്കാട് - 678532
ഫോൺ- 9947094811

# നായയൊരു സുന്ദര ജനിതകശില്പം



There was never a king like Soloman
Not since the world began
Yet Soloman talked to a butterfly
As a man would to a man
- Rudyard Kipling

**ഡോ. സാബിൻ ജോർജ്ജ്**
അസിസ്റ്റന്റ് പ്രൊഫസർ വെറ്ററിനറി കോളേജ്,
പൂക്കോട്, ഫോൺ: 9446203839

ജ്ഞാനത്തിന്റെ പൂർണ്ണതയിൽ മനുഷ്യരോടെന്നപോലെ ചിത്രശലഭങ്ങളോടും സംസാരിച്ചുതുടങ്ങിയ സോളമൻ രാജാവിനെ ഓർമിപ്പിച്ചുകൊണ്ടാണ് കഥാകൃത്ത് ഉണ്ണി ആർ. വിവരണം തുടങ്ങിയത്, മൂന്നുപേരുണ്ടായിരുന്ന ഒരു യാത്രയേക്കുറിച്ച്. മൂന്നു പേരിലൊരാൾ സാഹിത്യകാരൻ സക്കറിയ. വഴിയിൽ കണ്ടുമുട്ടുന്ന നായയെ കണ്ട് ഭയചകിതരായി വഴി മാറുന്ന രണ്ടുപേർ. എന്നാൽ സക്കറിയ ചിരിച്ചുകൊണ്ട് അടുത്തേക്ക് ചെല്ലുന്നു. എന്തൊക്കെയോ സംസാരിക്കുന്നു. നാലു കാലിലുള്ള ഗൗരവം അഴിഞ്ഞുപോകുന്നു. സക്കറിയ അതിനെ ചേർത്തുപിടിക്കുന്നു. ഉമ്മവെയ്ക്കുന്നു. 'അവർ തമ്മിൽ ആദ്യമായി കാണുകയായിരുന്നു. പക്ഷേ അവർക്കന്യോന്യം അറിയാമായിരുന്നു'.

ഒന്നിച്ചു ജീവിക്കാനായി മനുഷ്യനും നായയും പരിണമിച്ചതുപോലെയുള്ള അത്ഭുത ചരിത്രം ജീവജാലചിത്രത്തിലില്ല. നായയെന്നാൽ കേവലമൊരു വളർത്തുമൃഗമല്ല. മനുഷ്യനും പ്രകൃതിയും കൈകോർത്ത് മെനഞ്ഞെടുത്ത സുന്ദരമായ ഒരു ജനിതക ശിൽപമാണ്. കൽപ്പറ്റ നാരായണന്റെ കവിതയിൽ പറയുന്നതുപോലെ, 'ജീവിതസമയം മുഴുവൻ ജോലിസമയമായ, ആദ്യത്തെ വിശ്വസ്തനായ അടിമ. വഴിയിൽ ഉറ്റവരൊരുത്തരായി വീണപ്പോഴും ധർമ്മപുത്രനെ പിന്തുടർന്നവൻ. ഇവൻ നായ എന്ന് പകുതിയിൽ വച്ച് വിളി നിർത്തേണ്ടവനല്ല, ഇവൻ നായകനാണ്.'



ചെന്നായയിൽ നിന്നും നായയിലേക്കുള്ള പരിണാമ ചരിത്രം മനുഷ്യൻ ആദ്യമായി നടത്തിയ ജനിതക മാറ്റ (Genetic modification) പ്രക്രിയ കൂടിയാണ്. മനുഷ്യനൊപ്പം കുടാൻ ചരിത്രപരമായ തീരുമാനം കുറിച്ച ഒരുപറ്റം ചെന്നായ്ക്കളും പ്രകൃതിയും ഇതിനു സഹായമായി ഒപ്പം നിന്നു. മനുഷ്യനൊപ്പം ചേരാൻ സ്വയം സമ്മതിച്ച നായ്ക്കളെ നമുക്ക് വേണ്ട ഗുണങ്ങൾ ചേർത്തുവച്ചൊരു ശിൽപമാക്കി നാം മാറ്റിയെടുത്തു. വ്യത്യസ്തമായ രണ്ടു ജീവിയിനങ്ങൾ തമ്മിലുള്ള സംവേദനം (Interspecies communication) സാധ്യമായതിന്റെ അപൂർവങ്ങളിൽ അപൂർവമായ ഉദാഹരണമാണ് മനുഷ്യൻ-നായ ബന്ധം. നായ പരിണമിച്ചത് മനുഷ്യനൊപ്പമുള്ള ജീവിതം നയിക്കുന്നതിനായതിനാൽ അവയെ തെരുവിലേക്ക് ഇറക്കിവിട്ടാൽ കാടിനും നാടിനുമിടയിലൊരു ജീവിതം അവർക്ക് എളുപ്പമാവില്ല. സൃഷ്ടാവായ മനുഷ്യന്റെ ഉത്തരവാദിത്വമുള്ള ഉടമസ്ഥതയാണ് (Responsible ownership), നായ നമ്മോടാവശ്യപ്പെടുന്ന ചരിത്രദൗത്യം.

ചെന്നായയുടെ നായയിലേക്കുള്ള പരിണാമത്തിന്റെ ശാസ്ത്രരഹസ്യങ്ങൾ പുറത്തുവന്ന ദശാബ്ദമാണ് കടന്നുപോകുന്നത്. മനുഷ്യനൊപ്പം ജീവിക്കുന്നതിന്റെ ഭാഗമായി തലയോട്ടിയുടെയും തലച്ചോറിന്റെയും പല്ലുകളുടെയും ആകൃതിയിലും വലിപ്പത്തിലും വന്ന മാറ്റങ്ങൾ നാം മുൻപേ മനസ്സിലാക്കിയിരുന്നു. ചെന്നായയുടെ സഹജമായ ആക്രമണ സ്വഭാവത്തിൽ മാറ്റമുണ്ടായതിനൊപ്പം പുത്തൻ സാമൂഹികബോധജ്ഞാനവും (Social cognition) നായ്ക്കൾ നേടിയെടുത്തിട്ടുണ്ട്. ചെന്നായ വളർത്തുനായയായ പരിണാമവഴിയിൽ ഏറ്റവും സുപ്രധാനഘട്ടം ഏതാണ്? മനുഷ്യനൊത്തുള്ള ജീവിതവുമായി അനുരൂപപ്പെടുവാൻ അവരിൽ സംഭവിച്ച നിർണ്ണായകമായ മാറ്റമെന്താണ്? ബാഹ്യപ്രകൃതിയിലും സ്വഭാവപ്രത്യേകതകളിലും വന്നതായി നാം കാണുന്ന മാറ്റങ്ങളേക്കാൾ

പ്രധാനമായ ആ ജനിതകമാറ്റം ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. അന്നജസംപുഷ്ടമായ (starch rich) ആഹാരം ദഹിപ്പിക്കാൻ സഹായിക്കുന്ന എൻസൈമുകൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നവിധം നായയുടെ ജനിതകത്തിലെ മൂന്നു ജീനു കളിലുണ്ടായ നിർദ്ധാരണവും, ഉണർവുമാണ് ആ മാറ്റം. അന്നജത്തെ ദഹിപ്പിക്കുന്ന അമൈലേസ് (Amylase) എൻസൈമിന്റെ അളവ് ചെന്നായയുടേതിനേക്കാൾ 28 മടങ്ങായി ഉയർത്തപ്പെട്ടില്ലായിരുന്നെങ്കിൽ മനുഷ്യനൊപ്പമുള്ള നായയുടെ സഹവാസം അകാലചരമമടയുമായിരുന്നു. വേട്ടയാടി മാംസഭക്ഷണവുമായി കഴിഞ്ഞിരുന്നവർ പരിഷ്ക്കാരികളായി ധാന്യങ്ങളും മറ്റും വിളയിക്കുന്ന കൃഷിക്കാരായി മാറിത്തുടങ്ങിയിരുന്നുവല്ലോ.

'ഞങ്ങളെ ഇണക്കിയെടുത്തു കൊള്ളുക' എന്ന ആവശ്യവുമായി മനുഷ്യനെ സമീപിച്ചവയാണ് നായ്ക്കൾ. മനുഷ്യന്റെ അടുത്തേക്ക് വരാൻ ഭയം കുറവു കാണിച്ച ചെന്നായ്ക്കൂട്ടത്തിലെ അംഗങ്ങളാണ് മനുഷ്യന്റെ ആദ്യ മൃഗസ്നേഹിതർ. രണ്ടുപേരും കൂട്ടമായി സഹവർത്തിച്ച് വേട്ടയാടുന്ന സാമൂഹ്യജീവികളായിരുന്നതിനാൽ നല്ല ചേർച്ചയുമായിരുന്നു. പേടി കുറഞ്ഞ ചെന്നായ്ക്കൾ നിരന്തരമായ പ്രജനനത്തിനു വിധേയരായപ്പോൾ പേടിയുണ്ടാക്കുന്ന തലച്ചോർ കേന്ദ്രങ്ങളും സ്വാഭാവികമായി മാറിത്തുടങ്ങി. മാറിയ തലച്ചോറും രൂപവും ഭാവവും മാറിയ ശരീരവും തലയും കൈകാലുകളുമായി പുത്തനൊരു ജീവിയായി നായ പരിണമിക്കുകയായിരുന്നു. ഒപ്പം മനുഷ്യന്റെ ചിന്തയും പെരുമാറ്റവും എങ്ങനെയെന്ന് മനസ്സിലാക്കാനുള്ള, മറ്റൊരു ജീവിയും സ്വായത്തമാക്കാത്ത കഴിവും നായകൾ നേടിയെടുത്തു.

തീ കണ്ടുപിടിച്ചതുപോലെയൊരു വിപ്ലവകരമായ മാറ്റം നേടിയെടുത്ത നിയാൻഡർത്താൽ മനുഷ്യൻ പരാജയപ്പെട്ട, ഭൂമിയിലെ അതിജീവനസമരത്തിൽ ഹോമോ സാപ്പിയൻസ് വിജയക്കൊടി പാറിച്ചതിന്റെ പ്രധാന കാരണം, നായ്ക്കളെ ഇണക്കി വളർത്താൻ സാധിച്ചതിലുള്ള മിടുക്കായി പല നരവംശ ശാസ്ത്രജ്ഞരും ചൂണ്ടിക്കാട്ടുന്നു. ഇരയുമായി നേരിട്ട് ഏറ്റുമുട്ടേണ്ടിവന്നിരുന്ന നിയാൻഡർത്താൽ സുരക്ഷിതനല്ലായിരുന്നു. എന്നാൽ സാപിയാൻസിനാകട്ടെ മുന്നിൽ പരിചയായി തന്റെ നായയുണ്ടായിരുന്നു. പൂർവമനുഷ്യരെ ഭൂമുഖത്തു നിന്ന് തുടച്ചെറിഞ്ഞ കാലാവസ്ഥാ മാറ്റത്തെപോലും അതിജീവിക്കാൻ സാപിയൻസിനെ സഹായിച്ചത് നായ്ക്കളായിരുന്നു. ഈ സഹായസഹകരണങ്ങൾക്കിടയിൽ വലിയൊരു ത്യാഗം അല്ലെങ്കിൽ നഷ്ടം നായ്ക്കൾ സഹിക്കുകയും ചെയ്തുവെന്നു കാണാം. സ്വയം ഇരതേടാനുള്ള നൈസർഗിക കഴിവുകൾ പലതും ക്രമേണ നഷ്ടമായി. കാരണം പൂർണ്ണമായും മനുഷ്യനെ ആശ്രയിച്ചുള്ള ജീവിത പരിണാമത്തിലായിരുന്നല്ലോ അവർ. ഇന്ന് നായ്ക്കളെ നാം തെരുവിലേക്ക് ഇറക്കിവിടുമ്പോൾ ആ പഴയ ത്യാഗം അവരെ നിരായുധരാക്കുന്നു.

മനുഷ്യനോടുള്ള ഭയവും ആക്രമണ സ്വഭാവവും തലച്ചോറിൽ നിന്നു തുടച്ചുനീക്കാനുള്ള പ്രജനനത്തിന് വിധേയനായതോടെ നായ്ക്കൾ ചെന്നായ്ക്കളുടേതിന് വിഭിന്നമായ ചലനങ്ങൾ സ്വായത്തമാക്കി. ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാൻ കഴിയുന്ന ബോധജ്ഞാനത്തിന്റെ മാറ്റങ്ങൾ തലച്ചോറിലുണ്ടായി. വീട്ടിൽ ശാന്തനും നാട്ടിൽ ശൂരനുമാകാൻ അവൻ പഠിച്ചു. അതായത് മനുഷ്യന്റെ തലച്ചോറിന് ചേരുന്ന വിധത്തിലുള്ള ബൗദ്ധിക വികാസം ഒരു പരിധിവരെ സാധ്യമാക്കി. ഓർമ്മകൾ നിലനിർത്താൻ കഴിയുന്നവിധമുള്ള മാറ്റങ്ങളും തലച്ചോറിൽ രൂപപ്പെട്ടു. മനുഷ്യന്റെ ഭയവും സന്തോഷവും മാത്രമല്ല ശരീരത്തിൽ രൂപപ്പെടുന്ന അർബുദ കോശങ്ങളെ വരെ മണത്തറിയാനുള്ള കഴിവ് നായ്ക്കൾ നേടിയെടുത്തതായി ഗവേഷണങ്ങൾ പറയുന്നു.

എന്നും എപ്പോഴും മനുഷ്യനെ സ്നേഹിക്കാൻ കഴിയുന്ന വിധത്തിൽ സെറടോണിൻ, ഡോപ്പമിൻ തുടങ്ങിയ ന്യൂറോട്രാൻസ്മിറ്റുകളുടെ സ്വീകരണികളിലുണ്ടായ വ്യത്യാസവും നായയുടെ പരിണാമത്തിൽ ഏറെ പ്രധാനമായിരുന്നു. മനുഷ്യനോട് ചേർന്നു ജീവിക്കാൻ മാത്രമായി 53 ഓളം ജീനുകൾ പുതുതായി ഉണരുകയോ നവീകരിക്കപ്പെടുകയോ ചെയ്തതായി പഠനങ്ങൾ പറയുന്നു. ജീനുകളിൽ വന്ന മാറ്റം അവരുടെ ലൈംഗിക ജീവിതത്തിൽ മാറ്റം വരുത്തിയപ്പോൾ ആണ്ടിലൊരിക്കലുണ്ടായിരുന്ന പ്രത്യുത്പാദന സമയം രണ്ടുമൂന്നുമൊക്കെയായി മാറിയിരുന്നു.

മനുഷ്യനെയും നായയേയും ചിരകാല സുഹൃത്തുക്കളാക്കി മാറ്റിയത് എന്താണ് എന്നതിനും ശാസ്ത്രജ്ഞർക്ക് ഇന്ന് ഉത്തരമുണ്ട്. നായയും മനുഷ്യനും കണ്ണിൽ കണ്ണിൽ നോക്കിയിരിക്കുമ്പോൾ ഇരുവരുടെയും ശരീരത്തിലുണ്ടാകുന്ന ഓക്സിടോസിൻ ഹോർമോണിന്റെ കൂടിയ ഉത്പാദനമാണ് അരുമ ഉടമ ബന്ധത്തിലെ കാതൽ സ്പർശം. ഓക്സിടോസിൻ വഴി ഡോപമിന്റെയും എൻഡോർഫിന്റെയും ശരീരത്തിലെ അളവ് ഉയരുന്നതോടെ മനസ് ആനന്ദത്തിലേക്കും ശാന്തതയിലേക്കും വഴി മാറും. അമ്മയും കുഞ്ഞും, കാമുകനും കാമുകിയും കണ്ണിൽ കണ്ണിൽ നോക്കിയിരിക്കുമ്പോൾ സംഭവിക്കുന്ന അതേ രാസമാറ്റങ്ങൾ നടക്കുന്നവിധം മനുഷ്യന്റെയും നായയുടെയും നാഡീവ്യവസ്ഥകളിൽ പരിണാമമുണ്ടായതായി ഗവേഷണങ്ങൾ പറയുന്നു. ഒന്നിച്ചുള്ള ജീവിതം അനശ്വരമാക്കുന്നതിനുള്ള പ്രകൃതിയുടെ തന്ത്രം.

2016 സെപ്റ്റംബർ മാസത്തിലെ സയൻസ് മാഗസിനിൽ പ്രസിദ്ധീകരിച്ച ഒരു ഗവേഷണ പ്രബന്ധം നായ്ക്കളെക്കുറിച്ച് അന്നുവരെയുണ്ടായിരുന്ന എല്ലാ വിശ്വാസങ്ങളെയും തകർത്തെറിഞ്ഞു. മനുഷ്യൻ പറയുന്നതെന്തെന്ന് മനസ്സിലാക്കാൻ ശേഷിയുള്ളവരത്രേ ഇന്നത്തെ നായ്ക്കൾ. വാക്കുകളുടെ അർത്ഥമല്ല, അവയുടെ ധ്വനിയാണ് ജീവികൾ മനസിലാക്കുന്നതെന്ന പഴയ ചിന്ത അങ്ങനെ മാറ്റിമറിക്കപ്പെട്ടു. വാക്കിന്റെ തനതായ അർത്ഥവും സ്വരഭേദത്തോടെയുള്ള അർത്ഥവും മനസ്സിലാക്കാൻ നായ്ക്കൾക്ക് കഴിയുമെന്ന് ഈ പഠനം പറയുന്നു. മർത്യഭാഷ കേട്ട് അന്തംവിട്ടിരിക്കുന്നവനല്ല നായ, പ്രത്യുത വാക്കുകൾ സ്വീകരിക്കാനും വിശകലനം ചെയ്യാനും അങ്ങനെ മനുഷ്യനൊപ്പമുള്ള ജീവിതം കൂടുതൽ എളുപ്പമാക്കാനും വേണ്ടി തലച്ചോറിനെ മാറ്റിയെടുത്തവനാണ്.

നായയുടെയും മനുഷ്യന്റെയും പരസ്പരം ചേർന്നു പോകുന്ന പരിണാമ ചരിത്രം (Convergent evolution) നമുക്ക് നൽകുന്ന പാഠമെന്താണ്? മനുഷ്യനുവേണ്ടി മനുഷ്യനൊപ്പമായിരിക്കാൻ പുതിയൊരു സൃഷ്ടിയായവയാണ് നായ്ക്കൾ. നായയുടെ ചങ്ങാത്തത്തിനായി പരിണാമം നമുക്കും ഉണ്ടായിട്ടുണ്ട്. അവരുടെ ജീവിതം തെരുവുകളിലാക്കി മാറ്റുന്നതിന്റെയും തെരുവിലെ അവരുടെ നിസ്സഹായതയിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങളുടെയും ഉത്തരവാദിത്വത്തിൽ നിന്ന് നമുക്ക് കൈകഴുകി മാറിനിൽക്കാനാവില്ല. കാരണം നായയെന്ന നിത്യസുന്ദര സൗഹൃദശിൽപ്പത്തിന് മനുഷ്യനൊപ്പം ജീവിക്കാനാണ് തലവര. സുഗതകുമാരി എഴുതിയതുപോലെ, ***"ആത്മമിത്രത്തെ കൊടും ശത്രുവാക്കി മാറ്റാതെ" ഉത്തരവാദിത്വമുള്ള സ്രഷ്ടാവാകുക.*** കാരണം നായകൾക്ക് ഇനിയൊരു മടക്കയാത്ര അസാധ്യമാണ്.

## ഉടമകളാകാം, കടമകൾ പാലിക്കാം

*ഒരുമിച്ചു ജീവിക്കാൻ നായയെ കൂടെക്കൂട്ടുമ്പോൾ, ഉടമ അരുമയോട് പാലിക്കേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ് ?*

- കുട്ടിക്കൊരു കൂട്ട്, വീട്ട് കാവൽ, സ്നേഹിക്കാനൊരു ചങ്ങാതി, നായയെ വളർത്തുന്നതിനുള്ള കാരണം എന്തുമാകട്ടെ, വേണ്ടത്ര ആലോചനക്ക് ശേഷം, കുടുംബത്തിന്റെ കൂട്ടായ സമ്മത പ്രകാരം മാത്രമേ നായയെ വളർത്താനുള്ള തീരുമാനം കൈകൊള്ളാവൂ. അതിനുശേഷം നമ്മുടെ ആവശ്യത്തിന് ഉതകുന്ന ഇനവും തരവും തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.

**സ്ഥല ലഭ്യത:** ഡോബർമാൻ, ഗ്രേറ്റ് ഡെയ്ൻ, ലാബ്രഡോർ തുടങ്ങിയ ഇനങ്ങൾക്ക് വ്യായാമത്തിനും മറ്റുമായി കൂടുതൽ സ്ഥലം വീടിന് പുറത്തളങ്ങളിൽ ആവശ്യമാണ്.

**സമയം :** രോമാവരണം, ശാരീരിക പ്രത്യേകതകൾ എന്നിവ കാരണം ഷിറ്റ്സു, സ്പിറ്റ്സ്, പഗ്ഗ് എന്നീ ഇനങ്ങൾക്ക് പരിചരണത്തിന് കൂടുതൽ സമയം ആവശ്യമാണ്. പരിശീലനം നൽകുവാനും കരുതലും സ്നേഹവും സാമീപ്യത്തിലൂടെ നൽകുവാനും സമയം കണ്ടെത്താൻ സാധിക്കാത്തവർ നായയെ വളർത്താതിരിക്കുന്നതാണ് നല്ലത്.

**ചെലവ് :** ഏതിനം നായയെ ആണ് വളർത്തുന്നത് എന്നത് അനുസരിച്ചിരിക്കും അതിനായുള്ള ചെലവും. സൈബീരിയൻ ഹസ്കി, സെന്റ് ബെർണാഡ് തുടങ്ങിയ ഇനങ്ങൾക്ക് തണുത്ത അന്തരീക്ഷം ആവശ്യമായതിനാൽ എയർകണ്ടിഷണറും മറ്റും നൽകേണ്ടതായി വരും. ഇതിന് ചെലവേറും. വലിയ ഇനങ്ങൾക്ക് ചെറിയ ഇനങ്ങളേക്കാൾ ഭക്ഷണത്തിനുള്ള ചെലവ് കൂടും.

- **ആരോഗ്യ സംരക്ഷണം :** കൃത്യമായ സമയത്ത് വിരമരുന്ന്, പ്രതിരോധ കുത്തിവയ്പ്പ് എന്നിവ നൽകുക വഴി മാരകമായ പല അസുഖങ്ങളിൽ നിന്നും, രക്ഷ നേടാം. ഇവ പെറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യാം. മനുഷ്യരിലേക്ക് പകരുന്ന പേവിഷബാധ പോലുള്ള മാരക രോഗങ്ങളും വിരശല്യവും മറ്റു പരാദരോഗങ്ങളും കുട്ടികളെയും കുടുംബാംഗങ്ങളെയും ബാധിക്കാതിരിക്കാൻ ഈ മുൻകരുതൽ സഹായിക്കും. വളർത്തു നായക്ക് അസുഖം വന്നാൽ കൃത്യമായ ചികിത്സ നൽകുക എന്നതാണ് പരമപ്രധാനം. അസുഖമുള്ളവയെ ചികിത്സിക്കാനുള്ള മടിയും മെനക്കേടും കാരണം വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ആപത്കരമാണ്.



- **പരിശീലനം പരമപ്രധാനം:** നമ്മുടെ നായ അയൽ വീട്ടുകാർക്ക് ശല്യമാകാൻ പാടില്ല. തോട്ടം നശിപ്പിക്കുക, ഇടതടവില്ലാതെ കുരച്ചു മനസമാധാനം കെടുത്തുക, വഴിയിലും, അന്യ പുരയിടങ്ങളിലും മലമൂത്രവിസർജ്ജനം ചെയ്യുക എന്നീ ദുസ്വഭാവങ്ങൾ ഇല്ലാതിരിക്കുവാൻ, ചെറുപ്പം മുതലേ നായക്ക് പരിശീലനം നൽകണം.
- **നിയമങ്ങൾ പാലിക്കുക**

നായയെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ് എന്ന് എത്രപേർക്കറിയാം?

തദ്ദേശ സ്വയംഭരണ സംവിധാനം മുഖേന ലൈസൻസ് എടുക്കുക, സർക്കാരിലേക്ക് സെൻസസ് മുതലായ ആവശ്യങ്ങൾക്ക് കൃത്യമായ വിവരം നൽകുക ഇവയെല്ലാം ഉടമയുടെ കടമകളാണ്.

**ഡോ. ആനി വർഗ്ഗീസ്**
കംപാനിയൻ ആനിമൽ പ്രാക്ടീഷണർ



# ഓണാട്ടുകരയും മാതൃകാ മാംസോല്പാദന പദ്ധതിയും

മദ്ധ്യ തിരുവിതാംകൂറിനെ ഓണം ഊട്ടും കര ഓണാട്ടുകര. കാവുകളും കുളങ്ങളും നിറഞ്ഞ പ്രകൃതി ഭംഗിയുള്ള നാട്. അമ്പലങ്ങളും ക്രിസ്ത്യൻ മുസ്ലിം പള്ളികളും ഉള്ള ഉൽസവങ്ങളുടേയും പെരുന്നാളുകളുടേയും നാട്. വിവിധ മതവിഭാഗങ്ങൾ ഒത്തൊരുമയോടെ ജീവിക്കുന്ന ഇടം. കായലും കടലും നദികളും കൂടുതൽ ഭംഗി ആക്കുന്ന ഭൂപ്രദേശം. വിരിപ്പും മുണ്ടകനും പുഞ്ചകൃഷിയും ചേർന്ന് വരുന്ന നെൽകൃഷി സമ്പ്രദായം. നെൽകൃഷിക്ക് ശേഷമുള്ള എള്ള് കൃഷിയും പുരയിടങ്ങളിലെ ഇടവിളകൾ ആയ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നിവയും ഇവിടെ കൃഷി ചെയ്തുവരുന്നു. കൃഷിയോടൊപ്പം കന്നുകാലി വളർത്തലിനും അനുയോജ്യമാണിവിടം. നെൽകൃഷി ഒഴിഞ്ഞ വയലേലകളിൽ മേഞ്ഞു നടക്കുന്ന കന്നുകാലികൾ ഇവരുടെ പ്രധാന ഉപജീവന മാർഗ്ഗം തന്നെ ആണ്. ചതുപ്പ് പ്രദേശങ്ങളും വെള്ളക്കെട്ടുള്ള പ്രദേശങ്ങളും പോത്ത് വളർത്തലിന് അനുകൂല സാഹചര്യം ഒരുക്കുന്നു.

ഓണാട്ടുകരയുടെ സവിശേഷതകളും പ്രകൃതി സമ്പത്തും ഭൂപ്രകൃതിയും കണക്കിലെടുത്താണ് സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഓണാട്ടുകര വികസന ഏജൻസിയുമായി സംയോജിച്ച് ഓണാട്ടുകര മാതൃകാ മാംസോൽപ്പാദന പദ്ധതി അഥവാ പോത്തുകുട്ടി വളർത്തൽ പദ്ധതിക്ക് തുടക്കം കുറിച്ചത്.കൊല്ലം ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ ആയി വ്യാപിച്ചു കിടക്കുന്ന 39 പഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രികൾ മുഖേന നടപ്പിലാക്കിയ പദ്ധതി ഇതിനോടകം ജനശ്രദ്ധ പിടിച്ചു പറ്റി കഴിഞ്ഞു.

ഓണാട്ടുകരയിലെ 1250 കർഷകർക്കായുള്ള പദ്ധതിയുടെ ഉൽഘാടന കർമ്മം ആദരണീയനായ മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. അഡ്വ കെ.രാജു അവർകൾ 2019 ജനുവരി 15ന് നിർവഹിക്കുകയുണ്ടായി. ഏതൊരു പദ്ധതിയുടേയും വിജയം, അർഹത ഉള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും ശാസ്ത്രീയമായ അവബോധം നൽകുകയും എന്നുള്ളതാണ്. തിരഞ്ഞെടുക്കപ്പെട്ട കർഷകർക്കുള്ള പരിശീലനം ഓച്ചിറ, രാമപുരം എന്നീ സ്ഥലങ്ങളിൽ വെച്ച് നടത്തപ്പെട്ടു. 5 മുതൽ 6 മാസം പ്രായമുള്ളതും ഏകദേശം 65 മുതൽ 75 കിലോ വരെ ശരീരഭാരം ഉള്ളതുമായ പോത്തിൻ കുട്ടികളെ ഓണാട്ടുകരയിലെ പ്രസിദ്ധ കന്നുകാലി ചന്തകൾ ആയ മാരാരിത്തോട്ടം വയ്യാങ്കര എന്നിവടങ്ങളിൽ നിന്നും കർഷകർ



ഉൾപ്പെടുന്ന സമിതി നേരിട്ടു ബോധ്യപ്പെട്ട് വാങ്ങുകയാണ് ചെയ്തത്. പോത്തിൻ കുട്ടികളുടെ മൂല്യനിർണയവും ആരോഗ്യ പരിശോധനയും നടത്തി വെറ്ററിനറി സർജൻ ഇൻഷുർ ചെയ്തു. ഉരുക്കളുടെ വില, ഇൻഷുറൻസ്, വിരമരുന്ന് ധാതുലവണ മിശ്രിതം എന്നിവയ്ക്ക് മൃഗ സംരക്ഷണ വകുപ്പ് പൂർണ്ണ സബ്സിഡി നൽകി. അതു കൊണ്ട് തന്നെ കർഷകരുടെ ബാഹുല്യം ഏറെ ആയിരുന്നു.

ഏകദേശം 4 മാസം പിന്നിട്ടപ്പോൾ തന്നെ കൺമുന്നിൽ ഉണ്ടായിരുന്ന പോത്തിൻ കുട്ടികൾ കുറ്റൻമാരായി മാറി വരുന്ന സാക്ഷ്യപ്പെടുത്തലലിൽ ആണ് മുതുകുളത്തെ കുന്നിൽ വീട്ടിൽ ചന്ദ്രനും പത്തിയൂരിലെ രവിയും. ഒരു വർഷത്തിന് ശേഷം ഇവറ്റകൾക്ക് 50,000 രൂപ എങ്കിലും ലഭിക്കും എന്ന ഉറച്ച വിശ്വാസത്തിലാണിവർ.

ചെറിയ മുതൽ മുടക്കിൽ ഓണാട്ടുകരയുടെ ജൈവവൈവിധ്യം മുതലാക്കി വളർത്തുന്ന രീതി ആണ് ഇവിടുത്തെ കർഷകർ പിന്തുടരുന്നത്. രോഗങ്ങൾ തീരെ ഇല്ല എന്നത് മറ്റൊരു മേന്മയാണ്. അഴിച്ചുവിട്ട് മേയാൻ സൗകര്യം ഉള്ള ചതുപ്പുനിലങ്ങളും നെൽകൃഷി ഒഴിഞ്ഞ വയലുകളും പോത്ത് കുട്ടി വളർത്തലിന് അനുയോജ്യ സാഹചര്യം ഒരുക്കുന്നു. രാത്രി കയറി കിടക്കാൻ ഉള്ള താൽക്കാലിക ഷെഡും, കുറച്ച് കൈത്തീറ്റയും ഉണ്ടെങ്കിൽ ആദായകരമാണ് ഈ കൃഷി എന്ന് തന്നെ ആണ് ഇവർ പറയുന്നത്.

വർദ്ധിച്ചു വരുന്ന ഇറച്ചിയുടെ ഡിമാൻഡും വിപണി സൗകര്യം ഉള്ളതും മതപരമായ വിലക്കുകൾ നിലവിൽ ഇല്ലാത്തതും എടുത്തു പറയേണ്ട മേന്മകൾ ആണ്. പദ്ധതി കാലയളവിന് ശേഷം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് ഇവകളെ നൽകുന്നത് വഴി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകന് തന്റെ ഉൽപ്പന്നത്തിന് നല്ല വില ലഭിക്കുന്നു. ശാസ്ത്രീയ അറവ് മാർഗ്ഗങ്ങളിലൂടെ തീൻമേശയിൽ എത്തുന്നത് വഴി സംശുദ്ധമായ മാംസോൽപ്പാദനവും തന്മൂലം ഭക്ഷ്യ സുരക്ഷയും സാധ്യമാകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ഈ പദ്ധതി ഓണാട്ടുകരയിലെ കർഷകർക്ക് ഓണം ഊട്ടുവാനുള്ള പദ്ധതി ആയി തന്നെ മാറും എന്നുള്ള കാര്യത്തിൽ തർക്കമില്ല.

തയ്യാറാക്കിയത്

**ഡോ. ബീന ഡി**
സീനിയർ വെറ്ററിനറി സർജൻ
കായംകുളം




# കാവനൂർ ഫ്രഷ് മിൽക്ക് ഇത് വനിതകളുടെ ക്ഷീരഗാഥ

ഗുണമേന്മയുടെ കാര്യത്തിൽ വിട്ടുവീഴ്ചകൾ ഏതുമില്ലാതെ പാലും പാലുൽപ്പന്നങ്ങളും വിപണിയിൽ എത്തിക്കുന്ന മിൽമ, 'കേരളം കണികണ്ടുണരുന്ന നന്മയാണെങ്കിൽ', മലപ്പുറം ജില്ലയിലെ അരീക്കോടിനടുത്ത ഗ്രാമമായ കാവനൂരിലെ ജനങ്ങൾക്ക് നിത്യവും കണികണ്ടുണരാൻ മിൽമ മാത്രമല്ല, ഒപ്പം ആ നാടിന്റെ തനതായ ഒരു ക്ഷീരസംരംഭവുമുണ്ട്. അതാണ് 'കാവനൂർ ഫ്രഷ് മിൽക്ക്'. പദ്ധതിയുടെ ഭാഗമാക്കായ ക്ഷീരകർഷകരിൽ നിന്നും അതിരാവിലെ ശുദ്ധമായ നറും പാൽ സംഭരിച്ച് പ്രത്യേകം പാൽ കുടങ്ങളിലാക്കി ഉപഭോക്താക്കളുടെ വീട്ടുപടിയ്ക്കൽ എത്തിക്കുന്ന സംരംഭമായ കാവനൂർ ഫ്രഷ് മിൽക്ക് ആരംഭിച്ചിട്ട് ഇപ്പോൾ വിജയകരമായ നാല് വർഷം പിന്നിടുകയാണ്. കാവനൂർ എന്ന ഗ്രാമത്തിൽ ആരംഭിച്ച പദ്ധതിയ്ക്ക് ഇന്ന് അരീക്കോട് ടൗണിൽവരെ സംതൃപ്തരായ ഉപഭോക്താക്കൾ ഏറെയുണ്ട്.

പകർത്താനും പങ്കുവെയ്ക്കാനും സവിശേഷതകൾ ഏറെയുള്ള ക്ഷീരമാതൃകയാണ് കാവനൂർ ഫ്രഷ് മിൽക്ക് പദ്ധതി. പാൽ ഉൽപ്പാദന യൂണിറ്റും, വിപണന യൂണിറ്റുമാണ് ഈ പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ. ശുദ്ധവും ഗുണനിലവാരമുള്ളതുമായ പാൽ ഉൽപ്പാദിപ്പിക്കുന്നതിനായുള്ള ശാസ്ത്രീയ ചിട്ടവട്ടങ്ങളെല്ലാം അണുവിട തെറ്റാതെ പാലിച്ച് ഉൽപ്പാദിപ്പിക്കുന്ന 'സ്വദേശി പാൽ' ഉൽപ്പാദന യൂണിറ്റുകളായ ക്ഷീരകർഷകരുടെ ഭവനങ്ങളിൽ നിന്ന് സംഭരിച്ച് തങ്ങളുടെ ഇരുചക്രവാഹനങ്ങളിൽ കയറ്റി ആവശ്യക്കാരുടെ വീടുകളിൽ എത്തിക്കുന്നത് വിപണന യൂണിറ്റിലെ അംഗങ്ങളായ വനിതകളാണ്. പദ്ധതിയ്ക്കായ് നിത്യവും പാൽ നൽകുന്ന ക്ഷീരകർഷകരിൽ ഭൂരിഭാഗവും വനിതകൾ തന്നെ. ഈ വനിതാ സംരംഭക കൂട്ടായ്മ തന്നെയാണ് കാവനൂരിലെ ക്ഷീരമാതൃകയുടെ ജീവനാഡിയും ചാലകശക്തിയുമെല്ലാം. പദ്ധതി നിർവഹണത്തിനും, നിയന്ത്രണത്തിനും, പോരായ്മകൾ നികത്തി മുന്നോട്ട് പോവാനും വനിതകളുടെ തന്നെ കോർഡിനേഷൻ കമ്മറ്റിയുമുണ്ട്. സ്ഥലത്തെ വെറ്ററിനറി സർജനും, പഞ്ചായത്ത് സെക്രട്ടറിയും ഈ സമിതിയുടെ ഉപദേശകരാണ്.

പല സംരംഭങ്ങളും പല കാരണങ്ങളാൽ പാതിവഴിയിൽ നിലച്ച് പോവുമ്പോൾ,വനിതകളുടെ സംരംഭക കൂട്ടായ്മയൊരുക്കി സർക്കാർ തലത്തിൽ ആരംഭിച്ച ഒരു ചെറുകിട ഗ്രാമീണ ക്ഷീര ഉൽപ്പാദന-ശേഖരണ-വിതരണ സംവിധാനം നാലാണ്ടുകൾ പിന്നിടുമ്പോഴും വിജയകരമായി മുന്നേറുകയാണെന്നുള്ളത് എടുത്ത് പറയേണ്ട ഒരു നേട്ടം തന്നെയാണ്.



## കാവനൂരിലെ ക്ഷീരമാതൃകയുടെ കഥ

കാവനൂർ ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി ഹോസ്പിറ്റലിൽ 2012-ൽ സീനിയർ വെറ്ററിനറി സർജനായി എത്തിയ ഡോ. എ. അയൂബിന്റെ മനസ്സിലുദിച്ച ആശയമായിരുന്നു കാവനൂർ ഫ്രഷ് മിൽക്ക്. മൃഗസംരക്ഷണ വകുപ്പിന്റെ അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസറായി മുമ്പ് ജോലി നോക്കിയിരുന്ന നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ തന്റെ നേതൃത്വത്തിൽ ഏറെ വിജയകരമായി നടപ്പിലാക്കിയ സമാന മാതൃകയിലുള്ള 'നിലമ്പൂർ ഫ്രഷ് മിൽക്ക്' പദ്ധതിയിൽ അൽപ്പസ്വല്പം മാറ്റങ്ങളൊക്കെ വരുത്തിയാണ് കാവനൂരിൽ നടപ്പിലാക്കാൻ തീരുമാനിക്കുന്നത്. ആത്മയുടെ (അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) പ്രവർത്തനങ്ങളുടെ ഭാഗമായി കാവനൂരിലെ കർഷകർ ആയിടെ നിലമ്പൂർ ഗ്രാമപഞ്ചായത്തിലേക്ക് നടത്തിയ കാർഷിക പഠനയാത്രയും ഈ തീരുമാനത്തിന് നിമിത്തമായി തീർന്നു.

നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ വിജയകരമായി മുന്നോട്ടു പോകുന്ന നിലമ്പൂർ ഫ്രഷ് മിൽക്ക് പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ പഠനയാത്രയിൽ അറിയാനിടയായ കാവനൂരിലെ ക്ഷീരകർഷകരിൽ ചിലർ അത്തരമൊരു പദ്ധതി തങ്ങളുടെ ഗ്രാമത്തിലും നടപ്പാക്കണമെന്ന് ഡോക്ടറോടും പഞ്ചായത്ത് അംഗങ്ങളോടും ആഗ്രഹം പ്രകടിപ്പിക്കുകയായിരുന്നു. കാരണം, ക്ഷീരകർഷകർക്ക് മികച്ച ആദായവും സബ്സിഡിയുമൊക്കെ ഉറപ്പുവരുത്തി നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ മുന്നോട്ടുപോകുന്ന 'നിലമ്പൂർ ഫ്രഷ് മിൽക്ക്' പദ്ധതി കാവനൂരിലെ ക്ഷീരകർഷകരെ ചെറുതായൊന്നുമല്ല ആകർഷിച്ചത്.

2014-15 സാമ്പത്തിക വർഷത്തിൽപദ്ധതിയ്ക്കായി പ്രത്യേക പ്രോജക്ട് എഴുതി സമർപ്പിച്ചപ്പോൾ പഞ്ചായത്തിനും സമ്മതം.ഡോക്ടർ സമർപ്പിച്ച പദ്ധതി രൂപരേഖ ബോധ്യപ്പെട്ട മൃഗസംരക്ഷണ വകുപ്പ്ഏതാണ്ട് നാല് ലക്ഷത്തോളം രൂപ പദ്ധതി നടത്തിപ്പിന് പ്രാരംഭ മൂലധനമായി അനുവദിച്ചതും പദ്ധതിയ്ക്ക് ഊർജ്ജമായി.

പദ്ധതിയുടെ രണ്ട് ഘടകങ്ങളായ ഉൽപ്പാദന യൂണിറ്റുകളിലേക്കും, വിപണന യൂണിറ്റിലേക്കും താൽപര്യമുള്ളവരെ തിരഞ്ഞെടുക്കുകയായിരുന്നു അടുത്തപടി. ഒപ്പം അവർക്ക് ശാസ്ത്രീയ ക്ഷീരോല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനങ്ങളും ലഭ്യമാക്കേണ്ടതും ഉണ്ട്. ക്ഷീരോല്പാദന രംഗത്ത് സ്ത്രീകളുടെ ശാക്തീകരണം എന്നത് പദ്ധതിയുടെ മുഖ്യലക്ഷ്യം തന്നെയായിരുന്നതിനാൽ ആദ്യഘട്ടത്തിൽ വനിതകളെ മാത്രമാണ് അപേക്ഷകരായി പരിഗണിച്ചത്. ആദ്യഘട്ടം എന്ന നിലയിലും, പദ്ധതിയുടെ പ്രവർത്തനത്തിന് ലഭ്യമായ വകുപ്പ് തല ഫണ്ടിന്റെ അടിസ്ഥാനത്തിലും 8 വനിതാ ക്ഷീരകർഷകരെ ഉൽപാദന യൂണിറ്റിലേക്ക് തിരഞ്ഞെടുത്തു. ഒപ്പം രണ്ടുപേരെ വിപണന യൂണിറ്റിലേക്കും.

## മികവിന്റെ ക്ഷീരമോഡൽ

പദ്ധതിയുടെ ഗുണഭോക്താക്കളായ വനിതകൾക്കുള്ള ശാസ്ത്രീയ പരിപാലനമായിരുന്നു അടുത്തഘട്ടം. രണ്ടോ മൂന്നോ പശുക്കളെ മാത്രം വളർത്തുന്ന, മാലിന്യ നിർമാർജ്ജനത്തിനടക്കം പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ചെറിയ തൊഴുത്തുകൾ സ്വന്തമായുള്ള ചെറുകിട ക്ഷീരകർഷകരായിരുന്നു ഉൽപ്പാദന യൂണിറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ മുക്കാൽ പങ്കും. ശുദ്ധമായ പാലുല്പാദനത്തിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കി ഇവരുടെ തൊഴുത്തുകളെ ശാസ്ത്രീയമായി പുതുക്കി പണിയേണ്ടതും, ഭൗതിക സാഹചര്യങ്ങൾ അത്രയും ഉറപ്പുവരുത്തേണ്ടതും ഫ്രഷ് മിൽക്ക് പദ്ധതിയുടെ വിജയത്തിന് പ്രധാനമായിരുന്നു. കൂടാതെ ഉൽപ്പാദന മികവും, കൊഴുപ്പും , കൊഴുപ്പിതര ഘടകങ്ങളും കുറഞ്ഞ പാലുൽപ്പാദിപ്പിക്കുന്ന പശുക്കളെ മാറ്റി ക്ഷീരമികവ് ഏറെയുള്ള പശുക്കളെ ഉൽപ്പാദനയൂണിറ്റുകളിൽ ഉറപ്പുവരുത്തേണ്ടതും ഉണ്ട്.

നിലവിലുള്ള പശുക്കളെ കൂടാതെ പുതിയ പശുക്കളെ വാങ്ങാനും തൊഴുത്തിന്റെ നവീകരണത്തിനുമായി ഓരോ ഉൽപ്പാദന യൂണിറ്റുകൾക്കും ആദ്യഘട്ടത്തിൽ ഏകദേശം ഒന്നരലക്ഷം രൂപ ചിലവ് വരുമെന്നാണ് കണക്കാക്കിയത്. ഇതിൽ 40,000/- രൂപ ഓരോ യൂണിറ്റുകൾക്കും മൃഗസംരക്ഷണ വകുപ്പിന്റെ ഫണ്ടിൽ നിന്നും സബ്സിഡിയായി അനുവദിച്ചു. ബാക്കി ഗുണ

ഭോക്തൃ വിഹിതമായാണ് കണക്കാക്കിയത്. ഇത് കണ്ടെത്തുന്നതിനായി ബാങ്ക്ലോൺ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ മൃഗാശുപത്രി മുഖേന കർഷകർക്ക് ഉറപ്പുവരുത്തുകയുണ്ടായി. ഒപ്പം ശാസ്ത്രീയ രീതിയിൽ തൊഴുത്ത് നിർമ്മിക്കാനുള്ള രൂപരേഖയും നിർദ്ദേശങ്ങളും ഓരോ ഉൽപ്പാദന യൂണിറ്റുകൾക്കും നൽകി സംശയങ്ങൾ ദുരീകരിച്ചു.

ചാണക നിർമാർജ്ജനത്തിന് എയ്റോബിക് കംമ്പോസ്റ്റിംങ്ങ്, ഓട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗൾ സംവിധാനം, മൂത്രം ഒഴുകിപ്പോകാൻ പ്രത്യേക ചാലുകൾ, മൂത്രം സംഭരിക്കാൻ യൂറിൻ ടാങ്കുകൾ, തൊഴുത്തിനോട് ചേർന്ന് ഫസ്റ്റ് എയ്ഡ് ബോക്സ്, തൊഴുത്തിൽ ഫാൻ, ഫോഗർ സംവിധാനങ്ങൾ, തീറ്റ സംഭരണ കേന്ദ്രങ്ങൾ തുടങ്ങിയതെല്ലാം ഉൾപ്പെടുന്നതാണ് ഓരോ ഉൽപ്പാദന യൂണിറ്റുകളും. ഒപ്പം പുൽക്കൃഷിയും. തൊഴുത്തിന് തൊട്ടുപിറകിൽ ചാണകക്കുഴി പണികഴിപ്പിക്കുന്നതും ചാണകവും, മൂത്രവും, തീറ്റയവശിഷ്ടങ്ങളുമെല്ലാം ഒരേ കുഴിയിൽ തള്ളുന്നതുമായ അശാസ്ത്രീയമായ രീതികളെയൊക്കെ കാവനൂർ ഫ്രഷ് മിൽക്ക് തൊഴുത്തുകൾ തിരുത്തി.ഏറ്റവും ശാസ്ത്രീയ മാനദണ്ഡപ്രകാരമുള്ള അളവുകളിൽ ആണ് തൊഴുത്തുകൾ പണിതീർത്തത്.

തൊഴുത്തുകൾ ശാസ്ത്രീയമായ രീതിയിലാണ് നവീകരിച്ച് നിർമ്മിക്കുന്നത് എന്ന് ഉറപ്പാക്കാൻ മൃഗാശുപത്രി ഉദ്യോഗസ്ഥർ കർഷകരുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി. കർഷകർ പുതുതായി വാങ്ങിയതും, അവർ മുമ്പേ തന്നെ വളർത്തുന്നതുമായ പശുക്കളുടെ പാലിന്റെ മേന്മയളക്കാൻ ശാസ്ത്രീയ പരിശോധനകൾ നടത്തി. ഒപ്പം പശു പരിചരണം, രോഗനിയന്ത്രണം, തീറ്റപ്പുൽകൃഷി, മാലിന്യ നിർമാജ്ജനത്തിന് എയ്റോബിക് കമ്പോസ്റ്റിംഗ്, ശാസ്ത്രീയ കറവ തുടങ്ങി കറന്നെടുത്ത പാൽ എങ്ങനെ വൃത്തിയായി പാത്രങ്ങളിലാക്കി വിപണിയിൽ എത്തിക്കാം എന്നത് വരെയുള്ള ശാസ്ത്രീയ ക്ഷീരോൽപ്പാദനത്തിന്റെ മുഴുവൻ കാര്യങ്ങളിലും ഗുണഭോക്താക്കളായ കർഷകർക്ക് നീണ്ട് നിൽക്കുന്ന ക്ലാസ്സുകളും പ്രായോഗിക പരിശീലനങ്ങളും നൽകി. ഇതോടെ ഉൽപ്പാദന യൂണിറ്റിലെ കർഷകർക്ക് ശാസ്ത്രീയമായ പാലുൽപ്പാദനത്തിൽ ആത്മവിശ്വാസമായി. കാവനൂർ ഫ്രഷ് മിൽക്കിൽ ഒരു കൈ നോക്കാൻ തന്നെ അവരുറച്ചു.

## കടമ്പകൾ കടന്ന ക്ഷീരശോഭ

ഉൽപ്പാദന യൂണിറ്റുകളിൽ നിന്ന് പാൽ ശേഖരിച്ച് ഇരുചക്രവാഹനങ്ങളിൽ കർഷക ഭവനങ്ങളിൽ എത്തിക്കുന്ന വിപണന യൂണിറ്റു



കളുടെ ശാക്തീകരണമായിരുന്നു അടുത്തഘട്ടം. പദ്ധതിയ്ക്കായ് ആദ്യ ഘട്ടത്തിൽ തന്നെ ആവേശത്തോടെ മുന്നോട്ട് വന്ന കാവനൂരിലെ റുക്സാനയും ഷീജയുമായിരുന്നു വിപണന യൂണിറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വനിതകൾ. പക്ഷേ രണ്ടുപേർക്കും ഇരുചക്രവാഹനമോടിക്കൽ അത്ര വശമില്ല. പക്ഷേ, പാൽ ശേഖരിച്ച് ഇടറോഡുകളിലൂടെയും ഇടവഴികളിലൂടെയും സഞ്ചരിച്ച് ആവശ്യക്കാരുടെ വീടുകളിൽ എത്തിക്കാൻ ഇരുചക്രവാഹനത്തേക്കാൾ മികച്ച വഴിയുമില്ല, എന്ത് ചെയ്യും?.

ഒടുവിൽതങ്ങൾക്ക് ഇരുചക്രവാഹനമോടിക്കാൻ വശമില്ലെന്നും, തങ്ങളെ വിപണന യൂണിറ്റുകളിൽ നിന്ന് ഒഴിവാക്കണമെന്നുമുള്ള ആവശ്യവുമായി പദ്ധതിയുടെ കൺവീനറായിരുന്ന വെറ്ററിനറി സർജൻ ഡോ. അയ്യൂബിനെ സമീപിച്ചപ്പോൾ അദ്ദേഹം അവർക്ക് ആത്മവിശ്വാസമേകി. തളരാതെ മുന്നോട്ട് നടന്നവർ മാത്രമേ ജീവിതത്തിൽ വിജയിച്ചിട്ടുള്ളു എന്ന് അവരെ അദ്ദേഹം അനുഭവങ്ങൾ പറഞ്ഞ് മനസ്സിലാക്കി. ആശങ്കയുമായി വന്നഇരുവരെയും 'നോ പെയിൻ, നോ ഗെയിൻ' എന്ന വിജയവാക്യം ഡോക്ടർ ഓർമ്മിപ്പിച്ചു. ഡ്രൈവിംങ്ങ് പഠിയ്ക്കാൻ പ്രോത്സാഹിപ്പിച്ചു.

അങ്ങനെ കാവനൂർ ഫ്രഷ് മിൽക്ക് പദ്ധതി നടത്തിപ്പിനായി ഡ്രൈവിംങ്ങ് പഠിയ്ക്കാനിറങ്ങിയ റുക്സാനയും, ഷീജയും ഒരു മാസത്തിനുള്ളിൽ അതിൽ വൈദഗ്ദ്ധ്യം നേടി. ഒപ്പം ഇരുചക്രവാഹനമോടിക്കാനുള്ള ലൈസൻസും സ്വന്തമാക്കി. ഇരുവർക്കും ഇരുചക്രവാഹനം വാങ്ങുന്നതിനായി നാൽപ്പതിനായിരം രൂപവീതം സബ്സിഡിയായി മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കി. ബാക്കി തുക കണ്ടെത്തുന്നതിനുള്ള ബാങ്ക് വായ്പാ സഹായവും ലഭ്യമാക്കി. വി

പണന യൂണിറ്റിലെ അംഗങ്ങൾക്ക് പ്രത്യേക യൂണിഫോമുകളും ഇരുചക്രവാഹനങ്ങളിൽ പാൽ സൂക്ഷിക്കാൻ പ്രത്യേകം പാൽകൂടകളും (മിൽക്ക് ക്രേറ്റ്) പദ്ധതിയുടെ ഭാഗമായി നൽകുകയുണ്ടായി. ഇതത്രയും ഒരു ഗ്രാമീണ ക്ഷീര സംരംഭം വിജയിപ്പിക്കാനുള്ള മുന്നൊരുക്കവും ആത്മാർത്ഥതയോടെയുള്ള അദ്ധ്വാനവും ആണെന്ന് ഓർക്കണേ.

അങ്ങനെ ഈ പ്രാരംഭ പ്രവർത്തനങ്ങൾക്കെല്ലാം ഒടുവിൽ ഉൽപ്പാദന യൂണിറ്റുകളും വിപണന യൂണിറ്റുകളും സുസജ്ജമായതോടെ 2015, ജൂൺ മൂന്നാംവാരം പദ്ധതിയുടെ ഉൽഘാടനം നടന്നു. ഒരുമാസം മുൻപ് നടത്തിയ ട്രയൽ റണ്ണിന് ശേഷമായിരുന്നു ഉൽഘാടനം. തങ്ങളുടെ നാട്ടിൽ തന്നെയുൽപ്പാദിപ്പിക്കുന്ന 'തനി നാടൻ പാൽ' വീട്ടുമുറ്റങ്ങളിൽ എത്തിക്കുന്ന പുത്തൻ പദ്ധതിയെക്കുറിച്ചറിഞ്ഞ നിരവധിയാളുകൾ അപ്പോഴേക്കും കാവനൂർ ഫ്രഷ് മിൽക്ക് വാങ്ങാൻ മുന്നോട്ടുവന്നിരുന്നു.

2014-ന്റെ അവസാനത്തിൽ പ്രൊജക്ട് സമർപ്പിക്കപ്പെട്ട പദ്ധതി പ്രവർത്തനക്ഷമമാവാൻ മാസങ്ങൾ വേണ്ടിവന്നെങ്കിലും ശാസ്ത്രീയ തൊഴുത്തു നിർമ്മാണവും, വിപണന യൂണിറ്റുകൾക്ക് ഡ്രൈവിംങ്ങ് ലൈസൻസ് ലഭ്യമാക്കൽ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടന്നത്. നാലു വർഷം പിന്നിടുമ്പോൾ നാടിന്റെ ധവള ശോഭയാവാൻ കാവന്നൂർ ഫ്രഷ് മിൽക്ക് പദ്ധതിയെ തുണച്ചതും ഈ അടിത്തറയും ആത്മവിശ്വാസവും തന്നെ.

### പാൽ വെളുപ്പിന് വീട്ടുപടിക്കലെത്തും നാട്ടുകാർക്ക് ആഹ്ലാദം, കർഷകന് ആദായം

പിന്നിട്ടതെല്ലാം ഒരു ഗ്രാമത്തിന്റെ ക്ഷീര സ്വയം പര്യാപ്തതയുടെയും മികവിന്റെയും ധവള




ശോഭയാർന്ന അധ്യായങ്ങളാണ്. ഇന്ന് നാലാം വാർഷികം ആഘോഷിക്കാൻ ഒരുങ്ങുമ്പോൾ കാവനൂർ ഫ്രഷ് മിൽക്ക് പദ്ധതിയ്ക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. തുടക്കത്തിൽ ഉൽപ്പാദന യൂണിറ്റിൽ കേവലം എട്ട് അംഗങ്ങൾ മാത്രമായിരുന്നെങ്കിൽ ഇന്നത് ഇരട്ടിയിലേറെയായി. വിപണന യൂണിറ്റിൽ ഇന്നും റുക്സാനയും, ഷീജയും തന്നെയാണെങ്കിൽ ഇരുവരും പ്രതിദിനം സംഭരിച്ച് ഗാർഹിക ഉപഭോക്താക്കളിൽ എത്തിക്കുന്ന പാലിന്റെ അളവ് 200 ലിറ്ററിനടുത്താണ്. പദ്ധതിയുടെ തുടക്കകാലത്ത് ഇവർ സംഭരിച്ച് വിപണനം നടത്തിയിരുന്നത് വെറും പത്ത് ലിറ്ററിൽ താഴെ പാൽ മാത്രമായിരുന്നെന്നോർക്കണം.ഒരു സൈക്കിൾപോലും ഓടിക്കാൻ വശമില്ലാതിരുന്ന റുക്സാനയും, ഷീജയുമെല്ലാം ഇന്ന് മികച്ച ഡ്രൈവർമാരുമാണ്.

കാവനൂർ മിൽക്ക് പദ്ധതി വളർന്നതിനൊപ്പം ഫ്രഷ് മിൽക്കിനായുള്ള ആവശ്യക്കാരുടെ എണ്ണവും വളർന്നു. ഇന്ന് കാവനൂരും അരീക്കോടും എളയൂരും മേപ്രപ്പാടും പെരുമ്പറമ്പും ഉൾപ്പെടെ ഏതാണ്ട് നാൽപ്പത് കിലോമീറ്ററോളം ദൂരപരിധിയിൽ300-ഓളം വീടുകളിൽഈ നറും പാലിന് ആവശ്യക്കാരുണ്ട്.

പുലർച്ചെ 5 മണിയാകുമ്പോൾ തന്നെ പാൽ സംഭരിക്കാനുള്ള ജോലികൾ തുടങ്ങും. വാഹനവുമായി റുക്സാനയും ഷീജയും എത്തുമ്പോഴേക്കും ഉത്പാദന യൂണിറ്റുകളിലെ കർഷകർ പാൽ കറന്ന് പ്രത്യേകം പാത്രങ്ങളിൽ നിറച്ചുവയ്ക്കും. പിന്നീട് പാൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പാൽപ്പാത്രങ്ങൾ ഇരുചക്രവാഹനത്തിന്റെ പിന്നിലും മുന്നിലും വശങ്ങളിലുമൊക്കെയുള്ള പാൽ കൂടകളിൽ അടുക്കിവെക്കും. ഇരുചക്രവാഹനത്തിൽ ഇത്രയും ഭാരവും വഹിച്ച് നാൽപ്പത് കിലോമീറ്റർ ചുറ്റളവിൽ സഞ്ചരിച്ച് എല്ലാ വീടുകളിലും പാലെത്തിക്കാൻ ചുരുങ്ങിയത് നാല് മണിക്കൂറെങ്കിലും എടുക്കും. ഒപ്പം ഗുണഭോക്താക്കളിൽ നിന്ന് പാലിന്റെ പണം ശേഖരിക്കലും മറ്റുമുണ്ടെങ്കിൽ സമയം പിന്നെയുമേറും.

ഓണവും പെരുന്നാളുമൊക്കെ എത്തുമ്പോൾ വീട്ടിൽ നിത്യമെത്തുന്ന പത്രങ്ങൾക്കുപോലും ഒരു ദിവസം മുടക്കമാണെങ്കിൽ കാവനൂർ ഫ്രഷ് മിൽക്ക് വിതരണത്തിന് ഒരു മുടക്കവും ഒരു ദിവസവും ഉണ്ടാവാറില്ല. 2018-ലെ പ്രളയകാലത്തും ഇക്കഴിഞ്ഞ കാലവർഷക്കെടുതിയുടെ സമയത്തുമെല്ലാം പ്രയാസങ്ങൾ സഹിച്ചാണെങ്കിലും പാൽ ആവശ്യക്കാരുടെ വീട്ടിലെത്തിച്ചു. ഒറ്റദിവസം പോലും പാൽ വിതരണം മുടങ്ങരുതെന്ന കാര്യത്തിൽ അത്രമാത്രം നിർബന്ധം കാവനൂർ ഫ്രഷ് മിൽക്കിന്റെ പദ്ധതി പ്രവർത്തകർക്കുണ്ട്.

## സുരക്ഷിതമായ പാൽ–മുഖമുദ്ര

'സുരക്ഷിതമായ പാൽ' എന്നതാണ് കാവനൂർ ഫ്രഷ് മിൽക്കിന്റെ മുഖമുദ്ര. ഓരോ വീടുകളിലും നൽകുന്ന പാൽ നിറച്ച പാത്രങ്ങൾക്ക് പ്രത്യേക നമ്പരുകൾ ഉണ്ട്. ഉൽപ്പാദന യൂണിറ്റുകളിൽ നിന്നുതന്നെ പാൽപ്പാത്രങ്ങൾക്ക് പ്രത്യേകം സ്റ്റിക്കർ ഒട്ടിച്ച് നമ്പർ നൽകും. ഇത് നോക്കി ഉൽപ്പാദന യൂണിറ്റ് തിരിച്ചറിയാം. ഉപഭോക്താക്കൾക്ക് വേണമെങ്കിൽ തങ്ങളുടെ വീടുകളിലേക്ക് പാലെത്തുന്ന തൊഴുത്തുകൾ സന്ദർശിക്കാം.കൊഴുപ്പടക്കം പാലിന്റെ ഗുണനിലവാരം പരിശോധിച്ച ശേഷം മാത്രമേ ഓരോരോ യൂണിറ്റുകളിൽ നിന്നും പാൽ സംഭരിക്കുകയുള്ളൂ. ഏതെങ്കിലും പ്രശ്നം ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾ തന്നെ കർഷകർക്ക് പാൽ തിരികെ നൽകും. അകിടുവീക്കം അടക്കം ഏതെങ്കിലും രോഗങ്ങൾക്ക് ചികിത്സയിലുള്ള പശുക്കളാണെങ്കിൽ രോഗം മാറി ചുരുങ്ങിയത് ഏഴ് ദിവസങ്ങൾക്ക് ശേഷം മാത്രമേ പാൽ ശേഖരിക്കൂ. ആന്റിബയോട്ടിക്ക് അടക്കമുള്ള മരുന്നുകളുടെ അംശം പാലിലൂടെ ശരീരത്തിലെത്തുന്നത് തടയാനാണിത്. ഇങ്ങനെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ ഒരു വിട്ടുവീഴ്ചയും കാവനൂർ ഫ്രഷ് മിൽക്കിനില്ല, ഇത് തന്നെയാണ് കാവനൂരിലെ നറുംപാലിനുള്ള 'ഡിമാൻഡിന്റെ' രഹസ്യം.

ഒരു ലിറ്റർ പാലിന് 60 രൂപയാണ് വില ഈടാക്കുന്നതെങ്കിലും വിശ്വസിച്ച് വാങ്ങാവുന്ന മേന്മയും ഗുണവുമുള്ള പാലിന് അല്പം ഉയർന്ന പണം മുടക്കാൻ ഉപഭോക്താക്കൾക്ക് ആർക്കും ഒരു മടിയുമില്ല. മുടക്കമില്ലാതെ വെളുപ്പിന് തന്നെ മരുന്നും മായവും കലരാത്ത, ക്രീമെടുക്കാത്ത, സംസ്കരണസംവിധാനങ്ങളിലൂടെ കയറിയിറങ്ങാത്ത 'നാടൻപാൽ' വീട്ടിലെത്തുന്നതിനാൽ അവർക്ക് ഏറെ സന്തോഷം.ഏറ്റവും ചുരുങ്ങിയത് അര ലിറ്റർ പാലാണ് ഒരു വീട്ടിൽ നൽകുക.

കാവനൂർ ഫ്രഷ് മിൽക്കിനായ് സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും കർഷകർക്ക് 49 രൂപ വീതം വിപണന യൂണിറ്റുകൾ നൽകും. ക്ഷീരസംഘങ്ങളിലും സ്വന്തമായി പുറത്തും നൽകുന്ന പാലിനേക്കാൾ ഉയർന്ന വില ലഭിക്കുന്നതിനാൽ കർഷകർക്കും ഏറെ ആഹ്ലാദം. പദ്ധതിയിൽ അംഗങ്ങളായ കർഷകർ കാവനൂർ ഫ്രഷ് മിൽക്കിനായ് സംഭരിച്ചതിന് ശേഷം അധികമുള്ള പാൽ ക്ഷീരസംഘങ്ങളിലേക്ക് നൽകും. ഓരോ ലിറ്ററിനും പതിനൊന്ന് രൂപ വീതമാണ് വിപണന യൂണിറ്റുകൾക്ക് വരുമാനം. യാത്രയ്ക്കുള്ള ചിലവടക്കം കഴിച്ചാലും ലഭിക്കുന്ന ആദായത്തിൽ തങ്ങൾ സംതൃപ്തരാണെന്ന് പറയുമ്പോൾ ഷീജയുടെയും, റുക്സാനയുടെയും മുഖത്ത് തെളിച്ചമേറെ. പദ്ധതിയിൽ അംഗമായവരുടെ ജീവിത നിലവാരവും, സാമ്പത്തിക സുരക്ഷിതത്വവും, ഉപജീവനമാർഗ്ഗവുമെല്ലാം മെച്ചപ്പെടുത്താൻ കാവനൂർ ഫ്രഷ് മിൽക്ക് പദ്ധതിക്ക് സാധ്യമായിട്ടുണ്ട്.

## ഈ ഗ്രാമീണ ക്ഷീരബ്രാൻഡിന് സ്വപ്നങ്ങളേറെ

പ്രത്യേക വിപണന പരസ്യങ്ങളൊന്നും കാവനൂർ ഫ്രഷ് മിൽക്കിനില്ല. നിത്യവും അതിരാവിലെ ഇരുചക്രവാഹനത്തിന്റെ മുന്നിലും പിന്നിലും വശങ്ങളിലും മിൽക്ക് ട്രേകൾ കെട്ടിവെച്ച് അതിൽ പാൽക്കുടങ്ങൾ നിറച്ച് 'കാവനൂർ ഫ്രഷ് മിൽക്ക്' എന്ന ചുവന്ന ബോർഡ് പിറകിൽ പതിച്ച് വീടുകളിൽ നിന്നും വീടുകളിലേക്ക് യാത്ര ചെയ്യുന്ന ഈ വനിതകൾ തന്നെയാണ് കാവനൂർ ഫ്രഷ് മിൽക്കിന്റെ പ്രചാരകർ. നാട്ടുപാലിന്റെ രുചിയറിഞ്ഞ നാട്ടുകാരാണ് കാവനൂർ ഫ്രഷ് മിൽക്കിന്റെ ബ്രാൻഡ് അംബാസിഡർമാർ.

ഇന്ന് കാവനൂർ ഫ്രഷ് മിൽക്കിന് ആവശ്യക്കാർ ഏറിയെങ്കിലും, അത്രയും ആളുകൾക്ക് തങ്ങളുടെ പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് കൊണ്ട് പാൽ എത്തിക്കാൻ സാധിക്കില്ലല്ലോ എന്നതാണ് ഷീജയുടെയും റുക്സാനയുടെയും പരിഭവം. കാരണം പാൽ വിപണനത്തിനൊപ്പം തന്നെ വീട്ടിലെ കാര്യങ്ങൾ നോക്കണം, പിന്നെ ഇരുചക്രവാഹനങ്ങളിൽ അധികം പാൽ സംഭരിച്ച് യാത്ര ചെയ്യുന്നതിന് പരിമിതികളുമുണ്ട്. വരുംഭാവിയിൽ കൂടുതൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങി ഗുണമേന്മ ഉറപ്പുവരുത്തിപാൽ സംഭരിക്കാനും, വിപണന യൂണിറ്റിൽ കൂടുതൽ വനിതകളെ ഉൾപ്പെടുത്തി വിപുലപ്പെടുത്താനുമാണ് കാവനൂർ ഫ്രഷ് മിൽക്കിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന വനിതാ സംരംഭകരുടെ തീരുമാനം.ഒപ്പം ഇരുചക്രവാഹനങ്ങൾക്ക് പകരം വിപണനത്തിനുള്ള എളുപ്പത്തിനായി ഓട്ടോറിക്ഷയിലേക്ക് മാറണമെന്ന സ്വപ്നവുമുണ്ട്.

പരിമിതികളെ ഊർജ്ജമാക്കിയ, ഒരു ഗ്രാമത്തിന്റെ ക്ഷീര ഭാവിയെ ശോഭനമാക്കിയ കാവനൂർ ഫ്രഷ് മിൽക്കിന്റെ സ്വപ്നങ്ങൾ അകലെയല്ല, തീർച്ച.

തയ്യാറാക്കിയത്

**ഡോ. മുഹമ്മദ് ആസിഫ്. എം.**
M.V.Sc. സ്കോളർ,
വെറ്ററിനറി കോളേജ് മണ്ണുത്തി, തൃശ്ശൂർ

# വാർത്തകൾ



കർഷക അവാർഡ്ദാന ചടങ്ങ്

**മികച്ച സമ്മിശ്ര കർഷകൻ**



**ജോർജ്ജ്കുട്ടി പി.ജെ**
പനച്ചിക്കൽ വീട്
കിള്ളിമംഗലം പി.ഒ, തൃശ്ശൂർ

**മികച്ച പൗൾട്രി കർഷകൻ**



**പ്രദീപ് കുമാർ എസ്**
വലിയപറമ്പിൽ, കുറിച്ചിത്താനം
കോട്ടയം

**മികച്ച ക്ഷീരകർഷകൻ**



**വിനോദ് കുമാർ ടി.സി**
ശ്രീശൈലം കോളനി
വെളിയം പി.ഒ., കൊല്ലം



ഗോസമൃദ്ധി പ്ലസ് സമഗ്ര കന്നുകാലി
ഇൻഷ്വറൻസ് പദ്ധതി ഉദ്ഘാടനം



ഓണാട്ടുകര മാംസോൽ

# ർ ചിത്രങ്ങൾ



മികച്ച ഉദ്യോഗസ്ഥകർക്കുള്ള അവാർഡ് ലഭിച്ചവർ

വാണിജ്യാടിസ്ഥാനത്തിലുള്ള
മികച്ച ക്ഷീരകർഷകൻ



**ബിജു ജോസഫ്**
നവ്യഫാംസ്, ചക്കിയത്ത്, കറുകുറ്റി
എറണാകുളം

മികച്ച യുവകർഷകൻ



**ടെൻജിഷ്. ഏ**
വടച്ചിറയിൽ പല്ലന പി.ഒ
ആലപ്പുഴ

മികച്ച വനിതാകർഷക



**മായാദേവി എ. എൻ**
പുല്ലയിൽ ഇല്ലം സി.എം.സി 24
ആലപ്പുഴ



ത്പാദന പദ്ധതി ഉദ്ഘാടനം



ദേശീയ ജന്തുരോഗ
നിയന്ത്രണ പദ്ധതി ഉദ്ഘാടനം




ഡോ. ഡി. ഷൈൻകുമാർ
അസിസ്റ്റന്റ് ഡയറക്ടർ, എൽ.എം.റ്റി.സി.
കൊട്ടിയം, കൊല്ലം


# യന്തിരന്മാർ വരും, സംരംഭക ലോകം മാറും

## *കാലിവളർത്തലിൽ കാലത്തിനൊത്ത മുന്നേറ്റം*

പണ്ടത്തെപ്പോലെയല്ല കാര്യങ്ങൾ. ആളുകൾ മാറുന്നുണ്ട് അരങ്ങും. വിറ്റഴിക്കാവുന്ന ഏത് കരവിരുതും ഉല്പന്നങ്ങളും സംരംഭമായി മാറുകയാണ്. അതിൽ കാലിവളർത്തൽ വേറിട്ട് നിൽക്കണം എന്ന് വാശിപിടിക്കേണ്ടതില്ല. സർവ്വകലാശാലകളെപ്പോലും വെല്ലുന്ന വികസന വൈവിധ്യം കർഷകർ കേരളത്തിൽ കൊണ്ടുവരുന്നു.

2030 ലെ കൃഷിയെക്കുറിച്ചും, മൃഗസംരക്ഷണത്തെക്കുറിച്ചുമൊക്കെ ചിന്തിക്കേണ്ട സമയമായി. ഇനി ഒരു പക്ഷേ, ഫാമുകൾ റോബോട്ടുകൾ നിയന്ത്രിക്കും. നിർമ്മിത ബുദ്ധിയുപയോഗിച്ച് ഇപ്പോൾത്തന്നെ ഫാം പ്രവർത്തനങ്ങളും ഡയറി പ്ലാന്റുമൊക്കെ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾ വന്നു കഴിഞ്ഞു.

### എമർജിംഗ് കേരള ഒന്നാന്തരം അവസരം

2012 ലെ എമർജിംഗ് കേരളയിൽ ഉൾപ്പെട്ടിരുന്ന ഗവൺമെന്റ് പങ്കാളിത്തമുള്ള പ്രോജക്ടുകളുടെ ലിസ്റ്റിൽ ഒരു ഡയറി ഫാം സ്ഥാനം പിടിച്ചിട്ടുണ്ട്. അത് കൊല്ലം അഞ്ചൽക്കാരൻ മുരളീധരന്റെ ഒരു സംരംഭമായിരുന്നു. 'മുരളിയ' എന്ന ബ്രാന്റിൽ ഇന്ന് കേരളമാകെ അറിയപ്പെടുന്ന ഡയറി പ്രോഡക്ട്സ് കമ്പനി. ചെറു സംരംഭത്തിൽ നിന്ന് സ്മാർട്ട് ഫാമിലേക്ക് വളർന്ന് വലിയവരായവരല്ല ഇവർ. തുടക്കത്തിലേ ശ്രമിച്ച് വലിയ സംരംഭം പ്ലാൻ ചെയ്ത് വന്നവർ.

### പൈക്കൾ ശങ്കരൻകോവിലിൽ; പാൽ കാട്ടാക്കടയിൽ

അതാണ് കൗതുകം. കേരളത്തിൽ വിൽക്കപ്പെടുന്ന ഒരു ബ്രാന്റിനായുള്ള ഉറവിടം തമിഴ്നാട്ടിലെ ശങ്കരൻകോവിലിനടുത്തുള്ള ദൊരൈസ്വാമിപുരം ഗ്രാമം. കാരണം മറ്റൊന്നുമല്ല വലിയ കൂലിച്ചെലവും ഉയർന്ന അന്തരീക്ഷ ആർദ്രതയും, യൂണിയൻ പ്രശ്നങ്ങളും, മണ്ണിന്റെ ഗുണനിലവാരവുമൊക്കെയാണ്. ഡയറി സംരംഭത്തിന് പ്രദേശവാസികളുടെ പിന്തുണ നേടിയത് പാലെടുത്തുകൊള്ളാം എന്ന ധാരണയിലാണ്. തമിഴ്നാട് സർക്കാർ നല്കുന്നതിനേക്കാൾ ഉയർന്നവില പാലിന് നൽകും. തമിഴ്നാട്ടിൽ വെൻഡർമാരാണ് കുടിയിടകളിൽ നിന്നും, ഊരുകളിൽ നിന്നും പൈക്കളെ കറന്ന് പാൽ കൊണ്ടുവരുന്നത്. അത് ചിലപ്പോൾ രാവിലെ 10 മണിക്കാകാം, രാത്രി പത്ത് മണിക്കുമാകാം. ഏതായാലും പ്രശ്നമില്ല. അത് സ്വീകരിച്ചുകൊള്ളും എന്ന നിലപാടെടുത്തപ്പോൾ കാര്യങ്ങൾ എളുപ്പമായി.

### എം.ബി.ആർ.ടിയും, ബി.എം.സിയും

ബൾക്ക് മിൽക്ക് കുളറുകൾ വന്നതോടെ പാലെടുത്ത് എവിടേക്കും കൊണ്ടുപോകാമെന്ന സ്ഥിതിയായി. ഒരു മില്ലി പാലിൽ എത്ര അണുക്കളുണ്ട് എന്ന് കണ്ടു പിടിക്കുന്ന എം.ബി.ആർ ടെസ്റ്റും, സ്റ്റാൻഡേർഡ് പ്ലേറ്റ് കൗണ്ട് ടെസ്റ്റുമൊക്കെ

അപ്പപ്പോൾ നടത്തും. പുറത്ത് വച്ചാൽ പാൽ പിരിയാതിരിക്കുന്ന മണിക്കൂറുകളാണ് പ്രധാനം. ദൊരൈസ്വാമിപുരത്തെ അഞ്ചുറോളം പൈക്കളുള്ള സ്വന്തം ഫാമും മുരളിയ തുടങ്ങി. ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ എന്ന അജണ്ടയ്ക്ക് മാറ്റമില്ല. ഒരു പരീക്ഷണത്തിൽ എം.ബി.ആറിൽ ഏഴ് മണിക്കൂർ എന്ന വിജയത്തിലേക്കാണ് മുരളിയയുടെ പാലെത്തുന്നത്. പുറത്ത് വച്ചാലും ഏഴ് മണിക്കൂർ കേട് കൂടാതെയിരിക്കും. അത്രയ്ക്കും കുറവാണ് അണുക്കളുടെ അളവ്.

### ആഗോള സാങ്കേതികത–മനുഷ്യസ്പർശമില്ലാത്ത ഫാമുകൾ

ഡയറി രംഗത്തെ ആഗോള സാങ്കേതികതകളത്രയും ഫാമിൽ കൊണ്ടുവന്നിട്ടുണ്ട്. ഡി–ലാവലും, ജിയയുമൊക്കെയാണ് എല്ലാ യന്ത്രസജ്ജീകരണങ്ങളും നൽകിയത്. താപവികിരണങ്ങൾ ഒട്ടും പ്രതിഫലിക്കാത്ത രീതിയിലുള്ള മേൽക്കൂര സംവിധാനങ്ങളാണ് ഇവിടെ. സിമന്റ് ഫൈബർ ഷീറ്റിലാണ് മേൽക്കൂരകൾ. പി.ഇ.ബി എന്ന പ്രീ എഞ്ചിനിയേർഡ് ബിൽഡിംഗിലാണ് അത് ഉയർത്തിയിരിക്കുന്നത്. 105 മീറ്റർ നീളത്തിലും 32 മീറ്റർ വീതിയിലും 16 മീറ്റർ ഉയരത്തിലുമുള്ള കൂടാരങ്ങൾ. 24 പശുക്കളെ ഒരേസമയം കറക്കുവാൻ പാകത്തിലുള്ള ഹെറിംഗ് ബോൺ മിൽക്ക് പാർലറുകൾ. മിൽക്ക് ബേകൾ, കൗ ഗേറ്റുകൾ എല്ലാം സജ്ജം. വലിയ ഷെഡുകളിൽ പൈക്കൾക്ക് വിശ്രമിക്കാം. പുറത്ത് മണ്ണിൽ നടക്കുവാനുള്ള യാർഡുകളുമുണ്ട്. അന്തരീക്ഷ വായുവിനെ ശുദ്ധീകരിക്കുന്ന വേപ്പ് മരങ്ങളാണ് എവിടെയും വച്ച് പിടിപ്പിച്ചിരിക്കുന്നത്. ഉഷ്ണവായുവിനെയും, ഉച്ഛ്വാസ വായുവിനെയും പുറംതള്ളുന്ന ഡയറിഫാനുകൾ, റൂഫ് മോണിറ്റർ സംവിധാനം, വെളിച്ചത്തിനായി ഫ്ളൂറസെന്റ് ബൾബുകൾ, വെള്ളം കുടിക്കാനായി അങ്ങിങ്ങായി വാട്ടർ ട്രഫുകൾ, പുറം ചൊറിയാനും, മേനി മിനുക്കാനും റൗണ്ടും, സ്ട്രെയിറ്റുമായ കൗ ബ്രഷുകൾ. വളവും വെള്ളവുമൊക്കെ അപ്പപ്പോൾ മാറ്റാൻ സ്ക്രാപ്പർ അലേയിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് സംവിധാനങ്ങൾ. തീറ്റയ്ക്കായി ടി.എം.ആർ വാഗണുകൾ. കറവയ്ക്ക് മുമ്പ് രണ്ട് പ്രാവശ്യവും, കറവയ്ക്ക് ശേഷം രണ്ട് പ്രാവശ്യവും കൃത്യമായ തീറ്റ വിതരണ സംവിധാനം. ഫാമുകളും ഉപകരണങ്ങളും, ബി.എം.സി യുമൊക്കെ കഴുകുവാൻ ചൂടുവെള്ളത്തെ ആശ്രയിക്കുന്നു. അതാകട്ടെ സോളാർ പവറിൽ പ്രവർത്തിപ്പിക്കുന്നു. കറവ കഴിഞ്ഞ് പുറത്തിറങ്ങുവാൻ റാപ്പിഡ് എക്സിറ്റ്



സ്വിങ് ഓവർ സംവിധാനം. പാർലറിൽ നിന്നും പുറത്തിറങ്ങിയാൽ കുളമ്പ് അണുനാശിനിയിൽ മുങ്ങുവാനുള്ള ഫുട് ഡിപ് സംവിധാനം. എന്നും ഭാരനിർണയം നടത്തുന്ന വെയിംഗ് ബാലൻസുകൾ. ചാണകം കൃത്യമായ ഇടവേളകളിൽ തുടച്ചുമാറ്റുന്ന ആട്ടോമാറ്റിക് ഡംഗ് സ്ക്രേപ്പർ. ഒരു കോടി രൂപ മുടക്കി നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകൾ. ബയോഗ്യാസിനെ എട്ട് മണിക്കൂറോളം തുടർച്ചയായി വൈദ്യുതിയിലേക്കെത്തിക്കുന്ന ബയോജനറേറ്റർ.

### എല്ലാം നിയന്ത്രിക്കും മഹാ യന്തിരൻ

മുകളിൽ ഘടിപ്പിച്ചിരിക്കുന്ന ആന്റിനയാണ് എല്ലാമെല്ലാം. ആന്റിനയിലേക്ക് സന്ദേശമെത്തിക്കുവാൻ പൈക്കളുടെ കഴുത്തിൽ ഘടിപ്പിച്ചിരിക്കുന്ന ട്രാൻസ്പോണ്ടറിലെ മൂവ് മോണിറ്റർ സഹായിക്കും. പൈക്കളുടെ വ്യക്തിത്വം തിരിച്ചറിയാൻ കഴുത്തിൽ തന്നെ ഘടിപ്പിച്ചിരിക്കുന്ന ഐ.ഡി സെൻസറുകൾ സഹായിക്കുന്നുണ്ട്.

നാലു സോഫ്റ്റ് വെയറുകളാണ് ഹൈടെക് ഫാമിനെ നിയന്ത്രിക്കുന്നത്. മിൽക്ക് മാനേജർ, ഫീഡ് മാനേജർ, മൂവ് മോനിട്ടർ, ഫാം മെസഞ്ചർ. ഇതിൽ മിൽക്ക് മാനേജർ കറവയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും നിയന്ത്രിക്കുമ്പോൾ ഫീഡ് മാനേജർ ടി.എം.ആർ, ആട്ടോമാറ്റിക് ഫീഡർ തുടങ്ങി എല്ലാ തീറ്റക്രമങ്ങളെയും നിയന്ത്രിക്കും. ഹൈടെക് ഫാമിൽ മൂവ് മോനിട്ടർ ഒരു സർവപ്രശ്നഹാരിയാണ്. പശുവിന്റെ കഴുത്തിൽ ഘടിപ്പിച്ചിട്ടുള്ള ട്രാൻസ്പോണ്ടറിൽ പ്രവർത്തിക്കുന്ന മൂവ് മോനിട്ടർ പശുവിന്റെ എല്ലാ ചലനങ്ങളും പ്രക്രിയകളും വിലയിരു

ത്തും. സ്വാഭാവിക ചലനങ്ങളും പ്രക്രിയകളും ഇതിൽ നേരത്തേ രേഖപ്പെടുത്തിവയ്ക്കാം (പ്രോഗ്രാം ചെയ്തു വയ്ക്കാം) അതിനു വിരുദ്ധമായി പെരുമാറുമ്പോൾ മൂവ് മോനിട്ടർ സന്ദേശങ്ങ ളയച്ചു തുടങ്ങും. ഉദാഹരണമായി ഒരു പശു 10 പ്രാവശ്യം ചവയ്ക്കുകയോ, 15 പ്രാവശ്യം കാൽ കുടയുകയോ ചെയ്താൽ അത് സ്വാഭാവികം. എന്ന രീതിയിൽ നേരത്തേ പ്രോഗ്രാം ചെയ്തു വയ്ക്കാം. എന്നാൽ ചവയ്ക്കുന്നതു കുറയുകയോ, കാൽ കുടയുന്നത് കൂടുകയോ ചെയ്താൽ എന്തോ പ്രശ്നമുണ്ടെന്ന് മൂവ് മോണിട്ടർ രേഖപ്പെടുത്തും.

ഈ സമയത്താണ് ഫാം മെസഞ്ചർ എന്ന സോഫ്റ്റ് വെയറിന്റെ സേവനം. അപ്പോൾത്തന്നെ ഇത്രാം നമ്പർ പശുവിനെ നോക്കണം എന്ന സന്ദേശം(SMS) ഉത്തരവാദിത്തപ്പെട്ടവർക്കു പോയിരിക്കും. ഉദാഹരണമായി ഒരു പശു മദിയിൽ വരുമ്പോൾ മറ്റു പശുക്കളുടെ പുറത്തു ചാടിക്കയറും. ഇത് മൂന്ന് തവണയിൽ കൂടുതലായാൽ മദി തന്നെ എന്നുറപ്പാക്കണം എന്ന രീതിയിൽ പ്രോഗ്രാം ചെയ്താൽ നാലാം തവണ ചാടിക്കയറുമ്പോൾ മൂവ് മോനിട്ടർ വെറ്ററിനറി ഡോക്ടർക്കു സന്ദേശമയച്ചു കഴിയും. ഈ പശുവിനെ കുത്തി വയ്ക്കണം എന്നായിരിക്കും അതിന്റെ ഉള്ളടക്കം.

### സോർട്ടിങ്ങ് അഥവാ വേർതിരിക്കൽ

നേരത്തേ സൂചിപ്പിച്ച ഭാരമളക്കൽ സ്ഥലത്താണ് സോർട്ടിങ്ങ് അഥവാ വേർതിരിക്കൽ നടക്കുന്നത്. കറവ കഴിഞ്ഞ് ഭാരം അളന്നു പോകുന്ന പൈക്കൾ സോർട്ടിങ് ഗേറ്റിൽ എത്തുമ്പോൾ പ്രത്യേകം പ്രശ്നങ്ങളുള്ള പൈക്കളെ സോർട്ടിങ് ഗേറ്റിലൂടെ വഴിതിരിച്ച് സോർട്ടഡ് ഏരിയയിലേക്കു വിടും. ഇവിടെ ഇടിക്കൂട് (Trevice) പശുക്കളെ കയറ്റി നിർത്താനുള്ള സ്ഥലം, കിടക്കുന്ന പൈക്കളെ ഉയർത്താനുള്ള ഉപകരണം (Downer Lifter), ചികിത്സാസൗകര്യങ്ങൾ, ലബോറട്ടറി എന്നിവയെല്ലാമുണ്ട്. സെലക്ടീവ് സോർട്ടിങ്ങിലൂടെ രോഗമുള്ളവയെയും പ്രശ്നങ്ങളുള്ളവയേയും മുമ്പ് മോനിട്ടർ അയച്ച സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റിനിർത്തി പ്രശ്നങ്ങൾ പരിഹരിക്കും.

### പുതുകാലം പുതുതീറ്റകൾ

പശു ഒരു ഫാക്ടറിയാണ്. അത് പ്രവർത്തിക്കുവാൻ ആവശ്യമായ ഇന്ധനം തീറ്റയാണ്. തീറ്റയുടെ പോഷക-ഊർജ്ജ-കൊഴുപ്പ് സമന്വയം ഭംഗിയായി നിർവഹിച്ചാലേ നല്ല ജനിതകമുള്ള പൈക്കളിൽ നിന്ന് നല്ല പാൽ കിട്ടൂ. അതിന് വേണ്ടിയാണ് ജയകൃഷ്ണൻ എന്നും ഗവേഷണങ്ങൾ നടത്തുന്നത്. ചോളമാണ് പ്രധാനം. സോയാപിണ്ണാക്ക്, ചോളപ്പൊടി, ഗോതമ്പ് തവിട്, വൈക്കോൽ, ബേക്കിംഗ് സോഡ, കാത്സ്യം കാർബണേറ്റ്, ധാതുലവണ മിശ്രിതങ്ങൾ, ബൈപാസ് ഫാറ്റ്, ഇന്തുപ്പ് എന്നിവയെല്ലാം ഭംഗിയായി മിക്സ് ചെയ്ത് ചോളത്തുണ്ടുകളുമായി കൂട്ടിക്കുഴക്കുവാൻ പ്രത്യേക മില്ലുകൾ ഉണ്ട്. ഇളം കറവയിലെ ഒരു പശുവിന് കൊടുക്കുന്ന മിശ്രിതം നോക്കാം.

Pellet 3kg, Magnesium Oxide 0.04kg, Sodium Bicarbonate 0.1kg, Dicalcium Phosphate 0.07kg, Calcim Carbonate 0.03kg, Mineral DSM 0.1kg, Rice Raw 0.5 kg, byepass Fat 0.2kg, Maize Powder 2.7kg, Cotton DOC 2kg, Mollases and Rice Bran 0.2kg, Green Maize30kg, Total 38.9kg.

### ഇനി സാധാരണ കറവയിലുള്ള പൈക്കൾക്ക് നല്കുന്ന മിശ്രിതം നോക്കൂ

Pellet 3kg, Magnesium Oxide 0.04kg, Sodium Bicarbonate 0.07kg, Dicalcium Phosphate 0.03kg, Calcim Carbonate 0.05kg, Mineral DSM 0.1kg, Rice Raw 0.5 kg, byepass Fat 0.1kg, Maize Powder 1kg, Cotton DOC 0.7kg, Mollases and Rice Bran 1.5kg, Green Maize22kg, Total 28.1kg.

### ചോളവും ഫോഡർ ബെയിലറും താരങ്ങൾ

കണ്ണെത്താ ദൂരത്തോളം നിരന്ന് നിൽക്കുന്ന ചോളത്തിന്റെ ചോലകളാണ് ദൊരൈസ്വാമിപുരത്ത്. ചോളം രണ്ടിനമുണ്ട്. മൂപ്പെത്തിയ ചോളമണികൾക്കായി ഉപയോഗിക്കുന്ന നീളം കുറഞ്ഞ ഇനവും, ഇലകൾ കൂടുതലുള്ള നീളം കൂടിയ ഇനവും. രണ്ടിലും മുകുളങ്ങളും ചോളമണികളും ഉണ്ടാവും. എങ്കിലും നീളം കൂടിയ ഇനത്തിനാണ് പ്രാധാന്യം. മൂപ്പെത്തി പാലുറക്കുന്നതിന് മുമ്പേ 80–ാം പക്കം ചോളം കൊയ്തെടുക്കും. ചോളത്തെ അപ്പോൾത്തന്നെ സൈലേജ് ആക്കി മാറ്റും. അനൈറോബിക് രീതിയിലാണ് സൈലേജ് നിർമ്മാണം. ഇതിനായി ലിഫ്റ്ററിൽ നിന്ന് ഉയർന്ന് ചെറുതുണ്ടുകളായി ഫോഡർ ബെയിലർ കം റാപ്പറുകളിലെത്തുന്ന ചോളത്തുണ്ടിനെ ഉരുളുകളാക്കി മാറ്റുകയാണ് ആദ്യം. ഒരു ഉരുൾ അഥവാ ബെയിലിൽ 300 കിലോ ചോളത്തുണ്ടുകളുണ്ടാവും. ഉരുളിനെ അപ്പപ്പോൾ തന്നെ ഹൈഡെൻസിറ്റി പോളി എഥിലിൻ ഷീറ്റുകൾ കൊണ്ട് മർദ്ദമേൽപ്പിച്ച് പൊതിഞ്ഞ് കെട്ടുകളാക്കി മാറ്റും. മണിക്കൂറിൽ 375 ബെയിലുകൾ യന്തിരൻ പൂർത്തിയാക്കും.

### മാലിന്യമെന്ന മാണിക്യം

മാലിന്യ നിർമ്മാർജ്ജനത്തിന് ഹൈടെക് മാതൃകകളാണ് ഫാമിൽ. പ്രൈമറി കണക്ഷൻ പിറ്റിലേക്ക് 15 എച്ച്.പി മോട്ടോർ വഴി വളമെത്തിക്കുകയാണ് ആദ്യപടി. അവിടെ നിന്നും ഗുരുത്വാകർഷണം വഴി നാലറകളുള്ള ഡൈജസ്റ്ററിലും 42 ദിവസം പിന്നിട്ടാൽ ചാണക സ്ലറി പിറ്റിലെത്തും. ജലവും ഖരപദാർത്ഥങ്ങളുമായി സ്ലറി പിറ്റ് ഇതിനെ വേർപെടുത്തും. ഖരമാലിന്യം വളമായും, ജലം കൃഷിക്കായും ഉപയോഗിക്കുന്നു. ബയോഗ്യാസ് ടാങ്കിൽ നിന്നും പുറത്തു വരുന്ന വാതകം ശേഖരിക്കുവാൻ പ്രത്യേക ചേമ്പറുകളുണ്ട്. ഒന്നിൽ റോഗ്യാസ് ശേഖരിക്കും. അതിൽ നിന്നും രണ്ടാമത്തെ ബലൂണിലേക്ക് വാതകം എത്തുന്നത് ചില സ്ക്രബ്ബറുകൾ വഴിയാണ്. ഹൈഡ്രജൻ സൾഫേഡ്, കാർബൺ ഡൈ ഓക്സൈഡ്, ഈർപ്പം ഇതൊക്കെ നീക്കിയ വാതകമാണ് രണ്ടാമത്തെ ബലൂണിലെത്തുക. അവിടെ നിന്നും ജനറേറ്ററിലേക്ക് പോകുന്ന വാതകം ഫാമിലെ യന്ത്രങ്ങളും ബൾബുകളുമൊക്കെ പ്രവർത്തിപ്പിക്കുവാനുള്ള 12 മണിക്കൂർ നിലയ്ക്കാത്ത വൈദ്യുതി നൽകും.



### ബേയർ റെയിൻഗൺ

സ്ലറി ഉണ്ടായാൽ അതിനെ സ്ലറി സെപ്പറേറ്റർ, ലായനിയും, ഖരപദാർത്ഥങ്ങളുമായി വേർതിരിക്കും. ഖരപദാർത്ഥങ്ങൾ ഉണക്കിപ്പൊടിച്ച് വളമാക്കാം. ലായനി ശേഖരിക്കുവാൻ മറ്റൊരു വലിയ തടാകം. അവിടെ നിന്നും 55 കിലോവാട്ടിന്റെ പമ്പുപയോഗിച്ച് പാടത്ത് എത്തിക്കും. അവിടെയാണ് ബേയർ റെയിൻഗൺ പ്രവർത്തിക്കുന്നത്. ചുരുളുകളായി പ്രവർത്തിക്കുന്ന വലിയ ഫ്ളക്സിബിൾ പൈപ്പുകളാണ് റെയിൻഗൺ മെഷിനിൽ ശേഖരിച്ചിരിക്കുന്നത്. അവിടെ നിന്നും കിലോമീറ്ററുകൾ ദൂരത്തിൽ സ്ലറി സ്പ്രേ ചെയ്യുവാൻ റെയിൻഗണ്ണുകൾക്കാവും.

### ഫാമിൽ നിന്ന് പാത്രത്തിലേക്ക്

അന്താരാഷ്ട്ര ഭക്ഷ്യസുരക്ഷാ നിലവാരത്തിലും, ഭക്ഷ്യസുരക്ഷാ മാനേജ്മെന്റിലുമാണ് കാട്ടാക്കടയിലെ പ്രോസസിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നത്. പ്രകൃതിക്കും, പരിസ്ഥിതിക്കും ദോഷം വരാത്ത രീതിയിലാണ് സംവിധാനം. സാഷെയായും, ബോട്ടിലുകളായും പ്രതിദിനം അമ്പതിനായിരം ലിറ്ററോളം പാൽ വിപണിയിലെത്തിക്കുന്നുണ്ട്. ബി.എം.സി യിൽ സംഭരിച്ച് ദൊരൈസ്വാമി പുരത്ത് നിന്നും ടാങ്കറുകളിൽ നാല് മണിക്കൂർ സഞ്ചരിച്ച് പാൽ കാട്ടാക്കടയിലെത്തുന്നു. പ്രോസസിംഗ് പ്ലാന്റിൽ പാൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്ന ക്വാളിറ്റി കൺട്രോൾ ലബോറട്ടറി പ്രവർത്തിക്കുന്നു. പാലിലെ അണുക്കളുടെ അളവ് കണ്ട്പിടിക്കുന്ന ഹൈജീനോമീറ്ററാണ് പ്രധാന ഉപകരണം. അളവ് 30 ൽ കൂടിയാൽ പാൽ മോശമാണ് എന്നർത്ഥം. തുടർന്ന് ഇൻസ്റ്റന്റ് ചില്ലറിലേക്ക് പാൽ പോകും. പിന്നീടെല്ലാം ഓട്ടമേറ്റഡ് വാൽവുകളാണ് നിയന്ത്രിക്കുക. ഇതെല്ലാം നേരത്തെ തന്നെ പ്രോഗ്രാമ്ഡ് ലോജിക് കൺട്രോൾ എന്ന പി.എൽ.സി ഓപ്പറേറ്റഡ് പാനലാണ് നിയന്ത്രിക്കുക. ഏത് വാൽവ് എപ്പോൾ തുറക്കണം, എപ്പോൾ പ്രവർത്തിക്കണം, എപ്പോൾ അടയ്ക്കണം ഇതെല്ലാം നിയന്ത്രിക്കപ്പെടുന്നത് ന്യൂമാറ്റിക് ഓപ്പറേഷനിലൂടെയാണ്. ചില്ലറിൽ നിന്നും സൈലോയിൽ സംഭരിക്കുന്ന പാൽ ആട്ടോമാറ്റിക് സംവിധാനം വഴി ക്രീം സെപ്പറേറ്ററിലെത്തും. അവിടെ നിന്നും ക്രീം വേർതിരിച്ച പാൽ തൈര് നിർമ്മാണത്തിനായി പോവും. തൈരിനുമുണ്ട് പ്രത്യേകത. ഡബിൾ ടോൺഡ് പാലിലാണ് തൈരുണ്ടാക്കുക. അതായത് ഒന്നര ശതമാനം കൊഴുപ്പും, ഒമ്പത് ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങളും. പാലിൽ പലപ്പോഴും എസ്.എൻ.എഫ് താഴെയായിരിക്കും. അതിനാൽ സ്കിം മിൽക്ക് പൗഡർ കൂടി ചേർത്താണ് തൈരിനായി പാൽ പോവുക. ഉറയൊഴിച്ച് 45 ഡിഗ്രി സെൽഷ്യസിൽ 4 മണിക്കൂർ ഇൻകുബേഷനിൽ

ഇരിക്കുന്നതോടെ പാൽ തൈരായി കഴിഞ്ഞു. തുടർന്ന് 20 മിനിറ്റോളം ബ്ലാസ്റ്റ് ചില്ലറിൽ (10 ഡിഗ്രി സെൽഷ്യസ്), പിന്നീട് കോൾഡ് സ്റ്റോറേജിലേക്കും

### പാൽ പരുവപ്പെടുത്തൽ

വെളുത്തതെല്ലാം പാലല്ല എന്ന് പറയുന്നത് പോലെ എല്ലാ പാലും പാലല്ല. പാലിനെ കുടിക്കാനായി പരുവപ്പെടുത്തേണ്ടതുണ്ട്. വേണ്ടാത്ത അണുക്കളെ മാറ്റുന്ന ഹൈ ടെമ്പറേച്ചർ ഷോർട്ട് ടൈം പാസ്ചുറൈസേഷനാണ് ആദ്യപടി. (83 ഡിഗ്രി സെൽഷ്യസ് 15 സെക്കന്റ്) പിന്നീട് സ്റ്റാൻഡേർഡൈസേഷൻ എന്ന പ്രക്രിയ ഉണ്ട് (3 ശതമാനം ഫാറ്റ് 8.5 ശതമാനം എസ്.എൻ.എഫ്) പിന്നീട് ഹോമോജനൈസറിൽ എത്തും. പാൽ യഥാർത്ഥത്തിൽ പാലാകുന്നത് ഹോമോജനൈസറിലാണ്. കൊഴുപ്പ് കണികകളെ ഉടച്ച് അതിനെ നന്നായി വിനിമയം ചെയ്ത് പാലിനെ ശുഭ്രശോഭ നൽകുന്ന പ്രവർത്തനം. ഹോമോജനൈസറിൽ നിന്നും ഹൊറിസോണ്ടൽ മിൽക്ക് സ്റ്റോറേജ് ടാങ്കിലേക്കാണ് പാൽ പോകുക. ഇവിടെയെല്ലാം 4 ഡിഗ്രി സെൽഷ്യസ് എന്ന ശീതീകരണ ശൃംഖലയുണ്ട്.

### പി.ഇ.ടി അഥവാ പോളി എഥിലിൻ ടെറിഫ്താലേറ്റ്

പ്ലാസ്റ്റിക് നിരോധിച്ചെങ്കിലും ഡയറി പ്ലാന്റുകൾക്ക് പി.ഇ.ടി ബോട്ടിലുകൾ ഉപയോഗിക്കുവാൻ അവസരമുണ്ട്. റിൻസർ, ഫില്ലർ, ക്യാപ്പർ എന്ന ഉപകരണം വഴിയാണ് പാൽ കുപ്പികളിൽ നിറയ്ക്കുക. ഇതിനായി പി.ഇ.ടി ബോട്ടിലുകൾ പ്രീ ഫോമിലാണ് എത്തുക. അത് ഉന്നത മർദ്ദത്തിലും, താപത്തിലും ബോട്ടിൽ ബ്ലോവിംഗ് മെഷീൻ വലുതാക്കി മാറ്റും. റിൻസർ കുപ്പികൾ കഴുകി വൃത്തിയാക്കും. ഫില്ലർ പാൽ നിറയ്ക്കും. ക്യാപ്പർ അടപ്പിടും. ഒരു മണിക്കൂറിൽ 4200 ബോട്ടിലുകളാണ് അങ്ങനെയുണ്ടാവുക. പിന്നീടത് എക്സ്പയറിയും, പ്രൊഡക്ഷനും രേഖപ്പെടുത്തുന്ന കോഡിംഗിലേക്കും തുടർന്ന് ലേബലിംഗിലേക്കും പോകും. പിന്നീട് ക്വാളിറ്റി കൺട്രോൾ പരിശോധനയ്ക്ക് ശേഷം വിപണിയിലേക്ക്.

### ഫാം നിയന്ത്രിക്കാൻ റോബോട്ടുകൾ

ഹൈടെക് ഫാമിൽ തൊഴിലാളികൾ കുറവെങ്കിലും വിദേശ നിർമ്മിത യന്ത്രക്കരങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുവന്നാൽ ആളെത്തന്നെ ഒഴിവാക്കാം. Green Robot Machinery ഈ രംഗത്ത് ആലോചിക്കുന്നുണ്ട്. ചോളകൃഷിയിലും മറ്റും മുന്നേറിക്കഴിയുമ്പോൾ അത് പറിച്ചെടുക്കാനും, മുറിച്ചെടുക്കാനുമൊക്കെ റോബോട്ടിന്റെ സഹായം വേണം. അഴിച്ചു വിട്ട പശു വേലിക്ക് പുറത്ത് കടന്നാൽ എങ്ങനെയറിയും? ഐ.ഒ.റ്റി അഥവാ ഇന്റർനെറ്റ് ഓഫ് തിംഗ്സിനെയാണ് അതിനായി ആശ്രയിക്കാവുന്നത്. ടി.വിയും, ഫ്രിഡ്ജും, എ.സിയുമൊക്കെ നെറ്റ് കണക്ടഡ് ആകുമെങ്കിൽ നനയ്ക്കുന്ന പമ്പും, പറമ്പും, ഉഴവു നടത്തുന്ന ട്രാക്ടറും, വളം തളിക്കുന്ന സ്പ്രേയറുമൊക്കെ അങ്ങനെയാക്കാം. സങ്കൽപത്തിന് അപ്പുറമായ നേട്ടമാണ് ഐ.ഒ.റ്റി വഴി കൊയ്യാനാവുന്നത്. ഇതിനുള്ള ആപ്പുകൾ ലഭ്യമാണ്. വയർലെസ് സെൻസറുള്ള നന സംവിധാന കൊണ്ടുവരാം. മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച നന പ്രോഗ്രാം ചെയ്യാനും കഴിയണം.

അതിസൂക്ഷ്മ തലത്തിൽ പദാർത്ഥങ്ങളുടെ സ്വഭാവ സവിശേഷത പഠിച്ച് വിവിധ മേഖലകളിൽ പ്രയോജനപ്പെടുത്തുന്ന സാങ്കേതിക വിദ്യായാണ് നാനോ ടെക്നോളജി. ഈ ടെക്നോളജി പൈക്കളുടെ തീറ്റയിൽ പ്രയോജനപ്പെടുത്താം. ചോളകൃഷിയിലും, വളങ്ങളുടെ വിന്യാസത്തിനും ഇതുപകരിക്കും. പോഷകങ്ങളും, മരുന്നുകളുമൊക്കെ ആവശ്യമുള്ള സസ്യഭാഗങ്ങളിൽ ഉപയോഗിക്കുന്നതിന് നാനോ ടെക്നോളജി വഴിയൊരുക്കുന്നു.

വിവാഹവേദികളിൽ ഫോട്ടോയെടുക്കുന്നതിനായി പ്രത്യക്ഷപ്പെടുന്ന ഡ്രോണുകൾ വൈകാതെ ഫാമിൽ കൊണ്ടുവരാനാണ് ആലോചന. തീറ്റ വിതറാൻ റ്റി.എം.ആറിന് പകരക്കാരാവാൻ ഡ്രോണിന് കഴിയും. ഒരിടത്തിരുന്ന് കൊണ്ട് തന്നെ എല്ലാം നിയന്ത്രിക്കുവാൻ കഴിയും. ചില മരുന്നുകൾ സ്പ്രേ ചെയ്യുവാനും, ആർദ്രത നിയന്ത്രിക്കാനുമൊക്കെ ഡ്രോൺ ഉപയോഗിക്കാം. ഫാമിന്റെ മേധാവിയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ.ഡി.ജയചന്ദ്രൻ പറഞ്ഞു.

എമർജിംഗ് കേരളയിൽ ഉദയം ചെയ്ത മുരളിയയ്ക്ക് സാമൂഹ്യ പ്രതിബദ്ധതയിൽ നിന്നും ഒഴിഞ്ഞ് നിൽക്കാനാവില്ല. കേരളത്തിന്റെ ഈ ക്ഷീരമേട ഇങ്ങനെ പടിപടിയായി ഉയരുന്നത് ജനങ്ങൾ കാണുന്നുണ്ട്. എന്നും ഒരു മാത്രയെങ്കിലും കേൾക്കുന്ന മുരളീരവമായി ആ നാമം മാറിക്കഴിഞ്ഞു. ഉന്നതമായ സാങ്കേതിക നിലവാരവും യന്ത്രസംവിധാനവുമൊക്കെയുണ്ടെങ്കിലും ഏതാനും തൊഴിലാളികളുടെ അധ്വാനത്തിന്റെയും, വിയർപ്പ് നീരിന്റെയും വില കൂടിയുണ്ട് ഇതിൽ. ശുഭവും ശുഭ്രവുമായ ആ വളർച്ചയുടെ ശോഭ സമാനതകളില്ലാത്തതാണ്. പാൽ പോലെ പരിശുദ്ധവും.



# ലൈവ്സ്റ്റോക്ക്ഫാം ടൂറിസം
## ആദായത്തിന്റെ അനന്തസാധ്യതകൾ

ഡോ. മുഹമ്മദ് അസ്‌ലം എം.കെ
അസിസ്റ്റന്റ് പ്രൊഫസർ
ബേസ് ഫാം, കോലാഹമേട്
ഇടുക്കി

ഡോ.ജോർജ്ജ് ഷെറിൻ. കെ
അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്
ബേസ് ഫാം, കോലാഹമേട്
ഇടുക്കി

ഏറെ മുന്നൊരുക്കങ്ങളോടെയും പ്രതീക്ഷകളോടെയും തുടങ്ങിയ ഒരു ഡയറി ഫാമിൽ നിന്നും വേണ്ടത്ര വരുമാനം ലഭിക്കുന്നില്ല എന്നുകണ്ട് നിരാശനാണോ നിങ്ങൾ? അല്ലെങ്കിൽ യഥേഷ്ടം സ്ഥലം സ്വന്തമായോ ദീർഘകാല പാട്ടത്തിനോ കൈവശമുണ്ടായിട്ട് ഏതെങ്കിലും സംരംഭം പുതിയതായി ആരംഭിക്കുന്നതിനുള്ള ആലോചനകളിലാണോ? നിങ്ങളുടെ പ്രദേശം ഏതെങ്കിലും വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സാമീപ്യം മൂലമോ ഭൂപ്രകൃതി മൂലമോ അനുഗ്രഹീതമാണോ ? എങ്കിൽ ലൈവ്സ്റ്റോക്ക് ടൂറിസം മികച്ച സാധ്യതകളാണ് ഒരു സംരംഭകനെന്ന നിലയ്ക്ക് നിങ്ങൾക്കു മുന്നിൽ തുറന്നു വയ്ക്കുന്നത്. വിദേശ രാജ്യങ്ങളിലൊക്കെ ഇത്തരം സംരംഭങ്ങൾ ഏറെ ജനപ്രീതിയാർജ്ജിച്ച് വരുന്നു.

നിലവിലുള്ളതിൽ നിന്നും വളരെയധികം മുതൽ മുടക്കില്ലാതെ, എന്നാൽ ഒരല്പം പ്ലാനിങ്ങോടെ കൂടുതൽ കാഴ്ചക്ക് ആകർഷണീയമാക്കി ചില മാറ്റങ്ങൾ വരുത്തിയാൽ ഫാം ടൂറിസം മികച്ച വരുമാന മാർഗ്ഗമാകുമെന്നു ഉറപ്പ്. ഫാം ടൂറിസം, ലൈവ്സ്റ്റോക്ക് വില്ലേജ് തുടങ്ങിയ വിവിധ പേരുകളിൽ അറിയപ്പെടുന്ന ഇത്തരം സംരംഭങ്ങളിൽ നിങ്ങളുടെ കൈവശമുള്ള സ്ഥലത്തെ, സന്ദർശകർക്ക് വിനോദവും വിജ്ഞാനവും പകർന്നു നൽകാൻ ശേഷിയുള്ള ഇടങ്ങളായി ഒരുക്കിയെടുക്കേണ്ടതുണ്ട്. വൃത്തിയും സൗന്ദര്യവും ആകർഷണീയതയുമായിരിക്കണം ഫാമിന്റെ മുഖമുദ്ര. തനതായ എന്തെങ്കിലും സവിശേഷതയെ കേന്ദ്രീകരിച്ച് ആകെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചെടുക്കാൻ സാധിക്കുമെങ്കിൽ ഏറെ സവിശേഷമാകും. നിർമ്മാണത്തിനും അലങ്കാരത്തിനുമെല്ലാം തനത് നാടൻ രീതികൾ അവലംബിക്കുന്നതാകും ഉത്തമം. ജൈവ രീതിയിലുള്ള ഉൽപ്പാദന മാർഗ്ഗങ്ങളോടാണ് ഇന്നത്തെക്കാലത്ത് സന്ദർശകർക്ക് കൂടുതൽ താൽപ്പര്യം.

### മുന്നൊരുക്കവും മാസ്റ്റർ പ്ലാനും

മികച്ച രീതിയിലുള്ള ഒരു വിനോദ വിജ്ഞാന കേന്ദ്രം സജ്ജമാക്കുന്നതിനായി ദീർഘ വീക്ഷണവും ഏറെ നാളത്തെ പരിശ്രമവും ആവശ്യമാണ്. അർപ്പണ ബോധവും ക്ഷമയും കൂടെത്തന്നെ യുണ്ടാകണം. ചുരുങ്ങിത് ഒരു പത്തു വർഷം

മുന്നിൽ കണ്ടെങ്കിലും പദ്ധതി ആസൂത്രണം ചെയ്യണം. ആദ്യപടിയായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഇതിൽ എന്തൊക്കെ ഘടകങ്ങൾ, എവിടെയൊക്കെ, എപ്രകാരം സജ്ജമാക്കാം എന്നു നിശ്ചയിക്കണം. ഭാവിയിൽ സംഭവിക്കാനിടയുള്ള കൂട്ടിച്ചേർക്കലുകളോ ദിശാമാറ്റമോ മുന്നിൽ കണ്ടു വേണം മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കി കഴിഞ്ഞാൽ വിവിധ ഘടകങ്ങളുടെ പണി ആരംഭിക്കാം. ഫാമിൽ ആവശ്യമായ ഘടകങ്ങൾ ഓരോരുത്തരുടേയും ഇഷ്ടാനിഷ്ടങ്ങളനുസരിച്ചും പ്രദേശത്തിനനുസൃതമായും ഉൾപ്പെടുത്താം. ഇതിനായുള്ള കുറച്ചു നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

### വളർത്തു മൃഗങ്ങൾ

ഫാമിന്റെ മുഖ്യാകർഷണം വളർത്തുമൃഗങ്ങൾ തന്നെയാവും. പശു, എരുമ, ആട്, ചെമ്മരിയാട്, മുയൽ, പന്നി, കോഴി, താറാവ്, ഗിനിക്കോഴി, ടർക്കികോഴി, വാത്ത തുടങ്ങിയ വിവിധ ജീവികളുടെ യൂണിറ്റുകൾ സജ്ജമാക്കണം. ഫാമിലെ പ്രധാന വരുമാന സ്രോതസ്സായ വാണിജ്യാടിസ്ഥാനത്തിലുള്ള ഷെഡുകളിൽ നിന്നും ദൂരേയായി ഇത്തരം പ്രദർശന യൂണിറ്റുകൾ പ്രത്യേകം സജ്ജമാക്കുന്നതാകും ഉചിതം. ഓരോ ഇനത്തിലും കൂടുതൽ ജനുസ്സുകളിൽ പെട്ട മൃഗങ്ങളെ സംഘടിപ്പിക്കണം. ഓരോ ജനുസ്സിലേയും ഒന്നോ രണ്ടോ ജോടി (ആൺ/പെൺ) മൃഗങ്ങളുള്ള യൂണിറ്റുകൾ മതിയാകും. നമ്മുടെ തനത് ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ പോലെ സവിശേഷതകളുള്ള നാടൻ ജനസ്സുകൾ പരമാവധി ഉണ്ടാകുന്നത് നല്ലതാണ്. മേൽ പറഞ്ഞവയ്ക്ക് പുറമെ എമു, കുതിര, കഴുത, ഒട്ടകം തുടങ്ങിയ മൃഗങ്ങളെ ഉൾപ്പെടുത്തുന്നത് ഫാമിനെ കൂടുതൽ ആകർഷകമാക്കും. ഹൈടെക്ക് രീതിയിലുള്ള കൂടുകളും പരിസരവും ഉപകരണങ്ങളും എല്ലായ്പ്പോഴും വൃത്തിയായും ആകർഷണീയമായും സൂക്ഷിക്കണം. കൂടുകൾക്കടുത്തായി മൃഗങ്ങളുടെയും മറ്റു ചുരുക്കം വിവരങ്ങൾ ഉൾപ്പെടുത്തി വിവര ബോർഡുകൾ സ്ഥാപിക്കണം.

### പഴം പച്ചക്കറി ഔഷധ സസ്യ തോട്ടങ്ങൾ

സ്ഥല ലഭ്യതയനുസരിച്ച് ഇത്തരം പ്രദർശന തോട്ടങ്ങൾ അനുബന്ധമായി ഉൾപ്പെടുത്താവുന്നതാണ്. പൂർണ്ണമായും ജൈവകൃഷി രീതിയായിരിക്കണം ഫാമിൽ സ്വീകരിക്കേണ്ടത്. ഉൽപ്പന്നങ്ങൾ ഉയർന്ന വില നൽകി സന്ദർശകർക്ക് നേരിട്ട് വിളവെടുക്കുന്നതിനോ വിൽപനകേന്ദ്രം വഴി ലഭ്യമാക്കുന്ന രീതിയോ അവലംബിക്കാവുന്നതാണ്. നാട്ടിൽ പൊതുവേ കാണാത്ത രീതിയുലുള്ള വിദേശയിനം ഫലവർഗ്ഗങ്ങളാകും കൂടുതൽ ആകർഷകം. ഇതിനോടനുബന്ധിച്ച് തേനീച്ച വളർത്തൽ യൂണിറ്റുകളും സ്ഥാപിക്കാവുന്നതാണ്.

### പെറ്റിങ്ങ് സൂ

ഫാമിനകത്ത് ഒരു ചെറിയ സ്ഥലം തിരിച്ച് അതിനുള്ളിൽ ഇണക്കവും, ഓമനത്വവുമുള്ള പശുക്കിടാക്കൾ, ആട്ടിൻകുട്ടികൾ, മുയലുകൾ, നായ്ക്കൾ, പൂച്ചകൾ, പക്ഷികൾ തുടങ്ങിയ അരുമ മൃഗങ്ങളെ ഉൾക്കൊള്ളിച്ച് അവയുമായി കുട്ടികൾക്കും മുതിർന്നവർക്കും ഇടപഴകാനും ഓമനിക്കാനും സൗകര്യം ലഭിക്കുന്ന രീതിയിൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. കുതിര വണ്ടി, കാളവണ്ടി എന്നിവയിൽ കുട്ടികൾക്കായി ചെറുസവാരികർ സംഘടിപ്പിക്കാം.



### മീൻ വളർത്തൽ

ഫാമിൽ അനുയോജ്യമായ രീതിയിൽ മീൻ വളർത്തൽ കുളങ്ങളും അലങ്കാര മത്സ്യങ്ങളുടെ ചെറിയ അക്വേറിയങ്ങളും ഒരുക്കാവുന്നതാണ്. സന്ദർശകർക്ക് ചൂണ്ടയും വലയും മറ്റും നൽകി മീൻ പിടിക്കാൻ അനുവദിക്കാവുന്നതും, അവയെ പണം ഈടാക്കി അതേപടി കൊണ്ടുപോകാൻ

നൽകുകയോ, പാകം ചെയ്ത് കൊടുക്കുകയോ ആവാം. ജലസേചനാവശ്യത്തിനായുണ്ടാക്കുന്ന ചെക്ക് ഡാമുകളും മീൻ വളർത്തലിനായി ഉപയോഗിക്കാവുന്നതാണ്.

## തീറ്റപ്പുല്ലുകൾ, ഫോഡർ മ്യൂസിയം

മൃഗങ്ങൾക്കാവശ്യമായ തീറ്റപ്പുൽ വളർത്തുന്നതിനോടൊപ്പം വിവിധയിനം തീറ്റപ്പുൽ ഇനങ്ങളുടെ ചെറിയ യൂണിറ്റുകൾ ഒരുക്കി ഫോഡർ മ്യൂസിയം തയ്യാറാക്കാം. ഇതിനു പുറമെ ചില പ്രത്യേക സസ്യങ്ങൾ വച്ചു പിടിപ്പിച്ചാൽ അധികം ചെലവു കൂടാതെ മനോഹരമായ ഒരു ശലഭപ്പൂന്തോട്ടം രൂപപ്പെടുത്താവുന്നതാണ്.

തീറ്റപ്പുല്ലിന്റെ ആധുനിക രീതികളായ മണ്ണില്ലാതെ പുല്ലു വളർത്തുന്ന ഹൈഡ്രോപോണിക്സ്, പായൽ ഇനമായ അസോള എന്നിവയുടെ പ്രദർശന യൂണിറ്റുകൾ സ്ഥാപിച്ചാൽ ഏറെ സന്ദർശക താൽപ്പര്യം നേടുമെന്നുറപ്പാണ്.

## മാലിന്യനിർമ്മാർജ്ജനം

ഫാമിൽ ഉൽഭവിക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉപോൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുമുള്ള സംവിധാനങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. മാലിന്യങ്ങളിൽ നിന്നും ചാണകത്തിൽ നിന്നും ബയോഗ്യാസ്, കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ഉണ്ടാകണം. ചാണകം ഉണക്കി പൊടിച്ചത്, കമ്പോസ്റ്റ് എന്നിവ ചെറിയ ചാക്കുകളിലാക്കി വിപണനം ചെയ്യാവുന്നതാണ്. ഭക്ഷണ വേസ്റ്റുകളും മറ്റും പന്നികൾക്ക് തീറ്റയാക്കാം. ഇന്റഗ്രേറ്റഡ് ഫാം മാതൃകയിൽ പക്ഷികളുടെ കാഷ്ഠം മീനുകൾക്കും മറ്റും തീറ്റയായും നൽകാവുന്നതാണ്. നാടൻ പശുക്കളുടെ ചാണകവും മൂത്രവും ഉപയോഗിച്ച് ജീവാമൃതം, പഞ്ചഗവ്യം, ഗോമൂത്രം തുടങ്ങിയവ നിർമ്മിച്ച് വിപണനം ചെയ്യാം.

## വിശ്രമസ്ഥലം, പാർക്ക്, ഭക്ഷണശാല

സന്ദർശകർക്ക് ഫാം ചുറ്റി നടന്നു കാണുന്നതിനിടയിൽ അൽപ്പനേരം ഇരുന്ന് വിശ്രമിക്കുന്നതിനായി അവശ്യം വേണ്ട സൗകര്യം സജ്ജമാക്കണം. ഇതിനോടനുബന്ധിച്ച് കുട്ടികൾക്കായുള്ള ചെറിയ പാർക്കും ടോയ്‌ലറ്റ് സൗകര്യവും ഭക്ഷണശാലയും ഒരുക്കേണ്ടതാണ്. ഭക്ഷണശാലയിൽ ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ആഹാര സാധനങ്ങൾ ലഭ്യമാക്കുന്നത് സ്വീകാര്യത വർദ്ധിപ്പിക്കും. ഇവിടെ മൃഗങ്ങളുമായി ബന്ധപ്പെട്ട ഡോക്യുമെന്ററിയോ ഷോർട്ട് ഫിലിമുകളോ പ്രദർശിപ്പിക്കാം.



## ഫാം സ്റ്റേയും ഹോം സ്റ്റേയും

നഗരജീവിതത്തിന്റെ തിരക്കുകളിൽ നിന്നും മലിനമായ അന്തരീക്ഷത്തിൽ നിന്നും അകന്നു മാറി സ്വച്ഛസുന്ദരമായ പ്രകൃതിയിൽ മണ്ണിനും മരങ്ങൾക്കും മൃഗങ്ങൾക്കുമൊപ്പം ഒന്നോ രണ്ടോ ദിവസം താമസിക്കാനാഗ്രഹിക്കുന്നവർ ഒട്ടേറെയുണ്ടാകും. ഇവർക്കായി പ്രത്യേകം മൺവീടുകളും മുറികളും പണിതോ, കർഷക ഭവനത്തോടനുബന്ധിച്ചോ താമസ സൗകര്യം നൽകാവുന്നതാണ്. ഇവിടെയും വൃത്തിക്ക് മുഖ്യ പരിഗണന നൽകണം. കുളത്തിലെ കളി, ഔഷധക്കഞ്ഞി, പാരമ്പര്യ രീതികൾ ഇവയൊക്കെയായി ഒരു തനത് രീതി രൂപപ്പെടുത്തിയാൽ ഇത് ഏറെ ആകർഷകമാകും. താമസക്കാരെ ഫാം ജോലികളിൽ പങ്കുചേരാൻ അനുവദിക്കുക. ആയുർവേദ സുഖചികിത്സ, യോഗ പരിശീലനം എന്നിവ ആവശ്യമുണ്ടെങ്കിൽ ഏതെങ്കിലും ഏജൻസികളുമായി കരാറുണ്ടാക്കി ലഭ്യമാക്കാവുന്നതാണ്. ഇതിനു പുറമെ മുറികൾ ആംഫിതിയറ്റർ രീതിയിൽ പണിത് ഒത്തുചേരലുകൾ, മീറ്റിംഗുകൾ എന്നിവയ്ക്കായി അനുവദിക്കാവുന്നതാണ്.

വിവിധ പരിപാലന രീതികളിൽ സാമാന്യം വേണ്ട അറിവും പരിശീലനവും ലഭ്യമാകുന്ന രീതിയിൽ ഫാം സ്കൂളും അനുബന്ധമായി പ്രവർത്തിപ്പിക്കാവുന്നതാണ്.

## നടപ്പാതകൾ, ലാൻഡ്സ്കേപ്പിംങ്.

ഫാമിലെ വിവിധ യൂണിറ്റുകൾക്കിടയിൽ എളുപ്പം സഞ്ചരിക്കാവുന്ന രീതിയിൽ നടപ്പാതകൾ കല്ലോ കട്ടയോ പാകി നിർമ്മിക്കണം. പാതകൾക്കിരുവശത്തുമായി ചെടികളോ, തീറ്റപ്പുല്ലോ നടാവുന്നതാണ്. അത്യാവശ്യം ദൂരം ഇടവിട്ട് വഴിവിളക്കുകൾ, ഇരിപ്പിടങ്ങൾ വേസ്റ്റ് ബിന്നുകൾ എന്നിവ സ്ഥാപിക്കണം. ഫാമിനു ചുറ്റും മതിലോ, വേലിയോ കെട്ടി സംരക്ഷിക്കണം. ആളുകൾ പ്രവേശിക്കരുതാത്ത ഇടങ്ങളും

ചെറിയ വേലിയോ, ചങ്ങലകളോ ഉപയോഗിച്ച് സംരക്ഷിക്കണം. ചുറ്റുവേലിക്ക് അരികിലൂടെ വിവിധയിനം മുളകൾ വച്ചുപിടിപ്പിച്ചാൽ ചുരുങ്ങിയ കാലയളവിനുള്ളിൽ പ്രകൃതിദത്തമായ ഒരു സംരക്ഷണ ഭിത്തിയായി മാറുമത്.

വിവിധ യൂണിറ്റുകൾക്കിടയിലുള്ള സ്ഥലത്ത് പ്രകൃതിയോട് ഇണങ്ങുന്ന രീതിയിൽ പുൽത്തകിടികളും ആമ്പൽക്കുളവും പൂന്തോട്ടങ്ങളുമൊക്കെ നിർമ്മിക്കുന്നത് ഫാമിന്റെ മൊത്തത്തിലുള്ള കാഴ്ചഭംഗി വർദ്ധിപ്പിക്കും. ഇതിനിടയിലായി അവിടവിടെ ഫൈബർ കൊണ്ടോ സിമന്റ് കൊണ്ടോ നിർമ്മിച്ച മൃഗരൂപങ്ങളും പ്രതിമകളും പ്രതിഷ്ഠിക്കുന്നത് കുട്ടികളേയും മറ്റും സന്തോഷിപ്പിക്കാൻ ഉതകുന്നതാണ്.

### ബ്രാൻഡിങ്ങ്, വിപണനം

ഫാമിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ മികച്ച വിലയ്ക്ക് വിറ്റഴിക്കാൻ സാധിക്കണം. ഇതിനായി ഒരു വിൽപ്പനശാല സജ്ജമാക്കണം. ആകർഷകമായ ഒരു ബ്രാൻഡ് നാമം ഉണ്ടാക്കിയെടുക്കണം. പാൽ, ഇറച്ചി, മുട്ട ഇവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, പഴം പച്ചക്കറികൾ, തേൻ, ജൈവ വളം തുടങ്ങിയവ ഫാം ഫ്രെഷ് എന്ന രീതിയിൽ ഉയർന്ന വിലയ്ക്ക് വിറ്റഴിക്കാം. ഇതിനു പുറമെ ബ്രാൻഡ് നാമം ആലേഖനം ചെയ്ത ടിഷർട്ടുകൾ, തൊപ്പികൾ, കീ ചെയിനുകൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ വിൽപ്പനക്ക് ലഭ്യമാക്കാം. വിവിധ ജീവികളുടെയും വിളകളുടെയും പരിപാലന സഹായികളായ പുസ്തകങ്ങളും സി.ഡികളും മറ്റും വിൽപ്പനക്കുണ്ടായിരിക്കണം. നേരിട്ട് മുതൽ മുടക്കില്ലാതെ സ്കിൽഡ് സേവനം ലഭ്യമാക്കുകയാണെങ്കിൽ മൺപാത്രം, കുട്ട, മുറം മുതലായവയുടെ നിർമ്മാണ പ്രദർശനവും വിൽപ്പനയും അനുബന്ധമായി കൂട്ടിച്ചേർക്കാം.

ഫാം കോമ്പൗണ്ടിന് തനത് ശൈലിയിലുള്ള ഒരു കമാനവും ഇതിനോട് ചേർന്ന് ടിക്കറ്റ് കൗണ്ടറും വാഹന പാർക്കിങ്ങ് സൗകര്യവും വിൽപ്പനശാലയും സജ്ജമാക്കണം. ഇവിടെയായി സന്ദർശകർക്കായുള്ള വിവിധ നിർദ്ദേശങ്ങൾ അറിയിക്കുന്ന പ്രദർശന ബോർഡുകൾ സ്ഥാപിക്കാം. നിർദ്ദേശങ്ങൾ അച്ചടിച്ച് ടിക്കറ്റ് കൗണ്ടർ മുഖേന ലഘുലേഖയായും നൽകാവുന്നതാണ്.

### പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



- പ്രവേശന ഫീസ് അല്പം ഉയർന്ന നിരക്കിൽ നിശ്ചയിച്ചാൽ സന്ദർശക ബാഹുല്യം നിയന്ത്രിക്കുന്നതിനും ശരിയായ താൽപ്പര്യം ഉള്ളവരെ ആകർഷിക്കുന്നതിനും സഹായകരമാകും.
- ഫാമിൽ ഫ്ളക്സ്, പ്ലാസ്റ്റിക് ഉപയോഗം കർശനമായി നിയന്ത്രിക്കണം, അടയാള ബോർഡുകളും മറ്റും പ്രകൃതിക്കിണങ്ങുന്ന രീതിയിൽ തടി, പാട്ട, പനമ്പ് എന്നിങ്ങനെയുള്ളവയിൽ നിർമ്മിക്കുക.
- ഫാമിലെ വിവിധ മൃഗങ്ങൾ, പ്രദർശന വസ്തുക്കൾ, മരങ്ങൾ എന്നിവക്കെല്ലാം അരികിലായി അവയുടെ ലഘു വിവരണം അടങ്ങിയ മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ബോർഡുകൾ സ്ഥാപിക്കണം. ഇവയെല്ലാം ഏകീകൃത ഡിസൈനുകളിലുള്ളതാകണം.
- ഫാമിൽ പ്രവേശിക്കുന്നതിനു മുമ്പും സന്ദർശനത്തിനു ശേഷവും അണുബാധ പകരുന്നത് നിയന്ത്രിക്കുന്നതിനായി ഫുട്ബാത്ത്, പ്രൊട്ടക്റ്റീവ് ക്ലോത്ത് തുടങ്ങിയ ബയോ സുരക്ഷാ നടപടികൾ കൈക്കൊള്ളണം.
- സെക്യൂരിറ്റി ഗാർഡുകളെയോ നിരീക്ഷണ ക്യാമറകളോ ഉപയോഗിച്ച് സുരക്ഷാ സംവിധാനം കർശനമാക്കണം.
- ഫാമിലേയ്ക്ക് വരുന്ന വഴിയ്ക്ക് പ്രധാന കവലകളിലും മറ്റും വഴി വ്യക്തമാക്കുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കണം. പരിസരം വൃത്തിയാക്കലും ചെറിയ അറ്റകുറ്റപ്പണികളും പിന്നത്തേക്ക് മാറ്റി വയ്ക്കാതെ ഉടനടി ചെയ്യണം. ഉപകരണങ്ങളും മറ്റു സാധനങ്ങളും വിശ്വാസ്യതയുള്ള കമ്പനിയുടെ തന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കുക.

ഒറ്റയടിക്ക് ഭീമമായ തുക നിക്ഷേപിച്ച് വലിയ മുടക്കുമുതലിൽ ആരംഭിക്കാതെ, താങ്ങാവുന്നത്ര മാത്രം ചെലവഴിച്ച് ശരാശരി രീതിയിൽ ആരംഭിക്കുകയും പടിപടിയായി ഉയർത്തി മികച്ച ഒരു സംരംഭമായി വളർത്തിയെടുക്കുന്ന രീതിയായിരിക്കും ഉത്തമം. ആത്മവിശ്വാസം കൈമുത

ലായുണ്ടെങ്കിൽ, അർപ്പണ ബോധവും വിജയം കൈവരിക്കുമെന്ന നിശ്ചയദാർഢ്യവും കൂടെയുണ്ടെങ്കിൽ, ഫാം ടൂറിസം മികച്ച സാധ്യതകളാണ് മുന്നിൽ തുറന്നുവക്കുന്നത്.

### ഗ്രീൻ ഫാംസ് കേരള പദ്ധതി

സംസ്ഥാനത്ത് ഫാം ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി സർക്കാരിന്റെ ഗ്രീൻ ഫാംസ് കേരള പദ്ധതി നിലവിലുണ്ട്. ഇത് പ്രകാരം 10 ഏക്കറുള്ള ഫാമോ 50 ഏക്കർ തോട്ടമോ ഉള്ള കർഷകർക്ക് 5 ലക്ഷം രൂപ വരെ ടൂറിസം വകുപ്പിന്റെ ധനസഹായം ലഭിക്കുന്നതാണ്. പുതിയ പോളിസി പ്രകാരം 50 ഏക്കർ തോട്ടം എന്നത് 15 ഏക്കർ എന്നാക്കി കുറയക്കാൻ സാധ്യതയുണ്ട് എന്നറിയുന്നു. ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ ഇതിനുള്ള അപേക്ഷാ ഫോം ലഭ്യമാണ്. ഫോം പൂരിപ്പിച്ച് ആയിരം രൂപ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം ടൂറിസം വകുപ്പിന് അപേക്ഷ സമർപ്പിക്കുക. പദ്ധതി പൂർത്തിയാക്കിയതിനു ശേഷമേ സബ്സിഡി ലഭിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് ടൂറിസം ഡിപ്പാർട്ട്മെന്റ് ഡയറക്ടറേറ്റിൽ ബന്ധപ്പെടുക. (ഫോൺ. 0471-2321132). ഗ്രീൻ ഫാം കേരള പദ്ധതിയിൽ ഉൾപ്പെടുന്നത് സബ്സിഡി ലഭ്യമാകുന്നതിലുപരിയായി സർക്കാരിന്റെ ഔദ്യോഗിക അംഗീകാരം ലഭിക്കുന്നതിനും വിവിധ ഏജൻസികളുടെ ടൂർ പരിപാടികളുമായി ബന്ധപ്പെട്ട് പ്രധാന ഡെസ്റ്റിനേഷൻ ആയി പ്രവത്തിക്കുന്നതിനും വഴിതെളിക്കും.

# നാവടക്കും മരംകൊത്തി



മരം കൊത്തികൾ നമ്മുടെ നാട്ടിൽ സുലഭമാണ്. അവ മരത്തിൽ ആഞ്ഞ് കൊത്തുന്നത് കൗതുകത്തോടെ നാം നോക്കി നിൽക്കാറുണ്ട് അല്ലെ. ഒന്ന് ആലോചിച്ചു നോക്കൂ നമ്മൾ നമ്മുടെ തല കൊണ്ട് അത്രയും വേഗത്തിൽ മരത്തിൽ കൊത്തിയാൽ എത്ര വേദന എടുക്കും എന്ന്. ചില മരം കൊത്തികൾക്ക് സെക്കന്റിൽ 10 തവണ വരെ കൊത്താൻ കെൽപ്പുണ്ടത്രേ! എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ ഇതെങ്ങനെ സാധിക്കുന്നു എന്ന്. ഇതിന്റെ ഉത്തരം മരംകൊത്തിയുടെ നാക്കിലാണ്. അവയുടെ നാക്കിന് 1 മീറ്ററോളം നീളം ഉണ്ടാകും. അത് ചുരുട്ടി അടക്കി തലയ്ക്കുള്ളിൽ തിരുകി ഇരിക്കുകയാണ്. ഇത് ഒരു ഷോക്ക് അബ്സോർബർ (shock absorber) ആയി പ്രവർത്തിക്കുന്നത് കൊണ്ടാണ് തലയിൽ ഏൽക്കുന്ന മർദ്ദം അവയ്ക്ക് അപകടങ്ങൾ സൃഷ്ടിക്കാത്തത്.

**ഡോ.അനൂപ്. ആർ**
വെറ്ററിനറി സർജൻ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
കുടപ്പനക്കുന്ന്



# പട്ടുണ്ണി ഒരു ചെറിയ ഉണ്ണിയല്ല

**ഡോ. സുമി ചെറിയാൻ**
വെറ്ററിനറി സർജൻ, മുട്ടാർ,
ആലപ്പുഴ

“ഓടി വായോ, ദേ അമ്മുക്കുട്ടീടെ മേലെല്ലാം മൂട്ട കടിക്കുന്നു.”

തൊഴുത്തിൽ നിന്നും അന്നമ്മേടെ നിലവിളി കേട്ട് തെങ്ങിന് തടമെടുത്തു കൊണ്ടിരുന്ന അവറാച്ചൻ തൂമ്പാ പോലും നിലത്തു വയ്ക്കാതെ തൊഴുത്തിലേക്കോടി.

“മൂട്ടയോ? പശുവിന്റെ മേലോ? നീയൊന്നു പോയെ, ഞാനൊന്നു നോക്കട്ടെ?”

അവറാച്ചൻ അമ്മുക്കുട്ടിയുടെ അടുത്തുചെന്നു സസൂക്ഷമം പരിശോധിച്ചു.

സംഗതി ശരിയാണ്. അമ്മുക്കുട്ടിയുടെ ദേഹത്ത് അവിടിവിടെയായി എന്തൊക്കെയോ ജീവികൾ പറ്റിപ്പിടിച്ചിരിപ്പുണ്ട്. ചെവിയുടെ പുറകിലും കാലിനിടയിലും വാലിനടിയിലുമെല്ലാം ഉണ്ടല്ലോ, ഇതെവിടന്നു വന്നു. അതും ഇത്ര പെട്ടെന്ന്, മൂട്ടയാണോ? ഏയ്, മൂട്ടയ്ക്കിതിലും വലുപ്പമുണ്ടല്ലേ. എട്ടുകാലിയാണോ? അങ്ങനെയെങ്കിൽ കാലിനു കുറച്ചുകൂടെ നീളം വേണ്ടേ, ഇതെന്താണാവോ സാധനം? വിളവ് കൂട്ടാൻ വളത്തിന് വേണ്ടിയാണ് ഒരു പശുവിനെ വാങ്ങിയത്. ഇതിപ്പം മൂട്ട കടി കൊണ്ട് പണിയാകുമോ ദൈവമേ...

“ഒരു കാര്യം ചെയ്യാം, കുറച്ച് മൂട്ട വിഷമിരിപ്പുണ്ട്. കുറച്ചു വെള്ളത്തിൽ കലക്കി മേലൊന്നു തൂക്കാം,” അന്നമ്മയ്ക്കൊരു ഐഡിയ കത്തി.

“നീയെന്നതാ ഈ പറയുന്നേ, മൂട്ട വിഷം തുത്താൽ മൂട്ട മാത്രമല്ല, അമ്മുക്കുട്ടിയും ചാവും”

“എന്നാ പിന്നെ കുറച്ച് മണ്ണെണ്ണ തുത്താലോ”

“നീയൊന്നും തൂക്കണ്ട, നീയെന്റെ ഷർട്ടിങ്ങെടുത്തേ, ഞാൻ ആശുപത്രിയിൽ ചെന്നൊരു വിവരം പറയാം. അല്ലേലേ ഒന്നു പോണമെന്നു വച്ചിരിക്കുവായിരുന്നു. ഈ അടുത്തായി അമ്മുക്കുട്ടിക്കൊരു മൗനവും, പാലു കൊറവുമൊക്കെയുണ്ട്.”

അന്നമ്മ ഷർട്ടെടുക്കാൻ പോയ സമയത്തിന് അവറാച്ചൻ രണ്ടു മൂന്ന് ജീവികളെ അമ്മുക്കുട്ടീടെ ദേഹത്തു നിന്നു പറിച്ചെടുത്തു. വിചാരിച്ച പോലെയല്ല, ഈ കുഞ്ഞന്മാർക്ക് നല്ല ശക്തിയാണല്ലോ, തൊലിപ്പുറത്ത് നിന്നും പറിച്ചെടുക്കാൻ എന്തൊരു പാടാണ്. ആശുപത്രിയിലേയ്ക്ക് പോകുന്ന വഴി അവറാച്ചനോർത്തു.

“അപ്പോ ഇതാണല്ലേ പ്രതി. ഇത് മൂട്ടയും





എട്ടുകാലിയുമൊന്നുമല്ല കേട്ടോ അവറാച്ചാ, ഇവനാണ് പട്ടുണ്ണി.'' അവറാച്ചൻ ഹാജരാക്കിയ കുഞ്ഞന്മാരെ നോക്കി ഡോക്ടർ പറഞ്ഞു.

**''പട്ടുണ്ണി, അതാരാ?''**

''ഇതൊരു ബാഹ്യ പരാദമാണ്. പേൻ, ചെള്ള് എന്നിവയെപ്പോലെ മറ്റു ജീവികളുടെ രക്തമൂറ്റിക്കുടിച്ച് ജീവിക്കുന്നവ. ചിലയിടങ്ങളിൽ ഇവയെ വട്ടനെന്നും കാലിമൂട്ടയെന്നുമൊക്കെ വിളിക്കും. ഇംഗ്ലീഷിൽ 'ടിക്ക്' എന്നാണറിയപ്പെടുന്നത്. ഒരു പട്ടുണ്ണി ഒരു ദിവസം 0.5 മില്ലി രക്തം വരെ ഊറ്റിക്കുടിക്കും. ഒരു പത്തിരുപതു പട്ടുണ്ണി ഒരു പശുവിന്റെ ദേഹത്തുണ്ടെങ്കിൽ പല ദിവസം എത്ര ലിറ്റർ രക്തം ഊറ്റി കുടിക്കുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ.''

''വെറുതെയല്ല, പശുന് ഈയിടെയായി ഒരു വിളർച്ചയും ക്ഷീണവും,'' അവറാച്ചൻ പറഞ്ഞു.

''രക്തക്കുറവു മാത്രമല്ല, ഇവയ്ക്ക് മറ്റ് ദൂഷ്യവശങ്ങളുണ്ട്. ഇവയുടെ കൂർത്ത വായകൊണ്ട് തൊലിപ്പുറത്തുണ്ടാക്കുന്ന മുറിവുകൾ മൂലമുള്ള അസ്വസ്ഥതകൾ, ഇവയുടെ ഉമിനീരിലെ ചില പ്രത്യേക രാസപദാർത്ഥങ്ങൾ മൂലമുള്ള അലർജി, ഇവ സ്ഥിരം ശല്യക്കാരാകുമ്പോളുണ്ടാകുന്ന ഉത്പാദന കുറവ് എന്നിങ്ങനെ നാനാവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഇവ മൂലമുണ്ടാകുന്നു. കിടാക്കളിൽ ഇവ മരണിനു വരെ കാരണമയേക്കാം.''

**ഇത്ര ഭീകരന്മാരാണോ ഈ ഇത്തിരി കുഞ്ഞന്മാർ ?**

''എന്നാൽ ശരിക്കുള്ള ഭീകരത ഇതൊന്നുമല്ല. അനാപ്ലാസ്മ, ബബീസിയ, തൈലേറിയ തുടങ്ങിയ പല തരം പനികൾ ഇപ്പോൾ കന്നുകാലികൾക്കിടയിൽ വളരെ കൂടുതലാണ്. ഇവ പരത്തുന്ന രക്ത പരാദ ഏകകോശ ജീവികളുടെ വാഹകരായി വർത്തിച്ച് ഇവ ഒരു പശുവിൽ



നിന്നും മറ്റൊരു പശുവിലേക്ക് പരത്തുന്നതും ഈ പട്ടുണ്ണികളാണ്. എത്ര കന്നുകാലികളാണെന്നോ ഈ അസുഖങ്ങൾ മൂലം മരണപ്പെടുന്നത്. എന്തായാലും അവറാച്ചന്റെ പശുവിന്റെ ലക്ഷണങ്ങൾ നീണ്ടു നില്ക്കുകയാണെങ്കിൽ നമുക്കൊരു രക്ത പരിശോധനയൊക്കെ ചിലപ്പോൾ നടത്തേണ്ടി വരും.''

**ഇവയെ നിയന്ത്രിക്കാനൊരു മാർഗ്ഗവുമില്ലേ?**

''ഉണ്ടല്ലോ....ഇവയെ നശിപ്പിക്കാനുതകുന്ന പ്രത്യേക ലായനികളും, ആവശ്യമെങ്കിൽ ഇൻജക്ഷനും ഗുളികകളുമെല്ലാം ലഭ്യമാണ്. യാതൊരു കാരണവശാലും ഇവയെ പറിച്ചെടുക്കുവാൻ ശ്രമിക്കരുത്. വായുടെ കൂർത്ത ഭാഗങ്ങൾ തൊലിക്കിടയിൽ തന്നെ ഇരിക്കുകയും, അവിടെ ചെറിയ വ്രണങ്ങളുണ്ടാകുകയും ചെയ്യും. പട്ടുണ്ണികൾ മുട്ടയിട്ടു പെരുകുന്നതു ഈർപ്പമേറെയുള്ളതും വെളിച്ചമേൽക്കാത്തതുമായ സ്ഥലങ്ങളിലാണ്. അതിനാൽ തൊഴുത്തിൽ വായുസഞ്ചാരമുറപ്പാക്കി, തറയും മൂലകളും പുൽത്തൊട്ടിയുമെല്ലാം അണുനാശിനിയുപയോഗിച്ച് കഴുകുകയും പൊട്ടലുകളെല്ലാം നന്നാക്കുകയും വേണം. തൊഴുത്തിൽ പുതിയ മൃഗങ്ങളെ കൊണ്ടുവരുമ്പോൾ അവയുടെ ദേഹത്ത് പട്ടുണ്ണി ബാധയുണ്ടോ എന്ന് സൂക്ഷ്മമായി പരിശോധിക്കണം. മാത്രമല്ല, പുല്ല്, കച്ചി എന്നിവയിലും ഇവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പു വരുത്തണം. എങ്കിൽ ഒരു പരിധി വരെ ഇവയെ അകറ്റി നിർത്താനാകും.''

''അപ്പോ ഈ പട്ടുണ്ണി അത്ര ചെറിയ ഉണ്ണി അല്ല, അല്ലേ ഡോക്ടറേ?'' അവറാച്ചന് ചോദിക്കാതിരിക്കാനായില്ല.

''അല്ലേയല്ല'' ഡോക്ടർ ചിരിച്ച് കൊണ്ട് പറഞ്ഞു.''പക്ഷേ എത്ര വമ്പനായാലും നമ്മൾ കൊമ്പുകുത്തിക്കില്ലേ അവറാച്ചാ.''



# ചിറകു മുളയ്ക്കുന്ന യുവ സ്വപ്നങ്ങൾ


**സുരേഷ് പി**
ഫീൽഡ് ഓഫീസർ, എൽ.എം.റ്റി.സി
സുൽത്താൻ ബത്തേരി


വയനാട് ജില്ലയിലെ മാനന്തവാടിക്കടുത്ത് തിരുനെല്ലി പഞ്ചായത്തിലെ തൃശ്ശിലേരിയിൽ 16ാം വാർഡിൽ വതിനിലം കോളനിയിൽ താമസിക്കുന്ന 23 കാരൻ മൃഗപരിപാലനത്തിലൂടെ തന്റെയും കുടുംബത്തിന്റെയും ജീവിത സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിക്കുകയാണ്.

പാപനാശിനി, പക്ഷിപാതാളം ബാവലിപ്പുഴ എന്നിവയാൽ പ്രസിദ്ധമായ തിരുനെല്ലി പഞ്ചായത്ത് ജൈവരീതിയിലുള്ള കൃഷിയിലും പ്രസിദ്ധമാകുന്നു.

ചെറിയ തോതിലുള്ള പശു വളർത്തൽ, ആടുവളർത്തൽ എന്നിവയിലൂടെ ഉപജീവനം കണ്ടെത്തിയ അമ്മയെ കുഞ്ഞുനാളിൽ സഹായിച്ചുകൊണ്ടാണ് ബിനു ഈ മേഖലയിലേയ്ക്ക് കാൽവച്ചത്. ബാല്യത്തിൽ അച്ഛനെ നഷ്ടപ്പെട്ട ബിനു അമ്മയുടെ പരിശ്രമത്താൽ 10-ാം ക്ലാസ്സ് പഠനം പൂർത്തീകരിച്ച് മൃഗപരിപാലനത്തിലൂടെ വീടിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയായിരുന്നു.

സാമ്പത്തിക പരാധീനത മൂലം തികച്ചും നാടൻ രീതിയിൽ വിവിധ തരം കാർഷിക വിളകളും പക്ഷിമൃഗാദികളും ഒത്തുചേർന്ന സമ്മിശ്ര കൃഷിയിലൂടെ തന്റെ ആഗ്രഹങ്ങളെല്ലാം നിറവേറ്റുകയാണ് ഈ യുവാവ്. ഇപ്പോൾ രണ്ടായിരത്തി അഞ്ഞൂറോളം കാടകളെ വളർത്തുന്നു. ബ്രൂഡറിൽ നിന്നും മാറ്റി കുറച്ചുനാൾ വളർത്തി ഒരു മാസം പ്രായമാകുമ്പോൾ വിപണിയിൽ ലഭ്യമാക്കുകയാണ് പ്രധാനമായും ചെയ്യുന്നത്.

500 കാടകളെ വീതം വച്ചുള്ള വട്ടങ്ങളിലാണ് ബ്രൂഡിംഗ് തുടങ്ങുന്നത്. ഇതുമൂലം മരണനിരക്ക് വളരെ കുറയുന്നു എന്നാണ് ബിനു പറയുന്നത്. 8 ദിവസം പേപ്പർ ബ്രൂഡിംഗിനു ശേഷം അതേ വട്ടത്തിൽ അറക്കപ്പൊടി വിരിച്ച് നാല് ദിവസം കൂടി ബ്രൂഡിംഗ് നടത്തുന്നു. അതിനു ശേഷം മറ്റൊരു ഷെഡിലേയ്ക്ക് തുറന്ന് വിട്ട് ആവശ്യത്തിന് പ്രകാശവും, ചൂടും, ഭക്ഷണവും ശുദ്ധജലവും നൽകി ഒരു മാസത്തിനടുത്ത് പ്രായമെത്തുമ്പോൾ ആൺ കാടക്കുഞ്ഞുങ്ങൾക്ക് 27 രൂപാ നിരക്കിലും, പെൺ കാടക്കുഞ്ഞുങ്ങൾക്ക് 33 രൂപാ നിരക്കിലും വിൽപ്പന നടത്തുന്നു. എല്ലാ ചെലവുകളും കഴിച്ച് തന്റെ അധ്വാനത്തിന്റെ പ്രതിഫലമായി പ്രതിമാസം 17000 രൂപ വരെ ബിനുവിന് ഈ ഇനത്തിൽ ലഭിക്കുന്നു.

വീടിന്റെ പുറകുവശത്ത് നിർമ്മിച്ചിട്ടുള്ള കാലിത്തൊഴുത്തിൽ മൂന്ന് കറവപ്പശുക്കളും രണ്ട് കിടാരികളേയും വളർത്തി വരുന്നുണ്ട്. ദിവസം 24 ലിറ്ററോളം പാൽ ആപ്കോസിൽ നൽകാൻ കഴിയുന്നതായി ബിനു പറഞ്ഞു. എച്ച്.എഫ് വർഗ്ഗത്തിലും ജെഴ്സി വർഗ്ഗത്തിലുമുള്ള സുനന്ദിനി പശുക്കളാണ് ബിനുവിനുള്ളത്. സുനന്ദിനി ബ്രീഡിലുള്ള ജഴ്സി പശുക്കളെ വളർത്തുന്നതി

ലാണ് ബിനുവിന് താല്പ്പര്യം. തന്റെ പുരയിടത്തിൽ മേയാൻ വിട്ട് വളർത്താൻ കഴിയുന്നതും മറ്റുള്ളവയെ അപേക്ഷിച്ച് കുറഞ്ഞ തീറ്റച്ചെലവും പ്രതിരോധശേഷി കൂടുതലും ഉണ്ടെന്നതാണ് ഇതിന്റെ നേട്ടം.

തൊഴുത്തിനോട് ചേർന്നു തന്നെ കമുകും, ഷീറ്റും ഉപയോഗിച്ച് ഒരു ഷെഡ് പണിത് 12 ആടുകളേയും ബിനു വളർത്തുന്നുണ്ട്. തന്റെ അറിവിൽ ആട് വളർത്തൽ പൊതുവേ കുറഞ്ഞ ചെലവിൽ നടത്താൻ സാധിക്കുന്നു എന്നാണ് ബിനുവിന്റെ സാക്ഷ്യം. മലബാറി ഇനത്തിൽപെട്ട 4 പെണ്ണാടുകളും ജമുനാപാരി ഇനത്തിൽപ്പെട്ട 2 മുട്ടനാടുകളും 6 കുഞ്ഞുങ്ങളുമാണ് ഉള്ളത്. ക്രിസ്തുമസ്, പെരുന്നാൾ മറ്റ് വിശേഷ സമയങ്ങളിൽ നല്ല വിപണി വില ലഭിക്കുന്നതാണെന്ന് ഇദ്ദേഹം പറയുന്നു. ആൺകുഞ്ഞുങ്ങളെ 4-5 മാസം പ്രായമാകുമ്പോൾ വിൽപ്പന നടത്തുന്നു. മുട്ടനാടിനെ ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ വിൽപ്പന നടത്തുകയോ തന്റെ പ്രദേശത്തെ മറ്റ് ആടുവളർത്തൽ കർഷകരുമായി ചേർന്ന് കൈമാറ്റം ചെയ്യുകയോ ചെയ്യുന്നു. കുഞ്ഞുങ്ങളുടെ ആവശ്യത്തിനു ശേഷവും ഒന്നര ലിറ്ററോളം പാൽ ദിവസവും ഈ കർഷകന് ലഭിക്കുന്നുണ്ട്. പിണ്ണാക്കും, കുറച്ച് കുറിയരിക്കഞ്ഞിയും, പ്ലാവിലയും നൽകുന്നതിന് പുറമേ പുറത്തഴിച്ചു വിടാനും സാധിക്കുന്നു. പ്രതിവർഷം 30,000 രൂപയോളം വരുമാനമുണ്ടാക്കാൻ കർഷകന് സാധിക്കുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിൽ നിന്ന് സ്വന്തം അദ്ധ്വാനത്താലും താൽപ്പര്യത്താലും പ്രവൃത്തി ചെയ്യുന്ന ബിനുവിന് കോഴി വളർത്തലിലും താൽപ്പര്യമുണ്ട്. നാടൻ കോഴിവർഗ്ഗങ്ങൾ, കുരിങ്കോഴി, ഗ്രാമശ്രീ, ഗ്രാമപ്രിയ, കൈരളി, സിൽക്കി (ഫാൻസി) കോഴികൾ എന്നിവ വളർത്തുന്നതിലൂടെ ആവശ്യക്കാർക്ക് ന്യായമായ വിലക്ക് കോഴിമുട്ടകളും കോഴിക്കുഞ്ഞുങ്ങളേയും ലഭ്യമാക്കുന്നു.

പോമറേനിയൻ ജനുസ്സിൽപ്പെട്ട ആൺപട്ടി ബിനുവിന്റെ ഉറ്റതോഴനാണ്. തന്റെ പുരയിടത്തിൽ രാത്രികാലങ്ങളിലെ നല്ലൊരു കാവൽക്കാരനെന്നതിലുപരി ക്ഷുദ്രജീവികളുടെ സാന്നിധ്യം തടയുന്നതിനും ഇവനിലൂടെ സാധിക്കുന്നു. കൂടാതെ പെൺപട്ടികളെ ഇണ ചേർക്കുന്നതിലൂടെ ലഭിക്കുന്ന കുഞ്ഞുങ്ങളെ വർഷത്തിൽ ചുരുങ്ങിയത് 2 തവണ വിൽപ്പന നടത്തുന്നതിലൂടെ 5000 രൂപയ്ക്ക് പുറമെ ലഭിക്കുകയും ചെയ്യുന്നു.

പുരയിടത്തിനടുത്ത് വയൽ പാട്ടത്തിനെടുത്ത് CO3 ഇനത്തിൽപ്പെട്ട തീറ്റപ്പുൽക്കൃഷിയും ഇദ്ദേഹം ചെയ്തു വരുന്നു. പോയ വർഷങ്ങളിൽ വീട്ടു മൃഗങ്ങളുടെ ആവശ്യം കഴിഞ്ഞതിനു ശേഷം ഏകദേശം 14,000 രൂപക്ക് തീറ്റപ്പുൽ ആപ്കോസ് മുഖേന വിൽപ്പന നടത്താൻ ബിനുവിനു സാധിച്ചു.



സാമ്പത്തിക സഹായം ഒന്നും ലഭിക്കാതെ തന്നെയാണ് ബിനു സ്വപ്രയത്നത്താൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. അമ്മയുടെ പരമാവധി സഹായം ബിനുവിനു ലഭിക്കുന്നു.

തന്റെ ഈ രംഗത്തെ പ്രവൃത്തിയും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ അമ്മ ജോലിയ്ക്ക് പോകുന്നതും കൊണ്ടാണ് സാമാന്യം നല്ല നിലയിലുള്ള വീട് നിർമ്മിക്കുന്നതിനും സഹോദരിയെ വിവാഹം ചെയ്തയക്കാനും ഈ കുടുംബത്തിന് സാധിച്ചത്.

ഈ മേഖലയിൽ ബിനുവിന് ഒരുപാട് പ്രതീക്ഷകളാണ് ഉള്ളത്. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചാൽ അതെല്ലാം വളരെ വേഗത്തിൽ സാധിക്കുമെന്നാണ് ബിനുവിന്റെ കണക്കുകൂട്ടൽ. ഇറച്ചിതാറാവുകൾക്ക് നല്ല സാധ്യതകളുണ്ടെന്നും അതിനായി നല്ലൊരു ഷെഡ് പണിയണമെന്നും സാമാന്യം നല്ല രീതിയിൽ ഇറച്ചിത്താറാവ് വളർത്തൽ നടത്തണമെന്നും ഈ യുവകർഷകൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒപ്പം തന്റെ ജീവിതത്തെ കൈപിടിച്ചുയർത്താൻ സഹായിച്ച കാടവളർത്തൽ, ആടുവളർത്തൽ പശുപരിപാലനം എന്നിവ വിപുലമായ രീതിയിൽ നടത്താൻ കഴിയുമെന്നാണ് ഇരുപത്തിമൂന്നുകാരനായ ബിനുവിന് പറയാനുള്ളത്.

മലമുകളിൽ നിന്നും വരുന്ന ഉറവ ഉപയോഗപ്പെടുത്തുന്നതിനാൽ യാതൊരു ജലദൗർലഭ്യവും



ബിനുവിന്റെ വളർത്തു മൃഗങ്ങൾക്കില്ല. ബിനുവിന്റെ കോളനിയിലെ ഒരേക്കർ സ്ഥലത്ത് ബാക്കി ഭാഗങ്ങളിൽ കാപ്പി, കൊക്കോ, കമുക്, കപ്പ എന്നിവ സാമാന്യം നല്ല രീതിയിൽ കൃഷി ചെയ്ത് വരുന്നു. മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന വേസ്റ്റും, കാലിവളവും കൃഷിക്കുപയോഗപ്പെടുത്തിയ ശേഷം ബാക്കി കർഷകർക്ക് വിൽപ്പന നടത്തുന്നതിലൂടെ നല്ല വില ലഭിക്കുന്നതിനോടൊപ്പം വീടും പരിസരവും ശുചിയായി നിലനിർത്താൻ സഹായിക്കുന്നു. വേണ്ടത്ര വാഹന സൗകര്യം ലഭ്യമല്ലാത്ത ചെങ്കുത്തായ പ്രദേശമായതിനാൽ തന്റെ ടൂവീലറിലാണ് കാലികൾക്ക് വേണ്ട ആഹാരങ്ങൾ എത്തിക്കുന്നത്.

മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന അറിവും അനുഭവജ്ഞാനവും ഇദ്ദേഹത്തിന് ഏറെ സഹായകരമാകുന്നുണ്ട്. ഇത്തരം പരിശീലനത്തിലൂടെയും മറ്റ് കർഷകരിൽ നിന്നും നേടുന്ന അറിവും അനുഭവ സമ്പത്തും ഈ മേഖലയിലേയ്ക്ക് വരുന്ന യുവതലമുറയ്ക്ക് പുത്തൻ ദിശാബോധവും പ്രചോദനവും ആകുമെന്ന ഉത്തമ വിശ്വാസത്തിലാണിദ്ദേഹം .

തികച്ചും തനതായ രീതിയിലാണ് ഇവയെല്ലാം ബിനു വളർത്തി വരുന്നത്. ഈ രംഗത്ത് ജൈവ രീതികൾ പരമാവധി അവലംബിക്കുന്നതിനാൽ വളരെ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കാൻ ബിനുവിനു സാധിക്കുന്നു.

ബിനുവിന്റെ കാർഷിക രംഗത്തുള്ള ആഗ്രഹങ്ങൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കട്ടേയെന്നും ഒപ്പം കുടുംബത്തിന്റെ വളർച്ചയ്ക്കും മാറിയ കാലഘട്ടത്തിൽ ജൈവ ഉല്പന്നങ്ങൾക്കുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തന മേഖലയിൽ വരുന്നതിന് മറ്റു കർഷകർക്ക് പ്രചോദനമാകട്ടേയെന്നും ആശംസിക്കുന്നു.

# ഡയറിഫാം തുടങ്ങും മുമ്പെ ശ്രദ്ധിക്കാൻ



**ഡോ. സി.കെ.ഷാജു**
ഡെപ്യൂട്ടി ഡയറക്ടർ, എൽ.എം.റ്റി.സി
ആലുവ

കേരളത്തിൽ ഏറെ സാധ്യതയുള്ള ഒരു സാംരഭമാണ് പശു വളർത്തൽ. പരമ്പരാഗതമായ കന്നുകാലി വളർത്തലിന്റെ ചട്ടക്കൂട്ടിൽ നിന്നും കർഷകർ ആധുനികവൽക്കരണത്തിന്റെ പാതയിലേയ്ക്ക് മാറികൊണ്ടിരിക്കുന്നു. നിരവധി പ്രവാസികൾ ഈ രംഗത്തേക്ക് വന്നുകൊണ്ടിരിക്കുന്നു. തുടങ്ങിയ ഫാമുകളിൽ ചിലത് നടത്തിക്കൊണ്ട് പോകാൻ കഴിയാതെ പൂട്ടേണ്ട സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഡയറിഫാം സംബന്ധിച്ച് നടത്തുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത്, ലാഭകരമായി പ്രവർത്തിക്കുന്ന ഡയറി ഫാമുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ടറിഞ്ഞ് വേണം ഈ മേഖലയിലേയ്ക്ക് പണം മുടക്കേണ്ടത്.

ചെലവ് കുറഞ്ഞ കാലിതൊഴുത്ത് നിർമ്മിക്കുക, തീറ്റ ചെലവ് കുറയ്ക്കാൻ പച്ചപ്പുൽ കൃഷി നടത്തുക, പാൽ സ്വന്തമായി ഉപഭോക്താക്കൾക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് നൽകുക എന്നതൊക്കെ ചെയ്യുന്നത് ചെലവ് ഗണ്യമായി കുറയ്ക്കും. പാൽ ഉത്പന്നങ്ങളായ തൈര്, നെയ്യ്, സംഭാരം എന്നിങ്ങനെയുള്ളവയ്ക്ക് വിപണി കണ്ടെത്തുക. ചാണകം ഉണക്കി വളമായി നൽകുക. മണ്ണിര കമ്പോസ്റ്റ് ജീവാമൃതം, പഞ്ചഗവ്യം എന്നിങ്ങനെ ജൈവകൃഷിക്കാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിറ്റും പശുവളർത്തൽ ലാഭകരമാക്കാവുന്നതാണ്.

ഡയറിഫാം തുടങ്ങും മുമ്പെ അതിന്റെ രൂപകല്പന മനസ്സിലുണ്ടായിരിക്കണം. എത്ര പശുക്കൾ വേണം, അവയ്ക്കു എത്ര പാൽ ലഭിക്കണം, ലഭിക്കുന്ന പാലിന് എന്താണ് വിപണി ഇതൊക്കെ ആലോചിക്കേണ്ടതാണ്. ഫാമിന്റെ കെട്ടിട നിർമ്മാണം പശുക്കളുടേയും കിടാക്കളുടേയും എണ്ണം അനുസരിച്ച് തീരുമാനിക്കണം. 5ൽ അധികം പശുക്കളെ വളർത്തുമ്പോൾ അതിനാവശ്യമായ ലൈസൻസിംഗ് സംബന്ധിച്ച് അറിഞ്ഞിരിക്കണം.

തൊഴുത്ത്, ചാണകം ശേഖരിക്കുന്നതിനുള്ള സ്ലറി ടാങ്ക്, തീറ്റ സൂക്ഷിക്കുന്നതിനുള്ള സംവിധാനം എന്നിവ സംബന്ധിച്ച് ആദ്യം തീരുമാനമെടുക്കണം. തീറ്റപ്പുൽക്കൃഷിയ്ക്ക് സ്ഥലം കണ്ടെത്തുകയോ പാട്ടത്തിനായി കൃഷിഭൂമി കരസ്ഥമാക്കുകയോ ചെയ്യാം. പച്ചപ്പുല്ലിന് ക്ഷാമം ഉണ്ടാകുന്ന സമയത്തേയ്ക്കാവശ്യമായ വൈക്കോൽ വാങ്ങി കരുതലായി സൂക്ഷിച്ച് വെയ്ക്കണം. ഇതിനുവേണ്ട മുറി സജ്ജമാക്കണം.

വിപണി അറിഞ്ഞു വേണം സംരംഭം തുടങ്ങേണ്ടത്. പാൽ പാലായിട്ടു നല്കാം പാലിന്റെ അളവ് കൂടുതലുണ്ടെങ്കിൽ അത് തണുപ്പിക്കുന്നതിനുള്ള ചെറിയ മിൽക്ക് കൂളർ (BMC 1500 ലിറ്റർ ശേഷി) വാങ്ങണം. തണുപ്പിച്ച പാൽ കവറുകളിലാക്കുന്നതിനുള്ള പാക്കിംഗ് മിഷ്യൻ ആവശ്യമായി വരും. പ്രാദേശികമായി വിറ്റഴിയുന്ന പാലിന് ശേഷം പാൽ മിച്ചം വരുന്നത് അതാത് ദിവസങ്ങളിൽ ക്ഷീര സംഘങ്ങളിൽ നൽകണം.

അധികം ലഭിക്കുന്ന പാലിൽ നിന്നും സംഭാരം, തൈര്, നെയ്യ് എന്നീ നാടൻ പാൽ ഉൽപന്നങ്ങൾ ഉണ്ടാക്കി അധിക വരുമാനം ഉണ്ടാക്കിയെടുക്കാം.

പശു വളർത്തലിനു വേണ്ട സാമ്പത്തിക സഹായത്തിനായി വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് പ്രവർത്തി പരിചയം ഉള്ള ഒരു വിദഗ്ദനെക്കൊണ്ട് തയ്യാറാക്കി ബാങ്കിൽ നൽകി ഒരു വായ്പ ലഭ്യമാക്കാവുന്നതാണ്. പലിശ നിരക്ക്, തിരിച്ചടവ് വ്യവസ്ഥകൾ ഈടു നല്കേണ്ട വസ്തുക്കൾ ഇവയ്ക്ക് ബാങ്കുകളിൽ വ്യത്യസ്ഥ നിലപാടുകൾ ഉള്ളതിനാൽ അവ അന്വേഷിച്ച് ഉചിതമായ നടപടികൾ കർഷകർ സ്വീകരിക്കണം. ധനസഹായ ലഭ്യതയ്ക്ക് വേണ്ടി ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നീ ഏജൻസികളുമായി ബന്ധപ്പെടേണ്ടതാണ്.

### ഡയറി ഫാമിനുള്ള സ്ഥലം, തൊഴുത്ത്

- പാൽ വിപണിയ്ക്കായുള്ള പട്ടണത്തിന് അടുത്തുള്ള ഗ്രാമത്തിൽ വെള്ളം, ഗതാഗ

തം, വൈദ്യുതി പുൽക്കൃഷിക്കുള്ള സ്ഥല ത്തിന്റെ സാമീപ്യം, ക്ഷീരസംഘം, മൃഗാശുപത്രി എന്നിവ കണക്കിലെടുത്ത് സ്ഥലം നിശ്ചയിക്കുക

- തൊഴുത്ത് ഫാമിന്റെ ഏറ്റവും ഉയരം കൂടിയ സ്ഥലത്ത് ചെലവു കുറഞ്ഞതും ഈടുറ്റതും വായു സഞ്ചാരമുള്ളതുമായ രീതിയിൽ ഉണ്ടാക്കണം. കിടാക്കൾക്കും ഗർഭിണികൾക്കും പ്രത്യേക ഇടം സജ്ജമാക്കണം. തീറ്റ സാമഗ്രികൾ, മരുന്ന്, പാൽ കൈകാര്യം ചെയ്യൽ എന്നിവയ്ക്ക് പ്രത്യേകം സൗകര്യം നല്കണം.

## വൈദ്യുതി

ഫാമിലേയ്ക്ക് കൃഷി ഉപയോഗത്തിനുള്ള പ്രത്യേകം കണക്ഷൻ ഒരുക്കണം. വെള്ളം പമ്പ് ചെയ്യുന്നതിനും ചാണക മൂത്രവെള്ളം (സ്ലറി) പമ്പ് ചെയ്യുന്നതിനും കറവ യന്ത്രം, പുല്ല് അരിയുന്ന യന്ത്രം എന്നിവയുടെ ആവശ്യം കണക്കിലെടുത്തുള്ള വൈദ്യുതി സൗകര്യം ഒരുക്കണം.

## ശുദ്ധജലം

ഫാമിലേയ്ക്കാവശ്യമായ വെള്ളം, പുൽക്കൃഷിക്കും കൂടെ കരുതി കിണർ കുഴിക്കണം. മഴവെള്ള സംഭരണികളുടെ സാധ്യത പരിഗണിക്കണം.

## പുൽകൃഷി

മികച്ച സങ്കരയിനം നേപ്പിയർ പുല്ല് ഉത്തമം. ദിവസേന 40 കിലോ പച്ച പുല്ല് ഒരു പശുവിന് ആവശ്യമുണ്ട് . സി.ഒ.3 ഇനം പുല്ല് ഇത്രയും കിട്ടാൻ ഏതാണ്ട് 2.5 സെന്റ് സ്ഥലം വേണം. ഒന്നര രണ്ട് മാസം ഇടവിട്ട് പുല്ല് മുറിച്ചെടുത്ത് നല്കത്തക്കവിധം പുൽകൃഷിയ്ക്ക് സ്ഥലം കണ്ടെത്തണം. കൂടുതൽ പുല്ല് ഉത്പാദിപ്പിച്ചാൽ അധികമുള്ള പുല്ല് സൈലേജായി സംസ്ക്കരിച്ച് സൂക്ഷിക്കാം. ഒരു ഫാമിന്റെ ആദായത്തിന് തീറ്റപുല്ല് വളരെ ആവശ്യമാണെന്ന് എപ്പോഴും ഓർത്തിരിക്കണം. ഫാം ആരംഭിക്കുന്നതിന് മൂന്നുമാസം മുമ്പ് തന്നെ പുൽകൃഷി ആരംഭിക്കണം.

തീറ്റപ്പുൽക്കൃഷിയിൽ മക്കച്ചോളം, മണിച്ചോളം വിവിധ ഇനം പയറുവർഗ്ഗങ്ങൾ എന്നിവകൂടി ഉൾപ്പെടുത്തണം. ഫാമിൽ ശീമക്കൊന്ന, സുബാബുൾ, അകത്തി എന്നിവ വച്ച് പിടിപ്പിക്കുന്നത് നന്ന്. ഫാമിൽ അസോളവളർത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കാം. തീറ്റപ്പുല്ല് യഥേഷ്ടം നല്കുന്ന പശുക്കൾക്ക് അസുഖങ്ങൾ കുറവായി കാണുന്നു. ഫാമിലെ മണ്ണിന്റെ ഫലഭൂയിഷ്ടിക്കും ശുദ്ധവായു സാന്നിധ്യം ഉണ്ടാക്കാനും ഇത് പ്രയോജനപ്പെടും.

## ഡയറിഫാമിൽ ആവശ്യമായ യന്ത്രങ്ങൾ

**കറവയന്ത്രം** - ശുദ്ധമായ പാലുൽപാദനത്തിനും വേഗകറവയ്ക്കും കറവയന്ത്രം ആവശ്യമാണ്. 10 ലിറ്റർ പാൽ കറന്നെടുക്കാൻ 5 മിനിറ്റ് സമയം മതിയാകും. കറവക്കാരെ കിട്ടുവാനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ കറവയന്ത്രം ആവശ്യം വരും. 10 പശുക്കൾ ഉള്ള ഫാമിലേയ്ക്ക് കറവയന്ത്രം ശുപാർശ ചെയ്യുന്നു.

**മോട്ടോർ പമ്പ്** -ഫാമിലേയ്ക്ക് ആവശ്യമായ വെള്ളത്തിനും, തീറ്റപ്പുല്ല് നനയ്ക്കുന്നതിനും, കരുതി മോട്ടോർപമ്പിന്റെ കുതിരശക്തി നിജപ്പെടുത്തുക.

**സ്ലറി പമ്പ്** - ചാണകവും, മൂത്രവും കലർന്ന സ്ലറി പുൽകൃഷി ഇടങ്ങളിലേക്ക് എത്തിക്കുന്നതിനായി സ്ലറിടാങ്കിനോട് ഘടിപ്പിക്കേണ്ടതാണ് സ്ലറി പമ്പ്.

**സ്ലറി ടാങ്ക്** - മൂത്രവും, തൊഴുത്ത് കഴുകുന്ന വെള്ളവും ബയോഗ്യാസ് പ്ലാന്റിൽ നിന്നും തള്ളുന്ന സ്ലറിയും ശേഖരിക്കുന്ന ടാങ്ക് ഒരു പശുവിൽ നിന്നും ദിവസേന 50 ലിറ്റർ എന്നു കണക്കാക്കിയാൽ രണ്ട് മാസത്തേയ്ക്ക് (50x60=3000 ലിറ്റർ) എന്ന തോതിൽ പശുവിന്റെ എണ്ണം അനുസരിച്ച് സ്ലറി ടാങ്കിന്റെ ശേഷി കണക്കാക്കി നിർമ്മിക്കണം. ടാങ്കിന്റെ മുകൾ വശം കോൺക്രീറ്റ് സ്ലാബ് കൊണ്ട് മൂടിയിരിക്കണം. സ്ലറി പമ്പ് ചെയ്യുന്നതിനും അത് ഇളക്കുന്നതിനുമായി രണ്ട് ദ്വാരങ്ങൾ (മാൻഹോൾ) ഉണ്ടാക്കി അത് തുറക്കാവുന്ന രീതിയിൽ അടച്ചിരിക്കണം.

**ബയോഗ്യാസ് പ്ലാന്റ്** - ശേഷി ക്യുബിക്ക് മീറ്റർ അളവിലാണ് കണക്കാക്കുന്നത്. 25 കിലോ ചാണകം രണ്ട് പശുവിൽ നിന്നും ലഭിക്കും എന്ന അനുമാനത്തിൽ ഒരു ക്യുബിക്ക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് മതിയാകും. 5 പശുക്കൾ ഉള്ള പ്ലാന്റിന് 3 ക്യുബിക്ക് മീറ്ററും 10 പശുക്കൾക്കായി 6 ക്യുബിക്ക് മീറ്റർ ശേഷിയും ഉള്ള ബയോഗ്യാസ് പ്ലാന്റ് ആവശ്യമാണ്. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, കൃഷി വകുപ്പ്, അനെർട്ട് എന്നിവയുമായി ബന്ധപ്പെട്ട് ധനസഹായവും, സാങ്കേതിക ഉപദേശങ്ങളും ലഭിക്കും.

## പുല്ലരിയുന്നതിനുള്ള യന്ത്രം (ചാഫ് കട്ടർ)

തീറ്റപുല്ല് പാഴായി പോകാതിരിക്കുന്നതിനു വേണ്ടി പുല്ല് അരിയുന്ന യന്ത്രം ലഭിക്കും. കൈകൊണ്ട് പ്രവർത്തിപ്പിക്കാം. മോട്ടർ ഘടിപ്പിച്ച് വേഗത്തിൽ പുല്ലരിയൽ നടത്താം. 2 കുതിരശക്തി മോട്ടർ ഘടിപ്പിച്ച ഹൈസ്പീഡ് ചാഫ് കട്ടറിന് 15000 രൂപ വില വരും. ക്ഷീര വികസന

വകുപ്പിന്റെ ധനസഹായ ലഭ്യതയ്ക്കായി കർഷകർക്ക് ശ്രമിക്കാം.

**പ്രഷർ വാഷർ**

ഉരുക്കളെ കുളിപ്പിക്കാനും തൊഴുത്ത് മാലിന്യ വിമുക്തമാക്കി കഴുകാനും അത്യാവശ്യം വേണ്ട പ്രഷർ വാഷർ, ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് നാലിൽ മൂന്നായി കുറയ്ക്കാൻ സഹായിക്കും.

**വീൽ ബാരോ** എന്ന ഒറ്റ ചക്രമുള്ള കൈവണ്ടി ചാണകം നീക്കുന്നതിനും കാലിത്തീറ്റ ചാക്ക് കൊണ്ടു പോകുന്നതിനും ഡെയറി ഫാമിൽ ഉപയോഗിക്കാം.

**ഷവ്വൽ അഥവാ കോരി (Shovel)**

ചാണകം തൊഴുത്തിൽ നിന്നും നീക്കുന്നതിനും, തീറ്റ, അരിഞ്ഞ പുല്ല് എന്നിവ പശുക്കൾക്ക് നൽകുന്നതിനും ഷവ്വൽ ഉപയോഗിക്കുന്നു.

**റബ്ബർ മാറ്റുകൾ**

പശുക്കൾക്ക് സൗകര്യപ്രദമായി കിടക്കുന്നതിനും കിടന്നതിനു ശേഷം എഴുന്നേൽക്കുമ്പോൾ മുട്ടിലെ സന്ധികൾക്ക് ക്ഷതം കുറയ്ക്കുന്നതിനും കുളമ്പ് തേയ്മാനം കുറയ്ക്കുന്നതിനും ഡെയറി ഫാമിൽ ഉപയോഗിക്കാവുന്നതുമാണ്. 18 എം.എം ഘനത്തിൽ 6x4 അടി വിസ്തൃതിയിൽ റബ്ബർ കിടക്കകൾ ലഭ്യമാണ്.

**ഫാൻ, ജലകണിക സ്പ്രേയർ സംവിധാനം**

തൊഴുത്തിലെ പശുക്കളെ ചൂടിൽ നിന്നും സംരക്ഷിക്കുന്നതിനും തൊഴുത്തിൽ ഈച്ച, കൊതുക് എന്നിവ അകറ്റുന്നതിനും ഫാൻ ആവശ്യമാണ്. ചൂട് കൂടുന്ന വേനലിൽ നിന്നും പശുക്കളെ രക്ഷിക്കുന്നതിന് വെള്ളം ദേഹത്ത് നിശ്ചിത സമയം വീഴുന്നതിനുള്ള മിസ്റ്റ് സിസ്റ്റം ഘടിപ്പിക്കാവുന്നതാണ്.

**ഓട്ടോമാറ്റിക് ഡ്രിങ്കിംഗ് സംവിധാനം**

ഓരോ പശുവിനും കുടിവെള്ള പാത്രം (Stainless steel) പശുവിന്റെ മുമ്പിൽ ഉണ്ടായിരിക്കും കുടിക്കുന്നതിനനുസരിച്ച് വെള്ളം പാത്രത്തിൽ നിറയുന്ന രീതിയിൽ, ഫ്ളോട്ട് കൺട്രോൾ വാൽവുള്ള ഫ്ളഷ് ടാങ്കിൽ നിന്നും ലഭ്യമാക്കുന്ന സംവിധാനം ഡയറി ഫാമിൽ സജ്ജമാക്കാം.

**ഗ്രൂമിംഗ് ബ്രഷ്**

പശുവിന്റെ ദേഹത്ത് ഗ്രൂമിംഗ് ബ്രഷ് ഉപയോഗിച്ച് തലോടുന്നത് രക്തയോട്ടം ചർമ്മത്തിൽ ഉണ്ടാകുന്നതിനും ബാഹ്യ പരാദങ്ങളും ഉതിർന്ന രോമങ്ങളും നീക്കം ചെയ്യുന്നതിനും ഉപകരിക്കും.



**പാൽപ്പാത്രം**

5 മുതല് 40 ലിറ്റർ അളവിലുള്ള സ്റ്റെയിൻലസ്സ് സ്റ്റീൽ കൊണ്ട് നിർമ്മിച്ച പാൽ പാത്രങ്ങൾ വിപണിയിൽ ലഭ്യമാണ്. ഇവ അലുമിനിയം, സങ്കര ലോഹം, പ്ലാസ്റ്റിക് എന്നിവ കൊണ്ട് നിർമ്മിച്ചതിനേക്കാൾ മെച്ചമാണ്.

**ലാക്ടോ മീറ്റർ**

പാലിന്റെ കട്ടി (ആപേക്ഷിക സാന്ദ്രത ) അളക്കുന്നതിനുള്ള ലളിത ഉപകരണം.

**ബൾക്ക് മിൽക്ക് കൂളർ (ബി.എം.സി)**

പാല് 4 ഡിഗ്രി തണുപ്പിച്ച് സൂക്ഷിച്ച് ബാക്ടീരിയകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള ഉപകരണം. ഇതുവഴി പാൽ കേടുകൂടാതെ കൂടുതൽ സമയം സൂക്ഷിക്കാം. 5000 ലിറ്റർ വരെ ശേഷിയുള്ള (ബി.എം.സി) വിപണിയിൽ ലഭിക്കുന്നുണ്ട്.

**ബട്ടർ ചേണർ** (Butter Churner Machine)

തൈരിൽ നിന്നും വെണ്ണ കടഞ്ഞെടുക്കുന്ന ഉപകരണം. വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കാവുന്നത് ലഭ്യമാണ്.

**ക്രീം സെപ്പറേറ്റർ**

പാലിൽ നിന്നും കൊഴുപ്പ് വേർതിരിക്കുന്ന ഉപകരണം. 60 ലിറ്റർ ശേഷിയുള്ള ഉപകരണം വിപണിയിൽ ലഭ്യമാണ്.

**പാൽ പാക്കിംഗ് മെഷീൻ**

പാൽ, തൈര് എന്നിവ പായ്ക്ക് ചെയ്യുന്നതിനുള്ള യന്ത്രം വിപണിയിൽ ലഭിക്കുന്നതാണ്.

**ഫാമിനാവശ്യമായ പ്രഥമശുശ്രൂഷ കിറ്റ്**

സ്ഥലം വെറ്ററിനറി ഡോക്ടറുമായി ആലോചിച്ച് ഒരു കിറ്റിനുള്ളിൽ പ്രഥമശുശ്രൂഷാ മരുന്നുകൾ സൂക്ഷിച്ച് വയ്ക്കുന്നത് നന്നായിരിക്കും. കന്നുകാലി രോഗങ്ങളെ സംബന്ധിച്ചും രോഗ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അറിവ് നേടിയിരിക്കണം.



ഡോ.അനൂപ്. ആർ
വെറ്ററിനറി സർജൻ,
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ,
കുടപ്പനക്കുന്ന്

# ആറ്റക്കുരുവിയുടെ ആത്മസമർപ്പണം

പ്രജനന കാലമാകുമ്പോൾ ആണ് ആറ്റക്കുരുവികൾ (Baya weaver) നേർത്ത നാരുകൾ ഉപയോഗിച്ച് കൂടുകൾ നിർമ്മിക്കുന്നത്. വളരെ കൗതുകകരവും ആശ്ചര്യമുളവാക്കുംവിധം കലാപരവുമായ രീതിയിലാണ് അവർ അത് നിർമ്മിക്കുന്നത്. പെൺ ആറ്റകുരുവികൾ വന്ന് ആൺകിളികൾ നിർമ്മിച്ച കൂടുകൾ സൂക്ഷ്മമായി നിരീക്ഷിക്കും. കൂട് കൊള്ളാമെങ്കിൽ ചെക്കനും കൊള്ളാം എന്നതാണ് പെൺ ആറ്റക്കുരുവികളുടെ തത്വം. കൂട് ഇഷ്ടപ്പെട്ടാൽ അവർ ഇണകളായി ഇണ ചേർന്ന് പ്രജനനം നടത്തും. കൂട് ഇഷ്ടപ്പെട്ടിട്ടില്ലെങ്കിൽ അവൾ മറ്റൊരു ആൺകിളിയുടെ കൂട് നോക്കി പോകും. സങ്കടകരമായ വസ്തുത ഇതല്ല. ഒരു പെൺ ആറ്റക്കുരുവി വന്നു കണ്ട് കൂട് ഇഷ്ടമായില്ലെങ്കിൽ അത് പണിത ആൺ ആറ്റക്കുരുവി ആ കൂട് മോടി പിടിപ്പിക്കാൻ ശ്രമിക്കില്ല. അവൻ അത് ഉപേക്ഷിച്ച് പുതിയത് ഉണ്ടാക്കും. അങ്ങനെ ഒഴിവാക്കിയതും പണിത് തീരാത്തതുമായ ഒരുപാട് കൂടുകൾ ആറ്റക്കുരുവികൾ താമസിക്കുന്നിടത്ത് നമുക്ക് കാണാൻ സാധിക്കും. ഈ കൂടുകളിൽ പിന്നീട് മൈനയും മറ്റ് കുരുവികളും ചേക്കേറാറും ഉണ്ട്. തന്റെ കുഞ്ഞുങ്ങളുടെ സുരക്ഷിതത്വത്തിന് പൊതുവേ ഏതു ജീവിയിനത്തിലെയും പെൺവർഗ്ഗം നൽകുന്ന മുൻഗണനനാമനോഭാവം തന്നെയായിരിക്കുമോ ആറ്റക്കുരുവികളുടെ ഈ പ്രവർത്തിയിലൂടെ പ്രകൃതി നമുക്ക് കാട്ടിത്തരുന്നത്.



# മഴക്കാല രോഗങ്ങളും പരിചരണവും മൃഗങ്ങൾക്കും

ഡോ. ബീന ഡി
സീനിയർ വെറ്ററിനറി സർജൻ
കായംകുളം

വേനലിനു ശേഷം മഴക്കാലം ആരംഭിക്കുമ്പോൾ കാലാവസ്ഥയിലെ വ്യത്യാസം ഉരുക്കളുടെ രോഗ പ്രതിരോധശേഷി കുറയ്ക്കുന്നതു നിമിത്തം രോഗങ്ങൾ കൂടുതലായി കണ്ടു വരുന്നു. പരിചരണ പരിപാലന മുറകൾ കാലാവസ്ഥയ്ക്ക് അനുസൃതമായി അനുവർത്തിച്ചില്ലെങ്കിൽ രോഗ ബാധ ഉറപ്പാണ്. 'അകിടു വീക്കം', 'വയറിളക്കം', 'ദഹനക്കേട്' 'ശ്വാസകോശ രോഗങ്ങൾ', 'പൂപ്പൽ വിഷബാധ' മുതലായവയാണ് മഴക്കാല രോഗങ്ങൾ. 'കുരലടപ്പൻ', 'കുളമ്പുരോഗം', 'മുടന്തൻ പനി' എന്നീ പകർച്ചവ്യാധികളുടെ സാധ്യതയും ഏറെയാണ്.

പലപ്പോഴും മഴക്കാലത്ത് പശുക്കളിൽ വയറിളക്കരോഗങ്ങൾ കൂടുതലായി കണ്ടുവരാറുണ്ട്. കടുത്ത വേനലിലെ പച്ചപ്പുല്ലിന്റെ അഭാവത്തിനുശേഷം മഴക്ക് ശേഷമുള്ള തളിർത്ത പുല്ല് കർഷകർ ധാരാളമായി പശുക്കൾക്ക് നൽകി വരാറുണ്ട്. ഈ രീതി മൂലം വയറിളക്കം പതിവാകുകയും ചെയ്യുന്നു. ഒപ്പം പാലുൽപാദനം കുറയുകയും ചെയ്യുന്നു. ചികിത്സയ്ക്ക് ഒപ്പം പരിപാലന മുറകൾ കൂടി ശ്രദ്ധിച്ചാൽ ഈ അവസ്ഥ ഒഴിവാക്കാം. മഴക്കാലം ആകുമ്പോൾ യഥേഷ്ടം പുല്ലും പയറു വർഗ്ഗങ്ങളും നൽകരുത്. ആദ്യം കുറച്ച് നൽകുക. ക്രമേണേ അളവ് കൂട്ടുക. മാത്രമല്ല പുല്ല്, വൈക്കോൽ, പയറു വർഗ്ഗ ചെടികൾ എന്നിവ കൂട്ടി കലർത്തി നൽകണം.

### പൂപ്പൽ വിഷബാധ

കുറഞ്ഞ അന്തരീക്ഷ താപനില, കൂടിയ ആർദ്രത എന്നീ സാഹചര്യങ്ങളിൽ കാലി തീറ്റ പിണ്ണാക്ക് വൈക്കോൽ എന്നിവയിൽ വളരുന്ന അസ്പർ ജില്ലസ് ഇനത്തിൽ പെട്ട പൂപ്പലുകൾ ഉണ്ടാക്കുന്ന അഫ്ളാടോക്സിൻ എന്ന വിഷാംശം ആണ് പൂപ്പൽ വിഷബാധയ്ക്ക് കാരണം. തീറ്റയക്ക് രുചിക്കുറവ് ശരീരം ക്ഷയിക്കൽ, പാലുല്പാദനത്തിൽ കുറവ്, ഗർഭമലസൽ, വന്ധ്യത മുതലായവയാണ് രോഗലക്ഷണങ്ങൾ.വിഷാംശം കരളിനെ ബാധിക്കുന്നത് മൂലം പശുക്കൾ പെട്ടെന്ന് മരണപ്പെടാറുണ്ട്. പൂപ്പൽ ബാധിച്ച തീറ്റ നൽകുവാൻ പാടില്ല. പൂപ്പൽ ബാധിച്ച കാലി തീറ്റയക്കും പിണ്ണാക്കിനും ദുർഗന്ധം ഉണ്ടായിരിക്കും. കട്ട കെട്ടുന്നതാണ് മറ്റൊരു ലക്ഷണം. നിറത്തിലും മാറ്റം ഉണ്ടാകും. പൂപ്പൽ ബാധിച്ച വൈക്കോലിന്റെ നിറത്തിലും രൂപത്തിലും മാറ്റം ഉണ്ടായിരിക്കും. കാലിതീറ്റ നൽകുന്ന പാത്രം ദിവസവും വൃത്തിയാക്കണം. പച്ചപ്പുല്ലും വൈക്കോലും കിടന്ന് പൂപ്പൽ പിടിക്കാനുള്ള സാധ്യത ഒഴിവാക്കണം.തീറ്റ ചാക്കുകൾ പലക പുറത്ത് ഭിത്തിയിൽ മുട്ടാതെ വേണം വെക്കാൻ.തീറ്റ എടുക്കുമ്പോൾ കൈയ്ക്കോ തീറ്റ എടുക്കുന്ന പാത്രത്തിനോ നനവ് ഉണ്ടാകരുത്. എടുത്ത ശേഷം ബാക്കി വരുന്ന തീറ്റ ഭദ്രമായി അടച്ചു സൂക്ഷിക്കണം. കടലപിണ്ണാക്കിലൂടെ പൂപ്പൽ വിഷബാധയ്ക്ക് സാധ്യത ഏറെ ഉള്ളതിനാൽമഴക്കാലങ്ങളിൽ ഇത് നൽകാതിരിക്കുകയാണ് നല്ലത്.

### അകിടു വീക്കം

കറവ പശുക്കളുടെ പാലുൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്ന രോഗമാണ് അകിടു വീക്കം. അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളിൽ പ്രത്യേകിച്ചും കറവയുടെ ആദ്യഘട്ടത്തിൽ ആണ് രോഗം കൂടുതൽ ആയി കണ്ടുവരുന്നത്. ബാക്ടീരിയ, വൈറസ്, ഫംഗസ്, മൈക്കോപ്ലാസ്മ ഇനത്തിൽ പെട്ട നിരവധി രോഗാണുക്കൾ രോഗം ഉണ്ടാക്കുന്നു. പശുവിന്റെ അകിടിൽ രോഗാണുക്കൾ കടന്നു കൂടാനുള്ള സാഹചര്യം ഉണ്ടാവുമ്പോഴും രോഗപ്രതിരോധശേഷി കുറയുമ്പോഴും ഇവ കൂടുതൽ കരു

ത്താർജിച്ച് രോഗം ഉണ്ടാക്കുന്നു. അകിടിലുള്ള ക്ഷതങ്ങൾ പോറലുകൾ, മുറിവുകൾ എന്നിവയിലൂടെ രോഗാണുക്കൾ അകിടിൽ എത്തപ്പെടുന്നു. വൃത്തി ഇല്ലാത്തതും നനവ് ഉള്ളതുമായ തറയോട് കൂടിയ തൊഴുത്ത്, പോഷകക്കുറവ്, അശാസ്ത്രീയ കറവ രീതി, മുഴുവൻ പാൽ കറന്ന് എടുക്കാതിരിക്കുക, സമയനിഷ്ഠ ഇല്ലാത്ത കറവ എന്നിവ രോഗം ഉണ്ടാക്കും. അകിടിന് നീരും വേദനയും പനി, പാലിന് നിറവ്യത്യാസം തീറ്റ മടുപ്പ് നടക്കാൻ ബുദ്ധിമുട്ട് എന്നീ ലക്ഷണങ്ങൾ കാണിക്കും. അകിടു വീക്കം ബാധിച്ച ഉരുക്കൾക്ക് എത്രയും പെട്ടെന്ന് ചികിത്സ നൽകണം.

ചാണകവും മൂത്രവും നിറഞ്ഞ വൃത്തിഹീനമായ തൊഴുത്ത് അകിടു വീക്ക സാധ്യത കൂട്ടുന്നു. തൊഴുത്തിന്റെ തറ കോൺക്രീറ്റ് ചെയ്യണം തൊഴുത്തിൽ മൂത്രം കെട്ടി നിൽക്കാതെ ഒഴുകി പോകാൻ ചാലുണ്ടാവണം. ദിവസവും തൊഴുത്ത് അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമാക്കണം. തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കണം അകിടിലുണ്ടാവുന്ന എത്ര നിസാരമായ മുറിവുകളും വ്രണങ്ങളും ചികിൽസിച്ച് ഭേദമാക്കണം. ശാസ്ത്രീയമായ കറവ രീതി അനുവർത്തിക്കണം. കറവ ആരംഭിക്കുന്നതിന് മുമ്പ് കറവക്കാരന്റെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കറവയക്ക് മുമ്പ് അകിട് പൊട്ടാസിയം പെർ മാഗനൈറ്റ് ലായനി ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. പിന്നീട് വൃത്തി ഉള്ള ടവൽ കൊണ്ട് വെള്ളം ഒപ്പി എടുക്കുകയും വേണം. കറവയക്ക് ശേഷം 1 കപ്പ് വെള്ളത്തിൽ 5–8 തുള്ളി ബിറ്റാഡിൻ ചേർന്ന ലായനിയിൽ മുലക്കാമ്പുകൾ 12 മിനിട്ട് മുക്കുന്നത് മുലക്കാമ്പിലൂ



ടെയുള്ള രോഗാണു പ്രവേശനത്തെ തടയുന്നു. കറവ നിർത്തുമ്പോൾ അവസാനത്തെ കറവയിൽ മുഴുവൻ പാലും കറന്നെടുത്ത ശേഷം ദീർഘകാല പ്രവർത്തനശേഷി ഉള്ള ആൻറിബയോട്ടിക് മരുന്നുകൾ 3 ആഴ്ച ഇടവിട്ട് മുലക്കാമ്പിലേക്ക് കയറ്റുന്നത് പ്രസവാനന്തരമുള്ള അകിടു വീക്കത്തെ തടഞ്ഞു നിർത്തുവാൻ സഹായിക്കുന്നു. ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ഇത് ചെയ്യുക.

### മുടന്തൻ പനി

കാലവർഷാരംഭത്തിൽ കന്നുകാലികളിൽ കണ്ടുവരുന്ന ഒരു സാംക്രമിക രോഗമാണ് മുടന്തൻ പനി. കിടാരികളിലും പശുക്കളിലും രോഗം കൂടുതൽ ആയി കണ്ടുവരുന്നു. ശക്തിയായ പനി, തീറ്റ മടുപ്പ് ശരീരം വിറയൽ നടക്കാൻ ബുദ്ധിമുട്ട് എന്നീ ലക്ഷണങ്ങൾ കാണിക്കും ഒരു വൈറസ് രോഗമാണിത്. ഈച്ചകൾ ആണ് രോഗം പരത്തുന്നത് രോഗലക്ഷണങ്ങൾ 3 ദിവസങ്ങൾ നീണ്ടു നിൽക്കും. രോഗലക്ഷണങ്ങൾക്ക് അനുസരിച്ച് ഉള്ള ചികിത്സ ആണ് നൽകുന്നത്.

## മഴക്കാലമിങ്ങടുത്തുകഴിഞ്ഞു.... ഈ കാര്യങ്ങൾ ശ്രദ്ധിക്കാം.

- തൊഴുത്തിൽ മഴയേൽക്കാതിരിക്കാനും, വെള്ളം കെട്ടിനിൽക്കാതിരിക്കാനും അറ്റകുറ്റപണികൾ നടത്തിവയ്ക്കാം
- കുളമ്പ് രോഗം, കുരലടപ്പൻ, കരിങ്കാൻ എന്നീ സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ മഴക്കാലത്തിനു തൊട്ടുമുമ്പ് നൽകാം.
- പച്ചപ്പുല്ലിന്റെ ലഭ്യത കൂടുന്നതിനാൽ, തീറ്റയുടെ അളവ് ക്രമമായി കുറച്ച് പച്ചപ്പുല്ല് നൽകാം. 1 Kg തീറ്റക്ക് 25-30 kg പച്ചപ്പുല്ല് നൽകാം.
- കൂടുതൽ അളവിൽ പച്ചപ്പുല്ലിലേക്കുള്ള മാറ്റം, വയറിളക്കത്തിനും, വയർപെരുക്കത്തിനും കാരണമാകാം. വയ്ക്കോൽ കൂടി ചേർത്ത് നൽകുന്നത് ഇത് ഒരു പരിധിവരെ തടയാൻ സഹായിക്കും.
- ഈർപ്പം ഉള്ളതോ പഴകിയതോ ആയ തീറ്റ കന്നുകാലികൾക്ക് നൽകരുത്.
- രോഗങ്ങൾ നിയന്ത്രിക്കാനായി, തൊഴുത്തും പരിസരവും ദിവസേന കഴുകി, അണുനാശിനി തളിച്ച് വൃത്തിയാക്കുക
- കാലിത്തീറ്റ സൂക്ഷിക്കുന്ന ഇടം ശുചിത്വമുള്ളതും, ഈർപ്പ രഹിതവും, വായുസഞ്ചാരമുള്ളതും ആണെന്ന് ഉറപ്പാക്കുക.
- കുളമ്പുകൾ വൃത്തിയായും നനവില്ലാതെയും സൂക്ഷിക്കേണ്ടത് അവയുടെ ആരോഗ്യത്തിന് അത്യാവശ്യമാണ്.
- വ്യക്തിശുചിത്വവും പരിസര ശുചിത്വവും പാലിക്കുക.




# സംസ്ഥാന പക്ഷിരോഗനിർണ്ണയ കേന്ദ്രം

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള നാല് പ്രാദേശിക രോഗനിർണ്ണയ കേന്ദ്രങ്ങളിൽ ഒന്നാണ് പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ സ്ഥിതി ചെയ്യുന്ന പക്ഷിരോഗ നിർണ്ണയ കേന്ദ്രം. തിരുവല്ല നഗരസഭയുടെ ഹൃദയഭാഗത്തായി 10.75 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന, എ ഡി ഡി എൽ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന പക്ഷിരോഗ നിർണ്ണയ കേന്ദ്രം 1979 ൽ ആണ് സ്ഥാപിതമായത്.

പക്ഷി/മൃഗ രോഗ നിർണ്ണയം, വിജ്ഞാന വ്യാപനം, ഗവേഷണം, ലബോറട്ടറി പരിശോധന എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ചുമതലകൾ. ഇവയ്ക്ക് പുറമേ വെറ്ററിനറി ഡോക്ടർമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, ലൈവ്സ്റ്റാക്ക് ഇൻസ്പെക്ടർമാർ, കർഷകർ, വിദ്യാർത്ഥികൾ, സംരംഭകർ എന്നിവർക്ക് പരിശീലന പരിപാടികളും ഈ സ്ഥാപനത്തിൽ നടത്തിവരുന്നു. ഇവിടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറികൾ, ലൈബ്രറി, ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രോജക്ടുകൾ ചെയ്യുവാനുള്ള സൗകര്യം, സാങ്കേതിക സഹായം ലഭ്യമാക്കൽ, പഠനയാത്രികർക്ക് സന്ദർശന സൗകര്യം എന്നിവയും ലഭ്യമാണ്. പക്ഷിരോഗ നിർണ്ണയ കേന്ദ്രത്തിൽ പ്രധാനമായും 8 വിഭാഗങ്ങൾ ആണ് ഉള്ളത്.

### 1. പോസ്റ്റുമോർട്ടം പരിശോധനാ യൂണിറ്റ്

പക്ഷികളുടേയും മൃഗങ്ങളുടേയും മൃതശരീര പരിശോധന നടത്തി രോഗനിർണ്ണയം നടത്തുക എന്നതാണ് ഇവിടുത്തെ പ്രവർത്തനം. ഈ സേവനം തികച്ചും സൗജന്യമാണ്. മൃതദേഹത്തിൽ നിന്നും ശേഖരിക്കുന്ന അവയവങ്ങളുടേയും സ്രവങ്ങളുടേയും സാമ്പിളുകൾ ആവശ്യമെങ്കിൽ ബാക്ടീരിയോളജി, ഹിസ്റ്റോപത്തോളജി, ക്ലിനിക്കൽ ലബോറട്ടറി

വിഭാഗങ്ങളിൽ വിശദമായ പരിശോധനകൾക്ക് വിധേയമാക്കുന്നു. കോഴിവസന്ത, ഐബിഡി മുതലായ രോഗങ്ങൾക്കുള്ള ലാറ്ററൽ ഫ്ളോ ടെസ്റ്റ് അധിഷ്ഠിതമായ ദ്രുത രോഗനിർണ്ണയ കിറ്റുകളും ഉപയോഗിക്കുന്നുണ്ട്.

**2. പേവിഷ രോഗനിർണ്ണയ ലബോറട്ടറി**

മൃഗങ്ങളിലെ പേ വിഷബാധ നിർണ്ണയത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രോഗം ബാധിച്ച മൃഗത്തിന്റെ തലച്ചോറിന്റെ പ്രത്യേക ഭാഗങ്ങൾ (ഹിപ്പോകാമ്പസ്, മെഡുല, സെറിബെല്ലം) ലാറ്ററൽ ഫ്ളോ ടെസ്റ്റ്, സൈറ്റോളജി എന്നീ പ്രാഥമിക പരിശോധനകൾക്ക് വിധേയമാക്കുന്നു. അതിനു ശേഷം ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള FAT ടെസ്റ്റ് വഴിയാണ് ഇവിടെ പേവിഷരോഗ ബാധയുടെ സ്ഥിരീകരണം നടത്തുന്നത്. പേ വിഷബാധ രോഗനിർണ്ണയത്തിന് സർക്കാർ അംഗീകൃത ഫീസായ 335 രൂപ ഈടാക്കുന്നു.

**3. ബാക്ടീരിയോളജി ലബോറട്ടറി**

സൂക്ഷ്മജീവി രോഗനിർണ്ണയത്തിനായി പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറിയാണിത്. പക്ഷികളിലും, മൃഗങ്ങളിലും രോഗമുണ്ടാക്കുന്ന സാല്മൊണല്ല, പാസ്ചുറെല്ല, ഇ കോളൈ, സ്റ്റെഫലോകോക്കസ്, റെയ് മെറല്ല തുടങ്ങിയ ബാക്ടീരിയകളെ ക്ലിനിക്കൽ സാമ്പിളുകളിൽ നിന്നും വേർതിരിച്ചറിഞ്ഞ് രോഗനിർണ്ണയം നടത്തുക എന്നതാണ് ഈ ലാബിന്റെ ഉദ്ദേശ്യം. ഇത് കൂടാതെ ശരിയായ ആന്റിബയോട്ടിക്കുകൾ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ആന്റി ബയോഗ്രാം ടെസ്റ്റുകൾ, ആന്റിമൈക്രോബിയൽ പ്രതിരോധം പഠിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയും ബാക്ടീരിയോളജി ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.

**4. ഹിസ്റ്റോപതോളജി ലബോറട്ടറി**

പോസ്റ്റ്മോർട്ടം, ബയോപ്സി എന്നിവ വഴി ലഭിക്കുന്ന അവയവങ്ങളുടെയും ശരീര ഭാഗങ്ങളുടെയും കോശ കലാ പരിശോധനയിലൂടെ രോഗ നിർണ്ണയം നടത്തുക എന്നതാണ് ഈ ലാബിന്റെ ലക്ഷ്യം. പക്ഷി മൃഗാദികളിലെ ട്യൂമർ ഉൾപ്പെടെയുള്ള രോഗങ്ങൾ ഈ ലാബിൽ നിർണ്ണയിക്കപ്പെടുന്നു. എല്ലാവിധ ടിഷ്യൂ സ്റ്റെയിനിംഗുകളും ഇമ്മ്യൂണോ ഹിസ്റ്റോകെമിസ്ട്രി, ഇമ്മ്യൂണോ ഫ്ളൂറസെൻസ് തുടങ്ങിയ കോശകലാ പരിശോധനാ മാർഗ്ഗങ്ങളും ഹിസ്റ്റോപതോളജി ലബോറട്ടറിയിൽ സജ്ജമാണ്.

**5. മോളിക്കുലാർ ബയോളജി & സീറോളജി ലബോറട്ടറി**

അത്യാധുനിക രോഗനിർണ്ണയ സംവിധാനങ്ങളായ PCR, ELISA തുടങ്ങിയവ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. പകർച്ചവ്യാധികൾ, ജന്തുജന്യ രോഗങ്ങൾ, മറ്റു നിർണ്ണയ മാർഗ്ഗങ്ങൾ അസാധ്യമായ അസാധാരണമായ രോഗങ്ങൾ എന്നിവയുടെ ദ്രുതഗതിയിലുള്ള നിർണ്ണയത്തിന് ഈ ലബോറട്ടറിയിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നു

**6. BSL 2 ലബോറട്ടറി (Bio Security Level II)**

പക്ഷിപ്പനിയുടെ സ്ക്രീനിംഗ് നടത്തുവാനായി കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം BSL 2 നിലവാരത്തിലുള്ള ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും ശേഖരിക്കുന്ന കോഴി, താറാവ്, ദേശാടനപ്പക്ഷി തുടങ്ങിയവയുടെ സാമ്പിൾ പരിശോധന ഇവിടെ നടത്തുന്നു.

**7. പൂപ്പൽ വിഷബാധ പരിശോധന**

തീറ്റയിൽ പൂപ്പൽ വിഷം അടങ്ങിയിട്ടുണ്ടോയെന്ന് അറിയുന്നതിനുള്ള പരിശോധന ഇവിടെ നടത്തപ്പെടുന്നു. ഫ്ളൂറോമെട്രി സംവിധാനമാണ് ഇതിനായി ഉപയോഗിക്കപ്പെടുത്തുന്നത്. സർക്കാർ അംഗീകൃത ഫീസായ 995 രൂപ ഇതിനായി ഈടാക്കുന്നതാണ്.

**8. ക്ലിനിക്കൽ ലബോറട്ടറി**

പക്ഷി മൃഗാദികളുടെ രക്തം, മൂത്രം, കാഷ്ഠം, ചാണകം തുടങ്ങിയ ക്ലിനിക്കൽ സാമ്പിളുകൾ പരിശോധിച്ച് രോഗം നിർണ്ണയിക്കാനുള്ള സൗകര്യം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

ലോകാരോഗ്യ സംഘടനയുടെ ഏകാരോഗ്യം (One Health) എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുവരുന്നത്. പക്ഷി മൃഗാദികളുടെ ആരോഗ്യ സംരക്ഷണം വഴി മനുഷ്യാരോഗ്യം സംരക്ഷിക്കുക എന്ന ബൃഹത്തായ ദൗത്യം പക്ഷി രോഗ നിർണ്ണയകേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്. പ്രവർത്തന മികവിന്റെ ഫലമായി 2018 ൽ കേന്ദ്ര സർക്കാരിന്റെ NABL അംഗീകാരം ഈ സ്ഥാപനത്തിലെ ബാക്ടീരിയോളജി, ഹിസ്റ്റോപതോളജി ലബോറട്ടറികൾക്ക് ലഭിക്കുകയുണ്ടായി എന്നത് ഇവിടെ ജോലി ചെയ്യുന്നവരുടെ അർപ്പണ മനോഭാവത്തിന്റെ സാക്ഷ്യപത്രമാണ്.

# ഒരല്പം പൂച്ചക്കാര്യം




**ഡോ. ശോഭ എസ്.എസ്**
വെറ്ററിനറി സർജൻ
SIAD, പാലോട്


പതിവ് ആശുപത്രി തിരക്കുകൾക്കിടയിലാണ് സന്തോഷും ഭാര്യയും ഓടിപ്പാഞ്ഞു വന്നത്. സാധാരണ അവരുടെ ഫാമിലെ പശുക്കളുടെ കാര്യത്തിനാണ് വരാറ്.

"എന്താണ് ശ്രീകല, എല്ലാവർക്കും സുഖമല്ലേ?" പശുക്കളേം ചേർത്താണ് ചോദിച്ചത് കാരണം അത്ര കാര്യമായാണ് അവർ അതിനെ പോറ്റുന്നത്. ഒറ്റ കരച്ചിലായിരുന്നു മറുപടി. പെട്ടെന്നാണ് കയ്യിൽ പൊതിഞ്ഞ് കൊണ്ട് വന്ന സാധനത്തെ കണ്ടത്. നിറയെ രോമമുള്ള ഒരു വെളുത്ത പൂച്ച. "സാറെ, ഇതു ഞങ്ങടെ സ്വന്തം മോനെ പോലെയാണ്. ഞങ്ങൾക്ക് കുട്ടികളില്ല." ഓഫീസ് തിരക്കിനിടയിൽ ഒന്ന് രണ്ടു തവണ വീട്ടിൽ പോയിട്ടുണ്ടെങ്കിലും കുടുംബ കാര്യങ്ങളൊന്നും അധികം ചോദിച്ചിട്ടില്ല. "കഴിഞ്ഞ നാലു വർഷമായി ഞങ്ങടെ കൂടെ ഉണ്ണുകയും ഉറങ്ങുകയും ചെയ്യുന്നതാണ്. ഇന്നലെ മുതൽ ഒന്നും കഴിച്ചിട്ടില്ല ശർദ്ദിലും ക്ഷീണവും. ഇവനെന്തെങ്കിലും സംഭവിച്ചാൽ ഞാൻ ജീവിച്ചിരിക്കില്ല." ശ്രീകലയുടെ ഭീഷണിയും. അവരുടെ പൂച്ചയെ പരിശോധിക്കുന്നതിനിടയിൽ, ഞാൻ ചിന്തിച്ചത്, ജീവിതത്തിൽ എന്നെ പോലെ പൂച്ചഭ്രാന്തുള്ള വേറെയും ആൾക്കാരുണ്ടല്ലേ, എന്നാണ്.

പറഞ്ഞു വന്നത് കേരളത്തിൽ വർധിച്ചു വരുന്ന പൂച്ച പ്രേമത്തെ കുറിച്ചാണ്. വീടുകളുടെ എണ്ണം കുറഞ്ഞ് ഫ്ളാറ്റുകളുടെ എണ്ണം കൂടിയപ്പോൾ, പൂച്ചകൾക്ക്, പ്രത്യേകിച്ച് വിദേശ ഇനങ്ങൾക്ക് പ്രിയം കൂടി വരുന്നു. സമയം ചിലവഴിക്കാനും ഓമനിക്കാനും ഇതിലും പറ്റിയ ഒരു ജീവി വേറെ ഇല്ല എന്ന് തന്നെ പറയാം. നായയെയും പൂച്ചയേയും തമ്മിൽ താരതമ്യം ചെയ്യേണ്ട ആവശ്യമില്ല കാരണം എല്ലാ ജീവികളും വ്യത്യസ്തരാണ്. ഓരോന്നിനും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളും ഉണ്ടാകാം. കേരളത്തിൽ വീടിനകത്തു വളർത്തുന്ന നായ്ക്കളുടെ എണ്ണം വിദേശ രാജ്യങ്ങളെ താരതമ്യം ചെയ്യുമ്പോൾ കുറവാണ്. എന്നാൽ പൂച്ചകൾ പണ്ട് മുതലേ നമ്മുടെ അടുക്കള വാസികളാണ്. അത് തന്നെയാവണം വർധിച്ചു വരുന്ന പൂച്ചപ്രേമത്തിന്റെ പ്രധാന കാരണം. കൈകാര്യം ചെയ്യാനുള്ള എളുപ്പവും സ്വയം പര്യാപ്തതയും കുറഞ്ഞ പരിപാലനചിലവും ഒക്കെ കാരണങ്ങളാണ്. ഇതൊക്കെയാണെങ്കിലും എല്ലാ വിദേശ ജനുസ്സുകളെയും നമ്മൾ പേർഷ്യൻ പൂച്ച എന്ന ഒറ്റ പേരിലാണ് വിളിക്കുന്നത്. അതിനാൽ കുറച്ചു വിദേശ ജനുസ്സുകളും അവയുടെ പ്രത്യേകതകളെയും കുറിച്ചറിയാം.

**സയാമീസ്** (Siamese)



25–40 cm നീളവും, 4–5 kg ഭാരവും ഉണ്ടാകാറുണ്ട്.

സ്വദേശം തായ്‌ലാൻഡാണ്. ഈ ജനുസ്സിനെ ഉപയോഗിച്ച് മറ്റു പല ജനുസ്സുകളെയും സൃഷ്ടിച്ചിട്ടുണ്ട്. ഇവയുടെ മുഖത്തും ചെവിയിലും കാലിലും വാലിലും ഒക്കെ ചില പ്രത്യേക അടയാളങ്ങൾ (പോയിന്റ്സ്) ഉണ്ടാകാറുണ്ട്.

**പേർഷ്യൻ** (Persian)



30–50 cm നീളവും, 4–5 kg ഭാരവും ഉണ്ടാകാറുണ്ട്

നീണ്ട രോമങ്ങളും പതിഞ്ഞ മുഖവും ഇവയുടെ പ്രത്യേകതകളാണ്. എല്ലാ ദിവസവും, കൃത്യമായി ചീകി വൃത്തിയാക്കിയില്ലെങ്കിൽ രോമങ്ങൾ കട്ടപിടിക്കാനും തൊലിപ്പുറത്തുള്ള അസുഖങ്ങൾക്കും സാധ്യതയുണ്ട്. മറ്റു ശുദ്ധ ജനുസ്സുകളെ പോലെ ഇവയ്ക്കും കിഡ്നി, ഹൃദയ സംബന്ധിയായ അസുഖങ്ങൾ കൂടുതലായി കാണുന്നു.

**മെയിൻ കൂൺ** (Mainecoon)



1 മീറ്റർ വരെ നീളവും 5–9 kg വരെ ഭാരവും ഉണ്ടാകാറുണ്ട്. സൗമ്യനായ ഭീമൻ (gentle giant) എന്നാണ് വിളിപ്പേര്.

വീടിനകത്തു വളർത്തുന്നവയിൽ ഏറ്റവും വലുതെന്നു പറയാം. കഴുത്തിലും നെഞ്ചിലുമുള്ള നീണ്ട രോമങ്ങൾ ഇവയെ ഒരു ആൺ സിംഹത്തിന്റെ രൂപം ഓർമപ്പെടുത്തും. ആളിനിത്തിരി വലിപ്പക്കൂടുതലുണ്ടെങ്കിലും സൗമ്യനും വീടുമായി വേഗം ഇണങ്ങി ചേരുന്ന പ്രകൃതവുമാണ്.

**റാഗ്ഡോൾ** (Ragdoll)



40–55 cm വരെ നീളവും 4–9 kg വരെ ഭാരവും ഉണ്ടാകാറുണ്ട്.

പേര് പോലെത്തന്നെ പാവയെ ഓർമിപ്പിക്കുന്ന രൂപം. നീലക്കണ്ണുകൾ പ്രത്യേകതയാണ്. കാണാൻ സയാമീസ് പൂച്ചകളോട് സാമ്യമുണ്ടെങ്കിലും ഇവയ്ക്കു നീളമുള്ള രോമങ്ങളുണ്ട്. സ്വതന്ത്രരും, സ്വയം പര്യാപ്തരുമാണ്. സയാമീസ് പൂച്ചകളെക്കാൾ ശരീര ഭാരവുമുണ്ട്. എന്നാൽ സയാമീസ് പൂച്ചകൾ വളരെ ഊർജസ്വലരായി കളിക്കാൻ ഇഷ്ടപെടുമ്പോൾ റാഗ്ഡോള്സ് മടിയന്മാരും, ഒതുങ്ങി കൂടാൻ ഇഷ്ടപെടുന്നവയുമാണ്.

**ബംഗാൾ**(Bengal)



35–45 cm വരെ നീളവും 7 kg വരെ ഭാരവും ഉണ്ടാകാറുണ്ട്.

പുള്ളിപ്പുലിയെ ഓർമിപ്പിക്കുന്ന രൂപം. ഏഷ്യൻ ലെപ്പേർഡ് എന്ന ഇനത്തെ നാടൻ പൂച്ചയുമായി ചേർത്ത് സൃഷ്ടിച്ച ഇനമാണ്. സ്പോട്ടെഡ്, മാർബിൾഡ് എന്നിങ്ങനെ രണ്ടു വിധമുണ്ട് അതിൽ തന്നെ പല നിറങ്ങളുണ്ട്. മെലിഞ്ഞതും, ബലവത്തായതുമായ ശരീരം. പിൻകാലുകൾക്കു മുൻകാലുകളെക്കാൾ നീളമുണ്ടാകും.

**സ്ഫിൻക്സ്** (Sphynx)

വീട്ടിൽ പൂച്ചയെ വളർത്തുന്നതിൽ അവയുടെ രോമം തടസ്സമാണെങ്കിൽ ഈ ഇനത്തെ പരീക്ഷിക്കാവുന്നതാണ്. ചിട്ടയായ പ്രജനന രീതികൾ (selective breeding) കൊണ്ട് വളർത്തിയെടുത്ത ജനുസ്സാണിത്. മറ്റു പൂച്ചകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് കാഴ്ചയിലെങ്കിലും പൂച്ചകളുടെ എല്ലാ സ്വഭാവവും ഇവയ്ക്കുണ്ട്. ചർമത്തിൽ സുരക്ഷിതത്വത്തിനായി രോമമില്ലാത്തതിനാൽ ശക്തമായ ചൂടും, തണുപ്പും ഇവയ്ക്കു ബുദ്ധിമുട്ടുണ്ടാക്കും.



മാറുന്ന ജീവിത സാഹചര്യങ്ങളും അണുകുടുംബ സമ്പ്രദായവും, ജോലിയിലെ മാനസിക പിരിമുറുക്കങ്ങളും ഒഴിവാക്കുന്നതിനായി അരുമ മൃഗങ്ങളെ ആശ്രയിക്കുന്ന ആളുകളുടെ എണ്ണം വർധിച്ചു വരുന്നതിനാൽ പൂച്ചയ്ക്കും പൊന്നുരുക്കുന്നിടത്തു സ്ഥാനം കൊടുക്കേണ്ടി വരും.

## കർഷകർക്കൊരു കൈത്താങ്ങ്

### ഗോസമൃദ്ധി പ്ലസ് - സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി



ഉപജീവനമാർഗ്ഗമായ കന്നുകാലികളുടെ ആകസ്മിക മരണം, ഉൽപ്പാദന, പ്രത്യുൽപ്പാദനക്ഷമതാനഷ്ടം ഇവയൊക്കെ ക്ഷീരകർഷകന് കനത്ത ആഘാതം ഏൽപ്പിക്കും. കേരള സർക്കാർ, മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്തെ കന്നുകാലികൾക്കും ക്ഷീര കർഷകർക്കും ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരിരക്ഷ ഉറപ്പാക്കുന്നു.

- സംസ്ഥാനത്ത് ലഭ്യമായ പദ്ധതികളിൽ വച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക്
- ഉരുവിനും ഉടമയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു
- ഒരു വർഷ പദ്ധതിയോ, മൂന്നു വർഷ പദ്ധതിയോ തെരഞ്ഞെടുക്കാൻ കർഷകന് സ്വാതന്ത്ര്യം ഉണ്ട്.
- കറവയുള്ള പശുക്കൾ, എരുമകൾ, ഏഴുമാസത്തിനുമേൽ ഗർഭമുള്ള കിടാരികൾ, എരുമക്കുട്ടികൾ എന്നിവയെ ഇൻഷ്വർ ചെയ്യാം
- ഉരുക്കളുടെ മരണം, ഉൽപ്പാദന, പ്രത്യുൽപ്പാദനക്ഷമതാനഷ്ടം എന്നിവയ്ക്ക് പരിരക്ഷ ലഭിക്കും.
- മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകന്റെ വീട്ടിലെത്തി ഉരുവിന് കമ്മൽ (Ear Tag) ഇട്ടശേഷം പൂർണ്ണമായും വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.
- കർഷകൻ പ്രീമിയം തുക അടയ്ക്കേണ്ടതും ഓൺലൈൻ ആയിട്ടാണ്.
- കർഷകന് പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും അപകട മരണത്തിനും പരമാവധി 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ. ഈ പരിധി ഉയർത്തുന്നത് ഇപ്പോൾ സർക്കാർ പരിഗണനയിലാണ്.
- 65,000/ രൂപ വരെ വിലയുള്ള ഉരുവിന് ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50 ശതമാനവും, എസ്.സി./ എസ്.റ്റി വിഭാഗത്തിനും 70 ശതമാനവും സബ്സിഡി നൽകുന്നതാണ്.
- സർക്കാർ മൃഗാശുപത്രി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.




ഡോ. ലീന പോൾ
വെറ്ററിനറി സർജൻ
തൃക്കളത്തൂർ, എറണാകുളം


# പ്രിയ കർഷക സുഹൃത്തുക്കളേ...

**ഇന്ന് രണ്ട് സംഭവങ്ങളാണ് ഒരുമിച്ച് വരുന്നത്. രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ രണ്ട് വ്യത്യസ്ത കാലങ്ങളിൽ നടന്ന രണ്ടു കഥകൾ നിങ്ങളുടെ സമക്ഷം വെക്കട്ടെ....**

മനു, എഞ്ചിനീയർ. എങ്കിലും ചിന്നപ്പയ്യൻ..... നല്ല മുപ്പത് കിടുക്കൻ പശുക്കളെ വളർത്തുന്ന പുരോഗമനവാദി... ക്ഷീരകർഷകൻ....

അങ്ങനെയിരിക്കെ പുതിയ ഒരു കറവപ്പശുവിനെ പൊള്ളാച്ചിയിൽ നിന്നും കൊണ്ടുവരുന്നു.

കാണാനുണ്ട് ട്ടോ... ഹോൾസ്റ്റീയൻ ഫ്രീഷ്യൻ 400 കിലോ, ആഹാ..... സുന്ദരി, സുനന്ദിനി, നന്ദിനി എന്ന പേര് കണ്ടുപിടിച്ചതേ ഇവൾക്ക് വേണ്ടിത്തന്നെ.

വന്ന ആദ്യത്തെ മൂന്ന് ആഴ്ച പ്രശ്നരഹിതം.... സന്തോഷത്തോടെ 28 ലിറ്റർ പാല് കറന്നു കൊണ്ട് കടന്നു പോയി. നാലാമത്തെ ആഴ്ച തുടക്കത്തിലേ കാറും കോളും കണ്ടു തുടങ്ങി. കാലുവേദന, തീറ്റ കുറവ്, പാൽ അല്പാൽപം താഴോട്ട്......

തുടക്കത്തിൽ വേദനസംഹാരി ഗുളികകൾ, പാല് കുറയാതിരിക്കാനുള്ള മരുന്നുകൾ, മരുന്ന് മുക്കൽ ഒക്കെ ചെയ്ത് മനു നക്ഷത്രമെണ്ണിത്തുടങ്ങി.

'എനിക്ക് കാല് വയ്യേ, കാല് വയ്യേ'ന്ന് പറഞ്ഞ് കൊണ്ട് മനുവിനെ നോക്കി ഇടക്കിടെ കരയുന്ന നന്ദിനി.

'എ ണ ീ ക്ക ണ ോ ചേട്ടാ .... ഉറപ്പായിട്ടും എണീക്കണോ ... നിർബന്ധമാണോ, എന്നാൽ എണീക്കാം, ചേട്ടന് വേണേൽ എണീക്കാം' എന്ന അവസ്ഥ. നന്ദിനിയെ സന്ദർശിക്കാതെ ചികിത്സ തുടരാൻ സാധ്യമല്ലാത്ത അവസ്ഥ.

ചെന്നു, കണ്ടു... പേണിയുടെ തൊട്ട് മുകളിൽ ചെറിയ നീരും വേദനയും...... മനു ആണെങ്കിൽ മാറ്റ് ഇടുന്നു, കാല് ഫുട്ബാത്തിൽ മുക്കുന്നു, ആകെ മൊത്തം ബഹളമയം...

മരുന്നൊക്കെ ചെയ്ത് കഴിഞ്ഞ് ഫാമിൽ നിന്നിറങ്ങിയപ്പോ ഫീഡ് സ്റ്റോർ തുറന്നു കിടക്കുന്നു .

'ഓർഗാനിക്ക് ഫീഡുകൾ മിക്സ് ചെയ്ത് തീറ്റയുണ്ടാക്കിയാ ഡോക്ടറേ കൊടുക്കുന്നേ'

മനുവിന്റെ അമ്മയും പിറകെ കൂടി.

ചാക്കുകൾ നിറച്ച് ഉഴുന്ന് പൊടി, ചെറുപയർ തൊണ്ട്, ചോളപ്പൊടി. ഭായിക്കുട്ടൻ നന്ദിനിക്കുള്ള കാലിത്തീറ്റ മിക്സ് ചെയ്തു തുടങ്ങിയിരുന്നു...

പുല്ലരിഞ്ഞത് പേരിന്, 90% ശതമാനം ഖരാഹാരം. ഭായിയെ നോക്കി ഞാൻ കണ്ണുരുട്ടി.... ഓന് അപകടം മണത്തു. 'മേം സാബ്, ദൂധ് കേലിയേ കാലി തീറ്റ സ്യാദാ ചാഹിയേ'



'മോനേ, ഭായിക്കുട്ടാ, തീറ്റയുടെ അളവ് ശരിയാക്കിയില്ലെങ്കി *സറ* വരുമെടാ *സറ*'

'സാറച്ചേച്ചീ വേണ്ട മേം സാബ്, സാറ ചേച്ചീ വേണ്ട, മേം അച്ചേ സേ കരുംഗാ'എന്ന്.

സറ, സാറ എന്നൊക്കെ കേട്ട് പമ്മി നിൽക്കുന്ന മനുവിന് കാര്യമറിയണം.. സറയെന്നാൽ (SARA) സബ് അക്യൂട്ട് റൂമിനൽ അസിഡോസിസ്. ഇളം കറവയിലുള്ള കറവപ്പശുക്കളുടെ റേഷനിൽ ഖരാഹാരവും നാരുകളും തമ്മിലുള്ള അനുപാതം 60:40 ആണ് വേണ്ടത്. പാല് കൂടുതലുള്ള വലിയ പശുവിന് ഈ അനുപാതം തെറ്റിച്ച് കൂടുതൽ ഖരാഹാരം നൽകാൻ ഉള്ള സാധ്യത വളരെക്കൂടുതലാണല്ലോ, സ്ഥിരമായി ഖരാഹാരത്തിന്റെ അളവ് ക്രമാതീതമായി കൂട്ടുകയും പുല്ല് കുറയ്ക്കുകയോ/ ഗുണമേന്മയില്ലാത്ത പുല്ല് നൽകുകയോ ചെയ്യുമ്പോൾ അവിടെ ഒരു കൊത്തിപ്പൊരി നടക്കുന്നു.

'കൊത്തിപ്പൊരിയോ ഡോക്ടറേ?'

ഖരാഹാരം കൂടുതലുള്ളതെല്ലാം കൂടി പുളിച്ച് വോളറ്റൈൽ ഫാറ്റിആസിഡിന്റെ അളവ് കൂട്ടുകയും പണ്ടത്തിലെ PH താഴുകയും, ചില ബാക്ടീരിയകളുടെ പ്രവർത്തനം മൂലം തീറ്റയിലുള്ള പ്രോട്ടീൻ വിഘടിച്ച് അമിനോ ആസിഡ് ഹിസ്റ്റിഡീനും അതിൽ നിന്നും ഹിസ്റ്റമീൻ എന്ന പ്രധാന വില്ലനും ഉണ്ടാകുന്നു. PH കുറഞ്ഞ സാഹചര്യം മുതലെടുത്ത് ചില ബാക്ടീരിയകൾ സഹവില്ലനായ എന്റോടോക്സിൻ ഉണ്ടാക്കുന്നു. വില്ലൻമാർ രണ്ടുപേരും കൂടി ഓടിപ്പോയി കുളമ്പിലേക്കുള്ള രക്തയോട്ടത്തിൽ വ്യത്യാസം വരുത്തുകയും തൽഫലമായി നന്ദിനിയ്ക്ക് കുളമ്പിന് മുകളിൽ നീരും കാലുവേദനയും ഉണ്ടാവുകയും ചെയ്യുന്നു.

ചികിത്സയോടൊപ്പം തന്നെ ഫാമിൽ ചില മാറ്റങ്ങൾ കൂടി വരുത്താൻ തീരുമാനമായി.

1) ഇളംകറവ, ഇടക്കറവ, ചെനയുള്ളവ, കിടാരികൾ എന്നിവയ്ക്ക് വ്യത്യസ്ത പ്രായങ്ങളിൽ വേണ്ട തീറ്റയുടെ അളവ് വ്യത്യസ്തമായതുകൊണ്ട് റേഷൻ കൃത്യമാക്കാൻ സോഫ്റ്റ് വെയർ ശരിയാക്കി. കൊടുക്കുന്ന അളവ് തെറ്റിച്ചാൽ പകരം ഭായിയെ മാറ്റി സാറാ ചേടത്തിയെ ഫാമിൽ നിർത്തുമെന്ന് ഭായ്ക്ക് മുന്നറിയിപ്പും നൽകി.
2) കുളമ്പിന്റെ ആരോഗ്യം വർദ്ധിപ്പിക്കാൻ ഒരു വലിയ തുറന്ന തൊഴുത്ത്. പശുക്കൾക്ക് ഇഷ്ടം പോലെ കിടക്കുകയോ നടക്കുകയോ ചെയ്യാം. ഒന്ന് ഡാൻസ് കളിക്കാനും സ്ഥലമുണ്ട്. പശുക്കളെ കെട്ടണമെന്ന് യാതൊരു നിർബന്ധവുമില്ല .
3) തീറ്റയോടൊപ്പം ഒരു വെടിച്ചില്ല് മിനറൽ മിക്സ്ച്ചർ
4) മാസത്തിലൊരിക്കൽ കുളമ്പ് വൃത്തിയാക്കലും ചെക്കപ്പും

## രണ്ടാമത്തെ കഥ നടക്കുന്നത് ഇങ്ങ് ആൻഡ്രൂസ് ചേട്ടന്റെ തൊഴുത്തിൽ.

മൂന്ന് നല്ല ജഴ്സിപ്പശുക്കൾ ചേട്ടന്റെ തൊഴുത്ത് നിറഞ്ഞ് നിൽക്കുന്നു. സ്ഥലമൊക്കെ കുറവാണ് എന്നത് വല്ല്യ പ്രശ്നം തന്നെയാണ്. തൊഴുത്തിൽ നിന്നും ഇറക്കിക്കെട്ടാൻ സ്ഥലവുമില്ല, നേരവുമില്ല. തൊഴുത്ത് വൃത്തിയായിരിക്കണമെന്ന് നിർബന്ധമുള്ള ചേട്ടനും ചേച്ചിയും ചാണകം വീഴുന്നതനുസരിച്ച് എപ്പോഴും തൊഴുത്ത് കഴുകിക്കൊണ്ടിരിക്കുന്നു.

പശുക്കളിലൊന്ന് മെല്ലെ മുടന്തിത്തുടങ്ങി. ഒരു കൈ ഒക്കുന്നു. ചേട്ടനും കൊടുത്തുനോക്കി വേദനസംഹാരികൾ...

മരുന്നു വെള്ളത്തിൽ കാൽ മുക്കൽ ഒക്കെക്കഴിഞ്ഞു. ഇനിയിപ്പം എന്നാ ചെയ്യാനാ? കൊടുത്ത് ഒഴിവാക്കുന്നതിന് മുന്നെ ഒന്ന് ഡോക്ടറെ കാണിച്ചേക്കാം എന്ന തീരുമാനമായി.

ഒരു കൈയ്യിൽ ഭാരം കൊടുക്കാതെയുള്ള അവളുടെ നിപ്പ്, പാവം നല്ല വേദന ഉണ്ടെന്ന് കണ്ടാലറിയാം. അവളുടെ കൈയ്യുടെ കുളമ്പ് വൃത്തിയാക്കി, വൃത്തിയാക്കി ചെന്നപ്പോൾ ഒരു അൾസർ അഥവാ കുളമ്പ് പൊട്ടിത്തുളഞ്ഞ് ദശ പുറത്തേക്ക്. ഹൃദയഭേദകമായ കാഴ്ച്ചയാണത്. പ്രത്യേകതരം കത്തികൾ ഉപയോഗിച്ച് കുളമ്പ്, ചീമ്പി വൃത്തിയാക്കി, പ്രത്യേക തരം മരുന്ന് വെച്ച് വെള്ളം നനഞ്ഞാൽ കുതിരാത്ത ബാന്റ്ജ് ഉപയോഗിച്ച് കെട്ടി. ആരോഗ്യമുള്ള കുളമ്പിൽ പ്രത്യേകതരം മരക്കട്ട ഒട്ടിച്ച് റെഡിയാക്കി; അവളെ ഒന്ന് നടത്തി നോക്കി. ഐശ്വര്യ റായിയെ തോൽപ്പിക്കും വിധം ഒരു നട നടന്നിട്ട് എന്നെ ഒന്ന് നോക്കി, ഖൽബിലുടക്കി ആ നോട്ടം.

അവിടെയും വരുത്തി ചില മാറ്റങ്ങൾ

1) തൊഴുത്ത് എപ്പോഴും ഉണങ്ങിക്കിടക്കണം. ചാണകം കോരിക്കൊണ്ട് കോരി നീക്കണം. ഉണങ്ങിയ തൊഴുത്തിലേ പശുക്കൾ കിടന്ന് വിശ്രമിക്കൂ. എന്നാലേ ശ്ർന്ന് പാലിങ്ങോട്ട് പോരത്തുള്ളൂ എന്ന് പറഞ്ഞപ്പഴാണ് ചേച്ചിക്ക് ഒരു വിശ്വാസമായത് .
2) പശുക്കളെ ഇടയ്ക്കെങ്കിലും ഇറക്കി കെട്ടുകയോ നടത്തുകയോ വേണം.
3) മാസത്തിലൊരിക്കൽ വിശദമായ കുളമ്പ് ചെക്കപ്പും വൃത്തിയാക്കലും നിർബന്ധം
4) ഇവിടെയും ഒരു വെടിച്ചില്ല് മിനറൽ മിക്സ്ച്ചർ നിർബന്ധം. വിറ്റാമിനുകൾ എ,ഡി,ഇ, ബയോട്ടിൻ മിനറലുകൾ കാൽസ്യം, സിങ്ക്, കോപ്പർ, കോബാൾട്ട്, സെലിനിയം എല്ലാമുള്ള ഒരു പൊടി തെരഞ്ഞെടുക്കണം. എങ്കിലേ കുളമ്പിലെ പുതിയ കോശങ്ങൾ ഉണ്ടായി വരൂ.

ചുരുക്കത്തിൽപ്പറഞ്ഞാൽ പാൽ തീറ്റയുമായും ആരോഗ്യവുമായും മാത്രമല്ല, കുളമ്പുമായും ബന്ധപ്പെട്ടിരിക്കുന്നു.



# അകിടുവീക്കവും പ്രതിരോധ മാർഗ്ഗങ്ങളും

ഡോ. ശ്രീവിദ്യാ നമ്പ്യാർ
വെറ്ററിനറി സർജൻ
പടന്ന, കാസർഗോഡ്

അകിടുവീക്കം ക്ഷീര കർഷകർക്ക് കനത്ത പ്രഹരമേൽപിക്കുന്ന ഒരു സങ്കീർണ പ്രശ്നം തന്നെയാണ്. ഈ അസുഖം ഡോക്ടർമാരെയും കർഷകരെയും ഒരു പോലെ കുഴക്കുന്നതാണ്. ചികിത്സ വൈകിയെങ്കിൽ പലപ്പോഴും ഫലപ്രദമാവാറുമില്ല.

അനേകയിനം ബാക്റ്റീരിയകൾ, വൈറസുകൾ, പൂപ്പലുകൾ എന്നിവയിൽ നിന്നുമുള്ള അണുബാധ, വൃത്തിയില്ലാത്ത പരിസരങ്ങൾ, കഴുകി വൃത്തിയാക്കാത്ത തൊഴുത്ത്, കറവക്കാരന്റെ കഴുകാത്ത കൈകൾ എന്നിവയിൽ നിന്നും അസുഖം ഉണ്ടാകുന്നു. ഈച്ചകളും കൊതുകുകളും പക്ഷികളും രോഗാണുക്കളുടെ വാഹകരാണ്. പശുക്കളെ പൂർണമായും കറക്കാതെ പാൽ കെട്ടിക്കിടക്കുന്നതും അകിടുവീക്കത്തിന് കാരണമായി ഭവിക്കുന്നു. കരൾ സംബന്ധമായ രോഗങ്ങൾ, പ്രസവത്തിനുശേഷം ഗർഭപാത്രത്തിലുള്ള അണുബാധ, മറുപിള്ള മുഴുവനും വീണു പോകാത്ത സാഹചര്യം എന്നിവയും അകിടുവീക്കത്തിന് കാരണമാകുന്നു. ഇത്തരം സാഹചര്യത്തിൽ രോഗപ്രതിരോധം തന്നെയാണ് ഉത്തമം.

### വൃത്തിയായ സാഹചര്യം ഒരുക്കി അണുബാധ പരമാവധി കുറക്കാം.

കറവക്ക് മുൻപും ശേഷവും അകിട് വളരെ വൃത്തിയായി അണുനാശിനികൾ ഉപയോഗിച്ച് കഴുകി തുടക്കണം. ഇതിനായി നല്ലൊരു അണുനാശിനിയായ പൊട്ടാസ്യം പെർമാംഗനെറ്റ് ലായനി സ്ഥിരമായി ഉണ്ടാക്കി തൊഴുത്തിൽ സൂക്ഷിക്കുക. ഇത് പതിവാക്കുന്ന കർഷകരുടെ പശുക്കളെ അകിടുവീക്കം അലട്ടാറില്ല.

കറവക്കാരന്റെ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കിയിരിക്കണം, നഖങ്ങൾ വെട്ടിയിരിക്കണം. പശുവിന്നകിട്ടിൽ പൊട്ടലുകളോ കീറലുകളോ ഉണ്ടെങ്കിൽ അവ ഉടനടി ചികിൽസിച്ചു ഭേദപ്പെടുത്തണം.

കറവക്ക് ശേഷം പോവിഡോൺ ലായനിയിൽ കാമ്പുകൾ മുക്കിയെടുക്കുക. ഇളം ചൂടുവെള്ളം ഉപയോഗിക്കുന്നത് നല്ലതാണ്. കറവക്കിടയിൽ ചുമക്കുക, മൂക്കുചീറ്റുക എന്നീ വൃത്തിഹീനമായ ശീലങ്ങൾ നിർബന്ധമായും ഒഴിവാക്കുക. തൊഴുത്തു എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. തൊഴുത്തിന്റെ തറയിൽ മൂത്രവും ചാണകവും ചേർന്ന വെള്ളം കെട്ടികിടക്കാനിടവരുത്തുന്ന

ചെറിയ കുഴികൾ നികത്തുക തന്നെ വേണം. തൊഴുത്തു ദിവസവും അണുനാശിനികൾ ഉപയോഗിച്ച് കഴുകുകയും, ആഴ്ച തോറും കുമ്മായം വിതറി സൂക്ഷിക്കുകയും ചെയ്യണം. വളക്കുഴി അല്പം അകലെ മേൽക്കൂരയോട് കൂടെ സ്ഥിതി ചെയ്യുന്നതാണ് അഭികാമ്യം. ഇത് ഈച്ചകളെയും കൊതുകിനെയും ഒരു പരിധി വരെ അകറ്റുവാൻ സഹായകരമാകും. പക്ഷികളെയും കോഴികളെയും തൊഴുത്തിൽ കാഷ്ഠിക്കുവാൻ അനുവദിക്കരുത്. സൂര്യപ്രകാശം ഏറ്റവും നല്ല ഒരു അണുനാശിനിയായതിനാൽ അത് തൊഴുത്തിൽ പതിയുന്ന രീതിയിൽ തന്നെ തൊഴുത്തു നിർമാണം നടത്തുക.

### ശാസ്ത്രീയമായ കറവ രീതി - നല്ല കറവ ഒരു കല തന്നെയാണ്.

ക്ഷീരകർഷകർ നല്ല കറവ രീതി അവലംബിക്കണം.പശുക്കളോടു ദയയോടെ പെരുമാറുക. തള്ള വിരലും, ചൂണ്ടു വിരലും കാമ്പിന്റെ മുകൾ ഭാഗത്തായി സ്ഥിതി ചെയ്തു, ബാക്കി വിരലുകൾ ചുറ്റിപ്പിടിച്ചു വേണം കറവ നടത്തുവാൻ.ഇത് പാൽ അകിടിൽ നിന്നും തിരിച്ചു പോകാതിരിക്കുവാൻ സഹായിക്കും. മുല കാമ്പുകൾ ശക്തിയായി വലിക്കുക, തള്ളവിരൽ മടക്കിപിടിച്ചു കറക്കുക എന്നിവ ഒട്ടും തന്നെ അഭികാമ്യമല്ല.

### അകിടിൽ പാൽ കെട്ടികിടക്കുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കണം.

പാലുൽപാദനം തലച്ചോറിൽ നിന്നുമുള്ള ഓക്സിടോസിൻ ഹോർമോണിൽ ആശ്രിതമായതിനാൽ 10 മിനിട്ടുകൾക്കകം കറവ തീർക്കേണ്ടതുണ്ട്. കറവയുടെ സമയം പ്രതിദിനം കഴിയുന്നതും മാറ്റാതിരിക്കാൻ ശ്രമിക്കണം.

പശുകുട്ടികൾക്കു മൂന്നുമാസക്കാലം ആവശ്യമായ അളവിൽ തന്നെ പാൽ നൽകുക.

അത്യുല്പാദന ശേഷിയുള്ള പശുക്കളെ ദിവസത്തിൽ മൂന്ന് തവണ കറന്നാൽ നല്ലതു.

കറവ കഴിഞ്ഞതിനു ശേഷം ഉടനെ തന്നെ പശുവിനെ കിടക്കുവാൻ അനുവദിക്കരുത് . ഇത് അകിടിൽ ചാണകവും മണ്ണും പുരളുവാനും, തുറന്ന മുലക്കണ്ണുകളിലൂടെ അണുബാധ ഉണ്ടാകുവാനും കാരണമാകുന്നു. അതിനാൽ പശുവിനു കറവക്ക് ശേഷം പുല്ലു നൽകുന്നതാണ് നല്ലത്.

### കറവ യന്ത്രം

കറവയന്ത്രം ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ചു പരിപാലിക്കുക. കറവയന്ത്രം അകിടിൽ ഘടിപ്പിക്കുമ്പോൾ വായു സമ്മർദ്ദം പരമാവധി കുറക്കുക. യന്ത്രത്തിന്റെ എല്ലാ കപ്പുകളും



കാമ്പുകളിൽ ഒരുമിച്ചു ഘടിപ്പിക്കാൻ ശ്രമിക്കണം. അല്ലെങ്കിൽ ഒരു കാമ്പിലുള്ള അണുബാധ മറ്റേ കാമ്പുകളിലേക്കു പടരാൻ സാധ്യതയുണ്ട്. കറവ കഴിഞ്ഞാൽ വായു ശൂന്യത അടച്ചതിനു ശേഷം മാത്രം കറവ യന്ത്രം അകിടിൽ നിന്നും മാറ്റുക. അല്ലെങ്കിൽ അത് അകിട് വീക്കത്തിലേക്ക് നീങ്ങുവാൻ സാധ്യതയുണ്ട്. പ്രസവശേഷം ഗർഭാശയത്തിന്റെ സുരക്ഷയ്ക്കുള്ള മരുന്നുകളും കരൾ ഉത്തേജക മരുന്നുകളും നിർബന്ധമായും നൽകുക. കീഴാർനെല്ലി നൽകുന്നത് വഴി കരളിന്റെ ആരോഗ്യവും രോഗപ്രതിരോധ ശേഷിയും ഉറപ്പു വരുത്താവുന്നതാണ്.

### ഗർഭിണി പശുക്കളുടെ കറവ വറ്റിക്കുന്നതു ഘട്ടം ഘട്ടമായി നടത്തുക

കാമ്പുകളിലേക്കു അകിടുവീക്കം തടയാൻ കഴിവുള്ള ആന്റിബയോട്ടിക്കുകൾ ചെയ്തു ഗർഭകാലത്തെയും പ്രസവശേഷവുമുള്ളതായ അകിടുവീക്കത്തെ പ്രതിരോധിക്കുവാൻ സാധിക്കുന്നതാണ്. ട്രൈ സോഡിയം സിട്രേറ്റ് അടങ്ങിയിട്ടുള്ള ധാതുലവണ മിശ്രിതങ്ങളും അകിടുവീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമാണ്.

### അകിടുവീക്ക നിർണ്ണയ കിറ്റുകളും സി എം ടി ലായനിയും

സബ്ക്ലിനിക്കൽ അകിടുവീക്കം (അകിടിനു നീരോ വീക്കമോ ഇല്ലാതെ, അകാരണമായി പാൽ കുറയുന്ന അവസ്ഥ, പാൽ തിളപ്പിക്കുമ്പോൾ പിരിഞ്ഞു പോവുക എന്നീ ലക്ഷണങ്ങൾ) നിർണ്ണയിക്കുവാനായി മൃഗാശുപത്രികളിൽ നിന്നും ലഭിക്കുന്ന കിറ്റുകളിൽ അടങ്ങിയ സി എം ടി ലായനി ഉപയോഗിച്ച് പാലിന്റെ പരിശോധന പതിവായി നടത്തുക. ഇത് വഴി രോഗനിർണ്ണയം വളരെ എളുപ്പത്തിൽ കർഷകഭവനത്തിൽ തന്നെ ധ്രുത ഗതിയിൽ നടത്തി അകിടുവീക്കത്തിലേക്കുള്ള സാധ്യത മുൻകൂട്ടി അറിയാവുന്നതാണ്.



# ശാസ്ത്രീയ കന്നുകുട്ടി പരിപാലനം

ഡോ. അശ്വിൻ. കെ
വെറ്ററിനറി സർജൻ
മൈമാർമൂല, കാസർഗോഡ്

ഇന്ന് നമ്മുടെ കർഷകർ ഗുണമേന്മയുള്ള കറവപ്പശുക്കൾക്കായി തമിഴ്നാട്, കർണാടക മുതലായ സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. പലപ്പോഴും അവർ വഞ്ചിക്കപ്പെടുകയും ചിലവഴിച്ച പണത്തിനു തക്കതായ ലാഭം കിട്ടാതെ വരികയും ചെയ്യുന്നു. ശാസ്ത്രീയമായ കന്നുകുട്ടി പരിപാലനത്തിലൂടെ മേൽത്തരം ഉരുക്കളെ സൃഷ്ടിക്കുന്നതിനുള്ള അവബോധം നമ്മുടെ ക്ഷീരകർഷകർക്കിടയിൽ ഉണ്ടാക്കി എടുക്കുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. കന്നുകുട്ടി പരിപാലന സ്കീമുകൾ കേരളത്തിൽ ഉടനീളം നടപ്പിലാക്കുന്നുണ്ടെങ്കിലും, ആയതിന്റെ ശരിയായ ഉദ്ദേശം കർഷകർ മനസ്സിലാക്കുന്നുണ്ടോ എന്നുള്ളത് ചോദ്യചിഹ്നമാണ്. ഒരു പശുക്കിടാവ് ജനിച്ചു വീഴുന്ന നിമിഷം മുതലുള്ള ശുശ്രൂഷകൾ ഇതിൽ പെടുന്നു.

### ഒരു കന്നുകുട്ടി ജനിക്കുന്നു...

ജനിച്ചു വീണ ഉടനെ കന്നുകുട്ടികളുടെ പൊക്കിൾകൊടി കെട്ടേണ്ടതാണ്. ഇതിനായി അയഡിൻ ലായനിയിൽ മുക്കിയ നൂൽ പൊക്കിൾക്കൊടിയുടെ ഒരിഞ്ച് താഴെ കെട്ടാം. ഇതിനും ഒരിഞ്ച് താഴെ ഒരു കെട്ട് കൂടി ഇട്ട ശേഷം ഈ രണ്ടു കെട്ടുകൾക്കും ഇടയിൽ വച്ച് വൃത്തിയുള്ള ഒരു കത്രിക കൊണ്ട് പൊക്കിൾകൊടി മുറിച്ച് കളയണം. ഇപ്രകാരം ചെയ്യുന്നത് പൊക്കിൾ കൊടിയിലൂടെ ഉണ്ടാകുന്ന അണുബാധകൾ തടയുന്നു.

### ഉയർന്ന പ്രതിരോധ ശേഷിക്ക് മഞ്ഞപ്പാൽ അനിവാര്യം

ജനിച്ച് വീണ് അരമണിക്കൂറിനുള്ളിൽ തന്നെ കന്നുകുട്ടിക്ക് മഞ്ഞപ്പാൽ നൽകേണ്ടതാണ്. ഇതു വഴി രോഗപ്രതിരോധ ശേഷിക്ക് അത്യാവശ്യമായ ഇമ്മ്യൂണോഗ്ലോബുലിൻസ് പരമാവധി കുട്ടിയുടെ ശരീരത്തിലെത്തുന്നു. പോരാതെ മഞ്ഞപ്പാൽ ജീവകം എ യാൽ സമ്പുഷ്ടവുമാണ്. പശുക്കുട്ടിക്ക് അതിന്റെ ശരീരഭാരത്തിന്റെ പത്തിലൊന്ന് എന്ന ക്രമത്തിലാണ് മഞ്ഞപ്പാൽ നൽകേണ്ടത്. ഉദാ. 25 കിലോഗ്രാം ഭാരമുള്ള പശുക്കിടാവിനു ദിവസവും രണ്ടര ലിറ്റർ മഞ്ഞപ്പാൽ ആണ് നൽകേണ്ടത്. ഇത് ദിവസവും മൂന്ന് നേരമായാണ് നൽകേണ്ടത്.

കന്നുകുട്ടികൾക്ക് പാൽ കൊടുക്കുമ്പോൾ അത് കറന്നു ഫീഡിങ് ബോട്ടിലിലിൽ ആക്കി അകിടിന്റെ ഉയരത്തിൽ വച്ച് കൊടുക്കുന്നതാണ് അഭികാമ്യം. ഈ വിധം കൊടുക്കുന്നത് പാൽ നേരിട്ട് ആമാശയത്തിൽ എത്തി ദഹനം എളുപ്പമാക്കാൻ സഹായിക്കുന്നു. എന്നാൽ കിടാരിക്ക് കുടിക്കാൻ വെള്ളം കൊടുക്കുമ്പോൾ അത് നല്ല വൃത്തിയുള്ള പാത്രത്തിൽ നിലത്ത് വച്ച് വേണം കൊടുക്കാൻ.

### അമ്മയില്ലാത്ത കന്നുകുട്ടികൾക്ക് കൃത്രിമ മഞ്ഞപ്പാൽ

പ്രസവത്തോടെ അമ്മപ്പശു ചത്തതോ, അല്ലെങ്കിൽ അകിടുവീക്കമോ മറ്റേതെങ്കിലും കാരണങ്ങളാലോ മഞ്ഞപ്പാൽ ഇല്ലാതെ വരികയോ ചെയ്താൽ അവയ്ക്കായി കൃത്രിമ മഞ്ഞപ്പാൽ ഉണ്ടാക്കാവുന്നതാണ്. ഇതിനായി ഒരു നേരത്തേക്ക് 525 മില്ലി പശുവിൻ പാൽ, 275 മില്ലി തിളപ്പിച്ചാറ്റിയ വെള്ളം, ഒരു മുട്ട, അര ടീസ്പൂൺ ആവണക്കെണ്ണ, 5 മില്ലി മീനെണ്ണ എന്നിവ ചേർത്ത മിശ്രിതം ഉണ്ടാക്കാവുന്നതാണ്. ഈ മിശ്രിതം ദിവസവും മൂന്ന് വട്ടം നൽകേണ്ടതാണ്.

### കന്നുകുട്ടികളിൽ വിരയിളക്കൽ

പ്രസവിച്ച് രണ്ടാഴ്ച്ച പ്രായത്തിൽ ആദ്യത്തെ വിരയിളക്കൽ നടത്തേണ്ടതാണ്. പിന്നീട് മൂന്നാം മാസം വരെ എല്ലാ മാസവും വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം വിരയിളക്കൽ നടത്താം. ഇതിനു ശേഷം ആറാം മാസത്തിൽ വിരയിളക്കണം. പിന്നീട് ചാണകം പരിശോധിച്ച ശേഷം ആവശ്യമായ വിരയിളക്കൽ നടത്തുകയോ, അല്ലെങ്കിൽ ഓരോ വർഷവും വിരമരുന്ന് നൽകുകയോ ആവാം.

### പാലിന് പകരം മിൽക്ക് റീപ്ലേസർ

കന്നുകുട്ടികൾക്ക് പാൽ അഞ്ചു ദിവസം വരെ നൽകിയാൽ മതിയാകും. അതിനു ശേഷം അവയുടെ പരിപാലനം ലാഭകരമാക്കാൻ മിൽക്ക് റീപ്ലേസർ നൽകാവുന്നതാണ്. പതിനഞ്ച് ദിവസം പ്രായം വരെ ദിവസവും 600 ഗ്രാം, 15 മുതൽ 30 ദിവസം വരെ 700 ഗ്രാം എന്ന തോതിലാണ് നൽകേണ്ടത്. 100 ഗ്രാം മിൽക്ക് റീപ്ലേസർ ഉണ്ടാക്കുന്നതിനു 13 ഗ്രാം പാൽപ്പൊടി (അല്ലെങ്കിൽ 100 ഗ്രാം പാൽ), 7 മില്ലി വെളിച്ചെണ്ണ, 10 ഗ്രാം ശർക്കര, 20 ഗ്രാം എള്ളിൻപിണ്ണാക്ക്, 20 ഗ്രാം തേങ്ങാപ്പിണ്ണാക്ക്, 24 ഗ്രാം ചോളപ്പൊടി എന്നിവ ചേർത്ത് വേവിച്ച ശേഷം 3 ഗ്രാം ധാതുലവണ മിശ്രിതം, 3 മില്ലി മീനെണ്ണ എന്നിവ ചേർക്കേണ്ടതാണ്.

മൂന്നാഴ്ച പ്രായമാകുന്നത് വരെ പരുഷാഹാരം കൊടുക്കേണ്ട ആവശ്യമില്ല. മൂന്ന് ആഴ്ചക്കു ശേഷം ഉണക്കപ്പുല്ല് നൽകാം.

### ഒരു മാസത്തിനു ശേഷം സ്റ്റാർട്ടർ തീറ്റ

കന്നുകുട്ടികൾക്ക് 30 ദിവസം പ്രായമാവുന്നതോടെ സ്റ്റാർട്ടർ തീറ്റ നൽകി തുടങ്ങാം. ഒരു കിലോ സ്റ്റാർട്ടർ തീറ്റ ഉണ്ടാക്കുന്നതിനായി 450 ഗ്രാം ചോളം, 350 ഗ്രാം കടലപ്പിണ്ണാക്ക്, 80 ഗ്രാം ഉണക്കമീൻ പൊടി, 100 ഗ്രാം തവിട് എന്നിവ വേവിച്ചതിനു ശേഷം 20 ഗ്രാം ധാതുലവണ മിശ്രിതം കൂടെ ചേർക്കേണ്ടതാണ്. സ്റ്റാർട്ടർ തീറ്റ 2, 3, 4, 5, 6 മാസത്തിൽ യഥാക്രമം 0.9, 1, 1.2, 1.3, 1.5 കിലോഗ്രാം എന്ന തോതിൽ നൽകേണ്ടതാണ്.

ഈ കാലയളവിൽ കിടാരിക്ക് വേണ്ടത്ര ഉണക്കപ്പുല്ല് നൽകേണ്ടതാണ്. പച്ചപ്പുല്ല് 3 മാസം തൊട്ട് നൽകാവുന്നതാണ്. 3, 4, 5, 6 മാസം പ്രായത്തിൽ കിടാരിക്ക് ദിവസവും യഥാക്രമം 2, 3, 5, 10 കിലോ വീതം നല്ലയിനം പച്ചപ്പുല്ല് നൽകേണ്ടതാണ്. ആറു മാസത്തിന് ശേഷം പച്ചപ്പുല്ലിന്റെ അളവ് ക്രമമായി കൂട്ടി നൽകേണ്ടതാണ്. ഇത് കൂടാതെ 2 വർഷം വരെ 1.5 മുതൽ 2 കിലോ ഗ്രാം കാലിത്തീറ്റ നൽകേണ്ടതാണ്.

## കന്നുകുട്ടികൾക്കായുള്ള സർക്കാർ പദ്ധതികൾ

പശുക്കുട്ടികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തി, ആദ്യപ്രസവം നേരത്തേയാക്കുക എന്ന ലക്ഷ്യത്തോടുകൂടി കർഷകർക്ക് സഹായം നൽകുന്ന 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി', അനേകവർഷങ്ങളായി മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി, നിലവിൽ കേന്ദ്ര, സംസ്ഥാന തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ധനസഹായത്തോടെ വിവിധ പേരുകളിൽ നടത്തി വരുന്നു.

4-6 മാസം വരെ പ്രായത്തിൽ തെരഞ്ഞെടുക്കുന്ന പശുക്കുട്ടികൾക്ക്, ഗുണമേന്മയുള്ള തീറ്റ, ധാതു ലവണ മിശ്രിതം, വിരമരുന്ന്, പ്രതിരോധ കുത്തിവയ്പ്പുകൾ, കർഷകർക്ക് പരിശീലനം എന്നിവ ഉറപ്പാക്കുന്നു. ഇതിന് ചെലവാകുന്ന തുകയുടെ 50% കർഷകർക്ക് സബ്സിഡിയായി നൽകുന്നു.

1. ഗോവർദ്ധിനി : മൃഗാശുപത്രികളിലും സബ്സെന്ററുകളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററുകളിൽ, പേര് രേഖപ്പെടുത്തുന്ന കർഷകരുടെ കന്നുകുട്ടികൾക്കും, എരുമകുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഒരാൾക്ക് പരമാവധി 2 പശുകുട്ടികൾക്കോ 2 എരുമകുട്ടികൾക്കോ ആനുകൂല്യം ലഭിക്കും.



2. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (CAP Calf Adoption Programme)

അഞ്ച് ലക്ഷം രൂപ വാർഷികവരുമാന പരിധിയിൽ ഉൾപ്പെടുന്ന, കർഷകർക്ക്, ഗ്രാമവസഭകൾ അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആനുകൂല്യം ലഭിക്കും. ചെലവിന്റെ 25% മൃഗസംരക്ഷണ വകുപ്പും, 25% തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കും. വനിതകൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും മുൻഗണന.

3. ഗ്രാമ പഞ്ചായത്ത് പദ്ധതി:

അഞ്ച് ലക്ഷം രൂപ വർഷിക വരുമാന പരിധിയിലുള്ളവരെ ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്നു. 50% ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു.

4. സ്പെഷ്യൽ ഗോവർദ്ധിനി

കേന്ദ്രസർക്കാരിന്റെ RKVY (രാഷ്ട്രീയ കൃഷിവികാസ് യോജന) പദ്ധതി പ്രകാരം, മൃഗാശുപത്രികളിലെ കന്നുകുട്ടി ജനന രജിസ്റ്ററിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. 50% ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്നു.

# സമൃദ്ധിയുടെ കുറുമാത്തൂർ അദ്ധ്യായം



ഡോ. അനുമോൾ ജോസഫ്
വെറ്ററിനറി സർജൻ
ചൊർക്കളത്താഴെ, കണ്ണൂർ

തളിപ്പറമ്പ് എം. എൽ എ. ശ്രീ. ജയിംസ് മാത്യുവിന്റെ മനസിൽ വിരിഞ്ഞ ഒരു മഹത്തായ ആശയത്തിന്റെ പ്രായോഗിക രൂപമാണ് സമൃദ്ധി. മണ്ഡലത്തിന്റെ സമഗ്രവികസനത്തിനും ഓരോ കുടുംബത്തിനും പ്രതിമാസം കുറഞ്ഞത് 10000 രൂപയെങ്കിലും അധിക വരുമാനമുണ്ടാക്കുന്നതിനും വ്യത്യസ്തങ്ങളായ സംരംഭങ്ങൾക്ക് നിർലോഭമായ പ്രോത്സാഹനം നൽകുന്നതിനുമാണ് സമൃദ്ധി ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു വർഷത്തിലധികം നീണ്ടു നിന്ന ആസൂത്രണങ്ങളും, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിങ്ങനെ വിവിധ തലത്തിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിരവധി ചർച്ചകൾ, ആലോചനായോഗങ്ങൾ, പരിശീലനപരിപാടികൾ എന്നിവക്കുശേഷമാണ് ആ പദ്ധതി പ്രായോഗിക തലത്തിലേക്കെത്തിയത്.

കുറുമാത്തൂർ പഞ്ചായത്ത് ഇതിൽ പ്രത്യേക താൽപര്യമെടുക്കുകയും 2017-18 വർഷം മുതൽ വാർഷികപദ്ധതി രൂപീകരണസമയത്ത് മൃഗസംരക്ഷണമേഖലയിൽ സമൃദ്ധിക്കായി തുക വകയിരുത്തുകയും ചെയ്തു.

സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാക്കുക എന്നതാണ് പ്രധാനലക്ഷ്യം. വിവിധ ബാങ്ക് പ്രതിനിധികളുമായി ചർച്ച ചെയ്ത് മൃഗസംരക്ഷണമേഖലയിലെ താൽപര്യമുള്ളവർക്ക് സംരംഭത്തിനാവശ്യമായ മൂലധനം ലഭ്യമാക്കുക എന്നുള്ളതായിരുന്നു നിർവഹണത്തിലുണ്ടായിരുന്ന ആദ്യകടമ്പ. ഓരോരുത്തർക്കും അനുവദിക്കപ്പെട്ട ലോൺ തുകയുടെ 10% തുക റിവോൾവിംഗ് ഫണ്ട് ആയി പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്ന് ലഭ്യമാക്കി.

റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ്, സംരംഭത്തിന്റെ തൃപ്തികരമായ നടത്തിപ്പ്, ലോൺ തുക തിരിച്ചടവ് മുടങ്ങാതെ തുടരുക എന്നിങ്ങനെയുള്ള കാര്യങ്ങൾ വിലയിരുത്തി ഓരോ വർഷവും ലോൺ തുകയ്ക്കാവശ്യമായ പലിശ, സബ്സിഡിയായി പ്ലാൻ ഫണ്ടിൽ വകയിരുത്തി അതു ഓരോരുത്തരുടേയും ലോൺ അക്കൗണ്ടിലേക്കു നൽകേണ്ടതുമുണ്ട്.

മുൻമാതൃകകളില്ലാത്ത ഈ പദ്ധതി നിർവഹണം, തുടക്കം മുതലേ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. എങ്കിലും പഞ്ചായത്ത് പ്രസിഡന്റ്, ഭരണസമിതി എന്നിവരുടെ പിന്തുണയോടുകൂടി 2017-18 വർഷത്തിൽ മൃഗസം

രക്ഷണം, ജനറൽ വിഭാഗത്തിൽ 11 ഉം വനിതാ വിഭാഗത്തിൽ 13 ഉം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു. 2018-19 വർഷത്തിൽ മുൻവർഷത്തെ 23 സംരംഭകർക്ക് പലിശസബ്സിഡി നല്കുന്നതോടൊപ്പം വനിതകൾക്ക് ഇറച്ചിക്കോഴിവളർത്തലും 7 വനിതകൾക്ക് മറ്റു മൃഗസംരക്ഷണ സംരംഭങ്ങളും ആരംഭിക്കുവാനും സാധിച്ചു. 50,000 മുതൽ 5 ലക്ഷം വരെയുള്ള തുകകളുടെ പദ്ധതികളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്.

സംരംഭങ്ങൾ ആരംഭിക്കാൻ മുമ്പോട്ട് വന്നവരെ പരിശീലനങ്ങൾക്കയക്കുകയും, ഷെഡ് നിർമ്മാണം മുതൽ ഉത്പന്ന വിപണനം വരെയുള്ള എല്ലാമേഖലകളിലും പൂർണ്ണമായും ശാസ്ത്രീയവും നവീനവുമായ രീതികൾ അവലംബിക്കുവാനും ശ്രമിച്ചിട്ടുണ്ട്.

ബാംഗ്ലൂർ ജോലി ഉപേക്ഷിട്ട് നാട്ടിൽ വന്ന് ഡയറിഫാം സംരംഭം ആരംഭിച്ച സുരേഷ്, സ്വന്തം അദ്ധ്വാനത്തിലൂടെ കുടുംബത്തിന് കൈത്താങ്ങായി മാറിയ ഉമൈറ, ജയന്തി, രാധാമണി എന്നിങ്ങനെ വിജയകഥകൾ ധാരാളമാണ്. പന്നിയൂർ ക്ഷീരസംഘത്തിൽ കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ പാലളന്ന ബഹുമതിക്കാരനായ ഗോവിന്ദൻ, ചങ്ങനാർ കുടുംബമൊന്നിച്ച് പശുവളർത്തലിലെയ്ക്കിറങ്ങിയ ജിൻസ് മാത്യു ഷാജി ദമ്പതികൾ എന്നിങ്ങനെ ഗുണഭോക്താക്കൾ നിരവധിയാണ്.

2017-18, 2018-19 എന്നീ കാലയളവിലായി കുറുമാത്തൂർ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിലെ സമൃദ്ധിസംരംഭങ്ങൾക്ക് മാത്രമായി 58.95 ലക്ഷം തുകയുടെ ബാങ്ക്ലോൺ ലഭ്യമാക്കുകയും 5.89 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് (പഞ്ചായത്ത് വിഹിതം) ആയി ലഭ്യമാക്കുകയും ചെയ്യാൻ സാധിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ സമൃദ്ധിസംരംഭകർക്ക് മൃഗംസംരക്ഷണമേഖലയിൽ പലിശ സബ്സിഡിയായി മാത്രം 3.10 ലക്ഷം രൂപ പഞ്ചായത്ത് ചിലവഴിച്ചു.




ചുരുക്കത്തിൽ വലിയൊരു മൂലധന നിക്ഷേപമാണ് മൃഗസംരക്ഷണമേഖലയിലേയ്ക്ക് ഈ പദ്ധതി വഴികടന്നുവരുന്നത്. ഏതൊരുമേഖലയുടെയും വികസനത്തിന് ഏറ്റവും അത്യാവശ്യമായ മൂലധനനിക്ഷേപം കണ്ടെത്തുന്നതിന് കൈത്താങ്ങാകാൻ കഴിയുന്നതാണ് സമൃദ്ധി പദ്ധതിയുടെ ഏറ്റവും വലിയ വിജയ വും. താറാവ്, നാടൻക്കോഴി, പൂവൻക്കോഴി, കരി ങ്കോഴി, മുട്ടക്കോഴി എന്നിവയുടെ വളർത്തലിൽ 11 പേരും, പശുവളർത്തലിൽ 13 പേരും ആടുവളർത്തലിൽ 5 പേരും, ആണ് സംരംഭം ആരംഭിച്ചത്. കറവപ്പശു, തീറ്റപ്പുല്ല്, മത്സ്യകൃഷി, പന്നിവളർത്തൽ, ഇറച്ചിക്കോഴിവളർത്തൽ എന്നിങ്ങനെ വിവിധ സംരംഭങ്ങൾ സംയോജിപ്പിച്ച് നടത്തുന്ന രണ്ടു പേരുമാണുള്ളത്.

ഓരോരുത്തർക്കും അവരവരുടെ താൽപര്യവും സൗകര്യവും അനുസരിച്ചുള്ള സംരംഭങ്ങൾ തിരഞ്ഞെടുക്കാനും സംരംഭങ്ങൾ ഇഷ്ടാനുസരണം ഡിസൈൻ ചെയ്യാനുമുള്ള സ്വാതന്ത്ര്യം നൽകി എന്നുള്ളതും ആണ് സബ്സിഡികൾ നൽകുന്ന പതിവ് പദ്ധതികളിൽ നിന്ന് സമൃദ്ധിയെ വ്യത്യസ്തമാക്കുന്നത്. സബ്സിഡി തുക കിട്ടിക്കഴിഞ്ഞ് സംരംഭങ്ങൾ നിർത്തുക എന്ന സമീപനം ഇതിൽ നടക്കില്ല. ലോൺ തുക അടച്ചുതീരുന്നതു വരെ തുടർച്ചയായ മോണിറ്ററിങ്ങ് നടക്കുന്നതിനാൽ എന്തെങ്കിലും വീഴ്ച വരുത്തുന്നവർക്ക് പലിശസബ്സിഡി ലഭിക്കാതെ ലോൺ വ്യക്തിഗത ബാധ്യതയായി മാറും.

ഓരോരുത്തരുടെയും സമ്പത്തികസ്ഥിതിയും മറ്റു ഭൗതിക സാഹചര്യങ്ങളുമനുസരിച്ചുള്ള പ്രോജക്റ്റുകൾ നിർദ്ദേശിക്കുന്നതു മുതൽ പരിശീലനങ്ങൾക്കയക്കുക, ബാങ്കു ലോൺ സംഘടിപ്പിക്കുക, വാക്സിനേഷനുകളും മറ്റു അവശ്യചികിത്സകളും രോഗപ്രതിരോധമാർഗ്ഗങ്ങളും ലഭ്യമാക്കുക, ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക, റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കൽ, കൃത്യമായ തിരിച്ചടവ് ഉറപ്പാക്കൽ തുടങ്ങി സമഗ്രമേഖലകളിലും നിർവഹണോദ്യോഗസ്ഥർ ഇടപെടലുകൾ നടത്തേണ്ടി വരും.

# വെറ്ററിനറി പോളിക്ലിനിക്ക്

## മുവാറ്റുപുഴ ISO 9001: 2015

കേരള സംസ്ഥാന മൃഗസംരക്ഷണവകുപ്പിന്റെ ചരിത്രത്തിലാദ്യമായി ഒരു വെറ്ററിനറി പോളിക്ലിനിക്ക് ISO 9001: 2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയിരിക്കുന്നു.

എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലെ ക്ഷീരകർഷകരുടെ ഏക ആശ്രയമായ മുവാറ്റുപുഴ പോളിക്ലിനിക്കിനെയാണ് മൃഗ സംരക്ഷണ വകുപ്പ് ഐ.എസ്.ഒ നിലവാരത്തിലേക്ക് കൈ പിടിച്ചുയർത്തിയിരിക്കുന്നത്. വെറ്ററിനറി പോളിക്ലിനിക്കിൽ വരുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനോടൊപ്പം തന്നെ സർക്കാർ സ്ഥാപനങ്ങളിൽ വരുന്ന ജനങ്ങളുടെ സംതൃപ്തിയും മൃഗസംരക്ഷണ വകുപ്പ് ഈ പദ്ധതിയിലൂടെ സാധിതമാക്കുന്നു.

**ഐ.എസ്.ഒ എന്നാൽ എന്താണ്?**

ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാന്റേർഡൈസേഷൻ എന്ന അന്തർദേശീയ സ്ഥാപനം രൂപം കൊള്ളുന്നത് 1947 ഫെബ്രുവരിയിലാണ്. ജനീവ ആസ്ഥാനമായ ഈ സ്ഥാപനം 162 രാജ്യങ്ങളിൽ സജീവ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

എല്ലാ സേവന പ്രവർത്തനങ്ങളേയും വിലയിരുത്തി പൊതുവായ മാനദണ്ഡം നിശ്ചയിച്ച് കൃത്യമായ മാർഗ്ഗരേഖയിലൂന്നി ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം നൽകുന്നതിന് അന്താരാഷ്ട്ര നിലവാരത്തിൽ ഗ്രേഡ് ചെയ്യുകയെന്നതാണ് സേവനമേഖലയിലെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൊണ്ടുദ്ദേശിക്കുന്നത്. മൃഗസംരക്ഷണ മേഖലയിൽ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ ആസ്പദമാക്കിയാണ് ഐ.എസ്.ഒ അംഗീകാരം മുവാറ്റുപുഴ വെറ്ററിനറി പോളിക്ലിനിക്ക് നേടിയെടുത്തത്.

1948 ൽ വെറ്ററിനറി ഹോസ്പിറ്റൽ ആയി മുവാറ്റുപുഴയിൽ പ്രവർത്തനമാരംഭിച്ചത് വാടക കെട്ടിടത്തിലായിരുന്നു. അവിടെ നിന്നും 04.06.1980 ൽ വെറ്ററിനറി പോളിക്ലിനിക്കായി പദവി ഉയർത്തപ്പെട്ടു. പിന്നീട് മൃഗസംരക്ഷണ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണിയുകയും 05.08.2000 ത്തിൽ ഇവിടേക്ക് മാറുകയും ചെയ്തു. മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനായി മൃഗ സംരക്ഷണ വകുപ്പ്, പോളിക്ലിനിക്കിനെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനിക്കുകയും 5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു . പശ്ചാത്തല സൗകര്യങ്ങളും ആധുനിക ചികിത്സാ സംവിധാനങ്ങളും ഒരുക്കാനാണ് ഈ തുക അനുവദിച്ചത്. ഓഫീസ്, ഭരണ സംവിധാനവും ഏറ്റവും നൂതനമായ ചികിത്സാ സംവിധാനങ്ങളും ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നില നിർത്തുകയും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഐ.എസ്.ഒ യുടെ ആത്യന്തികമായ ലക്ഷ്യം. സുസ്ഥിരവും ഗുണനിലവാരമുള്ളതുമായ പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണവും, ശുചിത്വവും, ആരോഗ്യകരമായ അന്തരീക്ഷവും ജനങ്ങൾക്ക് ഒരുക്കുന്നതോടൊപ്പം ആശുപത്രിയിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന ഓരോ സേവനവും സമയബന്ധിതമായിരിക്കണമെന്ന് കൂടി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നിഷ്കർഷിക്കുന്നുണ്ട്.

**ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നാൾവഴികളിലൂടെ......**

ആദ്യപടിയായി ഡോക്കുമെന്റേഷനും രണ്ടാമത്തെ പടി ഓഡിറ്റുമാണ്. നിലവിൽ ഉപയോഗത്തിലുള്ള 140 രജിസ്റ്ററുകൾ ഓഡിറ്റ് ടീം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ലബോറട്ടറിയിലെ ഓരോ ടെസ്റ്റുകളും പരിശോധിച്ച് സ്റ്റാന്റേർഡ് പ്രോട്ടോക്കോൾ ഓരോ ഘട്ടത്തിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി. സ്റ്റോർ റൂമിലേയും ഫാർമസിയിലേയും മരുന്നുകൾ പരിശോധിക്കുകയും മരുന്ന് ഡിസ്പെൻസിങ്ങ് പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുകയും കുറ്റമറ്റതാക്കുകയും ചെയ്തു. ആശുപ



ത്രിയിലെത്തുന്ന പൊതുജനങ്ങളോട് ആരാഞ്ഞ് അവരുടെ സംതൃപ്തി ഉറപ്പ് വരുത്തുന്നതിൽ TQ (Total Quality) ഓഡിറ്റ് ടീം വളരെ ശ്രദ്ധാലുക്കളായിരുന്നു. ഘട്ടം ഘട്ടമായുള്ള ഓഡിറ്റുകൾ, തെറ്റുകൾ തിരുത്തി ലോകോത്തര മേന്മയിലേക്കുള്ള കുതിപ്പിന് ആക്കം കൂട്ടി .

**ISO 9001: 2015 സർട്ടിഫിക്കേഷൻ**

04.02.2019 to 03.02.2022

## നടപ്പിൽ വരുത്തിയ മാറ്റങ്ങൾ അഥവാ നേട്ടങ്ങൾ

പൊതുജന സംതൃപ്തിയ്ക്ക് ഊന്നൽ നൽകികൊണ്ടാണ് പോളിക്ലിനിക്ക് ഐ.എസ്.ഒ 9001: 2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയത് .




**1. പൗരാവകാശ രേഖ**

സ്ഥാപനത്തിന്റെ ദൗത്യം, ജീവനക്കാരുടെ പേര് വിവരങ്ങൾ, പ്രവർത്തന സമയം, കടമകൾ, ആശുപത്രിയിൽ നിന്നും നൽകുന്ന സേവനങ്ങളുടെ നിരക്ക്, പരാതി പരിഹാരം സംബന്ധിച്ച വിവരങ്ങൾ, ജില്ലാ മേധാവിയുടെ വിവരങ്ങൾ, സമീപത്തുള്ള മറ്റ് സ്ഥാപനങ്ങൾ എന്നീ വിവരങ്ങൾ മലയാളത്തിൽ തയ്യാറാക്കി പൗരാവകാശ ബോർഡ് പ്രദർശിപ്പിച്ചു.

**2. സേവനാവകാശ രേഖ**

ആശുപത്രിയിൽ നിന്ന് നൽകുന്ന സേവനങ്ങൾ സമയബന്ധിതമായിരിക്കണമെന്ന് ഐ.എസ്.ഒ നിഷ്കർഷിക്കുന്നുണ്ട്. അതിൻ പ്രകാരം ആശുപത്രിയിൽ നിന്നും നൽകുന്ന എല്ലാ പ്രധാനപ്പെട്ട സേവനങ്ങളും അതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് വിവരങ്ങളും അതിനായി നിശ്ചയിച്ചിട്ടുള്ള സമയ പരിധിയും ഉൾപ്പെടുത്തിക്കൊണ്ട് സേവനവകാശരേഖ ബോർഡായി പ്രദർശിപ്പിച്ചു.

**3. പരാതി പരിഹാരം**

പരാതി പരിഹാര സംവിധാനം പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന തരത്തിൽ എഴുതി പ്രദർശിപ്പിച്ചു.

വിവരാവകാശ നിയമം 2005 അനുശാസിക്കുന്ന തരത്തിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷകളും പരാതികളും സ്വീകരിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദവിവരങ്ങളും പ്രദർശിപ്പിച്ചു. പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റൻറ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരുടെ വിവരങ്ങളും ഫോൺ നമ്പരും ഉൾപ്പെടുത്തിയാണ് പ്രദർശിപ്പിച്ചിരിക്കുന്നത്.

**4. ഓഫീസ് സജ്ജീകരണം**

പൊതുജനങ്ങൾക്ക് കസേരകൾ, വായിക്കാൻ ആനുകാലികങ്ങളും, പത്രങ്ങളും, ഫ്രണ്ട് ഓഫീസ് ഡസ്ക്, ജീവനക്കാരുടെ ഹാജർ നില രേഖപ്പെടുത്തുന്ന ബോർഡ് എന്നിവ ഉൾപ്പെടുത്തി ആധുനികവൽക്കരിച്ചു.

ആശുപത്രി അങ്കണം ഷീറ്റിട്ടും കൺസൽട്ടേഷൻ മുറി ഭംഗിയായി അലങ്കരിച്ചതും ,ഓപ്പറേഷൻ തീയറ്ററും പരിശോധന സ്ഥലവും നവീകരിച്ചതും ,റെക്കോർഡ് റൂമിലേക്ക് പുതിയ അലമാരകൾ എത്തിയതും ഐ.എസ്.ഒ യുടെ ഭാഗം തന്നെ .

ഓഫീസ് സജ്ജീകരണത്തിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നതും പ്രയാസമേറിയതും റെക്കോർഡ് റൂം ഒരുക്കുന്നത് ആയിരുന്നു വർഷങ്ങൾ പഴക്കമുള്ള അനേകം ഫയലുകൾ തരം തിരിച്ച് ലേബൽ ചെയ്ത പെട്ടികളിലാക്കി പ്രത്യേകം പ്രത്യേകം അലമാരകളിൽ അടുക്കി സൂക്ഷിക്കുകയും ചെയ്തത് ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ മുന്നോടിയായിട്ടായിരുന്നു.

റെക്കോർഡ് റൂം നവീകരണവും രജിസ്റ്ററുകളുടേയും ഫയലുകളുടേയും ഉപയോഗവുമനുസരിച്ച് ഓരോജീവനക്കാർക്കും ചുമതല വിഭജിച്ച് നൽകിയതും ആശുപത്രിയുടെ ദൈനംദിന

പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഉപകരിച്ചു. ഇങ്ങനെയാണ് ഓഫീസ് പ്രവർത്തനം സ്റ്റാന്റേർ ഡൈസ് ചെയ്യുന്നത് .

ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായ ഓഫീസ് നവീകരണ സമയത്ത് ഫാർമേഴ്സ് ട്രെയിനിംഗ് ഹാളിൽ കോൺഫറൻസ് ഹാൾ, പോഡിയം, കസേരകൾ, കർഷകർക്ക് ശാസ്ത്രീയ അറിവുകൾ പകർന്നു നൽകുന്ന ബോർഡുകൾ എന്നിവ സ്ഥാപിച്ച് പോളിക്ലിനിക്ക് പൊതുജനസൗഹാർദ്ദ ആശുപത്രി ആക്കി മാറ്റിക്കഴിഞ്ഞു. ഫാർമേഴ്സ് ട്രയിനിംഗ് ഹാളിൽ ശീതീകരണ സംവിധാനം ഒരുക്കുന്നതിനുള്ള നടപടി തുടങ്ങി എന്നതും ഉദ്യോഗസ്ഥരുടെ അർപ്പണമനോഭാവത്തോടു കൂടിയുള്ള പ്രവർത്തനഫലമാണ്.

**5 കൺസൽട്ടേഷൻ**

നിലവിൽ സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി സർജൻ തസ്തികകളിൽ ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ മുവാറ്റുപുഴ ബ്ലോക്കിലെ കർഷകർക്ക് ഏറ്റവും അനുഗ്രഹപ്രദമായ പദ്ധതിയായ രാത്രികാല എമർജൻസി സേവനം നടപ്പാക്കുന്നത് ഈ സ്ഥാപനത്തിലൂടെയാണ്.

കൺസൽട്ടേഷന് വരുന്നവർക്ക് ടോക്കൺ സിസ്റ്റം, ഒ.പി ചീട്ട്, ചാർട്ട് എന്നിവ നടപ്പിലാക്കിക്കൊണ്ട് കൺസൽട്ടേഷനും സ്റ്റാൻഡേർഡൈസ് ചെയ്യുകയുണ്ടായി. ഒഫ്ത്താൽമോസ്കോപ്പ്, ഓട്ടോസ്കോപ്പ്, ബൈനോകുലർ മൈക്രോസ്കോപ്പ്, ഇൻഫ്രാറെഡ് തെർമോമീറ്റർ എന്നിവ രോഗനിർണ്ണയത്തിന് കൃത്യതയും ശാസ്ത്രീയതയും ഉറപ്പാക്കുന്നു.

**6 ലബോറട്ടറി**

താലൂക്ക് റഫറൽ ആശുപത്രി ആയി പ്രവർത്തിക്കുന്ന ഈ പോളിക്ലിനിക്കിൽ അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ലാബും സജ്ജീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നൽകികൊണ്ട് ആധുനിക രോഗ നിർണ്ണയ കിറ്റുകൾ അടങ്ങിയ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികളുടെ ഭാഗമായി ഇവിടെ ചെയ്യുന്ന എല്ലാ ടെസ്റ്റുകളും സ്റ്റാൻഡേർഡൈസ് ചെയ്യുക വഴി കൃത്യമായ രോഗ നിർണ്ണയം ഉറപ്പാക്കാൻ ഡോക്ടർമാർക്ക് സാധിക്കുന്നു. ഈ ആശുപത്രിയിലെ മാത്രമല്ല, മറ്റ് ആശുപത്രികളിൽ നിന്നും കൊടുത്ത് വിടുന്ന രക്ത സാമ്പിളുകളും ഇവിടെ പരിശോധിക്കുന്നു.

**7. മാലിന്യ സംസ്ക്കരണം**

മാലിന്യം അങ്ങേയറ്റം ശ്രദ്ധയോടെ തരം തിരിച്ച് നേരിട്ട് ടാങ്കിലേക്ക് പോകുന്നത് മൂലം പരിസര ശുചിത്വം ഉറപ്പാക്കുന്നു. മാലിന്യ സംസ്കരണത്തിന് ഇൻസിനെറേറ്റർ സംവിധാനം ഉള്ളതിന് പുറമെ സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ IMAGE ഉം ആയി ധാരണ പത്രം ഒപ്പ് വെക്കുകയും പദ്ധതി പ്രാവർത്തികമാക്കുകയും ചെയ്തതിലൂടെ പരിസ്ഥിതി സൗഹാർദ്ദ മാലിന്യ നിർമാർജനം നടപ്പിൽ വരുത്തുകയും പൊതുജനാരോഗ്യം ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

എല്ലാ ടെക്നിക്കൽ സ്റ്റാഫിനും കമ്പ്യൂട്ടർ നൽകുകയും ഈ-ഓഫീസ് സംവിധാനം വഴി പേപ്പർ രഹിത ഓഫീസ് എന്ന സംസ്ഥാന സർക്കാരിന്റെ ആശയം പൂർണ്ണമായും ഈ ആശുപത്രിയിൽ നടപ്പിലാക്കുകയും ചെയ്തിരിക്കുന്നു. കർഷകർക്ക് നൽകുന്ന സേവനങ്ങൾ ഇതിലൂടെ വേഗത്തിൽ നൽകുന്നതിനും ഫയലുകൾ പെട്ടെന്ന് തീർപ്പ് കല്പിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് സാധിക്കുന്നു. ആശുപത്രിയിൽ വരുന്ന ജനങ്ങളുടെ സൗകര്യം മാനിച്ച് പ്രവർത്തി സമയങ്ങളിൽ വൈദ്യുതി തടസം ഇല്ലാതിരിക്കുന്നതിനായി ഇൻവർട്ടർ, FTTH ഇന്റർനെറ്റ് കണക്ഷൻ, സൗജന്യ കാമ്പസ് wifi, കുടിയ്ക്കാൻ ശുദ്ധമായ മിനറൽ വാട്ടർ എന്നിവയും ഒരുക്കിക്കൊണ്ട് പൊതുജന സൗഹാർദ്ദ ആശുപത്രി ആയും പക്ഷിമൃഗാദി സൗഹാർദ്ദ ആശുപത്രിയായും മുവാറ്റുപുഴ വെറ്ററിനറി പോളിക്ലിനിക്ക് മാറിക്കഴിഞ്ഞു .

ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഘട്ടം ഘട്ടമായുള്ള പരിശോധനകളാണ് ലോകോത്തരനിലവാരത്തിലേക്ക് മുവാറ്റുപുഴ വെറ്ററിനറി പോളിക്ലിനിക്കിനെ ഉയർത്തിയത്.

മുവാറ്റുപുഴയുടെ ബഹുമാനപ്പെട്ട എം.എൽ.എ എൽദോ എബ്രഹാമും മുവാറ്റുപുഴ നഗരസഭയും ആശുപത്രിയുടെ അഭിവൃദ്ധിയിൽ അങ്ങേയറ്റം തൽപ്പരരും ഉറച്ച പിന്തുണ നൽകുന്നവരും ആണ് എന്നത് എടുത്ത് പറയേണ്ടുന്നത് തന്നെ.

മൃഗസംരക്ഷണ മേഖലയിലെ ജനകീയാസൂത്രണ പദ്ധതികൾ എല്ലാം തന്നെ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിന്റെ ഏത് ആവശ്യവും നഗരസഭ അധികാരികൾ ഏറ്റവും ശ്രദ്ധയോടു കൂടിയാണ് വീക്ഷിക്കുന്നതും നടപ്പിലാക്കിത്തരുന്നതും. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി ആശുപത്രി നവീകരണപ്രവർത്തികൾക്കായി നഗരസഭ ഫണ്ട് നൽകിയതിന് പുറമെ ഈ വർഷവും ഐ.എസ്.ഒ ഓഡിറ്റിന് വേണ്ടി



നഗരസഭ തുക വകയിരുത്തിയത് മാതൃകാപരം തന്നെ . ഈ സ്ഥാപനത്തിന്റെ പ്രവർത്തനകാര്യക്ഷമത നിലനിർത്തുന്നതിന് മുന്നിൽ നിന്നു പ്രവർത്തിക്കുന്ന മുവാറ്റുപുഴ നഗരസഭ പ്രത്യേകം പ്രശംസ അർഹിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ മുഖ്യ പ്രതിരോധ പദ്ധതികളായ FMDCP, ASCAD, RFKVC എന്നിവയുടെ താലൂക്ക് കോർഡിനേറ്റർ ആണ് ഈ ആശുപത്രിയിലെ സീനിയർ വെറ്ററിനറി സർജൻ. അദ്ദേഹം താലൂക്ക്തല സെമിനാറുകളും ചർച്ചകളും മീറ്റിങ്ങുകളും നടത്തുകയും താലൂക്ക്തല മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്യുന്നു.

ആശുപത്രിയിലെ സീനിയർ വെറ്ററിനറി സർജൻ ഡോ പി.എസ്.ഷമീം അബുബേക്കറുടെ ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തനവും അതിന് ഉറച്ച പിന്തുണയുമായി വെറ്ററിനറി സർജൻ ഡോ. കൃഷ്ണദാസ് പി ഉൾപ്പെടെ മറ്റ് സ്റ്റാഫുകളുടെയും പൂർണ്ണ സഹകരണവും മുവാറ്റുപുഴ പോളിക്ലിനിക്കിനെ കേരളത്തിലെ തന്നെ ആദ്യ ഐ.എസ്.ഒ വെറ്ററിനറി പോളിക്ലിനിക്ക് ആക്കി മാറ്റി .

മുവാറ്റുപുഴയുടെ ചരിത്രത്തിലും കേരള മൃഗസംരക്ഷണ വകുപ്പിന്റെ ചരിത്രത്തിലും ഈ പ്രവർത്തന മികവ് തങ്കലിപികളിൽ കാലം രേഖപ്പെടുത്തുമെന്ന് ഉറപ്പ്.

തയ്യാറാക്കിയത്

**ഡോ. ലീന പോൾ**
**വെറ്ററിനറി സർജൻ**
**തൃക്കളത്തൂർ, എറണാകുളം**

ഫോട്ടോയ്ക്കും വിവരങ്ങൾക്കും കടപ്പാട്

**ശ്രീ. ചന്ദ്രദാസ് വൈ**
ക്ലർക്ക്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. സൗമ്യ വിജയകുമാർ**
വെറ്ററിനറി സർജൻ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ശ്രീ. വിനോദ്കുമാർ സി.യു**
മൃഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന്

**ഡോ.ജെ.ബാലചന്ദ്രൻ**
IT ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. പി.ആർ.പ്രത്യൂഷ്**
വെറ്ററിനറി സർജൻ, SIAD, പാലോട്

**ഡോ. ജോർജ്ജ് വർഗ്ഗീസ്**
സീനിയർ വെറ്ററിനറി സർജൻ, ഓമല്ലൂർ, പത്തനംതിട്ട


വിലാസം

**മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്**
**VI ഫ്ളോർ, വികാസ്ഭവൻ ബിൽഡിംഗ്സ്, തിരുവനന്തപുരം**
website : ahd.kerala.gov.in
Email : directorah.ker@nic.in, cru.ahd@kerala.gov.in




# മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ മുഖേന നൽകിവരുന്ന പരിശീലനങ്ങൾ

| | |
|---|---|
| 1. കറവപ്പശു പരിപാലനം | 3 ദിവസം |
| 2. എരുമ വളർത്തൽ | 2 ദിവസം |
| 3. ആടുവളർത്തൽ | 2 ദിവസം |
| 4. പന്നി വളർത്തൽ | 2 ദിവസം |
| 5. മുയൽ വളർത്തൽ | 2 ദിവസം |
| 6. മുട്ടക്കോഴി വളർത്തൽ (Layer Farming Large Scale) | 3 ദിവസം |
| 7. ഇറച്ചിക്കോഴി വളർത്തൽ | 3 ദിവസം |
| 8. വീട്ടുവളപ്പിലെ കോഴിവളർത്തൽ | 2 ദിവസം |
| 9. താറാവുവളർത്തൽ | 2 ദിവസം |
| 10. ടർക്കിക്കോഴി വളർത്തൽ | 1 ദിവസം |
| 11. തീറ്റപ്പുൽക്കൃഷി | 1 ദിവസം |
| 12. എമുവളർത്തൽ | 2 ദിവസം |
| 13. വ്യാവസായികാടിസ്ഥാനത്തിൽ പശുവളർത്തൽ | 5 ദിവസം |
| 14. കാടക്കോഴിവളർത്തൽ | 1 ദിവസം |
| 15. നായ വളർത്തൽ | 3 ദിവസം |
| 16. പോത്തുക്കുട്ടി പരിപാലനം | 2 ദിവസം |
| 17. ഓമനപ്പക്ഷികളുടെ പരിപാലനം | 2 ദിവസം |

Jeevajalakam is Printed and published by Dr. M.K.Prasad, owned by Department of
Animal Husbandry and Printed at Kerala Books and Publication Society, Kakkanad, Kochi - 30
Published at Livestock Management Training Centre, Kudappanakunnu, Thiruvananthapuram - 695 043, Editor Dr. Meera Unwin Antony